# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


**വാല്യം 1**

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

## വാല്യം 28

### കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

## വാല്യം 29

### ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

## വാല്യം 30

### റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

## വാല്യം 31

### കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

## വാല്യം 32

### പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

## വാല്യം 33

### പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

## വാല്യം 34

### കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

## വാല്യം 35

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

## വാല്യം 36

### പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

## വാല്യം 37

### കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

## വാല്യം 38

### ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

## വാല്യം 39

### അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

## വാല്യം 40

### ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

## വാല്യം 41

### വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

## വാല്യം 42

### ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

| |
|---|
| വാല്യം 57 |

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

| |
|---|
| വാല്യം 58 |

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

| |
|---|
| വാല്യം 59 |

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

| |
|---|
| വാല്യം 60 |

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

| |
|---|
| വാല്യം 61 |

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

| |
|---|
| വാല്യം 62 |

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

| |
|---|
| വാല്യം 63 |

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

| |
|---|
| വാല്യം 64 |

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

| |
|---|
| വാല്യം 65 |

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

| |
|---|
| വാല്യം 66 |

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

| |
|---|
| വാല്യം 67 |

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

| |
|---|
| വാല്യം 68 |

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

| |
|---|
| വാല്യം 69 |

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

| |
|---|
| വാല്യം 70 |

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

| |
|---|
| വാല്യം 71 |

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

| വാല്യം 72 |
|---|

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

| വാല്യം 73 |
|---|

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

| വാല്യം 74 |
|---|

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

| വാല്യം 75 |
|---|

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

| വാല്യം 76 |
|---|

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

| വാല്യം 77 |
|---|

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

| വാല്യം 78 |
|---|

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

| വാല്യം 79 |
|---|

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

| വാല്യം 80 |
|---|

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

| വാല്യം 81 |
|---|

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

| വാല്യം 82 |
|---|

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

| വാല്യം 83 |
|---|

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

| വാല്യം 84 |
|---|

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

## വാല്യം 85

### ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

## വാല്യം 86

### പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

## വാല്യം 87

### മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

## വാല്യം 88

### തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

## വാല്യം 89

### അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

## വാല്യം 90

### ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

## വാല്യം 91

### കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

## വാല്യം 92

### ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

## വാല്യം 93

### വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

## വാല്യം 94

### മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

## വാല്യം 95

### കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

## വാല്യം 96

### മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

## വാല്യം 97

### ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

## വാല്യം 98

### തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

## വാല്യം 99

### പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

## വാല്യം 100

### ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

## വാല്യം 101

### ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

## വാല്യം 102

### മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

## വാല്യം 103

### അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

## വാല്യം 104

### പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

## വാല്യം 105

### കുഴൽമന്ദം ബ്ലോക്ക്.

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

## വാല്യം 106

### ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

## വാല്യം 107

### കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

## വാല്യം 108

### നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

## വാല്യം 109

### ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

## വാല്യം 110

### മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

## വാല്യം 111

### നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

## വാല്യം 112

### കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

## വാല്യം 113

### വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തൂവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊറ്റൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തുണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തുണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

| വാല്യം 128 |
|---|

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

| വാല്യം 129 |
|---|

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

| വാല്യം 130 |
|---|

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

| വാല്യം 131 |
|---|

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പനങ്ങാട്
8. കൂരാച്ചുണ്ട്

| വാല്യം 132 |
|---|

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

| വാല്യം 133 |
|---|

## ചേളന്നൂർ ബ്ലോക്ക് .

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

| വാല്യം 134 |
|---|

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

| വാല്യം 135 |
|---|

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

| വാല്യം 136 |
|---|

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

| വാല്യം 137 |
|---|

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

| വാല്യം 138 |
|---|

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

| വാല്യം 139 |
|---|

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

| വാല്യം 140 |
|---|

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

## വാല്യം 141

### തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

## വാല്യം 142

### ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

## വാല്യം 143

### കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

## വാല്യം 144

### എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

## വാല്യം 145

### തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

## വാല്യം 146

### കുത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

## വാല്യം 147

### ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

## വാല്യം 148

### പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

## വാല്യം 149

### മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

## വാല്യം 150

### കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

## വാല്യം 151

### കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

## വാല്യം 152

### നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

വാല്യം 153

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

## ഇടുക്കി ജില്ല

1. തൊടുപുഴ

വാല്യം 159

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

## വയനാട് ജില്ല

1. കൽപ്പറ്റ

വാല്യം 165

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# മരട് ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്

## 9-ാം

പഞ്ചവത്സര പദ്ധതിയിലേക്കുള്ള

സമീപനരേഖ

# മരട് ഗ്രാമപഞ്ചായത്ത് - വികസന റിപ്പോർട്ട് 1996

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : മരട് പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : മരട് വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | : വൈററില ബ്ലോക്ക് |
| ഡിവിഷൻ | : 44 |
| താലൂക്ക് | : കണയന്നൂർ |
| അസംബ്ളി മണ്ഡലം | : പള്ളുരുത്തി. |
| വിസ്തീർണ്ണം | : 12.35 ച. കി. മീറ്റർ. |
| അതിരുകൾ | : വടക്ക് : ചമ്പക്കര കനാൽ. |
| | കിഴക്ക് : പൂണിത്തുറ തോട്. |
| | തെക്ക് : ആമേട കായൽ മുതൽ നെട്ടൂർ അണ്ടിപ്പിള്ളിതോട് |
| | പടിഞ്ഞാറ് : തേവര കായൽ |
| ജനസംഖ്യ | : 34,995, പു. 17487 സ്ത്രീ. 17508 |
| ഡിവിഷനുകൾ | : 13 |
| പഞ്ചായത്ത് പ്രസിഡണ്ടിന്റെ പേര് | : ശ്രീ. V. ജയകുമാർ |
| പഞ്ചായത്ത് വൈസ് പ്രസിഡണ്ടിന്റെ പേര് | : ശ്രീ. T. P. ആന്റണി |

കൊച്ചി മഹാരാജാവിന്റെ ആസ്ഥാനമായ തൃപ്പൂണിത്തുറ കോവിലകത്തിന് പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന മരട്, പനങ്ങാട്, കുമ്പളം, നെട്ടൂർ എന്നീ ചെറുദ്വീപുകൾ ചേർന്നതാണ് മരട് പഞ്ചായത്ത് . ഭൂമിശാസ്ത്രപരമായ കാരണങ്ങൾ പരിഗണനയിലെടുത്തുകൊണ്ട് നടന്ന പുനർ നിർണ്ണയത്തിൽ മരട് - നെട്ടൂർ പ്രദേശങ്ങൾ ഒരുമിച്ച് ചേർത്ത് ഇന്നത്തെ മരട് പഞ്ചായത്തിന് രൂപം നൽകി. തോടുകളും പുഴകളും കുളങ്ങളും ചതുപ്പ് നിലങ്ങളും നിറഞ്ഞതാണെങ്കിൽ കൂടെ തെങ്ങും നെല്ലും നിർല്ലോഭം വിളഞ്ഞിരുന്ന ഈ കൊച്ചുഗ്രാമം ഗ്രാമീണ സൗന്ദര്യത്തിന്റെ നിറകുടം തന്നെയായിരുന്നു. മരടിന്റെ മദ്ധ്യത്തിലൂടെ കടന്നുപോകുന്ന N. H. 47 പാലങ്ങളും ഈ ദ്വീപുകളെ പരസ്പരം ബന്ധിപ്പിച്ചതോടെ, മരട് പഞ്ചായത്ത് കൊച്ചിമഹാനഗരത്തിന്റെ ഒരു ആകർഷണ കേന്ദ്രമായി ഇന്ന് മാറിയിരിക്കുന്നു.

## ചരിത്ര പശ്ചാത്തലം

മരട് കുമ്പളം പഞ്ചായത്ത് എന്ന് അറിയപ്പെട്ടിരുന്ന ആദ്യകാല പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ട് കുമ്പളം സ്വദേശിയായ ശ്രീമാൻ മാത്തൻവക്കീലായിരുന്നു. ഭൂമിശാസ്ത്രപരമായ കാര്യങ്ങളാൽ കുമ്പളം ദേശം വേർപെടുത്തി മരട്, കുണ്ടന്നൂർ, നെട്ടൂർ ദേശങ്ങൾ ഉൾപ്പെടുത്തി ഇന്ന് നിലവിലുള്ള മരട് പഞ്ചായത്ത് രൂപീകൃതമായി.

പച്ചപ്പരവതാനി വിരിച്ച നെൽപ്പാടങ്ങളാലും നിറഞ്ഞു നിന്നിരുന്ന ശാലീന സുന്ദരമായ ഒരു കൊച്ചുഗ്രാമമായിരുന്നു മരട് പഞ്ചായത്ത് പ്രദേശം. കാർഷീക പ്രധാനമായ ഈ ഗ്രാമം കുളങ്ങളും തോടുകളും ചെറുപുഴകളും കൊണ്ട് നിറഞ്ഞതായിരുന്നു. പ്രധാന കൃഷി നെല്ലും തെങ്ങുമായിരുന്നു.

ആദ്യകാലങ്ങളിൽ റവന്യൂഭരണത്തിന്റെ സിരാകേന്ദ്രം വില്ലേജ് ഓഫീസുകളായിരുന്നു. ഇന്നത്തെ മരട് സബ്ബ്. രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥാനത്ത് പണ്ടുണ്ടായിരുന്ന വില്ലേജ് കോർട്ട് വില്ലേജിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നവയാണ്. നമ്മുടെ ഗ്രാമപ്രദേശത്തെ മിക്കവാറും പ്രശ്നങ്ങൾ ഈ വില്ലേജ് കോടതിയിലൂടെ പരിഹരിക്കപ്പെട്ടിരുന്നു.

പ്രായപൂർത്തി വോട്ടവകാശം നിലവിൽ വരുന്നതിന് മുമ്പ് പട്ടയമുള്ളവർക്കു മാത്രമേ സമ്മതിദാനാവകാശം ഉണ്ടായിരുന്നുള്ളൂ. അക്കാലത്തെ ആദ്യ പ്രസിഡണ്ട് ശ്രീമാൻ കടേക്കുഴി ഗോപാല മേനോൻ ആയിരുന്നു. നാമനിർദ്ദേശക സമ്പ്രദായമാണ് അന്ന് നിലവിലുണ്ടായിരുന്നത്. തുടർന്ന് മാങ്കയിൽ ശ്രീ. പ്രഭാകര പണിക്കരും ശ്രീ. P. R. രാഘവനും മരട് പഞ്ചായത്തിന്റെ പ്രസിഡണ്ടുമാരായിരുന്നു. എന്നാൽ തിരഞ്ഞെടുപ്പ് സമ്പ്രദായത്തിലൂടെ അധികാരത്തിൽ വന്ന ആദ്യത്തെപ്രസിഡണ്ട് ശ്രീ. മാങ്കയിൽ സേതുമാധവ പണിക്കരാണ്.

മരട് പഞ്ചായത്ത് പ്രദേശത്തെ പ്രധാന ഭൂവുടമകൾ മാങ്കായിൽ കുടംബവും, കടേക്കുഴി കുടംബവുമായിരുന്നു. കൂടാതെ വി.ടി.കെ. എസ്റേറ്റ്, നടുമുറ്റം ദേവസ്വം എന്നിങ്ങനെ രാജകുടുംബവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഭൂമി പാട്ടമായി കൈവശംവച്ച് അനുഭവിച്ച് പോന്ന നെട്ടൂർ ഇടിപ്പുരക്കൽ കുടുംബവും മരട് ആറ്റുപുറംകാരും ഉൾപ്പെടുന്നു. ഭൂനിയമങ്ങളിൽ മാറ്റം വന്നതോടെ ഈ രംഗത്ത് വലിയ മാറ്റങ്ങൾതന്നെ ഉണ്ടായി. കുടികിടപ്പുകാർക്കും പാട്ടക്കാർക്കും ഭൂമിയിൽ ഉടമസ്ഥവകാശം വന്നതോടെ വലിയ ഒരു വിപ്ലവം തന്നെ ഈ രംഗത്തുണ്ടായി.

വളരെയേറെ പുരാതനമായ ഹിന്ദുദേവാലയങ്ങളാണ് പ്രസിദ്ധിയാർജിച്ച നെട്ടൂർ മഹാദേവക്ഷേത്രം, മരട് കൊട്ടാരം ഭഗവതിക്ഷേത്രം എന്നിവ 1833-ൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മരട് മുത്തേടം ക്രിസ്തീയ പള്ളി പുണ്യശ്ലോകനായ ശ്രീ. ജോർജ്ജ് വാകയിൽ അച്ചന്റെ കാർമ്മികത്വത്തിൽ പ്രസിദ്ധിയാർജ്ജിച്ചതാണ്. ഏതാണ്ട് 400 വർഷം പഴക്കമുള്ള നെട്ടൂർ മുസ്ലിം പള്ളി സ്ഥാപിച്ചത് വളരെയേറെ സിദ്ധികളുള്ള സെയ്ത് മൌലാന ബുഹാരി തങ്ങൾ അവർകളാണ്. എല്ലാജാതി മതവിഭാഗങ്ങൾക്കും സ്വന്തമായ ആരാധനാലയങ്ങൾ ഉള്ള ഈ പഞ്ചായത്ത് നിവാസികൾ പൊതുവേ ദൈവവിശ്വാസികളാണ്.

മുത്തേടം ലോവർ പ്രൈമറി സ്കൂളാണ് ഈ പ്രദേശത്തെ ആദ്യ സരസ്വതീക്ഷേത്രം. 1916-ൽ പ്രൈമറി വിദ്യാലയമായി മാങ്കായിൽ തറവാട്ട്കാരണവരായ ശ്രീമാൻ നാരായണപ്പണിക്കർ സർക്കാരിലേക്ക് സൗജന്യമായി കൈമാറുകയാണുണ്ടായത്. ഇന്നീസ്ഥാപനം വൊക്കേഷണൽ ഹൈയർസെക്കണ്ടറി വിദ്യാലയമായി മാറിയിരിക്കുന്നു. മരട് പഞ്ചായത്തിൽ ഇന്ന് മാങ്കായിൽ ഹൈസ്ക്കൂൾ ഉൾപ്പെടെ 8 വിദ്യാലയങ്ങളും അത്രയുംതന്നെ നഴ്സറി സ്ക്കൂളുകളും നിലവിലുണ്ട്.

ദേശീയപ്രസ്ഥാനത്തിന്റെ അലയൊലികൾ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിരുന്നു. സ്വദേശീ പ്രസ്ഥാനത്തിൽ പലരും പങ്കാളികളായിരുന്നു. ഖാദിയുടെ ഉപയോഗം ഇവിടെയും പ്രചരിക്കപ്പെട്ടിരുന്നു.

ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് ശ്രീമാൻ ബാബുറാവു (ബെമ്പാട്ട്) ജയിൽ ശിക്ഷവരെ അനുഭവിക്കുകയുണ്ടായിട്ടുണ്ട്.

ജാതിചിന്ത നിലനിന്നിരുന്ന പഴയ കാലത്തിന്റെ പ്രതിധ്വനികൾ ഇന്നാട്ടിലും ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും അന്നും ഇന്നും നിലനില്ക്കുന്ന മത സൗഹാർദ്ദം ഈ കൊച്ചുഗ്രാമത്തിന്റെ ഒരു സവിശേഷതയായി നിലനില്ക്കുന്നു. കുംഭമാസത്തിലെ മരട് കൊട്ടാരം ക്ഷേത്രത്തിലെ താലപ്പൊലിയും, നവംബർ മാസം 4 ന് നടത്തുന്ന ബഹു : ജോർജ്ജ് വാകയിൽ അച്ചന്റെ ചരമവാർഷീകവും, ഡിസംബർ മാസത്തിലെ നെട്ടൂർ മുസ്ലിം പള്ളിയിലെ ചന്ദനക്കുട മഹോത്സവവും ഇന്നാട്ടിലെ നാനാജാതി മതസ്ഥരുടെ ഒത്തുചേരലിന് ഉത്തമോദാഹരണങ്ങളാണ്.

ആദ്യകാലങ്ങളിൽ തൊഴിലാളി സംഘടനകളൊന്നും തന്നെ ഉണ്ടായിരുന്നില്ല. രണ്ടാം ലോക മഹായുദ്ധത്തിനുശേഷമാണ് ഈ രംഗത്ത് അല്പമെങ്കിലും ചലനങ്ങളുണ്ടായത്. കർഷക സംഘടനയാണ് ആദ്യമായി ഇന്നാട്ടിൽ രൂപം കൊണ്ടത്. താമസിയാതെ കർഷക തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ചില സമരങ്ങളും നാട്ടിലുടനീളം ഉണ്ടായി. അഭിപ്രായ ഭിന്നതകളെ തുടർന്ന് കർഷക സംഘങ്ങൾ ഇല്ലാതായി. കൃഷിപണിയിൽ ഉണ്ടായ മാന്ദ്യവും കൃഷിഭൂമികളുടെ അപര്യാപ്തതയും കർഷക തൊഴിലാളി പ്രസ്ഥാനങ്ങളെയും ക്ഷയിപ്പിക്കുകയുണ്ടായി എന്നു പറയുന്നതിൽ അപാകതയുണ്ടെന്ന് തോന്നുന്നില്ല.

സമീപ്രദേശങ്ങളായ പട്ടണങ്ങളിലുണ്ടായ ഭൂമിയുടെ വിലവർദ്ധന മരട് ഗ്രാമത്തിന്റെ ഗ്രാമീണ ശൈലിയെ തകിടം മറിച്ചു എന്നു പറയുന്നത് തികച്ചും സത്യമാണ്. പച്ചവിരിച്ച് നീണ്ട് നിവർന്ന നെൽവിളകളുടെ സ്ഥാനത്ത് ഉയർന്നുവന്നീട്ടുള്ള ചെറുതും വലുതുമായ കെട്ടിടങ്ങൾ ഗ്രാമത്തിന്റെ മുഖഛായ മാറ്റികളഞ്ഞിരിക്കുന്നു. ഭൂമിയുടെ വില അനുദിനം കുതിച്ചുയർന്നു കൊണ്ടിരിക്കുന്നു. കുണ്ടന്നൂർ വഴി കടന്നു പോകുന്ന N. H. 47, മരടിന്റെ ഹൃദയഭാഗത്തുകൂടെയുള്ള മധുര ബൈപാസ്സും ഈ പ്രക്രീയക്ക് ആക്കം കൂട്ടിയെന്ന് പറയാതെ വയ്യ.

ഇന്ന് മരട് പഞ്ചായത്ത് തനതായ ഗ്രാമീണത കൈമോശം വന്ന് പട്ടണത്തിന്റെ രൂപഭാവത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. കാർഷീകവൃത്തി എന്നേക്കുമായി വിട പറഞ്ഞിരിക്കുന്നു. കൃഷി ഭൂമീ ഇല്ലാതായി. വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരായി ഭൂരിഭാഗം ജനങ്ങളും മാറിക്കഴിഞ്ഞിരിക്കുന്നു. പ്രാന്തപ്രദേശങ്ങളായ അമ്പലമുകൾ, ആലുവ, കളമശ്ശേരി, മട്ടാഞ്ചേരി, വില്ലിംഗ്ടൺ ഐലന്റ് എന്നിവിടങ്ങളിൽ തൊഴിൽ ചെയ്യുന്നവരാണ് ഭൂരിഭാഗവും.

## ഭൂപ്രകൃതി

സമതലം, തീരസമതലം, ചതപ്പുനിലം, കായലോരം എന്നിങ്ങനെ മരട് പ്രദേശത്തെ നാലായി തരം തിരിക്കാവുന്നതാണ്.

| തരം | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| 1. സമതലം | | |
| (മണ്ണ് പ്രദേശം) | 618.30 ഏക്കർ | 50% |
| 2. തീരസമതലം | 413.20 ഏക്കർ | 30% |
| (a) ഓര് വെള്ളം കയറുന്നത് | | |
| (b) ഓര് വെള്ളം കയറാത്തത് | | |
| 3. ചതപ്പുനിലം | 123.08 ഏക്കർ | 10% |
| 5. കായലോരം | 118.00 ഏക്കർ | 10% |
| ആകെ | 1272.58 | 100% |

## സമതലം

മരട് പഞ്ചായത്തിൻെറ പകുതിയിലേറെ ഭാഗവും മണ്ണ് പ്രദേശമാണ്. തെങ്ങ്, കവുങ്ങ് എന്നീ ഫലവൃക്ഷങ്ങൾ സമൃദ്ധമായി വളരുന്നു. പ്ലാവും മാവും മറ്റു പ്രധാന ഫലവൃക്ഷങ്ങളാണ്. വാഴ മുതലായ ഇടവിളകൾക്ക് ഈ പ്രദേശം ഉപയുക്തമാണ്. ജൈവാംശം കൂടിയതും നീർവാഴ്ചയുള്ളതുമാണ് ഇവിടുത്തെ മണ്ണ്. മണ്ണൊലിപ്പ് അനുഭവപ്പെടുന്ന പ്രദേശമാണിതെങ്കിലും വെള്ളക്കെട്ടുകൾ എല്ലാ വാർഡുകളിലും രൂക്ഷമായിട്ട് കാണുന്നു.

## തീരസമതലം

പഞ്ചായത്തിൻെറ ആകെവരുന്ന വിസ്തീർണ്ണത്തിൽ 30%ത്തോളം നെൽകൃഷി നടത്തി ക്കൊണ്ടിരിക്കുന്ന ഈ പ്രദേശത്ത് ഇന്ന് വെറും 10% ഭാഗത്ത് മാത്രമേ നെൽകൃഷി നടക്കുന്നുള്ളൂ. അതും മിക്കവാറും നഷ്ടത്തിലാണ് കലാശിക്കുന്നതും. ഇക്കാരണങ്ങളാലും സമീപ പ്രദേശങ്ങിൽ നിന്നുള്ള കുടിയേറ്റവും ഏതാണ്ട് 20% ത്തോളം പാടശേഖരങ്ങൾ നികത്തുന്നതിനിടയായിട്ടുണ്ട്. കരി നിലങ്ങളിലാണ് ഇവിടുത്തെ കർഷക ശ്രദ്ധ പതിപ്പിച്ചിരുന്നത്. എന്നാൽ അടുത്ത കാലത്തായി അമ്പലമുകൾ ഫാക്ടറികളിൽ നിന്നും ഒഴുകിയെത്തുന്ന രാസവസ്തുക്കളടങ്ങിയ ജലശേഖരം മത്സ്യ കൃഷിക്കും വിനാശകരമായി തീർന്നിരിക്കുന്നു.

## ചതുപ്പ് നിലം

മരട് പഞ്ചായത്തിൻെറ 10% ത്തോളം ഭാഗം ചതുപ്പ് നിലങ്ങളാണ്. പുഴയോട് ചേർന്ന് കിടക്കുന്നതും വേലിയേറ്റവും വേലിയിറക്കവും സ്ഥിരമായി അനുഭവപ്പെടുന്ന ഫലഭൂയിഷ്ഠമായ ചതുപ്പുനിലങ്ങൾ ഏറിയ കൂറും 5,8,12 വാർഡുകളിൽ ആയി കാണുന്നു. പണ്ട് നെൽകൃഷി ചെയ്തിരുന്ന ഈ ഭാഗം കണ്ടലും ചുള്ളിക്കാടുമായി നിറഞ്ഞുകിടക്കുന്നു. ചിലയിടത്ത് തെങ്ങുകൾ ഉണ്ടെന്നു മാത്രം. താറാവു കൃഷിക്കും ചെമ്മീൻ കൃഷിക്കും ഉപയുക്തമാക്കാവുന്നവയാണ് ഈ പ്രദേശങ്ങൾ.

## കായൽ പ്രദേശം

മരട് പഞ്ചായത്തിൻെറ 10% ഭാഗം കൊച്ചി വേമ്പനാട്ടു കായലുകളുമായി ബന്ധപ്പെട്ടു കിടക്കുന്നവയാണ്. ആലപ്പുഴ ജില്ലയും എറണാകുളം ജില്ലയും തമ്മിൽ ബന്ധപ്പെട്ടു നടന്നിരുന്ന ജലഗതാഗതം ബസ്സ് സൗകര്യങ്ങൾ വർദ്ധിച്ചതോടെ നിലച്ചുപോയിരിക്കുന്നു. ജലഗതാഗതം പുനസ്ഥാപിക്കുക വഴി നഗരത്തിലെ റോഡു ഗതാഗത കുരുക്കിന് ശമനം കണ്ടെത്താൻ കഴിയും എന്ന് തീർച്ചയാണ്. ഓരു ജലം കയറുന്ന കായൽ പ്രദേശമായതുകൊണ്ട് കമ്പവല, ഊന്നി എന്നീ മത്സ്യ ബന്ധനരീതികൾ കായൽ തീരത്ത് ഉടനീളം കണ്ടുവരുന്നു.

## ജന പ്രകൃതി

1991ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 34,995 ആണ്. ഇവരിൽ 17,487 പേർ പുരുഷൻമാരും 17508 സ്ത്രീകളുമാണ്. ആകെ 9940 വീടുകളാണ്. ഈ പഞ്ചായത്തിലുള്ളത്. വീടൊന്നിന് 3.52 ആളുകൾ വീതമുണ്ട്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്.

നൂറ് ശതമാനവും സാക്ഷരത കൈവരിച്ചിട്ടുള്ള ഈ പഞ്ചായത്തിൽ 15 വയസ്സിനു മുകളിൽ 50% ലേറെ പേർ പാസ്സായിട്ടുള്ളവരാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലായെന്നു വരികിലും ബിരുദാനന്തര ബിരുദങ്ങളും, പ്രൊഫഷണൽ ബിരുദമുള്ളവരും, മറ്റ് സാങ്കേതിക രംഗത്ത് യോഗ്യത യുള്ളവരുമായി 20% ത്തോളം വരുന്നുണ്ട്. ഈ രംഗത്ത് ബഹുഭൂരിഭാഗവും സ്ത്രീകളാണ്. എന്നാൽ തൊഴിൽ രംഗത്ത് വനിതകൾക്ക് മുൻപന്തിയിലെത്താൻ കഴിഞ്ഞിട്ടില്ല. ഇത് ഒരു വലിയ പ്രശ്നമായി കണക്കിലെടുക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ജനങ്ങളെ ക്കുറിച്ച് വിലയിരുത്തുമ്പോൾ ബഹുമുഖമേഖലകളിലായി തൊഴിൽ ചെയ്തു കഴിയുന്നവരാണ്. പ്രധാനമായും കാർഷികരംഗം, മത്സ്യ ബന്ധനം, മൃഗപരിപാലനം, കെട്ടിട നിർമ്മാണം, വാണിജ്യം, വ്യവസായം മറ്റു സേവന മേഖലകളിൽ പ്രവർത്തിക്കുന്നവർ. അഭ്യസ്ഥ വിദ്യരല്ലാത്ത തൊഴിൽ രഹിതർ വളരെ വിരളമാണ്. എന്നിരുന്നാലും ഇവരെല്ലാം തന്നെ മറ്റുപലമേഖലകളിലും തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. അഭ്യസ്ഥ വിദ്യരിൽ ഭൂരിഭാഗവും ഏതുമേഖലയിലും ജോലിചെയ്യാൻ തയ്യാറുള്ളവരാണെങ്കിലും തൊഴിൽ ലഭിക്കാതെ ബുദ്ധിമുട്ടുന്നവരാണ്. ഇതിൽ ഏറിയപങ്കും സ്ത്രീകളാണ്. ഈ പഞ്ചായത്തിലെ ജന സംഖ്യയിൽ ഏറ്റവും കൂടുതൽ ഹിന്ദുക്കളാണ്. ക്രിസ്തുമതക്കാരും മുസ്ലിം സമുദായക്കാരും തൊട്ടു പിന്നാലെയും.

# മരട് ഗ്രാമ പഞ്ചായത്ത് (ഒറ്റനോട്ടത്തിൽ)

| | | |
|---|---|---|
| വില്ലേജ് | : | മരട് |
| വിസ്തീർണ്ണം | : | 12.35 |
| **വാർഡുകൾ** | : | 13 |
| വനിത | : | 2,4,7,12,13 |
| പട്ടികജാതി | : | 5 |
| ഓഫീസ് കെട്ടിടം | : | സ്വന്തമായി |

**ഉദ്യോഗസ്ഥർ**

| | |
|---|---|
| 1. സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി | 1 |
| 2. ജൂനിയർ സൂപ്രണ്ട് | 1 |
| 3. യു.ഡി. ക്ലർക്ക് | 3 |
| 4. എൽ. ഡി. ക്ലർക്ക് | 3 |
| 5. പ്യൂൺ | 2 |
| 6. പാർട്ട് ടൈംസ്വീപ്പർ | 1 |

**ഭരണച്ചിലവ്** Rs. 4,73,471 (17.6%)

| | | | |
|---|---|---|---|
| ഭൂമി | 1239.58 ഏക്കർ | തോട് | 36.48ഏക്കർ |
| പുരയിടം | 610.26 | കുളം | 6.16 ഏക്കർ |
| നിലം | 327.10 ഏക്കർ | പുഴ | 159.73 ഏക്കർ |
| പുറംമ്പോക്ക് | 302.21 ഏക്കർ | റെയിൽ | 13.89 ഏക്കർ |
| റോഡ് | 32.87 ഏക്കർ | റവന്യൂ | 59.17 ഏക്കർ |

**ചെറുകിട ജലസേചന തോടുകൾ**

| | |
|---|---|
| കുണ്ടന്നൂർ പുറമ്പോക്കു തോട് | 850മീ. 5 മീ. വീതി |
| കോലാടത്തു പാടം തോട് | 1000മീ. 5 മീ. വീതി |
| പൂണിത്തുറ ബൗണ്ടറി തോട് | 500മീ. 3 മീ. വീതി |
| അണ്ടിപ്പിള്ളി തോട് | 800മീ. 3 മീ. വീതി |
| വാദ്ധ്യാപ്പിള്ളിതോട് | 450മീ. 3 മീ. വീതി |
| തെക്കേടത്ത് തോട് | 450മീ. 4 മീ. വീതി |

**തെരുവുവിളക്കുകൾ**

ചിലവ് 95801.00 രൂപ

വരുമാനത്തിൻെറ 3.6%

| | |
|---|---|
| വേപ്പർലാമ്പ് | 1 |
| ഫ്ളൂ. ട്യൂബ് | 83 |
| ബൾബ് | 424 |

**വിദ്യാഭ്യാസസ്ഥാപനങ്ങൾ**

| | | | |
|---|---|---|---|
| H.S/HSS | 1 | Aided | 4 |
| UPS State | 1 | Nursary | 1 |
| Aided UPS | 2 | Private | 9 |
| LPS Govt. | 2 | Paralell Coll. | 2 |

| | ആണ് | പെണ്ണ് |
|---|---|---|
| **അദ്ധ്യാപകർ** | 17 | 103 |
| **വിദ്യാർത്ഥികൾ** | 1582 | 1293 |

**പഞ്ചായത്ത് ചിലവഴിച്ചതുക**

6410.00രൂ. (ഉച്ചഭക്ഷണം)

0.24%

**ലൈബ്രറികൾ** പഞ്ചായത്തുവക : 1 ദേശീയ വായനശാല : 1 (പ്രൈവറ്റ്)
പഞ്ചായത്തുവക ലൈബ്രറി ചിലവ് : 31766.20രൂപ. (1.18%)

**ശ്മശാനം** : പഞ്ചായത്തുവക : 1

| **ആശുപത്രികൾ** | സർക്കാർ | സ്വകാര്യം |
|---|---|---|
| അലോപ്പതി | 1 | 2 |
| **ഡിസ്പെൻസറികൾ** | | |
| അലോപ്പതി | 1 | 4 |
| ആയുർവേദം | 1 | 4 |
| ഹോമിയോ | 1 | 1 |

മാതൃശിശു സംരക്ഷണ കേന്ദ്രം : 1

**മാർക്കറ്റ്** സ്വകാര്യം1 വരവ് 993.00രു.

**കെട്ടിട നികുതി**

| | | | | | |
|---|---|---|---|---|---|
| കെട്ടിടങ്ങളുടെ എണ്ണം | : | 9940 | ഓട് | : | 5884 |
| നിലകെട്ടിടങ്ങൾ | : | 221 | ഓല / ഷീറ്റ് | : | 651 |
| കോൺക്രീറ്റ് | : | 2824 | മറ്റുള്ളവ | : | 360 |

**ഗ്രാൻറ് വിവരങ്ങൾ**

| | | | | |
|---|---|---|---|---|
| VRM | 19124 | BASIC TAX | 24296 | |
| MI | 13530 | JRY | 2541800 | |
| VTC | 140,480 | U/F | 286800 | 7,39,030/- |

**മറ്റുവകുപ്പുകളിൽനിന്നും ലഭിച്ചത്**

| | | | | |
|---|---|---|---|---|
| ആരോഗ്യം | 1,57,500.00 | ഹരിജനക്ഷേമം | 2000.00 | |
| കൃഷി | 33852.00 | മറ്റുള്ളവ | 3438.00 | 1,96,790/- |

**വികലാംഗർ :** സ്ത്രീ : 63 പുരുഷൻ : 69

| | സേവന മേഖല | ജീവനക്കാർ |
|---|---|---|
| വിദ്യാഭ്യാസം | 18 | 151 |
| ആരോഗ്യം | 6 | 76 |
| മറ്റ് സ്ഥാപനങ്ങൾ | 27 | 271 |

**വരവ് സംബന്ധിച്ച് :** ആകെവരവ് 26,93,734.40

| | | | |
|---|---|---|---|
| കെട്ടിട നികുതി | 7,24,471.00 | ലൈസൻസ് | 15,473.00 |
| തൊഴിൽ | 1,76,870.00 | ഡ്യൂട്ടി | 6,76,462.00 |
| വിനോദ നികുതി | 1,36,892.00 | മറ്റുള്ളവ | 7,78,656.00 |

**ചിലവ് സംബന്ധിച്ച്**

| | | | |
|---|---|---|---|
| ഭരണം | 5,53,614.00 | ജലവിതരണം | 1,50,720.00 |
| പൊതുമരാമത്ത് | 11,64,022.00 | തെരുവു വിളക്ക് | 87,818.00 |
| വിദ്യാഭ്യാസം | 32,829.00 | മറ്റുള്ളവ | 1,41,059.00 |
| JRY 95-96 ചിലവ് | 2,03,315.00 രൂപ | വീടുകൾ | 58000.00രൂപ |

| | ജനനം | മരണം |
|---|---|---|
| 93-94 | 44 | 134 |
| 94-95 | 78 | 149 |
| 95-96 | 87 | 155 |

**ദാരിദ്ര്യ രേഖയ്ക്കു താഴെ :**

ആകെ കുടുംബങ്ങൾ 2306 SC-ST 101
സഹായം ലഭിച്ചത് 395 SC-ST 88
ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയത് : 315
ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ : 1991

# കൃഷി / ജലസേചനം

പഞ്ചായത്തിൻെറ ഏതാണ്ട് 80% ഭാഗങ്ങളിലും ഓരോ വിളകളും മോശനിലയിലാണ്. പ്രധാന വിളയായിരുന്ന നെല്ല് ഇപ്പോൾ 90% കൃഷിയിടങ്ങളിലും നടക്കുന്നില്ല. തെങ്ങ് കൃഷി 30%, കവുങ്ങ് 15% എന്നീവിധത്തിൽ മാത്രമേ ഉൽപന്നങ്ങൾ ലഭിക്കുന്നുള്ളൂ.

നിലവിലുള്ള കാർഷിക വിളകളുടെ കാര്യത്തിൽ (തെങ്ങ്, കവുങ്ങ്, പച്ചക്കറി, ചെമ്മീൻ കൃഷി, മരച്ചീനി, പയർ, കുരുമുളക്) എന്നിവ വെള്ളക്കെട്ട്, കാറ്റുവീഴ്ച, മലിന ജലം, കീടങ്ങൾ, കർഷകതൊഴിലാളികളുടെ ലഭ്യതക്കുറവ്, രാസവള വിലവർദ്ധനവ്, സർക്കാർ ബണ്ടുകളുടെ സംരക്ഷണകുറവ് എന്നീകാരണങ്ങളാൽ വിള മോശം, ഉത്പാദനക്ഷമതക്കുറവ് എന്നീ അനുഭവങ്ങൾ അനുഭവപ്പെടുത്തുന്ന വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടികൾ എടുത്തും, വിത്ത്, വളം, കീടനാശിനികൾ എന്നിവ യഥാസമയം നൽകിയും കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റിച്ച്, പകരം ഉല്പാദനക്ഷമതയുള്ള നല്ലയിനം തൈകൾ, സാമ്പത്തിക സഹായം, വായ്പാ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുകയും ഗവ: ഉടമയിലുള്ള ബണ്ടുകൾ കൃത്യമായി സംരക്ഷിച്ച് ഉപ്പുവെള്ളം കയറാതെ സംരക്ഷിക്കുകയും വേണ്ടതുണ്ട്. എങ്കിൽ തെങ്ങ്, കവുങ്ങ്, പച്ചക്കറി, പുഷ്പസസ്യങ്ങൾ, വാഴ, മരച്ചീനി എന്നീയിനങ്ങൾ ലാഭകരമായി ചെയ്യാവുന്നതാണ്.

കഴിഞ്ഞ 10 വർഷത്തിനിടയ്ക്ക് നെൽകൃഷി ഗണ്യമായി കുറഞ്ഞു. കർഷകതൊഴിലാളികളുടെ അപര്യാപ്തത, കൃഷി ലാഭകരമല്ലാത്ത അവസ്ഥ, അനിയന്ത്രിതമായിക്കൊണ്ടിരിക്കുന്ന ഭൂമിയുടെ വിലവർദ്ധനവ്, വിവിധ വ്യവസായശൃംഘലകളുടെ രംഗപ്രവേശം എന്നിവ കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറക്കുവാൻ ഇടവരുത്തിയിട്ടുണ്ട്. നിലനിൽക്കുന്ന തെങ്ങ്, കവുങ്ങ്, പച്ചക്കറി തുടങ്ങിയ കൃഷികൾക്ക് ജലലഭ്യതയുടെ കുറവ് എല്ലാ പ്രദേശങ്ങളിലും കിണറുകൾ, കുഴൽ കിണറുകൾ, എന്നിവ നിർമിച്ച് പരിഹരിക്കേണ്ടതുണ്ട്. ഇതിന് ഇപ്പോൾ നിലവിലുള്ള കൃഷിഭവൻെറ സംവിധാനങ്ങൾ അപര്യാപ്തമാണ്. കർഷകതൊഴിലാളികൾ ആയിരിക്കുന്നവർ ഇന്ന് മറ്റു മേഖലകളിൽ പ്രവർത്തിച്ചുവരുന്നു. അല്പം കൂടുതലായി നിലനിൽക്കുന്ന ചെമ്മീൻ, മത്സ്യ കൃഷി എന്നിവയ്ക്ക് മരടിലും ചമ്പക്കരയിലും വിൽപനകേന്ദ്രങ്ങളുണ്ട്.

കൃഷിയാവശ്യങ്ങൾക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുവാൻ പൊതുവെ സാധ്യതയില്ല. കാർഷിക വരുമാനം മാത്രം മുൻനിർത്തി ജീവിക്കുന്ന ഇരുന്നൂറോളം കുടുംബങ്ങൾ മാത്രമേ ഈ ഗ്രാമത്തിലുള്ളൂ.

പഞ്ചായത്ത് പ്രദേശത്തിൻെറ ഏതാണ്ട് 60% ഭാഗങ്ങളിലും ചുരുക്കത്തിൽ എല്ലാവാർഡുകളിലും തന്നെ വെള്ളക്കെട്ട് ഒരു ഭീഷണിയായി നിൽക്കുന്നു.

കൃഷി പരിപോഷിപ്പിക്കുവാൻ കർഷകർ ആധുനിക കൃഷിരീതികൾ സ്വീകരിക്കാം. മണ്ണു പരിശോധന, കൂട്ടായ പ്രവർത്തനം കൃഷികാര്യത്തിൽ ബോധവൽകരണം, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ആവശ്യമെങ്കിൽ ചുരുങ്ങിയ പലിശനിരക്കിൽ വായ്പ ലഭ്യമാക്കൽ, മറ്റ് ലഭ്യമാക്കാവുന്ന സബ്സിഡികൾ, എന്നിവയും ആവശ്യമാണ്.

പഞ്ചായത്തിൻെറ 5,7,12 വാർഡുകളിൽ നെൽകൃഷിക്ക് മങ്ങിയ സാധ്യത നിലനിൽക്കുന്നുണ്ട്. പച്ചക്കറി, തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി, കുരുമുളക് എന്നിവിഭാഗം കൃഷികൾക്ക് വിവിധ സഹായങ്ങൾ ആവശ്യമാണ്.

മണ്ണു പരിശോധനയും ഗുണമേന്മയുമുള്ള വിത്തുകളും കൃഷി ഭവനുകൾ വഴി ലഭ്യമാക്കണം. Agro Clinic സ്ഥാപിക്കണം.

## മൃഗസംരക്ഷണം / മത്സ്യബന്ധനം

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി പശു വളർത്തൽ, ആട്, കോഴി, താറാവ്, ചെമ്മീൻ കൃഷി എന്നിവ നിലനിൽക്കുന്നുണ്ട്.

| പശു (നാടൻ) | സങ്കരം | ആട് | എരുമ | പട്ടി | കോഴി | താറാവ് |
|---|---|---|---|---|---|---|
| 625 | 903 | 1614 | 28 | 1604 | 2164 | 6197 |

ക്ഷീരഉൽപ്പാദനം ആവശ്യത്തിൻെറ ഏതാണ്ട് 20% നിറവേറ്റുന്നുള്ളൂ. ക്ഷീരോൽപ്പാദനം ലാഭകരവുമല്ല. തീറ്റപ്പുല്ല്, വൈക്കോൽ, കാലിത്തീറ്റ എന്നിവയ്ക്ക് ഭയങ്കര വിലയാണിപ്പോൾ. ഉൽപ്പാദിപ്പിക്കുന്ന ക്ഷീരം, മുട്ട എന്നിവ വിപണനം ചെയ്യുവാൻ പ്രയാസമില്ല.

കുളമ്പ് രോഗം, കോഴിവസന്ത എന്നിവ സാധാരണ കണ്ടുവരുന്നു.

ക്ഷീര വ്യവസായ സഹകരണ സംഘം 1 മാത്രമേയുള്ളൂ. ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ തീരെ കുറവാണ്. ചെമ്മീൻ കൃഷി നടത്തുന്നവർ ഉണ്ട്. ശുദ്ധജലമത്സ്യം വളർത്തൽ ഇവിടെയില്ല.

പശു, ആട് വളർത്തൽ ആദായകരമാകും വിധം തീറ്റവസ്തുക്കൾ കുറഞ്ഞവിലയ്ക്ക് കിട്ടത്തക്കവിധം ഗവ:സഹായം ആവശ്യമായിരിക്കണം. ഉല്പാദനം വർദ്ധിപ്പിച്ചാൽ വിപണന സൗകര്യക്കുറവ് ഉണ്ടാകില്ല. ക്ഷീര സഹകരണ സംഘങ്ങൾ ഇനിയും പ്രവർത്തിക്കുവാൻ അവസരങ്ങളുണ്ട്. സമ്പത്ത് വർദ്ധനവ് തൊഴിലില്ലായ്മക്ക് ആശ്വാസം, സർവ്വോപരി കുടുംബാരോഗ്യം എന്നീകാര്യങ്ങിൽ ഉയർച്ച പ്രതീക്ഷിക്കാവുന്നതാണ്.

കോഴി വളർത്തൽ ഇനിയും സാധ്യതകളുള്ളതാണ്. ഇറച്ചിക്കോഴി വളർത്തലും.

മത്സ്യതൊഴിലാളികളുടെ കുടുംബസ്ഥിതി പൊതുവെ തൃപ്തികരമല്ല. ഇവരുടെ സാമൂഹ്യ പദവി ഉയർന്നിട്ടുണ്ടെങ്കിലും സാമ്പത്തിക സ്ഥിതി ഇനിയും ഉയരേണ്ടതുണ്ട്. ഭവന രഹിതരുടെ കാര്യവും ശ്രദ്ധയർഹിക്കുന്നുണ്ട്. മത്സ്യോല്പാദന മേഖല ചെമ്മീൻ കൃഷി പൊതുവെ കുറഞ്ഞുവരുന്നു. മത്സ്യമാർക്കറ്റ് ഇവിടെയില്ല. ചെമ്മീൻ കൃഷിക്ക് വേണ്ടി ഇപ്പോൾ നിലനിൽക്കുന്ന ലൈസൻസ് തിയ്യതി ഏപ്രിൽ 15ൽ നിന്നും മെയ് 31 വരെ നീട്ടണം. കൃഷിക്കുവേണ്ടിവരുന്ന ഉപ്പിൻെറ അളവ് വെള്ളത്തിൽ ലഭ്യമാക്കുവാൻ താമസം നേരിടുന്നതിനാലാണിത് ആവശ്യമാകുന്നത്.

കാലിതീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക, ബാങ്ക് വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഇറച്ചിക്കോഴി കൃഷി കേന്ദ്രങ്ങൾക്ക് അവസരങ്ങളുണ്ട്. തരിശുകിടക്കുന്ന ഭൂമിയിൽ തീറ്റപ്പുൽ കൃഷിക്ക് സാധ്യതകളുണ്ടാക്കുക. വ്യവസായ മേഖലകളിൽ നിന്നുണ്ടാകുന്ന മലിനീകരണം കൃഷി ദോഷം സംഭവിക്കാതിരിക്കുവാൻ നടപടികൾ സ്വീകരിക്കുക. മത്സ്യകൃഷിക്കുവേണ്ടി സഹായ നിർദ്ദേശങ്ങൾക്കായി മത്സ്യഭവൻ നിലവിൽ വരുത്തുക.

## വിദ്യാഭ്യാസം

മരട് ഗ്രാമപഞ്ചായത്തിന് ഇന്നുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. മരട്, കുണ്ടന്നൂർ, നെട്ടൂർ, വളന്തകാട് പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വന്ന് പഠിച്ച് പോകുന്നതിന് മരട് മാങ്കായിൽ ഗവ. ഹൈസ്കൂൾ മാത്രമേയുള്ളൂ. അടുത്തകാലത്ത് ഈ സ്ഥാപനം വൊക്കേഷണൽ ഹൈയർ സെക്കണ്ടറി സ്കൂളാക്കി ഉയർത്തുകയുണ്ടായി.

ഒരു ഹൈസ്കൂളിനു വേണ്ട സൗകര്യങ്ങൾ പോലും ഇല്ലാത്ത സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. ആവശ്യത്തിന് ക്ലാസ് മുറികളുള്ള ഈ വിദ്യാലയത്തിൽ യഥാസമയം അറ്റകുറ്റപണികൾ നടത്താത്തതുകൊണ്ട് ജീർണ്ണാവസ്ഥയിലാണെന്ന് പറയാതെ വയ്യ.

കഴിഞ്ഞ പത്തുവർഷക്കാലമായി ഈ വിദ്യാലയത്തിലെ വിദ്യാർഥികളുടെ പഠന നിലവാരം ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ ഉയർന്നുവന്നിട്ടുണ്ട്. അതേപോലെതന്നെ കലാരംഗത്തും കായികരംഗത്തും സംസ്ഥാനതലത്തിൽവരെ പ്രകടനം കാഴ്ചവെയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് അഭിമാനാർഹമാണ്. ചുരുക്കത്തിൽ പഠനകാര്യങ്ങളിലെന്നപോലെ പാഠ്യേതര വിഷയങ്ങളിലും ഇവിടുത്തെ വിദ്യാർഥികൾ ഉയർന്നു പോകുന്ന അവസ്ഥയിലേക്ക് എത്തിചേർന്നിട്ടുണ്ട്.

വളരെയേറെ അപര്യാപ്തകളുണ്ടായിട്ടും കലാരംഗത്ത് സംസ്ഥാനതലത്തിലും കായിക രംഗത്ത് ദേശീയതലത്തിലും കഴിവുകൾ പ്രകടിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള ഈ വിദ്യാലത്തിലെ വിദ്യാർഥികൾക്ക് ഇന്ന് ലഭ്യമാകുന്ന പരിശീലന സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. ഒരു കാലത്ത് ദേശീയ തലത്തിൽ വരെ മത്സരങ്ങളിൽ പങ്കെടുത്തിരുന്ന ഇവിടുത്തെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ആവശ്യമായ ഒരു കളിസ്ഥലമില്ലെന്ന വസ്തുത വർഷങ്ങളായി നിലനിൽക്കുന്ന ഒന്നാണ്. ഇപ്പോഴുള്ള കളിസ്ഥലം വിദ്യാഭ്യാസവകുപ്പും ഗ്രാമപഞ്ചായത്തും ഒരുമിച്ച് നിന്ന് പ്രവർത്തിച്ചാൽ ഒരു സ്റ്റാൻഡേർഡ് ട്രാക്കും അതിൽതന്നെ ഫുട്ബോൾ കോർട്ടും ക്രിക്കറ്റ് പിച്ചും തയ്യാറാക്കുവാൻ കഴിയും. ഇതിനായി ഇന്ന് നിലവിലുള്ള അദ്ധ്യാപക രക്ഷാകർതൃസംഘടന ശ്രമിച്ചാൽ കഴിയുമെന്നത് ഒരു സത്യം മാത്രം.

ഉന്നത വിദ്യാഭ്യാസത്തിന് ഇന്ന് ഗ്രാമത്തിലെ വിദ്യാർത്ഥികൾ സമീപ പട്ടണ പ്രദേശങ്ങളിലെ കോളേജുകളെ ആശ്രയിക്കേണ്ടിവന്നിരിക്കുന്ന അവസ്ഥയാണ്. അതും തൃപ്പൂണിത്തുറയിൽ ഇതിനുള്ളത് ആർട്ട് കോളെജും സംസ്കൃതകോളേജും മാത്രമാണ്. ശാസ്ത്രീയവിഷയങ്ങളെ ആസ്പദമാക്കിയുള്ള ഒരുന്നത വിദ്യാഭ്യാസ കേന്ദ്രം ഇന്നാട്ടിൽ ഉണ്ടാകേണ്ടത് ഒരു ആവശ്യമാണ്. ഇതിനായി ഇവിടുത്തെ രക്ഷാകർത്താക്കളും പഞ്ചായത്ത് ഭരണ സമിതികളും ഒരുമിച്ച് നിന്ന് പ്രവർത്തിക്കേണ്ടതായിരിക്കുന്നു.

മരട് മാങ്കയിൽ ഹൈസ്കൂളിലേക്ക് വിദ്യാഭ്യാസത്തിനെത്തിച്ചേരുന്ന ഈ ഗ്രാമത്തിലെ ഫീഡിങ്ങ് വിദ്യാലയങ്ങളുടെ സ്ഥിതിയും അത്രക്ക് ഭദ്രമല്ല. എന്നിരുന്നാലും ഇന്ന് നിലവിലുള്ള എൽ.പി., യു.പി. സ്കൂളുകൾ പഠന നിലവാരം ഉയർത്തുന്നതിനായി അങ്ങേയറ്റം കിണഞ്ഞു പരിശ്രമിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ കഴിയുന്നു. സ്ഥലപരിമിതി, ആവശ്യത്തിന് സ്റ്റാഫ് ഇല്ലായ്മ, സമയാ സമയത്തുള്ള അറ്റകുറ്റപണികൾ നടത്താൻ കഴിയാതെ വരുക എന്നിങ്ങനെ പലതും ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണമായി കാണുന്നു. ഇതിനെല്ലാമുപരി ഇംഗ്ലീഷ് മാധ്യമത്തിലുള്ള വിദ്യാഭ്യാസരീതിയോട് രക്ഷാകർത്താക്കൾക്കുള്ള അതിരു കവിഞ്ഞ താല്പര്യവും ഇവിടുത്തെ വിദ്യാലയങ്ങളെ ഒരു പരിധിവരെ തളർത്തിയിട്ടുണ്ട്. പ്രസ്തുത ബുദ്ധിമുട്ടുകൾ ഈ ഗ്രാമപ്രദേശത്തെ നഴ്സറി വിദ്യാലയങ്ങളെ വരെ ബാധിച്ചിട്ടുണ്ട്. കാലത്തിനനുസരിച്ച് മാറ്റങ്ങളുൾക്കൊള്ളുവാൻ കഴിയുന്ന ഒരു സമൂഹം ഈ രംഗത്ത് നിസ്വാർത്ഥമായ ആശയാവിഷ്കരണത്തിന് തയ്യാറായി വരേണ്ടതുണ്ട്.

ഇന്നത്തെ സാഹചര്യത്തിൽ മിക്കവാറും എല്ലാവിദ്യാലയങ്ങളിലേയും പഠന നിലവാരം പണ്ടത്തേതിൽനിന്നുയർന്നുവരുന്നുണ്ടെങ്കിലും, ഈ വളർച്ച വളരെ മന്ദഗതിയിലാണ്. ഇതിനൊരു പരിഹാരമാർഗ്ഗമെന്നോണം ഇന്നു നിലവിലുള്ള സ്ഥാപനങ്ങളും വിദ്യാഭ്യാസരംഗത്ത് വിദഗ്ദരുമായി ചർച്ചനടത്തി വേണ്ട നടപടികൾ കൈകൊള്ളേണ്ടതാണ്. ഇപ്പോഴുള്ള സ്കൂൾ കോംപ്ലക്സ് ആസൂത്രിതമായി നടപ്പിൽ വരേണ്ടതും ആവശ്യമാണ്.

ഈ ഗ്രാമത്തിൽ നെട്ടൂർ പ്രദേശത്ത് ഒരു ഹൈസ്കൂൾ കൂടെ ഉണ്ടാകേണ്ടിയിരിക്കുന്നു. മരട് പഞ്ചായത്തിലോ കുമ്പളം പഞ്ചായത്തിലോ ഒരുന്നത വിദ്യാഭ്യാസ സ്ഥാപനം ഇല്ല. ശാസ്ത്രവിഷയങ്ങളിൽ അധിഷ്ഠിതമായ ഒരു കോളേജ് ഈ പഞ്ചായത്തിനാവശ്യമാണ്. അതുപോലെതന്നെ പാസായി വരുന്ന വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിശീലനം നൽകുന്നതിലേക്ക് ഒരു ഇൻഡസ്ട്രിയൽ പരിശീലനകേന്ദ്രം ആരംഭിക്കേണ്ടതുണ്ട്.

# കുടിവെള്ളം / പൊതുജനാരോഗ്യം

ഈ പഞ്ചായത്തിൻെറ ആരോഗ്യകേന്ദ്രങ്ങളായിട്ടുള്ള സ്ഥാപനങ്ങൾ

1. മാർട്ടിൻപുരം ഹോമിയോ ഡിസ്പെൻസറി
2. ആയുർവേദ ഡിസ്പെൻസറി
3. പി. എച്ച്. സെൻറർ, വളന്തകാട്
4. കമ്യൂണിറ്റി ഹെൽത്ത് സെൻറർ, നെട്ടൂർ

കൂടാതെ മറ്റു പല സ്വകാര്യ ആശുപത്രി, ക്ലിനിക്കുകൾ, വൈദ്യശാലകൾ, ഹോമിയോ ഡിസ്പെൻസറികളും. ഇവയിൽ 1,2,3 സ്ഥാപനങ്ങൾ വാടക കെട്ടിടങ്ങളിലാണ്. ഇവയുടെ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരം എന്നിരുന്നാൽ പോലും ഇനിയും സേവനതുറകളിലെ സൗകര്യങ്ങൾ ലഭ്യമാക്കുവാനുണ്ട്. സ്വന്തമായി കെട്ടിടങ്ങൾ എന്നത് വെറും സ്വപ്നമാകാതിരിക്കുവാൻ ഏറെ പ്രവർത്തനങ്ങൾ വേണം. 4ൻെറ സേവന തുറ ഏറെ കാര്യങ്ങൾക്കായി കാത്തിരിക്കുന്നു. ഇൻപേഷ്യൻറ് വിഭാഗം പുനരാരംഭിക്കണം. ഭക്ഷണ സൗകര്യം ഉണ്ടാക്കണം. ആശുപത്രിയിലെ ഡോക്ടർക്കുള്ള ക്വാർട്ടേഴ്സ് സൗകര്യം വേണം. ആർ. എം.ഒ ഉണ്ടായിരിക്കണം. ആശുപത്രികിടക്കകൾ, കട്ടിലുകൾ, എന്നിവ റിപ്പയർ ചെയ്യണം, സാനിട്ടറി സൗകര്യങ്ങൾ ഉപയോഗ്യമാക്കണം. ഇവിടെ വരുന്ന രോഗികൾക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കണം. ഇന്ന് ഇതിൻെറ ഭരണചുമതല ബ്ലോക്ക് പഞ്ചായത്തിലാണ്. ഇവയ്ക്കൊക്കെ ആവശ്യമായ ഫണ്ട് സംസ്ഥാനത്തുനിന്നും ലഭിക്കേണ്ടതുണ്ട്. സന്നദ്ധസംഘടനകളുടെ സഹായങ്ങളും സഹകരണങ്ങളും ലഭ്യമാക്കണം.

പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾ, പനി, ചുമ, ചെങ്കണ്ണ്, തുടങ്ങിയ പകർച്ചവ്യാധികൾ ആസ്മ എന്നീ രോഗങ്ങൾ ധാരാളമായി കണ്ടുവരുന്നു. നിലവിലുള്ള മേൽപ്പറഞ്ഞ സംവിധാനങ്ങളിലെ ശോചനീയവസ്ഥ മൂലം നിരവധിയാളുകൾ ദൂരെയുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ ആശ്രയം തേടുന്നതിനായി കാണുന്നുണ്ട്. ആരോഗ്യ ക്ലാസുകൾ സാധാരണയായി നടത്തുന്നുണ്ടെങ്കിലും ഇതിൽ ജനങ്ങളുടെ പ്രതികരണം തികച്ചും തൃപ്തികരമല്ല. കുട്ടികളുടെ പ്രതിരോധകുത്തിവെയ്പ് സാധാരണയായി നടത്തുന്നതിന് രക്ഷിതാക്കൾ ശ്രദ്ധിക്കുന്നുണ്ട്.

## കുടിവെള്ളം

ഇന്ന് ഈ പഞ്ചായത്ത് പ്രദേശം മുഴുവൻതന്നെ KWAയുടെ ഔദാര്യത്തിൻെറ നേരെ നോക്കിയിരുന്ന് കുടിവെള്ളം എടുക്കുകയാണ്. ഒന്നിടവിട്ടു ദിവസങ്ങളിലെ പമ്പിങ്ങ് അല്പം മണിക്കൂറുകൾ മാത്രം ഇപ്പോഴുള്ളൂ. ഈയാവശ്യത്തിന് ലോകബാങ്ക് സഹായത്തോടെയുള്ള over head tank ഉണ്ടെങ്കിലും ഔദ്യോഗികഭാഷ്യം അനുസരിച്ച് ഇനിയും ഏറെ സഞ്ചരിക്കേണ്ടതുണ്ട്. വരൾച്ചക്കാലം കഠിനമായിരിക്കും. പാരമ്പര്യ ജല ശ്രോതസ്സുകളായിരുന്ന കിണറുകൾ, കുളങ്ങൾ എന്നിവ ഇപ്പോൾ നാമാവശേഷമായി മാറിക്കഴിഞ്ഞു. ഇപ്പോഴുള്ള പമ്പിങ്ങ് തീർത്തും അപര്യാപ്തമാണ്. ഇതിൻെറ ദൈർഘ്യം വർദ്ധിപ്പിച്ച് എല്ലാദിവസവും പമ്പിങ്ങ് എന്നത് യാഥാർത്ഥ്യമാക്കണം. മെയിൻറിനൻസ് ശുഷ്കാന്തിയോടെ നടത്തണം. ഇപ്പോഴതില്ല. ജനങ്ങൾ ഉപയോഗം നിയന്ത്രിത രൂപത്തിൽ നടത്തുകയുംകൂടി വേണം. മുമ്പുണ്ടായിരുന്നതുപോലെ സൗകര്യപ്രദമായ ഭൂമികളിൽ പൊതു കിണറുകളുടെ തിരിച്ചുവരവിന് ശ്രമിക്കുകയും വേണം. വ്യക്തികളും ഇതിന് താല്പര്യം കാണിക്കേണ്ടതുണ്ട്.

### കക്കൂസുകൾ

ഇവിടെ സാനിട്ടറി സൗകര്യം നിരവധി കുടുംബങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്. സാമ്പത്തിക പരിതസ്ഥിതിയാണ് ഈയവസ്ഥയ്ക്ക് കാരണം എന്ന് കണക്കാക്കാവുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിലും മറ്റു താഴ്ന്ന വരുമാനക്കാർക്കും ഈ സൗകര്യത്തിനായി ഇപ്പോൾ ഗവ: നൽകിവരുന്ന സഹായങ്ങൾ വിപുലപ്പെടുത്തി ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്. ചപ്പുചവറുകൾ, മലിനജലം എന്നിവ പലപ്രദേശങ്ങളിലും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

### പൊതു ശ്മശാനം

പഞ്ചായത്തിന് ശ്മശാന സൗകര്യമുണ്ട്, എന്നാൽ ഇത് എത്രയും വേഗം നവീകരിച്ച് മറ്റു സൗകര്യങ്ങളുൾപ്പെടെ സൗകര്യപ്പെടുത്തേണ്ടതുണ്ട്. ടി പ്രദേശത്തേക്ക് റോഡ് നിർമ്മിക്കുക, ചിമ്മിണി തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

### വ്യവസായം

വ്യവസായം എന്ന നിലയിൽ വൻകിട കേന്ദ്രങ്ങളൊന്നും ഇവിടെയില്ല. പരമ്പരാഗത കയർ, കൈത്തറി മേഖലകളിലെ ഉല്പാദനം ഇന്നില്ല എന്നതാണ് സത്യം. പുനരുദ്ധാരണ സൗകര്യം പ്രതീക്ഷയ്ക്കു വക നൽകുന്നില്ല. എങ്കിലും ഇന്ന് പരമ്പരാഗത കയർ വ്യവസായത്തിന് സഹായകരമാകുന്ന പരിതസ്ഥിതിയുണ്ട്. ഇന്ന് ചുരുങ്ങിയ മണിക്കൂറുകൾക്കകം മടൽ ചീയിക്കാനും, തൊണ്ട് തല്ലിവരുന്ന ചകിരിച്ചോറ് കന്നുകാലിതീറ്റയ്ക്ക് ഉപയോഗിക്കുവാനും സാധിക്കുന്ന വിധത്തിൽ പ്രോസസിങ്ങിനും ഉള്ള സംവിധാനങ്ങളും റാട്ട് വാങ്ങുന്നതിന് ഗവ: ധനസഹായങ്ങളും നൽകുന്നതായും ഇതിനാവശ്യമായി സംരംഭകർക്ക് പരിശീലനം നൽകുവാനും അവസരങ്ങളുണ്ട്. ഇത് പരീക്ഷിക്കാവുന്ന ഒരു മേഖലയാണ്.

ഇന്ന് കരകൗശലവസ്തുക്കൾ. റെഡിമെയ്ഡ് ഗാർമെൻറ്സ്, ക്ഷീരവ്യവസായം, പ്ലാസ്റ്റിക് വസ്തുക്കൾ, ചെരുപ്പു നിർമ്മാണം ഫർണിച്ചർ, ഇലട്രോണിക്സ് എന്നീമേഖലകൾ വർദ്ധിച്ചുവരുന്നതായി കാണുന്നു. ഈ മേഖലകളിൽ ഇനിയും ഏറെ സാധ്യതകൾ കാണുന്നുണ്ട്. തൊഴിലാളിരംഗത്ത് ഇവിടെ ഏറെയുള്ളത് കെട്ടിട നിർമ്മാണരംഗത്തുള്ള വിദഗ്ധ തൊഴിലാളികളാണ് എന്നത് നിസംശയം പറയാം. വനിതകൾ കൂടുതൽ തൊഴിലെടുക്കുന്നത് സ്കൂൾ, ടെക്സ്റ്റയിൽസ്, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഇലട്രോണിക് എന്നീ മേഖലകളിലാണല്ലോ. പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ഐസ്ക്രീം കമ്പനിയിൽ നിന്നുള്ള അവശിഷ്ടങ്ങൾ മാർബിൾ കട്ടിങ്ങിലെ പൊടിപടലം എന്നിവ മലിനീകരണം സൃഷ്ടിക്കുന്നു. താല്കാലിക പരിഹാര മാർഗ്ഗങ്ങൾ ചെയ്യിക്കുവാൻ ശ്രദ്ധിച്ചിട്ടുമുണ്ട്.

ഇന്നേറെ ആവശ്യകതയുള്ള മെഴുകുതിരി നിർമ്മാണത്തിന് മെഴുകു 'കോട്ട' അനുവദിക്കുന്നില്ല. ഇവിടെ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി ഒരു പ്രശ്നമാകുന്നതായി തോന്നുന്നില്ല. വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ സാമ്പത്തിക ലഭ്യത, വൈദ്യുതി തുടങ്ങിയവ കുറച്ചു ബുദ്ധിമുട്ടുകൾ വരുത്തുന്നുണ്ട്.

അരൂർ, അമ്പലമേട്, കളമശ്ശേരി, തൃക്കാക്കര എന്നിവ തൊട്ടടുത്തുള്ള വ്യവസായ മേഖലകളാണ്.

സഹകരണ മേഖലയിൽ ക്ഷീരവ്യവസായം, കരകൗശലം എന്നിവയുണ്ടെങ്കിലും ആദ്യത്തേതിന്റെ പ്രവർത്തനം തൃപ്തികരവും ലാഭകരവുമല്ല എന്നും മറ്റേത് മെച്ചപ്പെട്ടുവരുന്നു എന്നും കാണുന്നുണ്ട്.

ഇവിടെ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ തല്പരരായ വനിതകളുടെ ഗ്രൂപ്പുകൾ ലഭ്യമാണ്. ആവഴിക്കുള്ള ശ്രമങ്ങളും പ്രോത്സാഹനങ്ങളും നൽകിവരുന്നുണ്ട്. പ്രധാന വിളയായി കാണുന്ന നാളികേരം വിപണനത്തിനും, വാങ്ങുന്നതിനും അതുവഴി കർഷകരേയും ഉപഭോക്താക്കളെയും സഹായിക്കുവാനുള്ള ഒരു കേന്ദ്രത്തിന് ഈ ഗ്രാമത്തിൽ സാധ്യതയുണ്ട്.

# ഗതാഗതം / ഊർജ്ജം / മാർക്കറ്റ്

മരട് ഗ്രാമ പഞ്ചായത്തിലെ മൊത്തം റോഡുകളിൽ 60% റോഡുകളും മോശമാണ്. ഈ പഞ്ചായത്തിൽ നിലവിൽ ധാരാളം റോഡുകളുണ്ടെങ്കിലും ഇനിയും പുതുതായി പലഭാഗങ്ങളിലും റോഡുകൾ ആവശ്യമാണ്. ഒന്നാം വാർഡിൽ = തോമസ് പുരം, മാർട്ടിൻ പുരം, കൂടാതെ വാർഡിന്റെ മദ്ധ്യഭാഗത്തും കിഴക്കുഭാഗത്തും രണ്ടാം വാർഡിൽ ഗുരുമണ്ഡപത്തിന്റെ തെക്കെപരിസരപ്രദേശം താറാവുകോളനി പരിസരപ്രദേശം, മാർട്ടിൻ പുരം പടിഞ്ഞാറേ പ്രദേശം, മൂന്നാം വാർഡിൽ തുരുത്തി അയിനി പരിസരം, തുരുത്തി കിഴക്കുഭാഗം, മരട് കിഴക്കുഭാഗം അയിനി ക്ഷേത്രത്തിന് കിഴക്കുവശത്തും നാലാം വാർഡിൽ മരട് കിഴക്കുഭാഗം, ബ്ളാക്ക് ഓഫീസിനു കിഴക്കുവശം, ഇഞ്ജക്കൽ പരിസരം, മണ്ണാർ പറമ്പ് പരിസരം, ഭജനമഠ പരിസരം അഞ്ചാം വാർഡിൽ നീലികാട്ട് ജംങ്ഷൻ, വളന്തകാട് പ്രദേശം, മരട് മുസ്ലീം പള്ളി പ്രദേശം, കാട്ടുതാണി പ്രദേശം, ആറാം വാർഡിൽ പള്ളിനട പരിസരം മാങ്കായിൽ ഹൈസ്കൂൾ പരിസരം ഏഴാം വാർഡിൽ കരുവേലിൽ പരിസരം, കുണ്ടന്നൂർ തീരപ്രദേശം, അബുതെക്കൽ പരിസരം, തിരുമുൽപാട പ്രദേശം, കുണ്ടന്നൂർ കിഴക്കുഭാഗം, എട്ടാം വാർഡിൽ കോണത്തുള്ളി പ്രദേശം, കൈതമന പ്രദേശം, കല്ലാത്തു പരിസരം, ലിങ്ക് റോഡ് പരിസരം, മാധവപ്പിള്ളി പരിസരം, കുന്നാഴത്ത് പരിസരം, ഇടക്കാട്ട് പ്രദേശം, കുണ്ടുവേലി പ്രദേശം, ചാവുരുത്തി കോളനി പ്രദേശം, ഒൻപതാം വാർഡ് നെട്ടൂർ മാർക്കറ്റ് പരിസരം, ധന്യ തീയറ്റർ പരിസരം, തീരദേശ ഭാഗം, മനക്കച്ചിറ പ്രദേശം, പെരിങ്ങാട് പുറക്കോലി പത്താം വാർഡ് മുളക്കര പ്രദേശം, വെളി പറമ്പ് പ്രദേശം, ഗിരജൻ കോളനി പ്രദേശം, 11ാം വാർഡ് കൊലാടത്ത് പാടം, തെക്കനങ്ങ്യാരത്ത് പ്രദേശം, നെട്ടൂർ പടിഞ്ഞാറെ അതിർത്തിയിൽ കൂടി തീരദേശ റോഡ്, 12ാം വാർഡ് കോന്തുരുത്തി ഫെറിപ്രദേശം, കൂട്ടുങ്കൽ പ്രദേശം, 13ാം വാർഡ് സ്റ്റാർ ജംഗ്ഷൻ പ്രദേശം, പയ്യപ്പിള്ളി പ്രദേശം, കുണ്ടുവോലിൽ പ്രദേശം.

കുന്നലക്കാട്ട് റോഡ് തോട്ടത്തിപറമ്പ് റോഡ്, എൻ. എച്ച് മുതൽ ചമ്പക്കരറോഡ്, അയിനി നട - തോമസ്പുരം റോഡ്, ഉപാസന റോഡ്, ജയന്തി റോഡ്, കാട്ടിത്തറ റോഡ്, ചുടുകാട് റോഡ്, പൂണിത്തുറ - അയിനി റോഡ്, വട്ടന്തറ റോഡ്, കേട്ടെഴുത്തും കടവ്, PWD റോഡ്, എം.സി.എച്ച് റോഡ്, മോസ്ക് റോഡ്, ലക്ഷം വീട് റോഡ്, പള്ളിനട റോഡ്, കുണ്ടന്നൂർ - ചിലവന്നൂർ റോഡ്, ക്രാഷ് റോഡ് പടിഞ്ഞാറുവരെ, നെല്ലിക്കൽ റോഡ്, കരുവേലിൽ റോഡ്, കുണ്ടന്നൂർ ജംങ്ഷൻ മുതൽ കടത്തു കടവ് റോഡ്, നെല്ലിക്കൽ റോഡ്, മസ്ജിദ് റോഡ്, കേട്ടെഴുത്ത് കടവു റോഡ്, അമ്പലകടവ് - കേട്ടെഴുത്ത് കടവു റോഡ്, നെട്ടൂർ മാടവന പിഡബ്ല്യിയുഡി റോഡ്, താനപറമ്പ് തട്ടെക്കാട് റോഡ്, ലിങ്ക് റോഡ്, വെള്ളാംമ്പിള്ളി റോഡ്, കുണ്ടു വെലിൽ റോഡ്, കൈതമന ലക്ഷം വീട് കോളനി റോഡ്, ശാന്തിക്ലിനിക് മുതൽ കോണത്തുകുള്ളി റോഡ്, പെരിങ്ങാട് കോളനി റോഡ്, പുറക്കേലി റോഡ്, മനക്കച്ചിറ റോഡ്, കണ്ണോത്തു ലക്ഷം വീടു കോളനി, നെട്ടൂർ സൗത്ത് കോളനി റോഡ്, നെട്ടൂർ പാലത്തിന് പരിസരത്തുള്ള റോഡ്, തണ്ടാശ്ശേരി കോളനി റോഡ്, വില്ലേജ് ഓഫീസ് റോഡ്, തീരദേശ റോഡ്, തെക്കേ നങ്ങ്യാരത്ത് റോഡ്, കൂട്ടുങ്കൽ റോഡ്, കോന്തുരുത്തി ഫെറി റോഡ്, തുരുത്തി ടെമ്പിൾ ക്രോസ് റോഡ്, മാർട്ടിൻ പുരം റോഡ്, ഉപാസന റോഡ്, അറയ്ക്കൽ ടെമ്പിൾ റോഡ്, പി.ഒ റോഡ്, വിടിസി റോഡ്, എസ്.എൻ.ഡി.പി റോഡ്, റിലീഫ് സെൻറർ റോഡ്, ലക്ഷം വീട് കോളനി റോഡ്, പാണ്ടവത്ത് റോഡ്, പ്രിയദർശിനി റോഡ്, എന്നീ പ്രധാനറോഡുകളിൽ നമുക്ക് ഓടകൾ ആവശ്യമാണ്.

ഈ പഞ്ചായത്തിൽ വളരെ അടിയന്തിരമായി അറ്റകുറ്റപണികൾ നടത്തേണ്ട റോഡുകളുടെ പേരുവിവരം താഴെ ചേർക്കുന്നു.

1. എൻ. എച്ച് മുതൽ ചമ്പക്കര റോഡ്‌വരെ
2. അയിനി നട മുതൽ തോമസ് പുരം റോഡ് വരെ
3. തുരുത്തി ടെമ്പിൾ റോഡ്

4. ഉപാസന റോഡ്
5. ഇന്ദിരാജി റോഡ്
6. വൈക്കത്തുശ്ശേരി റോഡ് (നെട്ടൂർ)
7. തരിശി റോഡ്
8. കേട്ടെഴുത്തും കടവ് = വളന്ത കാട് റോഡ്
9. എ.കെ. ജി റോഡ്
10. കടവത്ത് റോഡ്
11. ക്രാഷ് റോഡ്
12. മനയ്ക്കൽ റോഡ്
13. ന്യൂ റോഡ്
14. മനക്കച്ചിറ റോഡ്
15. മൂത്തോടം കോളനി റോഡ്
16. തീരദേശ റോഡ്
17. കൂട്ടുങ്കൽ ഹരിജൻ കോളനി റോഡ്
18. കുണ്ടവേലിൽ റോഡ്
19. പ്രിയദർശിനി റോഡ്

ഈ പഞ്ചായത്തിൽ ചമ്പക്കര കണ്ണാടിക്കാട് റോഡ്, കാട്ടിത്തറ റോഡ്, ജയന്തി റോഡ് , ചുടുകാട് റോഡ്, ഇഞ്ചക്കൽ ടെമ്പിൾ റോഡ്, എം.സി.എച്ച് റോഡ്, മോസ്ക് റോഡ്, പള്ളിനട - അയിനി റോഡ്, പള്ളി നട - കേട്ടെഴുത്തും കടവ് റോഡ്, കോൺവെൻറ് റോഡ്, കുണ്ടന്നൂർ - ചിലവന്നൂർ റോഡ്, താനപറമ്പ്- തട്ടേകാട് റോഡ് , അമ്പല കടവ്- കേട്ടെഴുത്തും കടവ് റോഡ്, നെട്ടൂർ മാടവന റോഡ്, മസ്ജിദ് റോഡ്, തണ്ടാശ്ശേരി കോളനി റോഡ്, സൊസൈറ്റി റോഡ്, പാണ്ടവത്ത് റോഡ് എന്നീ ടാറിട്ട റോഡുകളിലാണ് ഏറ്റവും കൂടുതൽ ഗതാഗതം ഉള്ളത്.

1. തോട്ടത്തി പറമ്പ് റോഡ്
2. അയിനി തോമസ്പുരം റോഡ്
3. സഹകരണ റോഡ്
4. മാദ്ധ്യമം റോഡ്
5. പ്രിയദർശിനി റോഡ്
6. ചൂരക്കാട്ട് റോഡ്
7. എ.കെ.ജി റോഡ്
8. നടുവത്തറ റോഡ്
9. മാർക്കറ്റ് റോഡ്
10. എൻ. എച്ച് മുതൽ ലിങ്ക് റോഡ്
11. കുണ്ടുവേലിൽ റോഡ്
12. പുറക്കേലിൽ റോഡ്
13. വില്ലേജ് ഓഫീസ് റോഡ്
14. തീരദേശം റോഡ്
15. നോർത്ത് കോളനി റോഡ്
16. പോസ്റ്റാഫീസ് റോഡ്
17. കുണ്ടുവേലിൽ റോഡ്
18. മകക്കച്ചിറ റോഡ്

എന്നിവയാണ് ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഗതാഗതമുള്ള ടാറിടാത്ത റോഡുകൾ

പുതിയ റോഡുകളും നിർമ്മാണവും, നിലവിലുള്ളവയുടെ അറ്റകുറ്റപണികളും ശ്രമദാനമായി നടത്തുന്നതിനുള്ള വളരെയേറെ സാധ്യതകൾ ഈ പഞ്ചായത്തിൽ ഉണ്ട്.

ഈ പഞ്ചായത്തിൽ തോടുകളും, നിലങ്ങളും നികത്തി റോഡുകൾ നിർമ്മിച്ചതിന്റെ ഫലമായി വളരെയധികം പ്രദേശങ്ങളിൽ വെള്ളക്കെട്ട് അനുഭവപ്പെടുന്നു.

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ചില പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. ആയതിനു കാരണം പൊതുവഴികൾ ഇല്ലാത്തതു കൊണ്ടും വൈദ്യുതി ലൈനുകൾ വലിക്കുന്നത് വ്യക്തികളുടെ സമ്മതം കിട്ടാത്തതിനാലുമാണ്.

ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമം നിലവിലുണ്ട്.

ഈ പഞ്ചായത്തിൽ 424 ബൾബുകളും 83 ട്യൂബുകളും ഒരു മെർക്കുറി വേപ്പർലാമ്പും ഉണ്ട്. എന്നാൽ ട്യൂബ് ലൈറ്റുകൾ വോൾട്ടേജ് ക്ഷാമം മൂലം കത്തുന്നില്ല. കേടായ ബൾബുകൾ യഥാസമയം മാറ്റിയിടാത്തതിനാൽ ഭൂരിഭാഗവും കത്തുന്നില്ല.

ഈ പഞ്ചായത്തിൽ പുതുതായി സ്ട്രീറ്റ് ലൈറ്റുകൾ അനുവദിക്കുകയാണെങ്കിൽ എല്ലാ പൊതു വഴികളിലും, റോഡുകളിലും സ്ഥാപിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ നാളികേരവും, അടയ്ക്കയുമാണ് വിൽപ്പന സാധ്യതയുള്ള കാർഷിക ഉൽപ്പന്നങ്ങൾ. ഈ പഞ്ചായത്തിൽ ആഴ്ച ചന്തയില്ല. എന്നാൽ സ്ഥിരമായി ഒരു പൊതു മാർക്കറ്റ് പഞ്ചായത്ത് പണിപൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് ഒരു പൊതു മാർക്കറ്റ് ഉണ്ടായിരുന്നില്ല.

ഈ പഞ്ചായത്തിലെ വളരെ ചുരുക്കം വീടുകളിൽ മാത്രം പുകയില്ലാത്ത അടുപ്പുകൾ ഉണ്ട്. എന്നാൽ പ്രചാരണ മാദ്ധ്യമങ്ങൾ വഴിയും, ബോധവൽക്കരണം വഴിയും പുകയില്ലാത്ത അടുപ്പിന് സബ്സിഡി നൽകിയും വ്യാപകമായി പ്രചരിപ്പിക്കുവാൻ നമുക്ക് സാധിക്കും.

## ഭവനം / സാമൂഹ്യ ക്ഷേമം

ഏകദേശം നമ്മുടെ ഗ്രാമത്തിൽ 2000 പേരോളം ഭവനരഹിതരായുണ്ട്. ഭൂരഹിതരും ഇതിൽപ്പെടും. സർക്കാരിന്റെ ഭാഗത്തുനിന്നും ഇതിലേക്കായി പ്രതീക്ഷകളർപ്പിക്കുകയാണ്. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഇവിടെ പ്രവർത്തിക്കുവാനാകും. ഭവനരഹിതർ എന്ന വിഭാഗം ഒരു പ്രത്യേക വിഭാഗത്തിൽ മാത്രം പെടുന്നവരല്ല. സാമ്പത്തിക പരാധീനത ഇതിനൊരളവുവരെ കാരണമാണ്. ഒട്ടേറെ നിർമ്മാണ തൊഴിലാളികളുള്ള ഒരു പ്രദേശമാണ് നമ്മുടേത്. വിദഗ്ധർ 120-160. അവിദഗ്ധർ 90-100 സ്ത്രീ 80-90 എന്നീക്രമത്തിൽ ദിനംപ്രതി കൂലി സമ്പാദിക്കുന്നുണ്ട്.

അംഗൻ വാടികൾ എല്ലാ പ്രദേശത്തും ഇല്ല ഇനിയും ആവശ്യമാണ്. സ്വന്തമായി കെട്ടിടമില്ലായ്മ, സാമ്പത്തിക സൗകര്യക്കുറവ്, എന്നിവ ഈ വിഭാഗത്തിന്റെ പോരായ്മകളായി നില നില്ക്കുന്നു.

അവശ വിഭാഗങ്ങൾക്കുള്ള ധനസഹായത്തിന് ഏറെ കാലതാമസം നേരിടുന്നുണ്ട്. ധന സഹായത്തിന് അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്നവരും വിരളമല്ല. ഫണ്ടിന്റെ ലഭ്യതക്കുറവാണ് എന്ന് പറയാം. ഇതിന് പരിഹാരത്തിനുതകും വിധം യഥാസമയം ഫണ്ട് എത്തിക്കുവാൻ ഗവ: തലത്തിൽ നടപടികൾ ത്വരിതപ്പെടുത്തണം.

ഇനിയും ഗവ: ന്റെ ക്ഷേമ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പെൻഷൻ സഹായം ലഭിക്കാൻ അർഹതയുള്ള ഏറെയാളുകൾ ഈ പഞ്ചായത്തിലുണ്ട്. പലപ്പോഴും ഇത്ര സഹായ പദ്ധതികളുടെ വിവരങ്ങളെ പറ്റിയുള്ള ധാരണക്കുറവും അതുപോലെ ബന്ധപ്പെട്ട രേഖകൾ കൈവശ പ്പെടുത്തുവാനുള്ള സാങ്കേതിക തടസ്സങ്ങളും അപേക്ഷകരെ ബുദ്ധിമുട്ടിക്കുന്നുണ്ട്.

ഓരോ പ്രദേശത്തും നമുക്ക് ചുറ്റുംഉള്ള ഇതിനർഹമായവരെ കണ്ടത്തുവാൻ പഞ്ചായത്ത് മെമ്പർമാരും സന്നദ്ധ സംഘടനാ പ്രവർത്തകരും മുൻകൈ എടുക്കണം. ഈ കാര്യങ്ങളിലുള്ള ബോധവൽക്കരണം വേണ്ടതുപോലെ അറിവോടെ ഗ്രാമസഭായോഗങ്ങളിലൂടെ നടത്തുന്നതായാൽ നന്ന്. പെൻഷൻ വിതരണം ഇപ്പോൾ ജില്ലാ പഞ്ചായത്തിനെ ഏല്പിച്ച ശേഷം പ്രത്യേകിച്ച് പ്രയോജനങ്ങളൊന്നും ലഭിച്ചിട്ടില്ല. പഞ്ചായത്തിൽ ചുരുങ്ങിയത് ഒരു വൃദ്ധമന്ദിരം എങ്കിലും സ്ഥാപിക്കുന്നതായാൽ നന്ന് എന്ന് തോന്നുന്നു.

## വനിത

വനിതാ ക്ഷേമം അതീവ പ്രാധാന്യം അർഹിക്കുന്ന ഒരു വിഷയമാണ്. മൊത്തം ജനസംഖ്യയുടെ പകുതിയോളം സ്ത്രീകളാണല്ലോ. വിദ്യാഭ്യാസരംഗത്ത് ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികളാണ്. കൃഷി, കെട്ടിട നിർമ്മാണം, ചുമട് എടുക്കൽ എന്നിവയിലും സ്ത്രീകൾ പൊതുവെ സമർത്ഥമായി പങ്കെടുത്തുവരുന്നു. 80രുപ മുതൽ 100രുപ വരെ ഈ വിഭാഗങ്ങളിലായി ലഭിക്കുന്നുണ്ട്. ഇവിടെ ഭൂരിഭാഗം സ്ത്രീകളും നിർമ്മാണ മേഖലയിൽ പ്രവർത്തിച്ചുവരുന്നവരുണ്ട്. അദ്ധ്യാപകരംഗത്തും, മറ്റ് ഓഫീസ് പ്രവർത്തനങ്ങൾ, സ്വയം തൊഴിൽ മേഖല, പട്ടണ പ്രദേശത്ത് സെയിൽസ് ഗേൾസ് ആയും മറ്റും ഈ വിഭാഗം മുന്നേറി വരുന്നുണ്ട്. നമ്മുടെ പ്രദേശത്ത് സാമൂഹ്യ സാംസ്ക്കാരിക രംഗത്തും മറ്റു സേവന രംഗങ്ങളിലും വനിതകൾ നേതൃത്വത്തിലേക്ക് വരുന്നുണ്ട്. കുടുംബവരുമാനവർദ്ധനവിന് സ്ത്രീകളുടെ പങ്ക് അനിവാര്യമാ ണെന്ന് സമൂഹത്തിന് ബോധ്യപ്പെട്ടുവരുന്നു എന്നുള്ളത് സ്ത്രീകളുടെ സാമൂഹ്യ അവസ്ഥയിൽ അവർക്ക് സ്ഥാനം ലഭിക്കുവാൻ ഇടവരുത്തിയിട്ടുണ്ട്.

മഹിളാസമാജ പ്രവർത്തനങ്ങൾ പഞ്ചായത്തിൻെറ മിക്ക മേഖലകളിലും ഉണ്ട്. സ്വയം തൊഴിൽ സംരംഭങ്ങളിലും ഇവർ പങ്കാളികളായി വരുന്നുണ്ട്.

മദ്യപാനം കുടുംബത്തിനും സമൂഹത്തിനും ശാപം തന്നെയാണല്ലോ. ഇതിൻെറ ദുരിമനുഭവിക്കുന്ന സ്ത്രീകൾ ഇവിടെയും ഉണ്ട്. ചാരായ നിരോധനം ഇത്തരം ദുരിതാവസ്ഥക്ക് ഒരു നല്ല അളവുവരെ ആശ്വാസ പ്രദമാണ്. സമ്പൂർണ്ണ മദ്യനിരോധനം അനിവാര്യമാണ് എന്നാണ് അഭിപ്രായം. ഇതിന് ഇന്ന് ലഭ്യമാകുന്ന വിദേശ മദ്യങ്ങളുടെ വില വിപുലമായി വർദ്ധിപ്പിക്കണം. മദ്യവിരുദ്ധ സമിതികളുടെ പ്രവർത്തനങ്ങൾ രാഷ്ട്രീയ ലാഭേഛകൾ കൂടാതെ പ്രോത്സാഹിപ്പിക്കണം. സ്ത്രീകളുടെ ഭാഗത്തുനിന്നും ഉള്ള സഹായങ്ങളും ഇക്കാര്യത്തിൽ വേണം. ഈ നിരോധനം മൂലം ലഭിക്കുന്ന അധിക കുടുംബവരുമാനം കുടുംബക്ഷേമം കൈവരുത്തും എന്നുള്ളതിൽ തർക്കമില്ല. ആരോഗ്യാവസ്ഥയും മെച്ചപ്പെടും.

സ്ത്രീധനത്തിൻെറ പേരിലുള്ള പീഢനങ്ങൾ അപൂർവ്വകേന്ദ്രങ്ങളിൽ നിന്നും കേൾവിയുണ്ട്. സ്ത്രീകളോടുള്ള അക്രമം ഇവിടെ പരാമർശിക്കത്തക്കവിധം ഇല്ല. ഇവിടെ സ്ത്രീകളെ ബഹുമാനിക്കുന്നുണ്ട്, സാമൂഹ്യ പദവി ഉയർത്തുവാൻ സഹായിക്കുന്നുണ്ട്. സർവോപരി എല്ലാരംഗങ്ങളിലും അവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

## സഹകരണ സംഘങ്ങൾ

ഗ്രാമത്തിൽ 3 സഹകരണ ബാങ്കിങ്ങ് സ്ഥാപനങ്ങളുണ്ട്. ക്ഷീര രംഗം , കരകൗശലം ഇവകളിൽ ഇനിയും സ്ഥാപനങ്ങൾ വളരുവാൻ സാധ്യതകളുണ്ട്. ബാങ്കിങ്ങ് രംഗത്ത് പ്രവർത്തിക്കുന്ന 3 സ്ഥാപനങ്ങളും ഗ്രാമീണ ജനതയുടെ ഏകദേശം ആവശ്യങ്ങൾ തൃപ്തികരമാക്കുവാൻ സഹായിക്കുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ കാര്യങ്ങളിലൂടെയുള്ള സഹായങ്ങളുടെ കാര്യങ്ങളിലൊരിക്കലും രാഷ്ട്രീയമായ സമീപനം അഥവാ പക്ഷപാത പരമായ പരിഗണനകൾ അവലംബമാക്കരുത്. സഹകാരികളാകട്ടെ തങ്ങൾക്ക് നേരിട്ടും തങ്ങൾ വഴിയും ലഭ്യമാക്കുന്ന വായ്പാസൗകര്യങ്ങളുടെ യഥാസമയം കൃത്യമായുള്ള തിരിച്ചടവിന് സഹായിക്കുകയും വേണം.

നമ്മുടെ പഞ്ചായത്തിന് ഒരു ഭവന നിർമ്മാണ സഹകരണ സ്ഥാപനം അനിവാര്യമാണിപ്പോൾ. ക്ഷീരോൽപാദക സഹകരണസ്ഥാപനം ഇപ്പോഴുള്ളത് പൂർണ്ണ വളർച്ചയിലെത്തിക്കുകയോ വിവിധ പ്രദേശങ്ങളിൽ പുതുതായി സ്ഥാപിതമായി ഭംഗിയായി പ്രവർത്തിക്കുകയും വേണ്ടതുണ്ട്.

# സംസ്കാരം

നമ്മുടെ ഗ്രാമത്തിൽ പഞ്ചായത്ത് വക നല്ല ഗ്രന്ഥശേഖരമുള്ള ഒരു ലൈബ്രറിയും അനുബന്ധമായി നല്ല ഒരു റീഡിംഗ് റൂമും നിലവിലുണ്ട്. ഇതിൻെറ മേൽനോട്ടത്തിന് ഒരു പൂർണ്ണ സമയ ജീവനക്കാരനില്ല. ഇനിയും അനുമതിക്കായി ദീർഘസമയം കാത്തിരിക്കേണ്ടതുണ്ട്. മറ്റുചില ഭാഗങ്ങളിൽ വായനശാലകളുണ്ടെങ്കിലും അവയ്ക്കൊന്നും സ്വന്തം കെട്ടിടങ്ങളില്ല. ഇവയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ഗ്രാമസഭകളിലൂടെ പദ്ധതികൾ തയ്യാറാക്കി സൗകര്യപ്പെടുത്തുന്നത് നന്നായിരിക്കും. ഇപ്പോൾ 5 വായന ശാലകളെങ്കിലും സ്വകാര്യമായി നടന്നു വരുന്നുണ്ട്. സഞ്ചരിക്കുന്ന ഒരു ലെൻറിങ് ലൈബ്രറി ഏർപ്പെടുത്തിയാൽ സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുവാൻ സാധിക്കും.

ടെലിവിഷൻെറ അതിപ്രസരം വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ യഥാർത്ഥത്തിൽ ദോഷകരമായി ബാധിച്ചിട്ടുണ്ട്. മാതാപിതാക്കൾ ആനന്ദപ്രദമായ പരിപാടികളുടെ ഭാഗങ്ങളും, വിദ്യാഭ്യാസപരമായ കാര്യങ്ങളും, സാംസ്കാരിക ഉന്നതിക്കായുള്ള പരിപാടികളും ചിട്ടപ്പടി മാത്രം കാണുവാൻ അനുവദിക്കണം. പഠന സമയങ്ങളിൽ മുതിർന്നവരുടെ താല്പര്യപ്രകാരം വിദ്യാർത്ഥികളെ മാത്രം മാറ്റിനിറുത്തിയുള്ള ടെലിവിഷൻ കാണൽ ഒഴിവാക്കിയും ദോഷ പരിഹാരം ഉണ്ടാക്കിയെടുക്കാം.

കലാ സാംസ്കാരിക രംഗങ്ങളിൽ പഞ്ചായത്തിലെ വിവിധ വിഭാഗങ്ങൾ സാമാന്യം ഭേദപ്പെട്ട രീതിയിൽ പഞ്ചായത്തുതല മത്സരങ്ങളിൽ പങ്കെടുക്കുന്നുണ്ട്. ഇത് തീർത്തും സജീവമാണെന്ന് പറയാറായിട്ടില്ല.

ഇവിടെ എല്ലാ മതവിഭാഗങ്ങൾക്കും ആരാധനാലയങ്ങൾ ഉണ്ട്. ഏകദേശം 50ൽപരം ക്ഷേത്രങ്ങളും പള്ളികളും ഉൾപ്പെടുന്നു. ഈ ആരാധനാ കേന്ദ്രങ്ങളിലെ ഉത്സവാഘോഷങ്ങൾ ജന പങ്കാളിത്തത്തോടെ മത സൗഹാർദ്ദത്തിൻെറ പര്യായങ്ങളായി തന്നെ നടത്തപ്പെട്ടുവരുന്നു.

തെങ്ങ് (തടി) വരവ്, ഊരുചുറ്റ്, താലപ്പൊലികൾ വെടിക്കെട്ട്, വാകയിലച്ഛൻെറ ചരമവാർഷികം, ഇടവക മദ്ധ്യസ്ഥ തിരുനാളുകൾ, കർക്കിടകവാവ്, ബലിപെരുന്നാൾ, ചന്ദനക്കുടം, കരകം നിറ, നബിദിനം, പള്ളികളിൽ മാർച്ച് 19ലെ സമൂഹസദ്യ, വള്ളംകളി, ശ്രീനാരായണ ജയന്തി എന്നിവയും പതിവായി ആഘോഷിച്ചുവരുന്നുണ്ട്.

മതപരവും ജാതിപരവും ആയി നല്ല സൗഹാർദ്ദം നിലനിൽക്കുന്നുണ്ട്. സ്കൂളുകളുടെ വാർഷികാഘോഷങ്ങൾ പതിവായി നടന്നുവരുന്നുണ്ട്. കലാസമിതികൾ മാത്രമേ കൃത്യമായി വാർഷികാഘോഷങ്ങൾ നടത്തി വരുന്നുള്ളൂ.

ഓണക്കളി, തിരുവാതിരക്കളി, ഒപ്പന, കോൽകളി, മാർഗ്ഗം കളി, വേലതുള്ളൽ എന്നിവയും ആനന്ദകരമായി നടത്തിവരുന്നുണ്ട്. ഓരോ മത വിഭാഗവും അവരുടെ മത വിശ്വാസ ആചാരങ്ങൾ പുലർത്തി വരുന്നു.

## പട്ടികജാതി / വർഗ്ഗക്ഷേമം

പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ ഈ പഞ്ചായത്തിലെ പൊതു അവസ്ഥ തീരെ മോശമല്ലെന്നു പറയാം. എങ്കിലും ഇവരുടെ അവസ്ഥയിൽ ഇനിയും സൗകര്യങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. 1991ലെ സെൻസസ് പ്രകാരം ഇവിടെ SC3410 ST125 എന്നീക്രമത്തിലുണ്ട്. വിദ്യാഭ്യാസ കാര്യത്തിൽ പൊതുവെ താല്പര്യം കാണുന്നുണ്ട്. ഇന്ന് നിലവിലുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പ്രയോജനപ്പെടുത്തുന്നു എന്നു പറയാൻ വയ്യ. ഈ പോരായ്മ ആവർത്തിക്കാതെ നോക്കണം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ പദവി വളരെ മെച്ചപ്പെട്ടിട്ടുണ്ട്. വിവിധ മണ്ഡലങ്ങളിലെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ ഈ അവസ്ഥ കൈവരിക്കുവാൻ സഹായിച്ചിട്ടുണ്ട്. കൃഷി, മത്സ്യബന്ധനം, കൂലിപ്പണി എന്നീ മേഖലകളിൽ കൂടുതൽ വ്യാപരിച്ചു പ്രവർത്തിച്ചു വരുന്നു. ഭവന രഹിതരുടെ കാര്യത്തിൽ ഇനിയും കുറേകൂടി സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ബഹുജന സംഘടനകളുടെ തലപ്പത്ത് പ്രവർത്തിക്കുന്ന 15ളം നേതാക്കൾ ഇവിടെയുണ്ട്. സാമൂഹ്യ പദവിയിൽ മേൻമ അവകാശപ്പെടാം.

SC-ST കോളനികളിലേക്ക് റോഡ്, കാന, ചികിത്സാ സൗകര്യങ്ങൾ, വെള്ളവും വെളിച്ചവും, വീട് റിപ്പയറിങ് സൗകര്യങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

വിദ്യാഭ്യാസപരമായ ഉന്നതിയിലേക്ക് കുട്ടികളെ ഭാവികാലങ്ങളിൽ താല്പര്യപ്പെടുത്തി, ഉയർന്ന നിലകളിലുള്ള ഈ ഔദ്യോഗിക പദവികളിലെത്തിക്കുവാനും, ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും ഇനിയും നമുക്ക് ശ്രമിക്കേണ്ടതുണ്ട്.

സ്വന്തമായ കെട്ടിടത്തിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുള്ള മരട് കുമ്പളം സർവ്വീസ്സഹകരണ സംഘം പ്രവർത്തിച്ചു വരുന്നുണ്ട്.

## വിഭവ സമാഹരണം

നിരവധി സാമ്പത്തിക ബാധ്യതകളുള്ള ആവശ്യങ്ങൾ ഈ ഗ്രാമവാസികൾക്കുണ്ട്. ഗ്രാമീണ ജനത പൂർണ്ണമായും ഈയാവശ്യങ്ങൾക്കായി പഞ്ചായത്തിനെ ഉറ്റുനോക്കുകയാണ്. ഗ്രാമീണറോഡുകളുടെ സംരക്ഷണം കാനകളുടെ നിർമ്മാണം എന്നിവയ്ക്ക് ഏറെ പ്രാധാന്യം നൽകേണ്ടതാണ്. പഞ്ചായത്തിൻെറ വിഭവം എന്നത് അതേസമയം തുലോം കുറവുമാണ്. JRYതുടങ്ങിയ ഇനത്തിൽ ലഭിക്കുന്ന ഫണ്ടുകളുപയോഗിച്ചാലും ആവശ്യം നിറവേറപ്പെടുകയില്ല. ഇവയുടെ നടത്തിപ്പിന് മറ്റുമാർഗ്ഗങ്ങളിലൂടെയുള്ള വിഭവസമാഹരണം പരിശോധിക്കാവുന്നതാണെങ്കിലും ഏറെ പ്രതീക്ഷകളർപ്പിക്കുന്നതിൽ സത്യമുണ്ടായിരിക്കും എന്ന് തോന്നുന്നില്ല. മനുഷ്യയത്നം ഒരു പരിധിവരെ ലഭ്യമാക്കാം. ഇതിന് സന്നദ്ധസംഘടനാപ്രവർത്തകർ, വാർഡുകളിലെ കക്ഷി രാഷ്ട്രീയ ബന്ധങ്ങൾക്കുപരിയായിട്ടുള്ള കൂട്ടായ്മ പ്രവർത്തനം എന്നീനിർദ്ദേശങ്ങൾ നമുക്ക് ശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്.

**(ഇതുമായി ബന്ധപ്പെട്ട പഞ്ചായത്തിൻെറ വരവിനങ്ങളും ചിലവിനങ്ങളും മരട് ഗ്രാമ പഞ്ചായത്ത് ഒറ്റനോട്ടത്തിൽ എന്ന തലക്കെട്ടിൽ ചേർത്തിട്ടുണ്ട്.)**

# പൊതുവെയുള്ളവ

1. നെട്ടൂർ മാടവന PWDറോഡ് വീതികൂട്ടി ആവശ്യമായ സ്ഥലങ്ങളിൽ ഓടകൾ നിർമ്മിക്കുക
2. നെട്ടൂർ PWDറോഡിൻെറ വടക്കേ അറ്റത്ത് ബസ്സ് ടെർമിനൽ
3. ഇവിടെ നിന്ന് കടവന്ത്രയിലേക്ക് പാലം നിർമ്മിച്ചാൽ വൈറ്റില ജംഗ്ഷനിൽ ഇപ്പോൾ നിലനിൽക്കുന്ന ഗതാഗതത്തിരക്ക് ഒരു നല്ല അളവുവരെ പരിഹൃതമാകും.
4. അമ്പലക്കടവ് -കേട്ടെഴുത്ത് കടവ് റോഡ് വീതികൂട്ടുക.
5. കോണത്തുള്ളി റോഡ് വീതികൂട്ടി ലിങ്ക് റോഡുമായി ബന്ധിപ്പിക്കുക.
6. ശാന്തി ക്ലിനിക് റോഡ് വീതി കൂട്ടി PWD റോഡിൽ ചേർക്കുക.
7. ലിങ്ക് റോഡിന് ഇരുവശവും ഓട നിർമ്മിക്കുക.
8. 11,12 വാർഡുകൾ ബന്ധിപ്പിച്ച് കോലാടത്ത് ബണ്ട് റോഡ് നിർമ്മിക്കണം.
9. നെട്ടൂർ ലിങ്ക് റോഡിനു സമീപം നെട്ടൂർ കുണ്ടന്നൂർ പാലം
10. ചമ്പക്കര കണ്ണാടിക്കാട് റോഡ് വീതികൂട്ടി ഓട നിർമ്മിക്കുക.
11. അയിനി നട പൂണിത്തുറ റോഡ് വീതികൂട്ടുക
12. ചമ്പക്കര കനാൽ തീരം റോഡ് പണി പൂർത്തീകരിക്കുക
13. തീരദേശ റോഡ്
14. കുണ്ടന്നൂർ ബണ്ട് റോഡ് വീതി കൂട്ടി പേട്ട ജംഗ്ഷനിൽ എത്തിക്കുക
15. മരട് തെക്കു ഭാഗത്തുനിന്ന് വളന്തകാട് പാലം നിർമ്മിക്കുക
16. നെട്ടൂർ ഭാഗത്തുകൂടി കടന്നു പോകുന്ന കൊച്ചി മധുര ഫ്ളൈഓവറിൻെറ ഇരുവശത്തുകൂടിയും അപ്രോച്ച് റോഡ് നിർമ്മിക്കുക.
17. കുണ്ടന്നൂർ മുക്കത്ത് നിന്ന് ചിലവന്നൂർ ബണ്ട് റോഡിലേക്ക് പാലം നിർമ്മിക്കുക
18. മരട് ജംഗ്ഷൻ മുതൽ മോസ്ക് റോഡ് വരെയുള്ള വീതി കൂട്ടുക. കാന നിർമ്മിക്കുക.
19. മരട് വളന്തകാട് പ്രദേശത്ത് ഒരു ടൂറിസ്റ്റ് വില്ലേജ്.
20. മരട് പഞ്ചായത്തിന് പൊതു കളിസ്ഥലം വേണം.
21. മരട് സൗത്തിൽ ഒരു പാർക്ക്.
22. മരട് പഞ്ചായത്തിലെ വളരെ പ്രാധാന്യമുള്ള തോടുകൾ നിജപ്പെടുത്തി ആഴം കൂട്ടി ചമ്പക്കര കനാലിൽ എത്തുന്ന ബൗണ്ടറി തോട് മണ്ണാപറമ്പ് ഭാഗത്തുനിന്നും വടക്കോട്ടുള്ള തോട് അയിനി കിഴക്കുവശം കൂടി കുണ്ടന്നൂർ ബണ്ടിൽ ചേരുന്ന പുറമ്പോക്കു തോടുകളിലേക്ക് ചെറിയ റോഡ് കാനകൾ ലിങ്ക് ചെയ്ത് വെള്ളക്കെട്ട് ഒഴിവാക്കുവാൻ പദ്ധതി.
23. ഇന്ന് നിലവിൽ വരുന്നതും നാളെകളിൽ പ്രതീക്ഷകളുള്ളതുമായ ഫ്ളാറ്റുകളുടെ ആവശ്യങ്ങൾ കൂടിവരുമ്പോൾ ശുദ്ധജലവിതരണം ഏറെ പ്രശ്നങ്ങളുളവാക്കും. ഇതിന് ഇപ്പോഴത്തെ സംവിധാനം തീർത്തും അപര്യാപ്തമാകും. ഇതിന് ആവശ്യമായ ജല സംഭരണ വിതരണ ശേഷി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

# അധികാരം ജനങ്ങളിലേക്ക്



## 9-ാം പദ്ധതി ജനകീയ പദ്ധതി

കുമ്പളം പഞ്ചായത്ത് വികസന റിപ്പോർട്ട് 1996

# വിഷയാനുക്രമണിക


1) ആമുഖം 1


2) സാമൂഹ്യ സാംസ്കാരിക ചരിത്രം 5

3) വിവിധ മേഖലകളുടെ അവലോകനം

1. കൃഷിയും ജലസേചനവും 10
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും 19
3. വിദ്യാഭ്യാസം 32
4. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം 34
5. വ്യവസായം 41
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 48
7. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം, പൊതുവിതരണരംഗം 53
8. വനിത 61
9. സംസ്കാരം 64
10. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 67
11. സഹകരണമേഖല 70
12. വിഭവസമാഹരണം 72

4) ഉപസംഹാരം 76

KUMBALAM


N
EVARA FERRY
E.K.
NETTOOR
E.K.M
VEMBANAD KAYAL
KUMBALAM RAILWAY STATION
FISHERIES COLLEGE
CHEPPANAM KAYAL
POST OFFICE K.BM
VILLAGE OFFICE
HOSPITAL
BANK
SREE AYYA PA TACKIES
POST OFFICE
WATER TANK
L.P.S. K.B.M
H.S. K.B.M
N.H. 47
M.L.A. ROAD.
H.S. PANANGAD
P. LIBRARY
TO ALLEPPEY
YATTA THURUTH
D.B. L.P.S
ST. ANTONY'S U.P.S
S
KAITHA PPUZHA KAYAL
ARookUTTY FERRY

# ആമുഖം

വേമ്പനാട്ടു കായലിൻെറ മടിത്തട്ടിൽ തലചായ്ച് കിടക്കുന്ന മനോഹാരിണികളായ 3 പെൺകൊടികൾ - കുമ്പളം, പനങ്ങാട്, ചേപ്പനം -ചാത്തമ്മ എന്നീ ദ്വീപുകളാണവ. ഈ ദ്വീപുകളുടെ സമുച്ചയമാണ് കുമ്പളം ഗ്രാമപഞ്ചായത്ത്. എറണാകുളം ജില്ലയുടെ ദക്ഷിണാതൃത്തിയിൽ പടിഞ്ഞാറ് കൊച്ചിൻ കോർപ്പറേഷനേയും കിഴക്ക് മരടു പഞ്ചായത്തിനേയും തഴുകി പുണർന്നു കിടക്കുന്ന ഈ ഗ്രാമീണഭൂവിഭാഗത്തിന് കണ്ണീരിൽ കുതിർന്ന കദന കഥകളേ ഇപ്പോൾ പറയാനുള്ളൂ. പൊൻകതിരുകൾ വിളയിച്ചിരുന്ന നെൽവയലുകളിലെ നെൽകൃഷി അന്യംനിന്നു കൊണ്ടിരിക്കുന്നു. ഐശ്വര്യ ദേവത കൈയൊഴിഞ്ഞ് മൂശേട്ടയുടെ അധിനിവേശപ്രദേശമായി ഈ നാടുമാറിക്കൊണ്ടിരിക്കുന്നു. 20.53 ചതുരശ്ര കിലോമീറ്ററാണ് വിസ്തൃതി. 91 ലെ കാനേഷുമാരിയനുസരിച്ചു ജനസംഖ്യ 24143. 11 വാർഡുകളിലായി വിവിധ ജാതിമതസ്ഥർ ഇടതിങ്ങിപ്പാർക്കുന്നു. ജീവിതക്ലേശങ്ങൾ നിരവധിയുണ്ടെങ്കിലും മതസ്വഹാർദ്ദത്തിൻേറതായ മധുരഗാനങ്ങൾ മനംകവരാനായുണ്ട്.

നാഷണൽ ഹൈവേ കൊച്ചിൻ ബൈപാസ് ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. പനങ്ങാടിൻെറ വടക്കെഭാഗത്തെയും കുമ്പളത്തിൻെറ തെക്കേ ഭാഗത്തേയും മാത്രം സ്പർശിച്ചു കൊണ്ട്. പനങ്ങാടിനു കിഴക്കുള്ള ചേപ്പനം -ചാത്തമ്മ ദ്വീപിനെ ഒരു ബണ്ടു റോഡു മൂലം ബന്ധിപ്പിക്കാനും കഴിഞ്ഞു. അങ്ങനെ പട്ടണവുമായുള്ള ബന്ധത്തിനു പുറമെ പഞ്ചായത്തിലെ ദ്വീപുകൾ തമ്മിലും ബന്ധമുണ്ടായി എന്നു പറയാം. എറണാകുളം-ആലപ്പുഴ തീരദേശ റയിൽപാത നമ്മുടെ പഞ്ചായത്തിന് റയിൽവേ ഭൂപടത്തിൽ സ്ഥാനം നേടിക്കൊടുത്തു. ഇതോടെ പുറത്തുള്ളവർ ഇങ്ങോട്ടുകുടിയേറാൻ തു

ടങ്ങിയിട്ടുണ്ട്. ഇപ്പോൾ വികസന പ്രക്രിയയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. പ്രാഥമിക ജനജീവിത സൗകര്യങ്ങൾ ഇനിയും വേണ്ടത്ര ആയിട്ടില്ല.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ദേശീയ തലത്തിലും സംസ്ഥാനതലത്തിലും കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ നിരവധിയാണ്; മാറ്റങ്ങൾ ആശാവഹമാണ്. എന്നാൽ ഗ്രാമതലത്തിൽ കൈവന്ന നേട്ടങ്ങൾ തീരെ തൃപ്തികരമല്ല. 8 പഞ്ചവത്സര പദ്ധതികളിലായി ഒന്നിലേറെ ഗ്രാമീണവികസന പരിപാടികൾ നടന്നു കഴിഞ്ഞു. ഈ നാടിന് തീരെ ഇണങ്ങാത്ത ഈ നാടിൻെറ മണമില്ലാത്ത പദ്ധതികളായിരുന്നു അവയിൽ അധികവും. പലതും നോർത്തിന്ത്യൻ പാറ്റേൺ. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കേരളഗ്രാമങ്ങളും ജനങ്ങൾ വിരളമായി താമസിക്കുന്ന ഉത്തരേന്ത്യൻ ഗ്രാമങ്ങളും സ്ഥിതിഗതികളിൽ എത്രയോ വ്യതസ്തമാണ്. നമ്മുടേതു പോലുള്ള കായലോര സമതലപ്രദേശങ്ങളുടെ സ്ഥിതി കൂടുതൽ വ്യത്യസ്തമാണ്. ഇവിടെയാണ് ജനകീയാസൂത്രണ പദ്ധതിയുടെ പ്രസക്തി. നമുക്ക് എന്തൊക്കെ വേണോ അത് നാം തന്നെ നിശ്ചയിക്കുക. നമുക്കാവശ്യമില്ലാത്തത് നമ്മെ അടിച്ചേല്പിക്കാൻ ഇടവരരുത്. പഞ്ചവത്സരപദ്ധതികളുടെ ഭാഗമായി ഗ്രാമതലത്തിൽ ഇന്നുവരെ നടപ്പാക്കിയിട്ടുള്ള വികസനപരിപാടികൾ പരിശോധിക്കുമ്പോൾ 100 പൈസ മുടക്കിയേടത്ത് 25 പൈസയുടെ പ്രയോജനം ലഭിച്ചുവോ എന്നു സംശയമാണ്. നമുക്ക് പ്രയോജനകരമായ, നമ്മുടെ ഗ്രാമത്തിൽ പ്രായോഗികമായ വികസന പരിപാടികളാണ് നമുക്കാവശ്യം. 100 പൈസ മുടക്കുമ്പോൾ 100 പൈസയുടെ പ്രയോജനം തന്നെയുണ്ടാകണം. ഇതുറപ്പാക്കണമെങ്കിൽ ജനകീയാസൂത്രണ പ്രസ്ഥാനം കൊണ്ടുദ്ദേശിക്കുന്ന ലക്ഷ്യം 100% വും നേടത്തക്കവിധം അതിൻെറ എല്ലാ ഘടകങ്ങളും ആദ്യന്തം ഉണർന്നു പ്രവർത്തിച്ചേ പറ്റൂ. പദ്ധതിയുടെ ആസൂത്രണ ഘട്ടത്തിൽ ഉണ്ടായ സഹായസഹകരണങ്ങൾ പദ്ധതിയുടെ നിർവ്വഹണ വേളയിലും ഉണ്ടായേ കഴിയൂ. മറ്റൊരു തരത്തിൽ പറഞ്ഞാൽ നമ്മുടെ ആവശ്യങ്ങൾ 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ നമ്മുടെ ജോലി തീരുന്നില്ല. അതു നടപ്പാക്കുന്ന ഘട്ടത്തിലും നമ്മുടെ സജീവപങ്കാളിത്തവും നിതാന്ത ജാഗ്രതയും ആവശ്യമാണ്. അല്ലാത്ത പക്ഷം നിർവ്വഹണഘട്ടം കോൺട്രാക്ടർമാർക്കു ലാഭമുണ്ടാക്കാനുള്ള ഒരേർപ്പാടായി മാറും.

കേരളത്തിലെ സ്ഥിതി വളരെയേറെ ഗുരുതരമാണ്. റബ്ബർ ഒഴിച്ച് മറ്റെല്ലാ കൃഷിയും തകർച്ചയെ നേരിടുകയാണ്. വ്യവസായ മേഖലയും മുരടിപ്പിലാണ്. പരമ്പരാഗത വ്യവസായങ്ങൾ എല്ലാം പ്രതിസന്ധിയിലാണ്. ആകെ വികസനമുണ്ടായത് വിദ്യാഭ്യാസം, ആരോഗ്യരംഗം തുടങ്ങിയ സേവനമേഖലകളിലാണ്. വിദ്യാഭ്യാസം സാർവത്രികമായി. ആയുർദൈർഘ്യം കൂടി. മരണനിരക്കു കുറഞ്ഞു. ഇതെല്ലാം നേട്ടങ്ങളാണ്. പക്ഷെ, സേവന മേഖലയുടെ ഗുണനിലവാരം കുറയുകയാണ്. പൊതു വിദ്യാലയങ്ങളിൽ കുട്ടികളെ അയയ്ക്കാൻ രക്ഷിതാക്കൾ ഇഷ്ടപ്പെടുന്നില്ല. വിജയശതമാനം കുറവാണ്. സർക്കാർ ആശുപത്രികളിൽ ചികിത്സിക്കാൻ രോഗികൾക്ക് താല്പര്യമില്ല. ചെന്നാൽ നല്ല ചികിത്സ കിട്ടുന്നില്ല.

മറുവശത്ത് സ്വകാര്യ സ്ഥാപനങ്ങൾ തഴച്ചു വളരുകയാണ്. വിദ്യാഭ്യാസവും ചികിത്സയുമെല്ലാം കച്ചവടമായി മാറിയിരിക്കുന്നു. കേരളം ഇന്ന് പിടിച്ചു നിൽക്കുന്നത് ഗൾഫ് പണത്തിൻെറ ഒഴുക്കും അമിതമായ വന-സമുദ്ര സമ്പത്തുകളുടെ ചൂഷണവും മൂലമാണ്. അവയൊന്നും സ്ഥായിയായി നിലനിൽക്കുന്നതല്ല. ഈ വിഭവങ്ങൾ ക്ഷയിച്ചുവരികയാണ്. ഒരു വലിയ ദുരന്തത്തിൻെറ വക്കിലാണ് നമ്മൾ.

എട്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കിയ ആസൂത്രണത്തിൽ ജനങ്ങൾക്ക് മുൻകൈ ഉണ്ടായിരുന്നില്ല. നടപ്പാക്കിയ ആസൂത്രണം അങ്ങേയറ്റം കേന്ദ്രീകൃതമായിരുന്നു. ഡൽഹിയിലും തിരുവനന്തപുരത്തുമിരുന്ന് ഏതാനും വി

ദഗ്ദ്ധന്മാർ തീരുമാനിക്കുന്ന പദ്ധതികളായിരുന്നവ നടപ്പാക്കിയതോ വിവിധവകുപ്പുകൾ വഴി പരസ്പരധാരണയോ ലക്ഷ്യബോധമോ ഇല്ലാതെയുമായിരുന്നു. ഏറ്റവും വലിയ ഉദാഹരണം നമ്മുടെ പഞ്ചായത്തിലെ ചേപ്പനം വാട്ടർ ടാങ്കു തന്നെ. വാട്ടർ ടാങ്ക് പണിയുന്നത് കുടിവെള്ളം വിതരണം ചെയ്യാനാണെന്ന പ്രാഥമികപാഠം പോലും അറിയാത്തവരാണ് ആ പദ്ധതി ആസൂത്രണം ചെയ്തത്. ടാങ്ക് പണിതീർത്ത് 20 വർഷം കഴിഞ്ഞിട്ടും ഒരു തുള്ളി ജലം പോലും ആ ടാങ്കിൽ അടിച്ചുകയറ്റാൻ കഴിഞ്ഞിട്ടില്ല. മതിപ്പു ചിലവിന്റെ നിരവധി ഇരട്ടികൾ മുടക്കിയിട്ടും ലക്ഷ്യം കാണാതെ പൂർത്തീകരിക്കാതെ കിടക്കുന്ന എത്രയോ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് കാണാൻ കഴിയും. ജനങ്ങളുടെ പങ്കാളിത്തമില്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്തതിന്റെയും നടപ്പിലാക്കിയതിന്റെയും പരിണിത ഫലമാണിത്.

കഴിഞ്ഞകാലത്ത് ആസൂത്രണത്തിലും നടത്തിപ്പിലും ഉണ്ടായ പിഴവുകൾ തിരുത്തിയും കുറവുകൾ നികത്തിയും ജനോപകാരപ്രദമാക്കുകയാണ് ജനകീയാസൂത്രണ പദ്ധതി ചെയ്യുന്നത്. മുഴുവൻ ജനങ്ങൾക്കും പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും അതിന്റെ ഫലം കിട്ടേണ്ടവർക്ക് കിട്ടിയോ എന്ന് പരിശോധിക്കുന്നതിലും പങ്കാളിത്തം ഉറപ്പാക്കുന്നതാണ് ജനകീയാസൂത്രണം. സന്നദ്ധതയുള്ളവർക്കെല്ലാം ആസൂത്രണത്തിലും നടത്തിപ്പിലും വിലയിരുത്തലിലും പങ്കാളികളാകാം. മാത്രമല്ല എല്ലാവരെയും അതിൽ പങ്കെടുപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമവും ഇതിന്റെ പ്രത്യേകതയാണ്. മുഴുവൻ ജനങ്ങളും പങ്കാളികളാകുമ്പോഴാണ് ജനകീയാസൂത്രണം ജനകീയാസൂത്രണ പ്രസ്ഥാനമായി മാറുന്നത്.

ഭരണഘടനയുടെ 73,74 ഭേദഗതികളിലൂടെ പഞ്ചായത്തുകളുടെ നിലനിൽപ്പ് ഉറപ്പു ചെയ്യപ്പെട്ടിരിക്കുന്നു. അധികാരങ്ങളും വിഭവങ്ങളും സംസ്ഥാനങ്ങളുടെ വിവേചനത്തിൽപ്പെടുത്തിയിരിക്കുകയാണ്. ഈ പരിമിതി ഉണ്ടെങ്കിൽ പോലും നിലവിലുള്ള പഞ്ചായത്തി രാജ് സംവിധാനം ജനങ്ങളുടെ സ്വയംഭരണം ഉറപ്പാക്കുന്നതിനുള്ളനല്ല ഉപകരണമാണ്. സംസ്ഥാന സർക്കാർ പദ്ധതിവിഹിതത്തിന്റെ 35-40 ശതമാനത്തോളം പണവും അധികാരവും പഞ്ചായത്തുകൾക്ക് നൽകാൻ തീരുമാനിച്ചിരിക്കയാണ്. ഇത്തരം ഒരു സംവിധാനം ലോകത്തിന്നാളം ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടില്ല. ജനങ്ങൾക്കിതിൽ മുൻപരിചയമില്ല. സമയബന്ധിതമായാണ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ജനകീയാസൂത്രണം നടപ്പിലാക്കുന്നത് പഞ്ചായത്തുകളാണ്. അവയെ സഹായിക്കുന്നതിനുവേണ്ടി ആസൂത്രണ ബോർഡ് സന്നദ്ധപ്രവർത്തകരുടെ ഒരു നിരയെ പരിശീലിപ്പിച്ചെടുത്തിട്ടുണ്ട്. പരിശീലകരുടെ സന്നദ്ധ പ്രവർത്തനം പഞ്ചായത്ത് സംവിധാനത്തെയും ജനപ്രതിനിധികളെയും ജനകീയാസൂത്രണ പദ്ധതിയുടെ വിജയകരമായ പ്രവർത്തനത്തിന് സഹായിക്കുവാനുള്ള ഒരു സംവിധാനം മാത്രമാണ്.

1996 സെപ്തംബർ 11,12,13 തീയതികളിൽ എറണാകുളത്തുവച്ചു നടന്ന ഒന്നാംഘട്ടം ജില്ലാതല പരിശീലനത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മെമ്പർമാരായ ശ്രീ സി.കെ. പത്മനാഭൻ, ശ്രീമതി സി. ജയമണി എന്നിവരും ശ്രീ. കെ.ജി. ശ്രീകുമാർ, ശ്രീ എ.ജെ. ജോസഫ് എന്നിവരും പങ്കെടുത്തു. പഞ്ചായത്തുതല ഒന്നാം ഘട്ടം പരിശീലനത്തിൽ പഞ്ചായത്തിലെ 62 പേർ പങ്കെടുത്തു.

പഞ്ചായത്തിന്റെ 11 വാർഡുകളിലും ഗ്രാമസഭകൾ ചേരുകയുണ്ടായി. മൊത്തം വോട്ടർമാരുടെ 10 ശതമാനത്തോളം പേർ ഈ ഗ്രാമസഭകളിൽ പങ്കെടുക്കുകയും 6 ഗ്രൂപ്പുകളായി തിരിഞ്ഞ് അതതു വാർഡിനെയും പഞ്ചായത്തിനെയും ബാധിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. 1059 പുരുഷന്മാരും 241 സ്ത്രീകളും ഗ്രാമസഭകളിൽ പങ്കെടുത്തതോടെ ഒന്നാം ഘട്ട പ്രവർത്തനം അവസാനിച്ചു.

രണ്ടാം ഘട്ട ജില്ലാ-പഞ്ചായത്തുതല പരിശീലനങ്ങൾ കഴിഞ്ഞു. ഈ വികസന റിപ്പോർട്ട് തയ്യാറാക്കുകയും വികസന സെമിനാർ സംഘടിപ്പിക്കുകയുമാണ് രണ്ടാം ഘട്ടം. പഞ്ചായത്തുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളിൽ നിന്നും ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കപ്പെട്ടു. 8-ാം പദ്ധതിക്കാലത്ത് പൂർത്തിയായതും പൂർത്തീകരിക്കാത്തതുമായ പദ്ധതികളെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. ഗ്രാമസഭാ റിപ്പോർട്ടുകളും ശേഖരിക്കപ്പെട്ട ദ്വിതീയ വിവരങ്ങളും വാർഡുകളിൽ നിന്ന് ശേഖരിക്കപ്പെട്ട വിവരങ്ങളും ക്രോഡീകരിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഗ്രാമസഭകളിൽ നിന്ന് വളരെയേറെ ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. പക്ഷേ പ്രാദേശിക വിഭവങ്ങളെക്കുറിച്ചും അവയെങ്ങനെ ഉപയോഗിക്കാമെന്നതിനെക്കുറിച്ചും വളരെക്കുറച്ച് വിവരങ്ങളെ ഗ്രാമസഭകളിൽ നിന്ന് കിട്ടിയിട്ടുള്ളൂ. മൂർത്തമായ നിർദ്ദേശങ്ങൾ പൊതുടാപ്പുകളെക്കുറിച്ചും റോഡുകളെക്കുറിച്ചും തെരുവു വിളക്കുകളെക്കുറിച്ചുമായിരുന്നു. കൃഷി നന്നാക്കാൻ കുറെയേറെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. എല്ലാ കാര്യങ്ങളും പഞ്ചായത്തു ചെയ്തു കൊടുക്കണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. പഞ്ചായത്തെന്നാൽ ജനങ്ങൾ തന്നെയാണ് എന്ന ബോധം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ആവശ്യങ്ങൾ നിരവധിയും വിഭവങ്ങൾ പരിമിതവും ആകുമ്പോൾ മുൻഗണന തീരുമാനിച്ച് തിരഞ്ഞെടുപ്പ് നടത്താതെ നിവർത്തിയില്ല. ലഭ്യമായ വിഭവങ്ങൾ കൊണ്ട് എന്തെല്ലാം ചെയ്യാമെന്നും അവയുടെ മുൻഗണന എന്തായിരിക്കണമെന്നും നാം ചിന്തിക്കേണ്ടതുണ്ട്. അതാണ് ആസൂത്രണം. ആവശ്യങ്ങൾ കൂടുതലും വിഭവങ്ങൾ കുറവും ആയതിനാലാണ് ആസൂത്രണം ആവശ്യമായി വരുന്നത്. ഇക്കാര്യം വികസന സെമിനാറിന്റെ സജീവ പരിഗണനക്ക് വരേണ്ടതുണ്ട്.

പഞ്ചായത്തിനെ സംബന്ധിക്കുന്ന പൊതു വിവരങ്ങൾ താഴെക്കൊടുക്കുന്നു.

പഞ്ചായത്തിന്റെ പേര് - കുമ്പളം പഞ്ചായത്ത്

ഗ്രേഡ് - 1

അതിരുകൾ:

കിഴക്ക് - ചേപ്പനം കായൽ

തെക്ക് - കൈതപ്പുഴ കായൽ

പടിഞ്ഞാറ് - ഇടക്കൊച്ചി കായൽ

വടക്ക് - തേവര കായൽ, കുമ്പളം-പനങ്ങാട് കായൽ, മരട് പഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജ് - കുമ്പളം

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ - കുമ്പളം, മുണ്ടേമ്പിള്ളി, പനങ്ങാട്

ബ്ലോക്ക് പഞ്ചായത്ത് - വൈറ്റില

താലൂക്ക് - കണയന്നൂർ

ജില്ല - എറണാകുളം

അസംബ്ലി മണ്ഡലം - പള്ളുരുത്തി

പാർലിമെന്റ് മണ്ഡലം - എറണാകുളം

വിസ്തീർണ്ണം - 20.53 ച.കി.മീ.

ജനസംഖ്യ - 24143 (1991)

വാർഡുകളുടെ എണ്ണം - 11

പ്രസിഡന്റ് - അഡ്വ. നിനു കുട്ടിമൂസ

വൈ.പ്രസിഡന്റ് - ശ്രീ. പി.വി.ശ്രീധരൻ

രൂപീകരിക്കപ്പെട്ട കമ്മിറ്റി - സ്റ്റാൻഡിംഗ് കമ്മിറ്റി

ചെയർമാൻ - ശ്രീമതി ടി.ജി. മായ

പഞ്ചായത്തു ജീവനക്കാർ:

| | | |
|---|---|---|
| സെക്രട്ടറി | - | 1 |
| ഹെഡ്ക്ലർക്ക് | - | 1 |
| യു.ഡി. ക്ലർക്ക് | - | 3 |
| എൽ.ഡി. ക്ലർക്ക് | - | 2 |
| പ്യൂൺ | - | 2 |
| ആകെ | - | 9 |

# സാമൂഹ്യ സാംസ്കാരിക ചരിത്രം

നൂറ്റാണ്ടുകൾക്കു മുമ്പ് കുമ്പളത്ത് ഏതാനും നമ്പൂതിരി കുടുംബങ്ങൾ പ്രതാപികളായിരുന്നു. ഭൂമി മുഴുവൻ മനവകയും ദേവസ്വം വകയുമായിരുന്നു. ക്രമേണ നമ്പൂതിരി കുടുംബങ്ങൾ ക്ഷയിക്കുകയും ഭൂമി ഏതാനും നായർ കുടുംബങ്ങളുടെ അധീനതയിൽ എത്തിച്ചേരുകയും ചെയ്തു. ഈ നൂറ്റാണ്ടിൻെറ ആദ്യം കുമ്പളത്ത് നായന്മാരും പനങ്ങാട് ഏതാനും നായർ-ഈഴവ കുടുംബങ്ങളും ചേപ്പനത്ത് കോയിക്കൽ കുടുംബവും ആണ് ജന്മിമാരായി ഉണ്ടായിരുന്നത്. കുമ്പളത്ത് നായർ പ്രമാണിമാരിലൊരാളായ തണ്ടാശ്ശേരി കുടുംബത്തിലെ പണിക്കരു കപ്പിത്താൻ കൊച്ചി രാജാവിൻെറ സേനാനായകനായിരുന്നു. അന്നു നായർ പട്ടാളത്തിൻെറ ക്യാമ്പും കുമ്പളത്തുണ്ടായിരുന്നു.

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൊടികുത്തിവാണ കാലഘട്ടമായിരുന്നു അത്. അയിത്ത ജാതിയിലെ സ്ത്രീകൾക്ക് മാറു മറക്കാൻ അവകാശമുണ്ടായിരുന്നില്ല. ആരാധനാലയങ്ങളിൽ അവർക്ക് പ്രവേശനമുണ്ടായിരുന്നില്ലെങ്കിലും ക്ഷേത്രങ്ങളിലെ ഉത്സവാഘോഷങ്ങളോടനുബന്ധിച്ച് ദൂരപരിധിക്കു വിധേയമായി ചില പ്രത്യേക സ്ഥലത്ത് പ്രത്യേക ചടങ്ങുകൾ നടത്താൻ അവസരമുണ്ടായിരുന്നു. കുമ്പളത്ത് പുലനേർച്ചയും പടിതെണ്ടലും പനങ്ങാട്ട് പൂരത്തോടനുബന്ധിച്ചുള്ള പിന്നോക്കജാതിക്കാരുടെ ഇരുത്തിക്കെട്ട് തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. പടിതെണ്ടലിന് പുലയ സമുദായങ്ങൾ അന്നു പാടിയിരുന്ന ഒരു നാടൻ പാട്ടിതാ-

കൊച്ചീ തെണ്ടീയെങ്ങ കൊടുങ്ങൂ തെണ്ടീ
കോയിക്കോട്ടങ്ങാടി മുയുക്കെത്തെണ്ടീ
ഞങ്ങടെ നാട്ടിലെ കൊച്ചുപകോതിക്ക്
മഞ്ഞളും ചുണ്ണാമ്പും തരണം കെട്ട്യാ

മഞ്ജളും ചുണ്ണാമ്പും തന്നാലും പോരാ

തിരിത്തുണിയും കൂടി തരണം കെട്ട്യാ

കീഴ്ജാതിക്കാരുടെ മുടിയാട്ട് പനങ്ങാട്ട് കമോത്ത് ക്ഷേത്രത്തിൽ നടക്കാറുണ്ടായിരുന്നു. ചേപ്പനം പാനപ്പറമ്പ് ക്ഷേത്രത്തിലെ മുടിയേറ്റുത്സവം പ്രസിദ്ധമായിരുന്നു.

90 ശതമാനം ഭൂമിയും വിരലിലെണ്ണാവുന്ന ഭൂവുടമകളുടെ കൈവശമായിരുന്നു. കേസുകൾ തീർപ്പുകൽപ്പിക്കുന്നതിന് എറണാകുളത്ത് അഞ്ചിക്കൈമൾ കോടതി എന്നൊരു സംവിധാനമാണ് നിലനിന്നിരുന്നത്. ഈ കോടതിയുടെ തീർപ്പ് അവസാനവാക്കായിരുന്നു.

കുടികിടപ്പുകാരെ ജന്മിമാർ ക്രൂരമായി മർദ്ദിക്കുകയും കുടിയിറക്കുകയും പതിവായിരുന്നു. എങ്കിലും ജന്മികുടിയാൻ ബന്ധം പരസ്പരാശ്രിതത്വത്തിലൂന്നിയുള്ളതായിരുന്നു. ശ്രീനാരായണ ഗുരുവും പണ്ഡിറ്റ് കറുപ്പനും മറ്റും ഈ പ്രദേശം സന്ദർശിച്ചിട്ടുണ്ടെങ്കിലും സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ നമ്മുടെ പ്രദേശത്ത് യാതൊരു ചലനങ്ങളും ഉണ്ടാക്കിയില്ല. രാഷ്ട്രീയ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ വളർച്ച 1945-ൽ കൊച്ചി രാജ്യത്ത് ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിക്കുന്നതിന് നിർബന്ധിതമാക്കി. ക്ഷേത്രപ്രവേശന വിളംബരം സാമൂഹ്യമായും 1970 ലെ ഭൂപരിഷ്കരണം സാമ്പത്തികമായും അധ:സ്ഥിത വിഭാഗത്തെ ഉയർത്തുന്നതിൽ കാര്യമായ പങ്കുവഹിച്ചു.

ചേപ്പനത്തും കുമ്പളത്തും അധ:സ്ഥിത വിഭാഗങ്ങളെ മതപരിവർത്തനം ചെയ്യിച്ചിട്ടുണ്ട്. ചേപ്പനത്ത് ഫാ. ജോസഫ് പൈനുങ്കലിൻെറ നേതൃത്വത്തിലാണത് നടന്നത്. അതിൻെറ പേരിൽ ക്രിസ്ത്യൻ-ഈഴവ സംഘട്ടനങ്ങൾ ആകാലത്തുണ്ടായിട്ടുണ്ട്. കുമ്പളത്ത് കൊല്ലവർഷം 1099 മിഥുനമാസം 30-ാം തീയതി ആരംഭിച്ച വെള്ളപ്പൊക്കത്തെ തുടർന്ന് ആശ്വാസങ്ങളുമായി എത്തിയത് പള്ളിയായതു കൊണ്ടും മതം മാറി ക്രിസ്ത്യാനിയായാൽ അയിത്തത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയും എന്നുള്ളതു കൊണ്ടുമാണ് മതം മാറാൻ ഒരു വിഭാഗം അന്ന് തയ്യാറായത്.

## ദേവാലയങ്ങൾ

ചെറുതും വലുതുമായ 27 ഹിന്ദു ക്ഷേത്രങ്ങളും 7 ക്രിസ്തീയ ദേവാലയങ്ങളും 8 മുസ്ലീം ദേവാലായങ്ങളും പഞ്ചായത്തിലുണ്ട്. നൂറ്റാണ്ടുകളുടെ പഴക്കമുള്ള പുരാതനമായ ഹിന്ദുക്ഷേത്രങ്ങൾ പനങ്ങാട് ഗണപതി ക്ഷേത്രം, കുമ്പളം ശിവക്ഷേത്രം, കുമ്പളം കളത്തിൽ ഭഗവതിക്ഷേത്രം, ചേപ്പനം കോതേശ്വര ശിവക്ഷേത്രം, പനങ്ങാട്ട് കാമോത്ത് ഭഗവതിക്ഷേത്രം, ഉദയത്തുംവാതിൽ ശ്രീകൃഷ്ണക്ഷേത്രം, മാടവന തേനാളി ക്ഷേത്രം, ചേപ്പനം പാട്ടുപറമ്പിൽ ഭഗവതിക്ഷേത്രം, കുമ്പളം കൊച്ചുഭഗവതി ക്ഷേത്രം എന്നിവയാണ്. പനങ്ങാട്ട് ഗണപതിക്ഷേത്രത്തിലെയും കുമ്പളം ശിവക്ഷേത്രത്തിലെയും കളത്തിൽ ഭഗവതിക്ഷേത്രത്തിലെയും വിഗ്രഹങ്ങൾ സ്വയംഭൂവാണെന്നുള്ള ഐതിഹ്യങ്ങൾ നിലനില്ക്കുന്നുണ്ട്.

ആദ്യം സ്ഥാപിക്കപ്പെട്ട ക്രിസ്തീയ ദേവാലയം പനങ്ങാട്ട് സെൻറ് ആൻറണീസ് ചർച്ച് ആണ്. 160-ൽ പരം വർഷത്തെ പഴക്കം ഈ ദേവാലയത്തിന് അവകാശപ്പെടാനുണ്ട്. 140 വർഷം പഴക്കമുണ്ട് കുമ്പളം സെൻറ് മേരീസ് ചർച്ചിന്. 1924-ൽ ചാത്തമ്മ നിത്യ സഹായ മാതാവിൻെറ പള്ളി സ്ഥാപിച്ചു. ഫാ. പൈനുങ്കൽ റോമിൽ നിന്നാണ് ഈ പള്ളിയിൽ സ്ഥാപിക്കാനുള്ള തിരുസ്വരൂപം കൊണ്ടുവന്നത്.

പനങ്ങാട്ട് മുസ്ലീം പള്ളിയാണ് മുസ്ലീം ദേവാലയങ്ങളിൽ ആദ്യം സ്ഥാപിതമായത്.

## വിദ്യാഭ്യാസം

പഞ്ചായത്തിൽ ആദ്യമായി 150-ഓളം വർഷങ്ങൾക്കു മുമ്പ് പനങ്ങാട്ട് സെൻറ് ആൻറണീസ് സ്കൂൾ സ്ഥാപിക്കപ്പെട്ടു. 1913-ൽ കുമ്പളം സെൻറ് മേരീസ് സ്കൂൾ, കൊല്ലവർഷം 1100-ഓടുകൂടി കുമ്പളം S.R.V. S.M.G.L.P സ്കൂൾ എന്നിവ ആരംഭിച്ചു. രണ്ടു ക്ലാസുവരെ മാത്രമേ ആൺകു

ട്ടികളെയും പെൺകുട്ടികളെയും ഒന്നിച്ചു പഠിക്കാൻ അനുവദിച്ചിരുന്നുള്ളൂ. അതിനുശേഷം ആൺകുട്ടികൾ സെൻറ് മേരീസിലും പെൺകുട്ടികൾ S.R.V. S.M.G.L.P ലുമാണ് പഠനം നടത്തിയിരുന്നത്. താഴ്ന്ന ജാതിക്കാർക്ക് വിദ്യാലയത്തിൽ പ്രവേശനം നൽകുന്നതിൽ മേൽജാതിക്കാർ വിമുഖരായിരുന്നു. ഈ കാലഘട്ടത്തിൽ തന്നെ എസ്.പി.എസ്സിൻെറ കീഴിൽ പുലയ സ്കൂൾ ആരംഭിച്ചു. ഇവിടെ താഴ്ന്ന ജാതിക്കാർ ആണ് മുഖ്യമായും അദ്ധ്യയനം നടത്തിയിരുന്നത്. ഈ സ്കൂളിൻെറ നടത്തിപ്പിനുവേണ്ടി ശ്രീ. പോൾ ലൂയിസ്, പണ്ഡിറ്റ് കറുപ്പൻ എന്നിവർ സഹായിച്ചിട്ടുണ്ട്. നായർ സമുദായത്തിലും ധീവര സമുദാത്തിലും പെട്ടവർ തമ്മിൽ സംഘട്ടനം ഉണ്ടായതുമൂലം ഈ സ്കൂളിൻെറ പ്രവർത്തനം 1936-ൽ അവസാനിച്ചു. ഇതൊടൊപ്പം ഉദയത്തുംവാതിൽ ചാമക്കാട് കുടിപ്പള്ളിക്കൂടം നിലവിലുണ്ടായിരുന്നു. നിലത്തെഴുത്തു കഴിഞ്ഞാൽ അമരകോശമായിരുന്നു അവിടുത്തെ അദ്ധ്യയനം, ചെപ്പനത്ത് സാൽവേഷൻ ആർമി നടത്തിയിരുന്ന വിദ്യാലയം അടച്ചുപൂട്ടിയതിനെ തുടർന്ന് ഫാ. ജോസഫ് പൈനുങ്കൽ പ്രസ്തുത വിദ്യാലയം ഏറ്റെടുക്കുകയും ദേശബന്ധു സ്കൂൾ എന്ന പേരിൽ ചാത്തമ്മയിൽ സ്ഥാപിക്കുകയും ചെയ്തു. 1928-ലാണ് കീഴ്ജാതിക്കാർക്ക് വിദ്യാലയങ്ങളിൽ പ്രവേശനം അനുവദിച്ചത്. കുമ്പളം ഗേൾസ് ഹൈസ്കൂളാണ് പഞ്ചായത്തിൽ ആദ്യമാരംഭിച്ച ഹൈസ്കൂൾ ശ്രീ ടി.ആർ. രാഘവ പണിക്കർ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്ററും മാനേജരും.

## രാഷ്ട്രീയ നവോത്ഥാന പ്രസ്ഥാനങ്ങൾ

പെരുമ്പടപ്പു സ്വരൂപത്തിൽപ്പെട്ട രാജാക്കന്മാർ ഭരിച്ചിരുന്ന കൊച്ചി രാജ്യം ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചിരുന്നു. രാജാവിനു വേണ്ടി ഭരണം നടത്തിയിരുന്ന ദിവാൻ പദവി വഹിച്ചിരുന്നവരിൽ പിൽക്കാലത്ത് ഇൻഡ്യയുടെ ധനകാര്യമന്ത്രി വരെയായ ഷൺമുഖം ചെട്ടി വരെ ഉൾപ്പെടുന്നു. 1945-ൽ കൊച്ചി രാജ്യപ്രജാമണ്ഡലത്തിൻെറ ഒരു ശാഖക്ക് കുമ്പളത്ത് രൂപം നൽകി. ശ്രീമാൻമാർ എം.ഡി. ജോസഫ്, എൻ.കെ. പരമേശ്വരൻ, ബി.കെ. കൃഷ്ണൻകുട്ടി, സി.ഇ. അയ്യപ്പൻ, പി.വി. ശ്രീധരൻ എന്നിവരായിരുന്നു ആ ശാഖയുടെ പ്രധാനപ്രവർത്തകർ. 1949-ൽ കൊച്ചി രാജ്യപ്രജാമണ്ഡലം കോൺഗ്രസ്സിൽ ലയിച്ചു.

ലോകമഹായുദ്ധം സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം, വിദേശ ഭരണത്തിൻെറ ചൂഷണ സ്വഭാവം, ജന്മി നാടുവാഴി വ്യവസ്ഥ എന്നിവ 1940-കളുടെ ആരംഭത്തിൽ ജനജീവിതം ദുരിതപൂർണ്ണമാക്കി. ശ്രീ. ഡി.കെ. വാദ്ധ്യാർ 1934-ൽ കുമ്പളത്ത് ഒരു കുടിപ്പള്ളിക്കൂടം ആരംഭിക്കുകയും ഖാദി പ്രചരിപ്പിക്കുന്നതിന് നേതൃത്വം കൊടുക്കുകയും ചെയ്തു.

## കാർഷികരംഗത്തെ ചുവടുവെയ്പുകൾ

നെൽകൃഷിയായിരുന്നു ജനങ്ങളുടെ പ്രധാന ജീവനോപാധി. തെങ്ങും വ്യാപകമായി കൃഷി ചെയ്യപ്പെട്ടിരുന്നു. ഭൂമി ഏതാനും വ്യക്തികളിൽ കേന്ദ്രീകരിച്ചിരുന്നു. ജപ്പാൻ ബർമ്മയെ കീഴടക്കിയതിനെ തുടർന്ന് ബർമ്മ അരി കിട്ടാതായതും യുദ്ധകാലത്തെ ലെവി അരിസംഭരണവും മൂലം സാധരണക്കാരൻെറ ജീവിതം ദുരിതപൂർണ്ണമായി. ഭൂപരിഷ്ക്കരണത്തിനുവേണ്ടിയുള്ള മുറവിളി നാടെങ്ങും ഉയർന്നു. ഇതൊടൊപ്പം ഉയർന്നു വന്ന ഭൂദാനപ്രസ്ഥാനത്തിൻെറ സ്വാധീനത്തിൽ ശ്രീ പി.ജെ. മാത്തൻ വക്കീൽ സംഭാവന ചെയ്ത 50 സെൻറു സ്ഥലം നാഥനില്ലാത്ത അവസ്ഥയിലാണിന്ന്.

രാജഭരണമോ തിരുകൊച്ചിയിൽ നിലവിൽ വന്ന ജനകീയ മന്ത്രിസഭകളോ അഡ്വൈസർ ഭരണമോ കാർഷികരംഗത്ത് പരിഷ്ക്കാരങ്ങൾ ഒന്നുംതന്നെ വരുത്തിയില്ല. 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ് മന്ത്രിസഭയാണ് ഭൂപരിഷ്ക്കരണത്തിന് സമൂർത്തമായ നിയമനിർമ്മാണത്തിന് തുടക്കമിട്ടത്. 1959 ജൂലൈ 31-ന്

## തൊഴിലാളി പ്രസ്ഥാനങ്ങൾ

കൊച്ചി രാജ്യപ്രജാമണ്ഡലത്തിൻെറ ഉത്ഭവം മുതൽ മുതൽ തന്നെ കമ്മ്യൂണിസ്റ്റ് ആശയങ്ങളും വേരോടാൻ തുടങ്ങി. 1948-ലെ ഇടപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണം മുതൽ സംഘടിതമായ പ്രവർത്തനങ്ങളും ആരംഭിച്ചിരുന്നു. 1949-ൽ ശ്രീ എൻ.കെ. പരമേശ്വരൻെറ നേതൃത്വത്തിൽ 6 പേർ ചെങ്കൊടിയും പിടിച്ച് പ്രകടനം നടത്തുകയുണ്ടായിട്ടുണ്ട്. എന്നാലും തൊഴിലാളി വർഗ്ഗ പ്രസ്ഥാനം ശക്തമാകുന്നത് 1954-ലെ തെങ്ങുകയറ്റ തൊഴിലാളി സമരത്തോടെയാണ്. ഒരു തൊഴിലാളിയെ പിരിച്ചു വിട്ടതിൻെറ പേരിൽ ആരംഭിച്ച ആ സമരം 140 ദിവസം നീണ്ടുനിന്നു. ക്രൂരമായ മർദ്ദനം നാട്ടിൽ അഴിച്ചു വിടുകയും ആ സമരത്തെ അടിച്ചമർത്തുകയും ചെയ്തു. എങ്കിലും ആ സമരം തൊഴിലാളി പ്രസ്ഥാനത്തിൻെറ മുന്നോട്ടുള്ള പോക്കിൽ ഗതിവേഗം വർദ്ധിപ്പിക്കുക തന്നെ ചെയ്തു. അടിയന്തിരാവസ്ഥക്കാലത്ത് തീവ്രവാദരാഷ്ട്രീയത്തിൻെറ പേരിൽ കുമ്പളത്തു നടന്ന കൊലപാതകത്തെ തുടർന്നും നിരപരാധികളായ നൂറു കണക്കിന് ആളുകൾ ക്രൂരമായ പോലീസ് മർദ്ദനത്തിനിരയായിട്ടുണ്ട്. കാർഷിക രംഗത്തു നടന്ന അതിശക്തമായ തൊഴിൽ സമരങ്ങളോടനുബന്ധിച്ചുണ്ടായ സംഘട്ടനത്തിൽ രണ്ടുപേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

## പഞ്ചായത്തിൻെറ ഭരണചരിത്രം

1920 കളിൽ തന്നെ കൊച്ചി രാജ്യത്ത് പഞ്ചായത്തുകൾ നിലവിൽ വന്നു. വില്ലേജ് അധികാരികളെ സഹായിക്കുകയായിരുന്നു പഞ്ചായത്തുകളുടെ പ്രധാന ജോലി. ദിവാൻെറ ഭരണത്തിൻ കീഴിൽ ഹെർബർട്ട് സായ്പായിരുന്നു മരട്-കുമ്പളം ഗ്രൂപ്പു പഞ്ചായത്തിന് രൂപം നൽകിയത്. ജന്മിമാരെ ദിവാൻ പഞ്ചായത്തുകളിലേക്ക് നോമിനേറ്റു ചെയ്യുകയായിരുന്നു പതിവ്. കടേക്കുഴി ശങ്കരമേനോൻ ആയിരുന്നു ആദ്യത്തെ പ്രസിഡൻറ്. 7 പേർ ആയിരുന്നു അംഗങ്ങൾ. ഇ.എം.എസ് മന്ത്രിസഭ പിരിച്ചു വിടപ്പെട്ടു. തുടർന്നു വന്ന പട്ടം മന്ത്രിസഭ കാർഷിക ബന്ധബില്ലിൻെറ ഉദ്ദേശലക്ഷ്യങ്ങളെത്തന്നെ ഇല്ലാതാക്കുന്ന ഭേദഗതികളോടെ ബിൽ പാസ്സാക്കി. 1967-ലെ ഇ.എം.എസ് മന്ത്രിസഭ വീണ്ടും ശക്തമായ ഭൂപരിഷ്ക്കരണ നിയമം കൊണ്ടുവന്നു. ആ ഗവൺമെൻറും അൽപായുസ്സായി. പക്ഷെ, പിന്തുടർന്നു വന്ന ഗവൺമെൻറുകൾക്കൊന്നും ഭൂപരിഷ്ക്കരണത്തിൻെറ കാര്യത്തിൽ പിന്നോട്ടു പോകാൻ കഴിയാത്തത്ര വമ്പിച്ച ജനകീയ പ്രക്ഷോഭം കേരളത്തിൽ ഉയർന്നുവന്നു. 1970 ജനുവരി ഒന്നു മുതൽ ഭൂപരിഷ്ക്കരണ നിയമം നടപ്പിലായി. കുടികിടപ്പിൽ അവകാശം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള സമരം ശക്തമായി നടന്ന പ്രദേശങ്ങളിലൊന്നാണിത്. പതിനായിരങ്ങളെ ഭൂവുടമകളാക്കി മാറ്റാൻ ഈ സമരത്തിന് കഴിഞ്ഞു.

കാർഷിക പരിഷ്ക്കരണത്തിൻെറ ഫലമായി സംസ്ഥാനത്തിൻെറ ഇതരഭാഗങ്ങളിലെന്ന പോലെ നമ്മുടെ പഞ്ചായത്തിലും കൃഷിക്കാരും കുടികിടപ്പുകാരും ഭൂവുടമകളായി.

ഭൂവുടമസ്ഥത 1996-ൽ
(അവംലംബം ബി.ടി. രജിസ്റ്റർ

| | |
|---|---|
| 1-10 സെൻറ് | 2710 |
| 10 - 25 സെൻറ് | 2546 |
| 25 - 50 സെൻറ് | 1469 |
| 50 - 100 സെൻറ് | 531 |
| 1 - 2 ഏക്കർ | 126 |
| 2 - 5 ഏക്കർ | 36 |
| 5 ഏക്കറിനു മുകളിൽ | 2 |
| കൈവശക്കാരുടെ എണ്ണം | 7420 |

കാർഷിക രംഗത്തെ പ്രശ്നങ്ങൾ കൃഷിയും ജലസേചനവും എന്ന വിഷയത്തിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

രണ്ടാമത്തെ പ്രസിഡൻറ് പോളപ്പറമ്പിൽ ശ്രീ. പി.ജെ. മാത്തൻ വക്കീൽ ആയിരുന്നു. പിന്നീട് മരട്-കുമ്പളം ഗ്രൂപ്പ് പഞ്ചായത്തിനെ വിഭജിച്ച് മരട്, കുമ്പളം എന്നീ രണ്ടു പഞ്ചായത്തുകൾ രൂപീകരിച്ചു. ദീർഘകാലം പഞ്ചായത്തു പ്രസിഡൻറ് ആയിരുന്ന അദ്ദേഹത്തിൻെറ കാലത്താണ് കുമ്പളത്തെയും പനങ്ങാട്ടെയും ഇന്നത്തെ പി.ഡബ്ല്യു.ഡി. റോഡുകൾക്ക് തുടക്കമിട്ടത്.

1952-ൽ പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ശ്രീ. ടി.ആർ. രാഘവപ്പണിക്കർ കുമ്പളം പഞ്ചായത്തിൻെറ ആദ്യ പ്രസിഡൻറായി. 6 വാർഡുകളിൽ ഒരെണ്ണം ദ്വയാംഗ വാർഡായിരുന്നു.

1952-60 - ശ്രീ. ടി.ആർ. രാഘവപ്പണിക്കർ

1960-63 - അഡ്മിനിസ്ട്രേറ്റർ

1963-79 - ശ്രീ. വി. ഗോപിനാഥ മേനോൻ

1979-84 - ശ്രീ. എൻ.കെ. പരമേശ്വരൻ

1984-87 - അഡ്മിനിസ്ട്രേറ്റർ

1988-95 - ശ്രീ. പി.വി. ശ്രീധരൻ

1995- - അഡ്വ. നിനുകുട്ടി മൂസ.

പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പട്ടികജാതി മെമ്പർ ശ്രീ. പി.സി. ചോതനും ആദ്യത്തെ വനിതാ മെമ്പർ ശ്രീമതി സി. ജയമണിയുമാണ്. കണ്ണങ്കേഴത്ത് സരസ്വതിയാണ് നോമിനേറ്റു ചെയ്യപ്പെട്ട ആദ്യത്തെ വനിതാ മെമ്പർ.



# കൃഷിയും ജലസേചനവും

## ചരിത്രം

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ പഞ്ചായത്തിൻെറ 90% ഭൂമിയും ഏതാനും ജന്മിമാരുടെ ഉടമസ്ഥതയിലായിരുന്നു. പാട്ടം, കാണം, വാരം എന്നീ നിലകളിലാണ് കർഷകഭൂഉടമാബന്ധം നിലനിന്നിരുന്നത്.

1970 ജനുവരി മുതൽ നടപ്പിലായ ഭൂപരിഷ്കരണനിയമം ഭൂഉടമാ ബന്ധങ്ങളിലും വിളരീതികളിലും ശ്രദ്ധേയമായ മാറ്റങ്ങൾവരുത്തി. ഭൂമി തുണ്ടുതുണ്ടായി മാറിയതിൻെറ ഫലമായി കാലാകാലങ്ങളായി ചെയ്തുകൊണ്ടിരുന്ന കാർഷിക പണികൾ ചെയ്യാത്തതും ചെയ്യിക്കാത്തതുമായ അവസ്ഥ ഉണ്ടായി. ജലസ്രോതസ്സുകളെയും ജലനിർഗ്ഗമനമാർഗങ്ങളെയും സംരക്ഷിക്കാത്തതുമൂലം മണ്ണിൻെറ സന്തുലിതാവസ്ഥ തകരാറിലായി. ഭൂപരിഷ്കരണത്തിൻെറ കുഴപ്പം മൂലമല്ല മറിച്ച് ഭൂപരിഷ്കരണത്തെ തുടർന്ന് ഉണ്ടാകേണ്ട കൂട്ടായ്മ സൃഷ്ടിക്കപ്പെടാതെ പോയത് ഈ ദുസ്ഥിതിയുടെ മുഖ്യകാരണങ്ങളിലൊന്നാണ്. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ ഒട്ടേറെ ഘടകങ്ങൾ ഈ പിന്നോട്ടടിക്ക് കാരണമായി ചൂണ്ടിക്കാണിക്കുവാൻ കഴിയും.

## മണ്ണ്

കുമ്പളം പഞ്ചായത്ത് തീരദേശസമതല പ്രദേശമാണ്. പഞ്ചായത്തിലെ മണ്ണിനെ പൊതുവേ മൂന്നായിതിരിക്കാം. ചൊരിമണൽ, ചെളികലർന്നമണ്ണ് ചെളി എന്നിവയാണവ. ചൊരിമണലും ചെളികലർന്ന മണ്ണും ജൈവവള പ്രയോഗത്തിലൂടെ ഫലഭൂയിഷ്ഠമാക്കി മാറ്റാൻ കഴിയും. ചെളിപ്രദേശം കരിനിലമാണ്. നെൽകൃഷിക്കും ചെമ്മീൻകൃഷിക്കും മാത്രം അനുയോജ്യമാണിത്, മൊത്തം ഭൂമിയുടെ 30% നെൽകൃഷിക്ക് അനുയോജ്യമായ കരിനിലമാണ്. ചൊരിമണൽ പ്രദേശം നാമമാത്രമാണ്.

വളരെയേറെ കുളങ്ങളും തോടുകളും മണ്ണിടിഞ്ഞ് വേണ്ടവിധം സംരക്ഷിക്കപ്പെടാതെ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അവയെല്ലാം അതതു പ്രദേശത്തെ ജനങ്ങളുടെ കൂട്ടായ്മയിലൂടെ സംരക്ഷിക്കുന്നതു വഴി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും എല്ലാവാർഡുകളിലും ഇന്നനുഭവപ്പെടുന്ന വെള്ളക്കെട്ട് ഒരുപരിധിവരെ ഒഴിവാക്കുന്നതിനും സാധിക്കും (തോടുകളുടെയും പൊതുകുളങ്ങളുടെയും പട്ടിക അന്യത്ര)

നെൽപാടം നികത്തി വീടുവയ്ക്കുന്നതും വ്യവസായാവശ്യങ്ങൾക്കുപയോഗിക്കുന്നതും അടിയന്തിരമായി തടയപ്പെടണം. കാരണം നിലംനികത്തൽ വെള്ളക്കെട്ടുണ്ടാക്കുകയും ഒഴുക്കു തടയപ്പെട്ട ജലം മലിനമാക്കുകയും ജനങ്ങളുടെ ആരോഗ്യത്തിന് തന്നെ ഭീഷണിയായി മാറുകയും ചെയ്യും.

### കൃഷി

കുമ്പളം പഞ്ചായത്തിൽ ആകെയുള്ള 4915 ഏക്കർ ഭൂമിയിൽ 2563 ഏക്കർ കായൽ പ്രദേശമാണ്. പൊതുറോഡ്, തോട്, കുളം, റയിൽവേ, എന്നിവക്കായി 155 ഏക്കർ ഭൂമി ചിലവഴിക്കപ്പെട്ടിട്ടുണ്ട്. സ്വകാര്യകുളങ്ങൾക്കും തോടുകൾക്കും വേണ്ടി പുരയിടഭൂമിയുടെ 8% ത്തോളം ചിലവഴിക്കപ്പെട്ടിട്ടുണ്ട്. ലഭ്യമായ പാടശേഖരവിസ്തീർണ്ണത്തിൻെറ 20 ശതമാനത്തിൽ താഴെമാത്രമാണ്. ഇപ്പോൾ നെൽകൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നത്.

### കാർഷിക വിളവിതരണം
1995-96

| | വിളകൾ | വിസ്തീർണ്ണം (ഹെക്ടറിന്) | വിളവ് | ഉൽപാദനക്ഷമത (ഹെക്ടറിന്) |
|---|---|---|---|---|
| 1. | നെല്ല് | 60 | 78 Ton | 1300 kg/HQ |
| 2. | പച്ചക്കറികൾ | 2.6 HQ | 1480 kg | 569.23 kg/HQ |
| 3. | തെങ്ങ് | 590 HQ | 7,70,000 Nos | 22/Nos |
| 4. | വാഴ | 0.5 | 18.75 | 1250 kg/HQ |
| 5. | മരച്ചീനി | 0.9 HQ | 450 kg | 500 kg/HQ |
| 6. | കുരുമുളക് | 8 HQ | 8 Ton | 1000 kg/HQ |
| 7. | കശുമാവ് | 5 | 2.5 Ton | 500 kg |
| 8. | കവുങ്ങ് | 15 | | 300 Nos |

*(മതിപ്പുകണക്കുകളാണിവ)*

പുരയിടഭൂമിയിൽ എല്ലാ വിളകളും ഇടകലർന്നു നിൽക്കുന്നതു കൊണ്ട് ഓരോ വിളകളുടെയും വിസ്തീർണ്ണം കൃത്യമായി കണക്കാക്കാൻ പ്രയാസമാണ്. ഉൽപാദനക്ഷമതയുടെ കാര്യത്തിൽ എല്ലാ വിളകളുടെയും ഉൽപാദനത്തോത് ലഭിക്കേണ്ടതിൻെറ 50%ൽ താഴെയാണ്. വളപ്രയോഗത്തിൻെറ കാര്യത്തിലും കാലാകാലങ്ങളിൽ കൃഷിപ്പണികൾ ചെയ്യുന്നതിലും നമ്മുടെ പഞ്ചായത്തിലെ കർഷകർ വിമുഖരാണ്, ജൈവവളത്തിൻെറയും രാസവളത്തിൻെറയും ഉപയോഗം വളരെ കുറവാണ്. കാലിസമ്പത്തിൽ വന്ന കുറവ് ജൈവവള ലഭ്യതയെ സ്വാധീനിച്ച പ്രധാന ഘടകമാണ്.

## നടീൽ വസ്തു വിതരണം
(കൃഷിഭവൻ രേഖകൾ)

| | ഇനം | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 1. | തെങ്ങ് | 262 | 400 | 2332 |
| 2. | കശുമാവ് | 160 | --- | 160 |
| 3. | കുരുമുളക് | 2000 | 8000 | 4000 |
| 4. | കവുങ്ങ് | --- | --- | 80 |
| 5. | പച്ചക്കറി വിത്ത് (പാക്കറ്റ്) | 1200 | 1000 | 300 |
| 6. | ഫലവൃക്ഷങ്ങൾ | 110 | --- | --- |
| 7. | സുഗന്ധവ്യഞ്ജനങ്ങൾ | --- | 300 | 500 |
| 8. | കവുങ്ങ് | --- | 234 | --- |
| 9. | കിഴങ്ങുവർഗ്ഗങ്ങൾ | --- | --- | 400 |
| 10. | പയറ് | 160 | --- | --- |
| 11. | ചണമ്പ് വിത്ത് | --- | --- | 500 |
| 12. | കൊക്കോ തൈ | --- | --- | 150 |

### നടീൽ വസ്തുക്കളും വിത്തുകളും

ഗുണമേന്മ കുറഞ്ഞ നടീൽവസ്തുക്കളും വിത്തുകളും ആണ് പലപ്പോഴും കൃഷിക്കാർക്ക് ലഭ്യമാകുന്നത്. സർക്കാർ സ്ഥാപനങ്ങൾവഴി കിട്ടുന്നവതന്നെ പ്രാദേശിക പരിതസ്ഥിതികൾക്കനുയോജ്യമായിക്കൊള്ളണമെന്നില്ല, സ്വകാര്യ കച്ചവടക്കാർ ഗുണമേന്മയില്ലാത്ത നടീൽവസ്തുക്കൾ ധാരാളമായി വിതരണം ചെയ്യുന്നുമുണ്ട്. പഞ്ചായത്ത് തലത്തിൽ നടീൽവസ്തുക്കളും വിത്തും ഉൽപാദിപ്പിച്ച് വിതരണം ചെയ്താൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

### നെൽകൃഷി

1960കൾവരെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമുള്ളതിൻെറ പകുതിയിലേറെ അരി ഇവിടെത്തന്നെ ഉൽപാദിപ്പിക്കപ്പെടാറുണ്ടായിരുന്നു. ഇന്ന് നെൽകൃഷി ചേപ്പനം പ്രദേശത്തും നാമമാത്രമായി ഏഴാം വാർഡിലെ ഉദയത്തുംവാതിൽ പ്രദേശത്തും 5-ാം വാർഡിലെ ചാളത്തോട്ടിലും 1,3, എന്നീ വാർഡുകളിലും മാത്രമാണ് നടക്കുന്നത്. മറ്റു പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിനും ചെയ്യിക്കുന്നതിനും കർഷകർ തയ്യാറാകുന്നില്ല. ഈ നാട്ടിലെ സ്ഥിതിഗതികൾ വച്ചുകൊണ്ട് നെൽകൃഷി നഷ്ടമാണെന്നാണ് കർഷകർ പറയുന്നത്. നിലംനികത്തൽ, ഭൂമിയുടെ വിലക്കയറ്റം വെള്ളക്കെട്ട്, കൃഷി ആദായകരമല്ലാത്തത്, കർഷകതൊഴിലാളികളെ കിട്ടാനില്ലാത്തത്, തൊഴിലിനോടുള്ള വികലമായ സമീപനം, കാർഷികവൃത്തിയോടുള്ള അവജ്ഞ തുടങ്ങി ഒട്ടേറെ കാരണങ്ങൾ നിരത്താം. ഉല്പാദന ചിലവും ക്ഷമതയുമായി ബന്ധപ്പെടുത്തുമ്പോൾ അരി കുറഞ്ഞവിലയ്ക്ക് കിട്ടുന്നു, കൃഷിയേക്കാൾ ലാഭകരമാണ് ബാങ്കിൽ പണമിടുന്നത് തുടങ്ങിയ ഒട്ടേറെ വാദഗതികളുമുണ്ട്. ഇതേ പ്രവണത നമുക്ക് അരിയെത്തിക്കുന്ന പ്രദേശങ്ങളിൽ എല്ലാമുണ്ട്. അയൽ സംസ്ഥാനങ്ങൾ എടുക്കുന്ന രാഷ്ട്രീയ തീരുമാനങ്ങൾപോലും നമ്മുടെ

ഭക്ഷ്യലഭ്യതയെ സ്വാധീനിക്കുന്നു. ഇത് നമ്മെ തള്ളിവിടുന്നത് കടുത്ത ഭക്ഷ്യക്ഷാമത്തിലേക്കും പട്ടിണി മരണങ്ങളിലേക്കുമായിരിക്കും. പാടം നികത്തൽ മൂലം കൃഷിഭൂമിയുടെ വിസ്തൃതി ഭീതിദമാംവണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആത്മഹത്യാപരമായ ഈ പ്രവണത തടയപ്പെടേണ്ടതുണ്ട്.

കുമ്പളം പഞ്ചായത്തിലെ പാടശേഖരങ്ങളെ പൊതുവെ രണ്ടായി തിരിക്കാം. കരപ്പാടം, പൊക്കാളിപ്പാടം (കരിനിലം) എന്നിവയാണവ. പരമ്പരാഗതകൃഷി രീതിയിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം.

കരപ്പാടത്ത് കുംഭത്തിൽ കണ്ണികോരി കുംഭക്കാറ്റ് കൊള്ളിച്ച് മേടപ്പത്തിന് മുണ്ടകനും വിരിപ്പുംകൂടി കൂട്ടിവിതനടത്തുന്നു. മിഥുനത്തിൽ പച്ചിലവളം നൽകി കളപറിച്ച് വടിത്തീർക്കൽ (നിരത്ത്) നടത്തുന്നു. 3 ദിവസത്തേക്ക് നീർവാർച്ച അനുവദിക്കില്ല. 3-ാം ദിവസം വെട്ടുവെള്ളം പൂർണ്ണമായി വാർത്തുകളയുന്നു. കർക്കിടത്തിൽ കരിനാമ്പൂരി വരുമ്പോൾ ജൈവവളം ചേർക്കുന്നു. കന്നിയിൽ വിരിപ്പു കൊയ്യുകയും വൃശ്ചികച്ചവർ കളഞ്ഞ് മകരത്തിൽ മുണ്ടകൻ കൊയ്തെടുക്കുകയും ചെയ്യും. പിന്നീടുള്ള മൂന്നു മാസക്കാലം ഇടവിളകൃഷിയാണ്.

കരിനിലങ്ങളിൽ ഇടവം അവസാനം മിഥുനം ആദ്യം 45 നീർ (വിനാഴിക) വിത്തിട്ട് വിതക്കും. 30 നീർ ആണെങ്കിൽ മറുനീർമുക്കി പിറ്റേദിവസം വിതക്കും. കന്നിയിൽ കൊയ്ത്തിനുശേഷം പാടം കെട്ടിയിടും. അതുമൂലം ചവറും ആമ്പലും മറ്റും ചീഞ്ഞ് പാടത്ത് ജൈവവളം ധാരാളമായി ലഭിക്കുന്നു.

പാടവരമ്പുകളിൽ വാഴയും പയറും ചേമ്പും മറ്റും ധാരാളമായി കൃഷി ചെയ്തിരുന്നു. പ്രത്യേകപരിചരണങ്ങളൊന്നും കൂടാതെ തന്നെ കർഷകർക്ക് നല്ല വിളവ് ലഭിക്കുകയും ചെയ്യുമായിരുന്നു. നിലവിലുള്ള പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ശക്തിപ്പെടുത്തിക്കൊണ്ട് പരമ്പരാഗത കൃഷിരീതിയിലേക്ക് നമുക്ക് മടങ്ങേണ്ടിയിരിക്കുന്നു. അതിലേക്കു വേണ്ട നിർദ്ദേശങ്ങളും സാദ്ധ്യതകളും പട്ടികപ്പെടുത്തിയിട്ടുണ്ട്..

കർഷകതൊഴിലാളികളുടെ ദൗർലഭ്യം രൂക്ഷമാണ്എന്നുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കിക്കൊണ്ടുമാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളു. കാലാവസ്ഥയെ ആശ്രയിച്ചാണ് ഈ പഞ്ചായത്തിൽ നെൽക്കൃഷി നടത്തിക്കൊണ്ടുവന്നിരുന്നത്. ഇപ്പോൾ മഴ ക്രമം തെറ്റിവരുന്നത് നെൽകൃഷിക്ക് അനുകൂലമല്ലാത്ത ഒരു സ്ഥിതിവിശേഷമാണ്.

ഉൽപ്പാദന ചിലവുമായി താരതമ്യപ്പെടുത്തിക്കൊണ്ട് ഉൽപന്നത്തിന് വിലലഭിക്കാത്ത സാഹചര്യത്തിൽ സാദ്ധ്യമായ പാടശേഖരങ്ങളിൽ നെൽകൃഷിയും മത്സ്യകൃഷിയും ഒന്നിച്ചുകൊണ്ടുപോകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകേണ്ടതായിട്ടുണ്ട്. ഉൽപാദന ചിലവ് കുറക്കുന്നതിനുവേണ്ടി പാടശേഖരാടിസ്ഥാനത്തിൽ കൂട്ടുകൃഷി സംരംഭങ്ങൾ ആരംഭിക്കുകയും ജനാധിപത്യപരമായി പ്രവർത്തിക്കുന്ന കർഷകസമിതികളുടെ നേതൃത്വത്തിൽ കൃഷിഭവൻെറ സഹായത്തോടുകൂടി വിത്തും വളവും കീടനാശനികളും മറ്റു യന്ത്രോപകരണങ്ങളും കുറഞ്ഞവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യണം.

താഴെപ്പറയുന്ന പാടശേഖരങ്ങളിൽ ഗ്രൂപ്പടിസ്ഥാനത്തിലുള്ള നെൽകൃഷിയും മത്സ്യകൃഷിയും വിജയകരമായി നടപ്പിലാക്കാൻ കഴിയും.

1. കുമ്പളം മാപ്പിളക്കരി (കരീത്തറ തോടുമായി ബന്ധപ്പെട്ട പാടശേഖരം)
2. ചിറക്കൽ തോടുപാടശേഖരം
3. വെണ്ടോട്ടി തോടുമായി ബന്ധപ്പെട്ട റയിൽവേ ലയിനിന് കിഴക്കുള്ള പാടങ്ങൾ.
4. ചാളത്തോട് പാടശേഖരം (പനങ്ങാട്)
5. കൊടമനച്ചാൽ പാടശേഖരം (പനങ്ങാട്)

6. മട്ടലിപ്പാടം പാടശേഖരം, (ചേപ്പനം)
7. പാപ്പാളിച്ചിറ- പട്ടത്താനം പാടശേഖരം
8. തെക്കേചെട്ടികാട് പാടശേഖരം

ചാത്തമ്മ ദേശത്തുള്ള പാടശേഖരങ്ങൾ കൂട്ടുകൃഷി സാദ്ധ്യതയുള്ളവയാണെന്ന് കരുതാനാവില്ല. നിലവിലുള്ള തോടുകളുടെ ആഴംകൂട്ടിക്കൊണ്ടും മുടിപ്പോയവ പുനർനിർമ്മിച്ചുകൊണ്ടും കാർഷികവൃത്തി സജീവമാക്കാനും വെള്ളക്കെട്ടിന് ഒരുപരിധിവരെ പരിഹാരമുണ്ടാക്കാനും നമുക്ക് കഴിയും. പ്രധാനപ്പെട്ട തോടുകൾ താഴെപ്പറയുന്നവയാണ്.

| ക്രമ നമ്പർ | വാർഡ് നമ്പർ | തോടുകൾ പേര് |
|---|---|---|
| 1 | 1 | തായങ്കേരി തോട് |
| 2 | | വെണ്ടോട്ടി തോട് |
| 3 | 2 | കരീത്തറ തോട് |
| 4 | 3 | ചിറക്കൽ തോട് |
| 5 | 4 | ഒല്ലരിക്കാട് തോട് |
| 6 | 5 | കണ്ണികാട്ട് തോട് |
| 7 | | ചാളത്തോട് |
| 8 | 7 | പാപ്പാളിത്തോടിൻെറ വടക്കേഅറ്റം |
| 9 | 8 | ചിറക്കൽ തോട് |
| 10 | 9 | മാളം കുഴിത്തോട് |
| 11 | | ചെട്ടിക്കാട് തോട് |
| 12 | 10 | മട്ടലിപ്പാടം തോട് |
| 13 | | വേഷ്ണാട്ട് തോട് |
| 14 | | വെട്ടിക്കാപ്പിള്ളി തോട് |
| 15 | | ഒല്ലാരിൽ തോട് |

## നിർദ്ദേശങ്ങൾ - സാദ്ധ്യതകൾ

1. കുമ്പളം രണ്ടാം വാർഡിലുള്ള കരീത്തറതോട് ആഴം കുട്ടി വടക്കോട്ട് നീട്ടി ഷാപ്പു പരിസരത്തുള്ള കൾവർട്ടിലുടെ പടിഞ്ഞാറെ പുഴയുമായി ബന്ധിപ്പിച്ച് സ്ലൂസ് വയ്ക്കാമെങ്കിൽ കരീത്തറ തോടുമായി ബന്ധപ്പെട്ട പാടശേഖരത്തിൽ നല്ല രീതിയിൽ കൃഷി നടത്താനും ലക്ഷക്കണക്കിനു രൂപ യുടെ മത്സ്യസമ്പത്തുൽപാദിപ്പിക്കാനും സാധിക്കും.

2. ചിറക്കൽതോടു പാടശേഖരത്തിൽ 50% ഉം നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ള കൃഷിഭൂമി അല്പംപോലും നഷ്ടപ്പെടാൻ അനുവദിക്കാൻ പാടില്ല. ചിറക്കൽതോടിൻെറ വശങ്ങൾ വീതിയിൽ ബണ്ടുപിടിപ്പിച്ച് കൂട്ടുകൃഷി അടിസ്ഥാനത്തിൽ രണ്ടു പു കൃഷിയും വേനൽക്കാല പച്ചക്കറി കൃഷിയും നടത്താൻ കഴിയും. ഉപ്പുവെള്ളം നിയന്ത്രിക്കാനും ജലസേചനത്തിനുള്ള സൗകര്യം ഇവിടെ ലഭ്യമാക്കാനും കഴിയും.

3. തരിശുംപുറം ബണ്ടിൻെറ തെക്കുവശം ആവശ്യമുള്ള സ്ഥലത്ത് പുഴയോരത്ത് ബണ്ട് നിർമ്മിച്ച് വെണ്ടോട്ടിത്തോടുമായി ബന്ധിപ്പിക്കുക. വെണ്ടോട്ടിത്തോടുമുതൽ തെക്കോട്ട് കരീത്തറ തോടുവരെ പുറംബണ്ട് നിർമ്മിക്കുക. വെണ്ടോട്ടിതോട് ആഴംകൂട്ടി ഇരുകരകളും ബണ്ട് സുരക്ഷിതപ്പെടുത്തുക, നിലവിലുള്ള കാട്ടുപടർന്ന തോട് പുഴയുമായി ബന്ധിപ്പിച്ച് വെള്ളം കയറ്റിയിറക്കുന്നതിനുള്ള സൗകര്യം ചെയ്യുക. ഈ പ്രവർത്തന ങ്ങൾ നടത്തിയാൽ നെൽകൃഷിയും മത്സ്യകൃഷിയും ലാഭകരമായി നടത്താൻ കഴിയും.

4. ലക്ഷങ്ങൾ മുടക്കി മൈനർ ഇറിഗേഷൻ സ്കീമിൽപെടുത്തി ബണ്ടും സ്ലൂസും നിർമ്മിച്ച് സുരക്ഷിതപ്പെടുത്തിയിട്ടുള്ള 120 ഏക്കർ വരുന്ന ചാളത്തോടു പാടശേഖരത്തിൽ കൂട്ടുകൃഷി അടിസ്ഥാനത്തിൽ നെൽകൃഷിയും ചെമ്മീൻകൃഷിയും ലാഭകരമായി നടത്താവുന്നതാണ്.

5. വളരെ സുരക്ഷിതമായി വെള്ളം കയറ്റിയിറക്കി കൃഷിനടത്താൻ കഴിയുന്ന കൊടമനച്ചാൽ പാടശേഖരത്തിൽ സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്താൻ കഴിയും. ഇതിനുവേണ്ടി പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ട ആവശ്യമില്ല.

6. മട്ടലിപ്പാടം സ്ലൂസിൻെറ പടിഞ്ഞാറു പുഴയോടു ചേർന്നുള്ള പാടശേഖരങ്ങളുടെ പുറംബണ്ട് സുരക്ഷിതപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ നെൽകൃഷി നടത്താൻ കഴിയും. ഈ പാടശേഖരത്തിൻെറ വടക്കുഭാഗം ചേർന്നുള്ള പ്രദേശത്ത് ഇരിപ്പൂകൃഷി നടത്താൻകഴിയും.

7. കർഷക സംഘാടിസ്ഥാനത്തിൽ കൃഷി നടത്താൻ തെക്കേ ചെട്ടികാട് പാടശേഖരത്തിലും സാധിക്കും.

## തെങ്ങ്

തെങ്ങുകളിൽ ഭൂരിപക്ഷവും കാറ്റുവീഴ്ചയുടെ ആക്രമണത്തിന് വിധേയമാണ്. തെങ്ങിൽ നിന്നുള്ള ആദായം കുറഞ്ഞതോടുകൂടി കൃഷിയിലുള്ള താല്പര്യം കൃഷിക്കാർക്ക് പൊതുവേ നശിച്ചു കഴിഞ്ഞിരിക്കുന്നു. പറമ്പിൽ കൃത്യമായി പണിയെടുപ്പിക്കുന്നവർ തുലോം കുറവാണ്. ചെയ്യുന്ന പണികളാകട്ടെ കൂമ്പൽ വയ്ക്കലും നിരത്തലും മാത്രമാണ്. തെങ്ങിന് ചളി ഇടുന്ന പ്രവർത്തനമോ ജൈവവളം നൽകുന്ന പതിവോ ബഹുഭൂരിപക്ഷം കർഷകരും നടത്താറില്ല. രാസവളങ്ങൾ ഉപയോഗിക്കുന്നവർ വിരളമാണ്. ജലസേചനവും കൃത്യമായി നടത്താൻ കർഷകർ തയ്യാറാകാറില്ല, വളപ്രയോഗത്തിലും പരിചരണത്തിലും വരുത്തിയ വീഴ്ച തെങ്ങിൻെറ ആരോഗ്യത്തെ ബാധിക്കുകയും ദുർബലമായ വൃക്ഷം വളരെ പെട്ടെന്ന് രോഗത്തിൻെറ ആക്രമണത്തിന് വിധേയമാകുകയും ചെയ്യുന്നു. രോഗബാധിതമായ തെങ്ങുകളുടെ എണ്ണം ഓരോ വർഷം ചെല്ലുന്താറും കൂടിക്കൂടി വരികയാണ്.

ശാസ്ത്രീയമായ വള-കീടനാശിനി പ്രയോത്തിലൂടെയും ജലസേചനത്തിലൂടെയും രോഗത്തെ പ്രതിരോധിക്കാമെന്നും ഉല്പാദനം വർധിപ്പിക്കാമെന്നും തെളിയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.

ഉല്പന്നത്തിന് ന്യായമായ വിലലഭിക്കാത്ത സാഹചര്യവും കേരകൃഷിക്കാരെ വല്ലാതെ അലട്ടുന്നുണ്ട്. തെങ്ങുകയറ്റതൊഴിലാളികളുടെ ലഭ്യതക്കുറവ് ഈ രംഗത്ത് ഒരു വലിയ പ്രശ്നം തന്നെയാണ്. സമയാസമയങ്ങളിൽ വിളവെടുക്കാനും തെങ്ങിൻെറ മണ്ടവൃത്തിയാക്കാനും കീടനാശിനി പ്രയോഗത്തിനും താല്പര്യമുള്ള കർഷകർക്കുപോലും കഴിയാറില്ല.

കൊമ്പൻ ചെല്ലിയുടെയും ചെമ്പൻ ചെല്ലിയുടെയും ഉപദ്രവം നിരവധി വൃക്ഷങ്ങളെ നശിപ്പിക്കുന്നുണ്ട്.

## പരിഹാരമാർഗങ്ങൾ - സാദ്ധ്യതകൾ

1. വാർഡടിസ്ഥാനത്തിൽ കേരസംരക്ഷണ സമിതികൾക്ക് രൂപം നൽകുകയും പഞ്ചായത്ത് തലത്തിൽ കേരവികസന സമിതി പ്രവർത്തിക്കുകയും വേണം. വാർഡടിസ്ഥാനത്തിലുള്ള കേര സംരക്ഷണസമിതിയുടെ നേതൃത്വത്തിൽ കൃഷിഭവൻെറ സഹായത്തോടെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.

എ. കാറ്റുവീഴ്ച ബാധിച്ച മുഴുവൻ തെങ്ങുകളും വെട്ടി മാറ്റുക. പുതിയ തെങ്ങിൻ തൈ വയ്ക്കുക. വെട്ടിമാറ്റുന്നതിന് നൽകപ്പെടുന്ന നഷ്ടപരിഹാരം കൃഷിയിടങ്ങളിൽ തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

ബി. രോഗബാധയേൽക്കാത്ത മുഴുവൻ തെങ്ങുകൾക്കും ആണ്ടിൽ രണ്ടു പ്രാവശ്യം കീടനാശിനി പ്രയോഗം നടത്തുക.

സി. കാറ്റുവീഴ്ച വ്യാപകമായി ബാധിച്ചിട്ടുള്ള കൃഷിയിടങ്ങളിൽ തന്നെ ചില വൃക്ഷങ്ങൾ യാതൊരു രോഗബാധയും ഏൽക്കാതെ നല്ല വിളവു തരുന്നവയായി കാണപ്പെടുന്നുണ്ട്. രോഗപ്രതിരോധശേഷി കൂടിയ ഇനങ്ങളാണ് ഇവ. ഇവയിൽനിന്നും വിത്തുതേങ്ങ ശേഖരിച്ച് തൈകളാക്കി കർഷകർക്ക് വിതരണം ചെയ്യുക.

ഡി. ഒന്നിൽ കുടുതൽ കർഷകരെ സംഘടിപ്പിച്ചുകൊണ്ട് പൊതുസ്വകാര്യ കുളങ്ങളിൽ

നിന്നും കൃഷിക്കാവശ്യമായ ജലം പമ്പ് ചെയ്ത് ജലസേചനം നടത്തുക.

ഇ. ഉൽപന്നത്തിന് ന്യായമായ വില ലഭ്യമാക്കുന്നതിനു വേണ്ടി സഹകരണാടിസ്ഥാനത്തിൽ കേരോൽപന്നങ്ങളെ അടിസ്ഥാനപ്പെടുത്തി വ്യവസായങ്ങൾ ആരംഭിക്കുക.

എഫ്. ജൈവവള ലഭ്യത ഉറപ്പുവരുത്തുന്നതിനും മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ രാസവളപ്രയോഗത്തിനും ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുക.

പഞ്ചായത്ത് കേരവികസന സമിതി ഈ പ്രവർത്തനങ്ങളെയെല്ലാം ഏകോപിപ്പിക്കുന്ന സമിതിയായി പ്രവത്തിക്കണം.

## കവുങ്ങ്

കേരളത്തിൻെറ സമ്പദ്ഘടനയിൽ പ്രധാന പങ്കുവഹിക്കുന്ന വിളയാണ് അടക്ക. നമ്മുടെ പഞ്ചായത്തിൽ കവുങ്ങുകൃഷിയുടെ സ്ഥിതി തികച്ചും ശോചനീയമാണ്. ഉള്ള കവുങ്ങുകൾക്ക് പോലും എന്തെങ്കിലും പരിചരണം നൽകാൻ നമ്മുടെ കർഷകർ തയ്യാറാകാറില്ല. വളപ്രയോഗവും ജലസേചനവുംകൊണ്ട് അടക്കയുടെ ഉല്പാദനം ഇന്നുള്ളതിൻെറ ഇരട്ടിയാക്കി മാറ്റാൻ കഴിയും. വലിയ സ്ഥലനഷ്ടമില്ലാതെ ആദായം തുരുന്ന ഈ വിളക്ക് വേണ്ടത്ര പ്രോൽസാഹനം നൽകുകയും കവുങ്ങുകളെ ആക്രമിക്കുന്ന മാഹാളി രോഗത്തിന് കീടനാശിനി പ്രയോഗം നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. വാർഡുതലത്തിൽ രൂപംകൊള്ളുന്ന കേരസംരക്ഷണസമിതികൾക്കു തന്നെ ഈ ചുമതല ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്.

## കുരുമുളക്

കറുത്തപൊന്നെന്ന് അറിയപ്പെടുന്ന കുരുമുളകു കൃഷി പ്രായോഗികമല്ല എന്ന ധാരണ പൊതുവെ കർഷകർക്കുണ്ട്. തികച്ചും തെറ്റായ ധാരണയാണത്. വേനൽക്കാലത്ത് ജലസേചനം നൽകുകയാണെങ്കിൽ , കരിമുണ്ട, പന്നിയൂർ - 1 തുടങ്ങിയ ഇനങ്ങൾ നമ്മുടെ മണ്ണിൽ തൃപ്തികരമായ ആദായം തരുന്നവയാണ്, തെങ്ങുകളിലും മറ്റു വൃക്ഷങ്ങളിലും വ്യാപകമായ രീതിയിൽ കുരുമുളകു കൃഷിക്ക് സാദ്ധ്യതയുണ്ട്. കൃഷിഭവൻ വഴി നല്ല നടീൽ വസ്തുക്കളും സാങ്കേതിക ഉപദേശവും നൽകിക്കൊണ്ട് കുരുമുളകു കൃഷി വ്യാപകമാക്കാവുന്നതാണ്.

## പച്ചക്കറി

കറിവേപ്പിലക്കുപോലും പൊതുമാർക്കറ്റിനെ ആശ്രയിക്കേണ്ട അവസ്ഥയിലാണ് നാമിന്ന്. അയൽ സംസ്ഥാനങ്ങളിൽ പ്രകൃതിക്ഷോഭമോ ലോറിപണിമുടക്കുപോലുമോ ഉണ്ടായാൽ നമുക്ക് പച്ചക്കറി കിട്ടാനില്ലാത്ത അവസ്ഥയാണ്. തെങ്ങുകളുടെ ഇടവിളയായി വ്യാപകമായ തോതിലും തുണ്ടു തുണ്ടു ഭൂമികളിൽ അടുക്കളത്തോട്ടത്തിൻെറ രൂപത്തിലും പച്ചക്കറികൃഷി വ്യാപകമാക്കാവുന്നതാണ്. എല്ലാ പച്ചക്കറികളും ഓരുശല്യമില്ലാത്ത എല്ലാപ്രദേശങ്ങളിലും 12 മാസവും ഓരുശല്യം ഉള്ള സ്ഥലങ്ങളിൽ കാലവർഷാരംഭംമുതൽ 5 മാസവും കൃഷിചെയ്യാൻ കഴിയും നല്ല പച്ചക്കറിവിത്തുകളും കീടനാശിനികളും സാങ്കേതികോപദേശവും നൽകികൊണ്ട് പച്ചക്കറി കൃഷിവ്യാപകമാക്കുന്നതുമൂലം നാളികേരത്തിൻെറ ഉൽപാദനത്തിലും ഗണ്യമായ വർദ്ധന വുണ്ടാകുമെന്നത് തർക്കമറ്റ സംഗതിയാണ്. ആവശ്യമുള്ള കൃഷിക്കാർക്ക് വസ്തുവിൻെറ വിസ്തീർണ്ണം കണക്കാക്കാതെ അർഹതയുടെ അടിസ്ഥാനത്തിൽ 1/2 H.P.യുടെ പമ്പ് സൗജന്യനിരക്കിൽ വിതരണം ചെയ്യേണ്ടതാണ്. ഓരോ കുടുംബത്തിനും ആവശ്യമുള്ളവ കഴിച്ച് മിച്ചം വരുന്ന ഉൽപന്നം വിപണനം ചെയ്യുന്നതിന് പച്ചക്കറി കൃഷിക്കാരുടെ സഹകരണസംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്. എറണാകുളം പട്ടണവുമായുള്ള സാമീപ്യം വിപണനത്തിന് അനുകൂലമായ ഘടകമാണ്.

## കിഴങ്ങു വർഗ്ഗം

പരമ്പരാഗതമായി കിഴങ്ങുവർഗ്ഗങ്ങൾ മലയാളിയുടെ ഭക്ഷണത്തിൻെറ പ്രധാനഘടകമായിരുന്നു. ഇന്ന് കിഴങ്ങു വർഗ്ഗങ്ങൾ പിൻതള്ളപ്പെട്ടു പോയിരിക്കുന്നു. മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, തുടങ്ങിയവ നമ്മുടെ വീട്ടുവളപ്പുകളിൽ വ്യാപകമായി കൃഷിചെയ്യാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## ഫലവർഗകൃഷി

ഭക്ഷണം കഴിക്കുന്നതിന് ഒരു വാഴയിലപോലും സ്വന്തമായി എടുക്കാനില്ലാത്ത അവസ്ഥയിലാണ് നമ്മുടെ പഞ്ചായത്തിലെ നല്ലൊരു ഭാഗം വീടുകളും. വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്തും വളവും വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വാഴയെ ആക്രമിക്കുന്ന കൂമ്പടപ്പ്, പോളവണ്ട് എന്നിവയെ നിയന്ത്രിക്കാനുള്ള സാങ്കേതികോപദേശം കൃഷിക്കാർക്ക് നൽകുകയും വേണം.

മുന്തിയ ഇനം, മാവ്, പ്ലാവ്, കശുമാവ്, പേര, പപ്പായ തുടങ്ങിയ ഫലവർഗ വൃക്ഷങ്ങളും പ്രചരിപ്പിക്കുവാൻ നടപടി ആവശ്യമാണ്.

## ജാതി

നമ്മുടെ മണ്ണിൽ നന്നായി വളരുകയും ആദായം നൽകുകയും ചെയ്യുന്ന സുഗന്ധവ്യഞ്ജനമാണ് ജാതി. ജാതിതൈകൾ കർഷകന് നൽകിക്കൊണ്ട് പരിചരണ മുറകളെപ്പറ്റി പഠിപ്പിക്കുവാൻ സംവിധാനം ആവശ്യമാണ്.

## നൂതന കൃഷിസംരംഭങ്ങൾ

കൂൺകൃഷി, തേനീച്ച വളർത്തൽ ഔഷധസസ്യകൃഷി, പുഷ്പകൃഷി തുടങ്ങിയവക്ക് നമ്മുടെ പഞ്ചായത്തിൽ ഏറെ സാദ്ധ്യതകളുണ്ട്. അഭ്യസ്ഥവിദ്യരായ തൊഴിലില്ലാതെ വീട്ടിലിരിക്കുന്ന സ്ത്രീകൾക്ക് വരുമാനമുണ്ടാക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമാണ് കൂൺകൃഷിയും പുഷ്പകൃഷിയും. എറണാകുളം നഗരത്തിൻെറ സാമീപ്യം വിപണനത്തിന് സഹായകരമാണ്.

## ശുദ്ധജല മത്സ്യകൃഷി

ആണ്ടിൽ 12 മാസവും ശുദ്ധജലം ലഭ്യമാകുന്ന അനവധി കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ കുളങ്ങൾ നന്നായി സംരക്ഷിച്ചുകൊണ്ട് മത്സ്യകൃഷി നടത്താവുന്നതാണ്. ഇതിനാവശ്യമായ കുഞ്ഞുങ്ങളെയും സാങ്കേതികോപദേശവും പനങ്ങാട് ഫിഷറീസ് കോളേജിൽ നിന്നും ലഭ്യമാണ്.

## പച്ചില - ജൈവവളങ്ങളുടെ ഉൽപാദനം

ഹെക്ടറിന് 8-10 ടൺ ജൈവവളം ഓരോ വർഷവും മണ്ണിൽ ചേർക്കാൻ കഴിയുന്നില്ലെങ്കിൽ വിളവ് ഉയർത്താനും നിലനിർത്താനും കഴിയില്ല. പക്ഷെ ചാണകം കിട്ടാനില്ല. പച്ചിലവളം കിട്ടാൻ വനപ്രദേശവും പഞ്ചാത്തിലില്ല. ശീമക്കൊന്ന, പൊൻഗാമിയ തുടങ്ങിയ പച്ചിലമരങ്ങൾ വളർത്തുകയാണ് ഒരു പരിഹാരമാർഗ്ഗം. മതിലുകൾ വേലികളെ പകരം വക്കുന്ന ഇക്കാലത്ത് വേലിപ്പത്തലുകളെ സംരക്ഷിക്കുവാൻ ബോധവൽക്കരണം നടത്തേണ്ടതാവശ്യമാണ്. ജൈവപാഴ്വസ്തുക്കളിൽനിന്ന് കമ്പോസ്റ്റ് ഉണ്ടാക്കിയെടുത്തും ജൈവവളം ലഭ്യമാക്കാം. എല്ലാ വീട്ടിലും പച്ചിലമരങ്ങൾ വളർത്താനും കമ്പോസ്റ്റും മണ്ണിരവളവും ഉണ്ടാക്കാനുമുള്ള പദ്ധതിക്ക് രൂപം നൽകാവുന്നതാണ്. ജനപങ്കാളിത്തത്തോടെ ഇത് നടപ്പിലാക്കാൻ കഴിയും. കന്നുകാലി വളർത്തൽ വ്യാപകമാക്കുന്നതിലൂടെ ജൈവവളത്തിൻെറ ലഭ്യത ഉറപ്പുവരുത്താനാകും.

## കൃഷിയെ മൊത്തം ബാധിക്കുന്ന നിർദ്ദേശങ്ങൾ

1. പാടത്തും പറമ്പിലും എല്ലാവിധകൃഷികളും നടത്താൻ തയ്യാറായാൽ കർഷകതൊഴിലാളികൾക്ക് ആണ്ടിൽ 200 ദിവസത്തിനുമേൽ പണി ലഭിക്കും. ഇപ്പോൾ മറ്റു മേഖലകളിലേക്ക് പണി


നേടിപ്പോയ തൊഴിലാളികൾ തിരിച്ചു വരികയും കാർഷികരംഗത്ത് ഉറച്ചു നിൽക്കുകയും ചെയ്യും.

2. കാർഷികോപകരണങ്ങൾ സംഭരിക്കുകയും ആവശ്യമുള്ള കർഷകർക്ക് വിതരണം ചെയ്യുന്നതിനുമുള്ള ആഗ്രോ ക്ലിനിക്ക് പഞ്ചായത്തിൽ ആരംഭിക്കുക.

3. വളം, കീടനാശിനി, എന്നിവ വിതരണം ചെയ്യുന്നതിനുവേണ്ടി ഒരു വിപണനകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക.

4. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിൽ കർഷകൻെറ അദ്ധ്വാനഭാരത്തിന് ന്യായമായ പ്രതിഫലം ലഭിക്കാത്ത വിധം ഇടത്തരക്കാർ തട്ടിക്കൊണ്ടുപോകുന്ന നടപടി നിലവിലുണ്ട്. ഇതു പരിഹരിക്കുന്നതിന് പഞ്ചായത്തിലെ കുമ്പളം, പനങ്ങാട്, ചേപ്പനം എന്നീ മൂന്നു ദ്വീപുകളിലും പച്ചക്കറി മാർക്കറ്റുകൾ തുടങ്ങേണ്ടതാണ്.





# മൃഗസംരക്ഷണവും മത്സ്യബന്ധനവും

ഈ പഞ്ചായത്തിലെ കുറെയേറെ ജനങ്ങൾ കാർഷികജോലിയിലും ചിലർ മറ്റു തൊഴിലുകളുമായാണ് ജീവിച്ചുപോന്നിരുന്നത്. അപൂർവം ചിലർക്കു മാത്രമെ സർക്കാർ സ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ജോലിയുള്ളു. തെങ്ങുകൃഷി ഒഴിച്ചാൽ നെൽകൃഷി ഇവിടെ തീരെ ഇല്ലാതായി. അവയ്ക്ക് പലകാരണങ്ങളുമുണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം മുതൽമുടക്കുപോലും കൃഷിയിൽനിന്നും അവർക്ക് ലഭിക്കുന്നില്ല. കൃഷിപ്പണിക്കാരും മറ്റു തൊഴിൽമാർഗ്ഗങ്ങൾ അവലംബിച്ചു. ഈ പഞ്ചായത്തിൽ കാലി വളർത്തൽ കുറച്ചൊക്കെയുണ്ട്. വളർത്തുമൃഗങ്ങളിൽ കൂടുതലും പശു, ആട്, കോഴി, താറാവ് എന്നിവയാണ്. നാടൻപശുക്കളെയാണ് കൂടുതൽ പേരും വളർത്തിയിരുന്നത്. കൃഷിപ്പണിയുണ്ടായിരുന്ന കാലഘട്ടത്തിൽ അവയ്ക്കു വേണ്ട വൈയ്ക്കോൽ, പുല്ല്, എന്നിവ കുറെയേറെ ഇവിടെത്തന്നെ ലഭിക്കുമായിരുന്നു. ഇന്ന് അത് അന്യം വന്നിരിക്കുന്നു. വൈയ്ക്കോലും, പുല്ലും, തീറ്റപ്പുല്ലും, കാലിത്തീറ്റയും എല്ലാം ഇവയെ വളർത്തുന്നവർ ഇന്ന് വിലയ്ക്കുവാങ്ങേണ്ടി വരുന്നു. കൂടാതെ കുറേയെറെ സ്ഥലങ്ങളിൽ അവയെ കെട്ടിത്തീറ്റ കൊടുക്കുവാനും സാധിക്കുമായിരുന്നു. ഇന്ന് ആ സ്ഥലങ്ങളിലെല്ലാം തന്നെ കൂറ്റൻകെട്ടിടങ്ങളും മറ്റും സ്ഥാപിച്ചുകഴിഞ്ഞു. നാടൻ പശുക്കളെ വളർത്തുന്നത് ലാഭകരമല്ലാത്തതിനാൽ കൂടുതൽ പേരും സങ്കരയിനം പശുക്കളെയാണ് വളർത്തുന്നത്. ഇവയിൽ നിന്നും കിട്ടുന്ന പാൽസ്വകാര്യ കച്ചവടക്കാരാണ് വാങ്ങുന്നത്.

ഈ പഞ്ചായത്തിൽ ഒരു പാൽ സഹകരണ സംഘം ഇല്ല. ഇത് സ്ഥാപിച്ചാൽ പാൽ വിറ്റഴിക്കാനും ഉടനെ പൈസ ലഭ്യമാക്കാനുംകഴിയും. വർദ്ധിച്ച ഇന്ധനവിലയും ഗ്യാസിൻെറ വിലയും വച്ചുനോക്കുമ്പോൾ പശുവളർത്തുന്നവർക്ക് അവരുടെ വീട്ടാവശ്യത്തിന് ഒരു ഗോബർഗ്യാസ് പ്ലാൻറ് സ്ഥാപിക്കാവുന്നതാണ്. ഇതിനു ബന്ധ

പ്പെട്ട വകുപ്പിൽനിന്നും ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നതിൽ കൂടുതൽ ധനസഹായങ്ങൾ നൽകിയാൽ ഇതു പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇപ്പോൾ 10 ഗോബർഗ്യാസ് പ്ലാൻറാണ് മൊത്തത്തിലുള്ളത്. ഇറച്ചിക്കോഴിയെ വളർ ത്തുന്നവർ മൂന്നുപേരാണ്. ഇതു കൂടുതൽ ലാഭകരമാക്കാനും തൊഴിൽകാര്യക്ഷമമാക്കാനും ബന്ധപ്പെട്ട വകുപ്പിൽനിന്നും സാമ്പത്തികസഹായം നൽകേണ്ടതാണ്. അതുവഴി അവർക്ക് ഒരു തൊഴിലും ഉപജീവനവുമാകും. മുടക്കുന്നമുതലും എന്തെങ്കിലും ലാഭവും കിട്ടിയാലേ ഈ തൊഴിലുകളിൽ കൂടുതലാളുകൾ ഏർപ്പെടുകയുള്ളു. മുയർ വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുവാൻ ഇവിടെ സാദ്ധ്യതയുണ്ട്. ഇതിന് സാമ്പത്തികസഹായങ്ങൾ ആവശ്യമാണ്.

പശുക്കളിലും മറ്റും കണ്ടുവരുന്ന അകിടുവീക്കം, കുളമ്പുരോഗം, വൈറസ്രോഗം എന്നിവക്ക് ചികിത്സാരീതികളുണ്ടെങ്കിലും അവ ഫലപ്രദമാക്കാൻ കഴിയുന്നില്ല. കോഴി, താറാവ്, മുതലായവയ്ക്കുണ്ടാകുന്ന രോഗങ്ങൾക്ക് ചികി ത്സാസൗകര്യങ്ങളുണ്ടെങ്കിലും അതു ഫലപ്രദമാകുന്നില്ല. കുമ്പളം പ്രദേശത്ത് ചികിത്സ ലഭ്യമാക്കാൻ ഒരു വെറ്റിനറി സബ്ബ് സെൻറർ സ്ഥാപിക്കേണ്ടതാവശ്യമാണ്. അലഞ്ഞുതിരിഞ്ഞു നട ക്കുന്ന നായകളെപിടിച്ചു നശിപ്പിക്കാൻ നിയമമുണ്ടെങ്കിലും ഫലപ്രദമായി ഇതു നടക്കുന്നില്ല. ഇതിനു പൊതുജനസഹകരണം ആവശ്യമാണ്.

ഗവൺമെൻറിൻെറ നിലവിലുള്ള പദ്ധതികളനുസരിച്ച് പശു, ആട്, കോഴി, താറാവ് എന്നിവയെ വളർത്താൻ പല ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ടെങ്കിലും അവ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല എന്നതാണ് വാസ്തവം. ഇതിനു പലകാരണങ്ങളുമുണ്ട്. ഐ.ആർ.ഡി.പി. പദ്ധതിയനുസരിച്ചു ലോൺ കൊടുത്ത് തൊഴിൽചെയ്ത് ഉപജീവനം നടത്താനുള്ള പദ്ധതി ഗുണഭോക്താക്കൾ വേണ്ടവിധം പ്രയോജനപ്പെടു ത്തുന്നില്ല. ലോൺ കൊടുത്തത് വേണ്ടവിധ ത്തിൽ ഇയാൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം. ഇവയ്ക്കെല്ലാം ഇൻഷുറൻസ് നിർബന്ധമാക്കുകയും വേണം. ഈ കഴിഞ്ഞവർഷം കുളമ്പുരോഗം, വൈറസ് രോഗം മൂലം ഈ പഞ്ചായത്തിൻെറ പലഭാഗത്തും വളരെയധികം പശുക്കൾ ചത്തൊടുങ്ങുകയുണ്ടായി.

## പദ്ധതികൾ

1) രണ്ടു പശുക്കളുടെ യൂണിറ്റ് (Two Cow Unit)

ഒരു ഉപതൊഴിൽ / മുഖ്യതൊഴിൽ എന്ന രീതിയിൽ പശുവളർത്തുന്നതിന് കുടുംബവരുമാനം ഗണ്യമായി മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നതാണ് ഈ പദ്ധതി.

1. രണ്ടുപശുക്കളെ (പ്രസവിച്ചയുടനെതന്നെ) 6 മാസം കാലാവധി ഇടവിട്ട് വാങ്ങണം.
2. പച്ചപ്പുല്ല് അല്ലെങ്കിൽ തീറ്റപ്പുല്ല് കൃഷിചെയ്തുകിട്ടുന്ന പുല്ല് യഥേഷ്ടം ലഭ്യമാക്കണം.
3. ശാസ്ത്രീയമായ പരിപാലനം..

മേൽപറഞ്ഞ സാഹചര്യത്തിൽ ഈ പദ്ധതി വളരെ ലാഭകരമായി നടത്താം.

**വേണ്ടിവരുന്ന പദ്ധതിചിലവ്**

**എ) ചിലവ്**

**I. മൂലധനചിലവ്**

1. കന്നുകാലി തൊഴുത്തിന് (100 ച.അ. 50 രൂപ നിരക്കിൽ) 5,000.00

| | | | |
|---|---|---|---|
| 2. | രണ്ടുപശുവിൻെറ വില | (10,000 രൂപ നിരക്കിൽ ശരാശരി 10 ലിറ്റർ കറവ ഒരു ദിവസത്തേക്ക്) | 20,000.00 |
| 3. | ഉപകരണങ്ങളുടെ വില | (കറവപ്പാത്രങ്ങൾ, തീറ്റപാത്രങ്ങൾ, ബക്കറ്റ് കയർ, പാൽപാത്രം) | 1,000.00 |
| 4. | ഇൻഷുറൻസ് | | 1,400.00 |
| | ആകെ | | 27,400.00 |

II. ആവർത്തന ചിലവ്

| | | |
|---|---|---|
| 1. | മരുന്നുകൾ, വൈദ്യസഹായം, മറ്റ് ചിലവുകൾ പ്രതിവർഷം | 1,000.00 |
| 2. | തീറ്റചിലവ് | |
| | കറവക്കാലത്തേക്ക് 5 kg x 305 x 2 ദിവസം (Rs. 7/Kg തീറ്റ) | 21,350.00 |
| | വറ്റുകാലം 2.5 kg x 60x 2 ദിവസം (Rs. 7/Kg തീറ്റ) | 2,100.00 |
| 3. | വൈക്കോൽ ദിവസം 3 kg x 365 x 2 ദിവസം (Rs. 3/Kg വൈക്കോൽ) | 6,570.00 |
| | ആകെ ആവർത്തന ചിലവ് | 31,020.00 |
| | ആകെ ചിലവ് | 58,420.00 |

പ്രതീക്ഷിക്കുന്ന വരവ്

| | | |
|---|---|---|
| 1. | പാൽ വിറ്റുവരവ് (305 ദിവസം) 2250 kg x 2 x 9 രൂപ | 40,500 |
| 2. | കാലിച്ചാക്ക് വിറ്റുവരവ് (67 ചാക്ക്) 10 രൂപ | 670.00 |
| 3. | ചാണകത്തിൻെറ വിറ്റുവരവ് 2600 രൂപ x 2 | 5,200.00 |
| | ആകെ വരവ് | 46,370.00 |
| | ലാഭം (ആവർത്തന ചിലവു കഴിച്ച്) | 15,350.00 |
| | മൂലധനത്തിനുള്ള പലിശ 13% 27400 x $^{13}/_{100}$ | 3,432 |
| | ബാക്കിമിച്ചം (15350 — 3432) | 11,918.00 |

2) എഗ്ഗർ നഴ്സറി

ഗുണമേന്മയുള്ള മേത്തരം കോഴികൾ ഗ്രാമങ്ങളിൽ ലഭ്യമാക്കുക എന്നതാണ് ഉദ്ദേശം.

പദ്ധതി

ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 2 മാസം വളർത്തിവിൽക്കുക എന്നതാണ് ഉദ്ദേശം. 250 കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 2 യൂണിറ്റ്, 1 യൂണിറ്റ് ഒരു പഞ്ചായത്തിൽ തുടങ്ങാം.

ഒരു യുണിറ്റിൻെറ ചിലവ്

| | | |
|---|---|---|
| **മൂലധനം** | | |
| കോഴിക്കൂടു നിർമ്മാണം | 10,000.00 | |
| ഉപകരണങ്ങളുടെ വില | 500.00 | 10,500.00 |
| **ആവർത്തന ചിലവ്** | | |
| കോഴിക്കുഞ്ഞുങ്ങളുടെ വില | 17,501.00 | |
| തീറ്റയുടെ വില | 3,500.00 | |
| മരുന്ന്, ഇൻഷുറൻസ് | 250.00 | |
| ലിറ്റർ (കൂടിൻെറ തറയിൽ വിരിക്കുന്നത്) | 250.00 | |
| മറ്റ് ആകസ്മിക ചിലവ് | 300.00 | 6300.00 |
| ആകെ ചിലവ് | | 16,800.00 |
| **ഒരു യുണിറ്റിൻെറ വരവ്** | | |
| 60 ദിവസം പ്രായമായ കുഞ്ഞുങ്ങളുടെ വില | 225 chicken x 45/bird | 10,125.00 |
| കോഴിവളം, കാലിച്ചാക്ക് | | 750.00 |
| ആകെ വരവ് | | 10,275.00 |
| **ഒരു വർഷം 4 ബാച്ച് കോഴിക്കുഞ്ഞുങ്ങളെ വളർത്തിവില്ക്കാം.** | | |
| ഒരു വർഷത്തെ മൊത്തം വരവ് | 10275 x 4 | 41100.00 |
| ഒരു വർഷത്തെ സ്ഥിരം മൂലധനം | | 10500 + |
| ഒരു വർഷത്തെ ആവർത്തന ചിലവ് | 6300 x 4 | 25200 |
| ഒരു വർഷത്തെ ആകെ ചിലവ് | | 35700 |
| ഒരു വർഷത്തെ അറ്റാദായം | | 5400 |

കുറിപ്പ്

രണ്ടാം വർഷം മുതൽ മൂലധനത്തിലേക്ക് ചിലവ് വരുന്നില്ല. ചിലവിൻെറ പകുതി തുക ധനസഹായമായി (സബ്സിഡി) നല്കാവുന്നതാണ്. ബാക്കി തുക ബാങ്കു വായ്പയായും.

സബ്സിഡി = 16800 + 2 = 8400 രൂപ

ഇപ്രകാരം 2 യൂണിറ്റ് ആക്കാം.

## പന്നിവളർത്തൽ

2) ഇറച്ചി ആവശ്യത്തിനുള്ള ഫാറ്റനിംഗ് യൂണിറ്റ്

പദ്ധതിചിലവ്

| | | |
|---|---|---|
| 1. | മുലകുടി മാറിയ 2 പന്നിക്കുഞ്ഞുങ്ങളുടെ വില 500 രൂപ പ്രകാരം | 1000 |
| 2. | മാർക്കറ്റ്/ഹോട്ടൽ വേസ്റ്റ് എന്നിവയുടെ ചിലവ് | 1200 |
| 3. | മരുന്ന്/ഇൻഷുറൻസ്/മറ്റു ചിലവുകൾ | 300 |
| | ആകെ | 2500 |
| 3. | പന്നിക്കൂട് രണ്ടെണ്ണത്തിന് 50 ച. അടി x Rs. 40 | 2000 |

പ്രതീക്ഷിക്കുന്ന വരുമാനം

| | |
|---|---|
| പന്നികളുടെ വിറ്റുവില 80 kg x 2 x 35 രൂപ | 5600 |
| പ്രതീക്ഷിക്കുന്ന ലാഭം (ആവർത്തന ചിലവ് കഴിച്ച്) | 3100 |

ഒരു വർഷത്തിൽ രണ്ടു ബാച്ചുകൾ ഇപ്രകാരം

| | |
|---|---|
| സബ്സിഡി | |
| പന്നിക്കുഞ്ഞുങ്ങളുടെ വില | 1000 |
| മരുന്ന്, ഇൻഷുറൻസ് | 300 |
| പന്നിക്കൂട് | 2000 |
| ആകെ | 2300 |

50% സബ്സിഡി = 3300 ÷ 2 = 1650 രൂപ

ഒരു യൂണിറ്റിന് 1650 രൂപ.

## കോഴിവളർത്തൽ

1) സ്കൂൾ പൗൾട്രി ക്ലബ്ബ്

| | |
|---|---|
| ഒരു യൂണിറ്റിന്റെ ചിലവ് (5 കോഴികൾ 40 രൂപ നിരക്കിൽ) 40 x 5 | 200 |
| മറ്റു ചിലവുകൾ (തീറ്റ, മരുന്ന്, ട്രാൻസ്പോർട്ടേഷൻ മുതലായവ) | 25 |
| ആകെ | 225 |
| പദ്ധതിയുടെ മൊത്തം ചിലവ് 225 x 100 Unit = | 22500 |

1/3 Subsidy = 7500

2) വീട്ടിനുള്ളിൽ കൂടുകളിലെ കോഴിവളർത്തൽ

അത്യുല്പാദനശേഷിയുള്ള മുട്ടക്കോഴികളെ പരിമിതമായ സ്ഥലത്ത് കൂടുകൾക്കുള്ളിൽ വളർത്തി ഗാർഹികമായ ഉല്പാദനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം.

5 മാസം പ്രായമുള്ള 5 മുട്ടക്കോഴികളെ ഒരാൾക്ക് നല്കുന്നു.

ഒരു യൂണിറ്റിൻെറ ചിലവ്

| | |
|---|---|
| കൂടിൻെറ വില | 500 രൂപ |
| 5 കോഴിയുടെ വില | 55 x 5 = 275 രൂപ |
| ആകെ | 775 രൂപ (1 Unit) |
| പദ്ധതിയുടെ മൊത്തം ചിലവ് = | 775 x 10 unit = 7750 രൂപ |

1/3 Subsidy = 2583 രൂപ.

**കുറിപ്പ് :** കന്നുകുട്ടിയുടെ വില അതിൻെറ തീറ്റച്ചിലവായി കണക്കാക്കിയിരിക്കുന്നു. മൂലധന ചിലവിൻെറയും ഇൻഷുറൻസ് മരുന്നുകൾ എന്നിവയുടെയും മൊത്തം ചിലവായ 30,400 രൂപയുടെ 1/3 ഭാഗം (10,133) സബ്സിഡിയായി നല്കണം. [illegible] സ്വന്തമായി തന്നെ നിർവ്വഹിക്കേണ്ടതുണ്ട്.

## ആടുവളർത്തൽ

1-2 ആടുകളുടെ യൂണിറ്റ്

വളരെ കുറച്ചുസ്ഥലം മാത്രം ഉള്ളവർക്കും തങ്ങളുടെ പരിമിതമായ സ്ഥലത്ത് രണ്ട് ആടുകളെ വളർത്താം. മറ്റു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വീട്ടമ്മമാർക്കും വിദ്യാർത്ഥികൾക്കും ദിവസത്തിൽ കുറച്ചുസമയം മാത്രം മാറ്റിവച്ചാൽ രണ്ട് ആടുകളെ പരിപാലിക്കാവുന്നതാണ്.

ചിലവ് (2 ആടുകളുടെ യൂണിറ്റ് - 2 വർഷത്തേക്ക്)

പദ്ധതിചിലവ്

| | | |
|---|---|---|
| 8 മാസം പ്രായമുള്ള 2 പെണ്ണാടുകളുടെ വില | 1200 x 2 | 2400 |
| തീറ്റ ചിലവ് (പ്രതിദിനം 250 ഗ്രാം വീതം) | 250 g x 2 | 2160 |
| ഇൻഷുറൻസ് | 3% | 100 |
| കടത്തുകൂലി | Rs. 10/Goat | 20 |
| വിര മരുന്നുകൾ, മറ്റു ചിലവുകൾ | | 120 |
| ആകെ ചിലവ് | | 4800 |

വരവ്

പാലിൻെറ വില

ദിവസേന 75 ലിറ്റർ പാൽ 6 രൂപ/ Litre

ഒരു പ്രസവത്തിൽ 150 ദിവസത്തെ കറവ 75 x 2 x 150 x 6 x 3 പ്രസവം = 4050

ആട്ടിൻകുട്ടികളുടെ വില

2 വർഷത്തിനുള്ളിൽ 3 പ്രസവത്തിനു 6 കുട്ടികൾ - ആറാം മാസത്തിൽ

(2 x 3 x 6 x Rs. 6.50 / Kid) 7800

ആട്ടിൻകാട്ടം പ്രതിവർഷം 100 രൂപയുടെ കാട്ടം ഒരു ആടിന്

(100 x 2 x 2 വർഷം) 400

ആകെ വരവ് 12250

അറ്റാദായം 12250

4800

7450 2 Years

പ്രതിവർഷം = 3725

കുറിപ്പ് : രണ്ടുവർഷം കഴിയുമ്പോൾ ആടിന്റെ വില കണക്കാക്കുന്നതല്ല.

**യൂണിറ്റിന്റെ ചിലവ്**

20 പെണ്ണാടുകൾക്ക് ഒരു മുട്ടനാട് എന്ന നിരക്കിൽ 2500 രൂപ/മുട്ടനാട്

## ഇറച്ചിക്കോഴി വളർത്തൽ

**മൂലധനം**

| | | |
|---|---|---|
| 1. | 500 ച. അടി വിസ്തീർണ്ണമുള്ള ഒരു പൗൾട്രി ഷെഡ് ച. അടിക്ക് 40 രൂപ പ്രകാരം | 20000 |
| 2. | ഉപകരണങ്ങൾ | 4000 |
| | ആകെ | 24000 |

ആവർത്തന ചിലവ് (2 മാസത്തേക്ക്)

| | | |
|---|---|---|
| 1. | 500 ബ്രോയിലർ കുഞ്ഞുങ്ങളുടെ വില | 5500 |
| 2. | തീറ്റച്ചെലവ് (3.5 kg x 500 x Rs. 11) | 19250 |
| 3. | ഇൻഷുറൻസ് (Rs. 0.25/bird | 125 |
| 4. | വൈദ്യുതി, മരുന്ന്, മറ്റുചിലവുകൾ | 1000 |
| | ആകെ | 25875 |
| | ആകെ ചിലവ് | 49875 |

പ്രതീക്ഷിക്കുന്ന വരുമാനം

| | | |
|---|---|---|
| 1. | കോഴിയിറച്ചിയുടെ വിറ്റുവരവ് (Rs. 43 x 475 birds x 1.5 kg.) | 30,600 |

| | | |
|---|---|---|
| 2. | കോഴിവളം വിറ്റുവരവ് | 400 |
| 3. | കാലിച്ചാക്ക് (35 x Rs. 10) | 350 |
| | ആകെ വരവ് | 31350 |
| | ലാഭം (ആവർത്തന ചിലവ് കഴിച്ച്) (31350 — 25875) = | 5475 |
| | മൂലധനത്തിന്മേലുള്ള പലിശ 13% (2400 x $^{13}/_{100}$) = | 3120 |
| | ബാക്കി ലാഭം | 2355 |

പദ്ധതി ചിലവിൻെറ 1/3 ഭാഗം സബ്സിഡിയായി (Rs. 16,625) അനുവദിക്കാവുന്നതാണ്.

ഇപ്രകാരം 2 യൂണിറ്റ് അല്ലെങ്കിൽ 250 കോഴികളുള്ള 4 യൂണിറ്റ്.

## താറാവു വളർത്തൽ

താറാവു വളർത്തുന്നതിന് അനുയോജ്യമായ സ്ഥലങ്ങളിൽ വീടിനു ചുറ്റുമുള്ള പറമ്പിൽ തുടങ്ങാവുന്നതാണ്.

ഒരു കർഷകന് 1 മാസം പ്രായമായ 10 താറാവിൻകുഞ്ഞുങ്ങളെ നൽകാവുന്നതാണ്.

പദ്ധതി ചിലവ്

| | |
|---|---|
| 10 താറാവിൻ കുഞ്ഞുങ്ങളുടെ വില | 400 |
| തീറ്റ (ദിവസം 40 ഗ്രാം വീതം $1^1/_2$ വർഷം Rs. 7/Kg feed | 1500 |
| ആകെ | 1900 |

പ്രതീക്ഷിക്കുന്ന വരുമാനം

| | |
|---|---|
| മുട്ടയുടെ വിൽപ്പന വില (വർഷത്തിൽ 150 മുട്ട) (150 x Rs. 2 x 10) | 3000 |
| ലാഭം (3000 — 1900) | 1100 |
| താറാവുകളുടെ വിറ്റുവില 40 x 10 | 400 |
| ആകെ | 1500 |

50% സബ്സിഡി നല്കാവുന്നതാണ്.

Ci / Unit = Rs. 400 (Rs. 200 Subsidy)

## സമഗ്ര കാലിരോഗ നിയന്ത്രണ പദ്ധതികൾ

1. സ്കീം ഫോർ ദി കൺട്രോൾ ഓഫ് ഹെൽമിന്തിയാസിസ്.

എ) സങ്കരയിനം കന്നുകുട്ടികളെ, ആരോഗ്യകരമായ രീതിയിൽ വളർത്തിക്കൊണ്ടുവരേണ്ട, ഉല്പാദനശേഷിയുള്ള നാളത്തെ പശുവിനെ സൃഷ്ടിക്കുന്നതിനുള്ള ചവിട്ടുപടിയാണ്. പ്രസവശേഷം മാസംതോറും വിരമരുന്നുകളും ധാതുലവണ മിശ്രിതങ്ങളും, മീനെണ്ണയും കൃത്യമായും കൊടുക്കുവാനുള്ള പദ്ധതിയാണ്.

ഒരു സങ്കരയിനം കന്നുകുട്ടി 1 വയസ്സുവരെ വിവിധഘട്ടങ്ങളിലായി വിരമരുന്നുകളും, ധാതുലവണങ്ങളും മിശ്രിതങ്ങളും വിതരണംചെയ്യുന്നതിന് ഏകദേശം 300 രൂപ ചിലവാകും എന്നു കണക്കാക്കാം. ശരാശരി ഒരു പഞ്ചായത്തിൽ 250 സങ്കരയിനം കന്നുകുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

ഒരു യൂണിറ്റ് = 300 രൂപ

250 യൂണിറ്റ് = 250 x 300 = 75,000 രൂപ.

2) പ്രതിരോധ കുത്തിവയ്പുകൾ

കന്നുകാലിക്ളെ സാംക്രമിക രോഗങ്ങളായ കുളമ്പുരോഗം, അടപ്പൻ, കുരലടപ്പൻ എന്നീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും, നായ്ക്കൾക്കുള്ള പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പിനുമുള്ള വാക്സിനുകൾ ലഭ്യമാക്കുന്നതിനും ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനും ഉദ്ദേശിച്ചാണ് ഈ പദ്ധതി. ഒരു പഞ്ചായത്തിൽ ഏകദേശം 10,000 രൂപ (ഒരു വർഷത്തേക്ക്) ചിലവാകും എന്നു കണക്കാക്കപ്പെടുന്നു.

## പരിഹാരമാർഗ്ഗങ്ങൾ:-

1. രോഗപ്രതിരോധ നടപടികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കി മാസത്തിലൊരിക്കലെങ്കിലും ഈ പഞ്ചായത്തിന്റെ ഓരോ പ്രദേശവും കേന്ദ്രീകരിച്ച് ചികിത്സ ലഭ്യമാക്കുക.

2. കുമ്പളം പ്രദേശത്ത് ചേപ്പനം -ചാത്തമ്മ പ്രദേശത്തും ഒരു മൃഗാശുപത്രിയുടെ സബ്ബ് സെന്റർ സ്ഥാപിക്കുക.

3. കാലിത്തീറ്റ വില്പനകേന്ദ്രം സ്ഥാപിച്ച് കാലിതീറ്റയും കോഴിതീറ്റയും ന്യായമായ വിലയ്ക്ക് സബ്ബ്സിഡി ഏർപ്പെടുത്തിയും ഇവയെ വളർത്തുന്നവർക്ക് കൊടുക്കുക.

4. ലോൺ വാങ്ങി മൃഗങ്ങളെ വളർത്തുന്നവർ യഥാർത്ഥത്തിൽ അതുപയോഗിക്കുന്നുണ്ടോ എന്ന് അന്വേഷണം നടത്തുകയും അപ്രകാരം ഉപയോഗിക്കാത്തവരുടെ പേരിൽ കർശനനടപടി കളെടുക്കുകയും വേണം.

5. നല്ലയിനം കന്നുകാലി കിടാവിനെയും, കോഴിക്കുഞ്ഞ്, താറാവുകുഞ്ഞ്, എന്നിവയെയും ബന്ധപ്പെട്ട വകുപ്പു വഴി വിതരണംചെയ്യുക.

6. ഇവയ്ക്കാവശ്യമായ കാലിത്തൊഴുത്ത്, കോഴിക്കൂട് എന്നിവ നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകുകയും ഏതെങ്കിലും നിയമ തടസ്സങ്ങളുണ്ടെങ്കിൽ അവ മാറ്റുകയും ചെയ്യേണ്ടതാണ്.

7. കുമ്പളം, പനങ്ങാട്, എന്നിവിടങ്ങളിൽ ഓരോ ക്ഷീരോൽപാദന സഹകരണ സംഘം സ്ഥാപിക്കണം.

## മത്സ്യബന്ധനം

ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 35-40% ശതമാനത്തോളം ജനങ്ങൾ മത്സ്യത്തൊഴിലിനെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. ഊന്നിവല, ചീനവല, ഒഴുക്കുവല, ഓടുവല, വീശുവല, മുതലായ വലകളുപയോഗിച്ചും, ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനം നടത്തുന്നു. ഊന്നി, ചീനവല, ഒഴുക്കുവല, ഓടുവല എന്നിവയുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരാണ് പരമ്പരാഗതമൽസ്യത്തൊഴിലാളികൾ. മൽത്സ്യക്കച്ചവടം

നടത്തുന്നവരുമുണ്ട്. മത്സ്യരംഗത്തു പണിയെടുക്കുന്നവർക്ക് കുറേയേറെ പരാധീനതകളാണ് ഇന്നുള്ളത്. വികസന പ്രവർത്തനങ്ങളുടെ പേരിൽ കായൽ നിവർത്തുന്നതുകൊണ്ട് വെള്ളത്തിന്റെ ഒഴുക്കു മാറുന്നു. കായലിൽ ചെളിയും മണ്ണും വീണ് പുഴയിൽ വെള്ളം വറ്റുന്ന സമയത്ത് കായലോരപ്രദേശം പറമ്പുപോലെയാകുന്നു. കായലിൽ വർഷങ്ങൾക്കു മുമ്പ് കണ്ടുകൊണ്ടിരുന്ന പ്രധാനമത്സ്യങ്ങൾ ഇന്ന് കാണാതായിരിക്കുന്നു. ഇതിന് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

കുമ്പളം പ്രദേശത്താണെങ്കിൽ, കുമ്പളം റെയിൽവേ പാലം, കുമ്പളം - അരൂർ പാലം എന്നിവയുടെ പണിയോടുകൂടി കുമ്പളം പടിഞ്ഞാറുഭാഗത്തുള്ള പുഴയിലെല്ലാം ചെളിയും മണ്ണും വീണ് പുഴയ്ക്ക് മുമ്പുണ്ടായിരുന്ന ആഴം ഇന്ന് കാണുന്നില്ല. പുഴയ്ക്ക് ആഴമുണ്ടങ്കിലെ മത്സ്യവും ചെമ്മീനും നിലനില്ക്കൂ. ഇത് പരിഹരിക്കുവാൻ കാലാകാലങ്ങളിൽ dredging നടത്തി ആഴം വർദ്ധിപ്പിക്കേണ്ടതാണ്. മുമ്പുണ്ടായിരുന്ന ചീനവല പോലും ഇന്ന് കായലോരത്തില്ല. കാരണം ചെളിവന്നു വീഴുന്നതാണ്. ചെമ്മീൻ, കരിമീൻ, കട്‌ല, കണമ്പ്, കൂരി, നന്തൻ, കൊഴുവ തുടങ്ങി. പുഴമത്സ്യങ്ങളാണ് ഉൾനാടൻ ജലാശയങ്ങളിലുള്ളത്

കുമ്പളം പനങ്ങാട് കായലിൽ മത്സ്യത്തൊഴിലാളികളെ വളരെയേറെ അലട്ടുന്ന ഒരു പ്രശ്നമാണ് അനധികൃത ഊന്നിതറയ്ക്കലും, മത്സ്യം പിടുത്തവും. ഫഷറീസ് വകുപ്പിൽനിന്നും നൽകിയിട്ടുള്ള ലൈസൻസുള്ള ഊന്നിക്കാരും അനധികൃത മത്സ്യബന്ധനം നടത്തുന്നവരും തമ്മിലുള്ള സംഘർഷം ഒരേ വർഗ്ഗത്തിൽപ്പെട്ടവർ തമ്മിലാണ്. ഫിഷറീസ് വകുപ്പിൽനിന്നും ലൈസൻസ് നൽകിയിട്ടുള്ള ഊന്നികൾ ഇന്ന് പുഴയിൽ നില്ക്കുന്നത് വെള്ളത്തിന്റെ ഒഴുക്കിനെ അടിസ്ഥാനപ്പെടുത്തിയാണ്. ലൈസൻസുള്ള ഊന്നിയുടെ മേൽഭാഗത്ത് പാരലലായിതന്നെ അനധികൃത ഊന്നികൾ നാട്ടി സംഘംചേർന്നും, രാഷ്ട്രീയ പ്രേരിതമായും മത്സ്യബന്ധനം നടത്തുന്നതു മൂലം ബഹുഭൂരിപക്ഷം വരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അർദ്ധപട്ടിണിക്കാരായി മാറിയിരിക്കുന്നു. ഒരേ വർഗ്ഗത്തിൽപ്പെട്ടവർ തമ്മിൽ സാമൂഹ്യ അനൈക്യത്തിനും ഇത് വഴിയൊരുക്കുന്നു. തൊഴിലില്ലായ്മയുടെ പേരുപറഞ്ഞാണ് ഇത്തരം കാര്യങ്ങൾചെയ്യുന്നത്. വേലിയിറക്കത്തിന് വലകെട്ടുകയും വേലിയേറ്റത്തിനു മുമ്പ് വല എടുക്കുന്നതുമാണ് ഈ തൊഴിലിന്റെ പ്രത്യേകത. ഒഴുക്കിൽവരുന്ന ചെമ്മീനും മത്സ്യങ്ങളും പുഴയിൽ നിറഞ്ഞു കിടക്കുന്നതു കുറേ ലൈസൻസുള്ളവർ പിടിക്കുന്നു, കുറെ അനധികൃത മത്സ്യബന്ധനം നടത്തുന്നവർ പിടിക്കുന്നു എന്നാണ് ചിലർ മനസ്സിലാക്കിയിരിക്കുന്നത്. എന്നാൽ അങ്ങിനെയല്ല. വെള്ളത്തിന്റെ ഒഴുക്കിനനുസൃതമായി നില്ക്കുന്ന ലൈസൻസുള്ള ഊന്നിയുടെ മേൽ ഭാഗത്ത് പാരലലായി ഊന്നികൾ സ്ഥാപിച്ച് മത്സ്യം പിടിച്ചാൽ താഴെ നില്ക്കുന്ന ലൈസൻസുള്ള ഊന്നിക്കാർക്ക് ഒന്നും തന്നെ ലഭിക്കുകയില്ല. അനധികൃത മത്സ്യബന്ധനത്തിന് ഫിഷറീസ് ഉദ്യോഗസ്ഥന്മാരുടെ ഒത്താശയും ഉണ്ട്.

ഇതിനുപരിഹാരമായി അർഹതയുള്ള മത്സ്യത്തൊഴിലാളികളെ കണ്ടെത്തി കായൽറീസർവ്വേ നടത്തി നിലവിലുള്ള ലൈസൻസുള്ള ഊന്നികൾക്ക് ദോഷം വരാത്തവിധത്തിൽ അർഹതയുള്ളവർക്ക് ഊന്നികൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽനിന്നും അനുവദിച്ച് തൊഴിലില്ലായ്മയും, സംഘർഷത്തിനും ഒരളവുവരെ പരിഹാരമുണ്ടാക്കാം. കർശന നിയമസംവിധാനവും ഈ രംഗത്ത് ആവശ്യമാണ്.

മറ്റൊരു വിപത്താണ് ഊന്നികളിൽ വേലിയേറ്റത്തിന് വലകെട്ടുകയെന്നത്. ഇതു ചെയ്യുന്നത് ഈ വിഭാഗത്തിൽപ്പെട്ടവർ തന്നെ. വേലിയേറ്റത്തിന് കയറിവരുന്ന ചെമ്മീൻകുഞ്ഞുങ്ങൾ ഇവർ പിടിച്ചു പ്രയോജനമില്ലാതെ നശിപ്പിക്കുന്നു. കടലിൽനിന്നും വേലിയേറ്റത്തിനു കയറിവുന്ന ഈ ചെമ്മീൻ കുഞ്ഞുങ്ങൾ പുഴയിൽ കി

ടന്നു വലുതായാണ് ഒന്നോ രണ്ടോ ആഴ്ച കൊണ്ട് വീണ്ടും വേലിയിറക്കത്തിന് വലയിൽ കിട്ടാനിടയാകുന്നത്. ഇങ്ങിനെ വേലിയേറ്റത്തിന് വലകെട്ടുന്നവർക്ക് നിയമാനുസൃത ശിക്ഷ നൽകേണ്ടതാണ്. ഇതിന് കർശനനിയമം വേണം. അതിന് ബന്ധപ്പെട്ട വകുപ്പധികാരികൾക്ക് വേണ്ട സംരക്ഷണവും ഉപകരണങ്ങളും വേണം. മൊത്തം 26 കിലോമീറ്റർ നീളമുള്ള കായലോരമുണ്ടെങ്കിലും തൊഴിലിടങ്ങൾ കുറവാണ്. കൂടാതെ ഫാക്ടറികളിൽനിന്നും വിഷജലം ഒഴുകിവിടുന്നതുമൂലം മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. തന്നെയുമല്ല, കൃഷിയിടങ്ങളിൽ വളർന്നുകിടക്കുന്ന പായലുകൾ കരയിൽ കയറ്റി നശിപ്പിക്കാതെ കായലുകളിലേക്ക് തള്ളിവിടുന്നതു കൊണ്ട് മത്സ്യത്തൊഴിൽ ചെയ്യാൻ ചിലയവസരങ്ങളിൽ സാധിക്കാതെയും, വലകളും മറ്റുപകരണങ്ങളും നശിക്കുകയും ചെയ്യുന്നു.

മത്സ്യത്തൊഴിലാളികൾ തിങ്ങിതാമസിക്കുന്ന പ്രദേശമാണ് ഇത്. ഇവർക്ക് പൊതുവായ വഴികളില്ല. കൂടുതൽ പേരുടെയും വീടുകൾ ചെറുതുമാണ്. ലാട്രിൻ സൗകര്യങ്ങളും മിക്കവീടുകളിലുമില്ല. ഇന്ത്യയ്ക്ക് വിദേശഡോളർ നേടിത്തരുന്ന മത്സ്യവിഭവങ്ങളാണ് ഇവർ പിടിക്കുന്നതെങ്കിലും ഇതു പിടിക്കുന്ന തൊഴിലാളികൾക്ക് അർഹിക്കുന്ന വരുമാനം കിട്ടുന്നില്ല. പലതരത്തിലുള്ള ചൂഷണങ്ങളാണ് മത്സ്യവിപണനമേഖലയിൽ. മത്സ്യം പിടിക്കുന്ന തൊഴിലാളിക്ക് മത്സ്യത്തിന്റെ യഥാർത്ഥ വിലയുടെ കാൽ ഭാഗം വിലയെ ലഭിക്കുന്നുള്ളു. ഇടത്തട്ടുകാരുടെ ചൂഷണമാണ് ഇതിനുകാരണം. ഇതിന് മത്സ്യസഹകരണസംഘങ്ങൾ സ്ഥാപിക്കുകയും, മത്സ്യംവാങ്ങി വില്പനയും, സൂക്ഷിക്കുവയ്ക്കുവാൻ കോൾഡ് സ്റ്റോറേജുകളും ഉണ്ടാക്കണം. മഴ കൂടുതലുള്ള ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മത്സ്യങ്ങൾക്ക് രോഗംവരുന്നു. ഇവ അനുഭവപ്പെടുന്നത് നല്ലയിനം മത്സ്യങ്ങളിലാണ്. തൊഴിൽ ചെയ്തു കിട്ടുന്ന മത്സ്യത്തിന് രോഗബാധയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾക്ക് വരുമാനമില്ലാതെ പട്ടിണിയിലാകും. ഈ രോഗത്തിന് ഒരു ചികിത്സയുമില്ല. ഇത്തരം സന്ദർഭത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സർക്കാരിൽനിന്നും സാമ്പത്തികസഹായം നൽകണം. കാലവർഷക്കെടുതിമൂലം തൊഴിലില്ലാത്ത കാലയളവിലും ഇത്തരം സാമ്പത്തികസഹായം നൽകേണ്ടതാണ്.

മത്സ്യത്തിന്റെ വിപണനമാണ് മറ്റൊരു പ്രശ്നം, ഇവിടെ പൊതുമാർക്കറ്റില്ലാത്തതിനാൽ മത്സ്യം വില്ക്കാൻ ദൂരെയുള്ള സ്ഥലങ്ങളിലേയ്ക്ക് സ്ത്രീകളും പുരുഷന്മാരും പോകുന്നു. ഇതിന് പരിഹാരമായി ഒരു പൊതുമാർക്കറ്റ് ഇവിടെ സ്ഥാപിക്കണം. കൂടാതെ മത്സ്യഭവന്റെ വണ്ടികൾ ഈ പ്രദേശത്തുകൂടി വരാൻ കഴിഞ്ഞാൽ മത്സ്യവിപണനം അന്യപ്രദേശങ്ങളിലേക്കും നടത്താൻ കഴിയും. മത്സ്യത്തൊഴിലാളി സഹകരണസംഘം ഈ പഞ്ചായത്തിൽ സ്ഥാപിക്കുക. ഇത് പ്രവർത്തനമായാൽ വല, നൂൽ, മറ്റു മത്സ്യബന്ധനോപകരണങ്ങൾ ന്യായമായ വിലയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് വാങ്ങാൻകഴിയും. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യക്കച്ചവടം നടത്തുന്നതിന് ആറു മാസത്തിലൊരിക്കലെങ്കിലും ഏതെങ്കിലും സ്ഥാപനങ്ങളിൽനിന്ന് വായ്പയായി സംഖ്യ കൊടുത്താൻ തൊഴിൽ ചെയ്യാനുള്ള സൗകര്യമുണ്ടാകും. മത്സ്യത്തൊഴിലാളിക്ഷേമനിധിയിൽ ഇന്നുള്ള നിയമങ്ങൾ മാറ്റി 18 വയസ്സിനുമേലുള്ള സ്ത്രീപുരുഷ മത്സ്യത്തൊഴിലാളികളെ അംഗമാക്കി ചേർക്കുകയും നിലവിൽ അംഗമാകാനുള്ള വിഹിതസംഖ്യ കുറവുചെയ്ത് അംഗത്വം നൽകുകയും വേണം. മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നവരും പണിയെടുക്കാൻ സാധിക്കാത്തവരുമായ 60 വയസ്സിനുമേലുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും പെൻഷൻ നൽകാനുള്ള നടപടികളുണ്ടാക്കണം.

കൂടാതെ ഇവിടെ തൊഴിലിടങ്ങൾ കുറഞ്ഞി

രിക്കെ, മറ്റു പ്രദേശങ്ങളിലുള്ളവർ "അടക്കംകൊല്ലി" എന്നു പേരുള്ള വലകളുപയോഗിച്ച് മത്സ്യം പിടിക്കുന്നതുമൂലം കായൽമുഴുവൻ അരിച്ചു പെറുക്കുകയാണ്. ഇതിന് കർശനമായ നിയമം ഉപയോഗിച്ച് നിരോധിക്കേണ്ടതാണ്. കായലിൽ ഇവരുമായി ഇവിടത്തെ മത്സ്യത്തൊഴിലാളികൾ സംഘർഷമുണ്ടാകാറുണ്ട്. തന്നെയുമല്ല, ആദായം കുറഞ്ഞപ്രദേശങ്ങളിലുള്ള ലൈസൻസ് ഊന്നികൾ ഉദ്യോഗസ്ഥന്മാരെ സ്വാധീനിച്ച് ആദായമുള്ള ഊന്നിസംഘത്തിലേക്ക് മാറ്റിസ്ഥാപിക്കുന്ന പ്രവണതയും മത്സ്യത്തൊഴിലാളികളെ തമ്മിൽ തല്ലിക്കാനെ ഉപകരിക്കൂ. ഫിഷറീസ് ഉദ്യോഗസ്ഥർ അനധികൃതമായി ചില അപേക്ഷകരെ സഹായിക്കുന്നു എന്ന് വ്യാപകമായി പരാതി ഉണ്ടായിട്ടുണ്ട്. ഇത് അവസാനിപ്പിച്ചേ കഴിയൂ.

മത്സ്യ സംസ്ക്കരണരംഗത്ത് സ്വകാര്യ മത്സ്യ സംസ്കരണശാലകളാണ് ഇന്നു കൂടുതലുള്ളത്. കാലാകാലങ്ങളിൽ ഗവൺമെൻറ് ഏർപ്പെടുത്തുന്ന നികുതികളെ ഒഴിവാക്കാൻ ശ്രമിക്കുന്ന ഇവർ പണിസ്തംഭനത്തിലാക്കുന്നതിനാൽ പിടിക്കുന്ന ചെമ്മീനും മത്സ്യവും വിറ്റഴിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് സാധിക്കുന്നില്ല. തൊഴിലാളികൾ പട്ടിണിയിലുമാകും. ഇതിന് സർക്കാർ മത്സ്യസംസ്ക്കരണശാലകളിൽ പിടിക്കുന്ന മത്സ്യം വാങ്ങിവയ്ക്കാവുന്നതാണ്. സ്വകാര്യ മത്സ്യസംസ്ക്കരണശാലക്കാർ ചില സന്ദർഭങ്ങളിൽ വില കുറയ്ക്കാനും സംസ്ക്കരണശാലകൾ പൂട്ടിയിടാറുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് വീടുവച്ചുകൊടുക്കുന്ന പദ്ധതി നിലവിലുണ്ടെങ്കിലും എല്ലാവർക്കും അതു ലഭിക്കുന്നില്ല. വകുപ്പു കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ വൻ അഴിമതിയും നടത്തുന്നു. അനുവദിച്ച സംഖ്യതന്നെ കാലതാമസം കൂടാതെ ലഭിക്കാനുള്ള സ്വകര്യമുണ്ടാക്കുക.

മത്സ്യത്തൊഴിലാളികളെ തൊഴിൽരഹിതരാക്കുന്ന ഒരു പദ്ധതിയാണ് ദേശീയജലപാത. കോട്ടപ്പുറം മുതൽ കൊല്ലം വരെ നടപ്പാക്കുന്ന ദേശീയജലപാത മത്സ്യത്തൊഴിലാളികളെ വളരെയേറെ ദ്രോഹിക്കുന്ന ഒന്നാണ്. കായലിൻെറ നടുവിലൂടെ പോകുന്ന പാത 30 മീറ്റർ ആഴം വർദ്ധിപ്പിച്ച് കൂറ്റൻ ബാർജുകൾക്ക് കായൽവഴി ചരക്കുകൾ കൊണ്ടുപോകാനുള്ള മാർഗ്ഗമാണ്. ഡ്രെഡ്ജുചെയ്ത് പുഴയുടെ നടുവിൽനിന്നും രണ്ടു ഭാഗത്തേക്കും ചെളിയും മണ്ണും നീക്കുമ്പോൾ മത്സ്യബന്ധനം നടത്താൻ സാധിക്കുകയില്ല. കൂടാതെ Oil pollutionഉം. മത്സ്യങ്ങളൊന്നുംതന്നെ ഈ പ്രദേശത്തു കാണുകയില്ല. മത്സ്യത്തൊഴിലാളികൾക്ക് ദ്രോഹകരമായ ഈ പദ്ധതി വേണ്ടെന്നു വയ്ക്കുകയോ, മറ്റു വഴികൾ ആലോചിക്കുകയോ ചെയ്യുക.

ഈ പഞ്ചായത്തിൽ നെൽകൃഷി കൂടുതലില്ലാത്തതിനാൽ ഓരുജല മത്സ്യക്കൃഷി നടത്തുന്നു. ചെമ്മീൻ വാറ്റാണു കൂടുതലും. ചെമ്മീൻ വളർത്തുന്നവർക്ക് അവയ്ക്ക് രോഗംവന്ന് നശിച്ചുപോകുന്ന അവസ്ഥയുമുണ്ട്. ശുദ്ധജലമുള്ള വലിയ കുളങ്ങളിൽ മത്സ്യം വളർ ത്തുവാനുള്ള സാമ്പത്തികസഹായം നല്കിയാൽ ഇത് നടത്തുവാൻ കഴിയും.

## പരിഹാരമാർഗ്ഗങ്ങൾ

1. കായലുകളിൽ ഇന്ന് അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണ്ണും ഡ്രെഡ്ജ് ചെയ്ത് പുറം കടലിൽ കൊണ്ടുപോയി കളഞ്ഞ് മത്സ്യബന്ധനത്തിന് കൂടുതൽ സൗകര്യങ്ങളുണ്ടാക്കുക.

2. അനധികൃത മത്സ്യബന്ധനക്കാരും ലൈസൻസുള്ള ഊന്നിവലക്കാരും തമ്മിലുള്ള പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ കായൽ റീസർവ്വേ നടത്തി നിലവിലുള്ള ലൈസൻസ് ഊന്നിക്കാർക്ക് ദോഷകരമല്ലാത്തവിധത്തിൽ അർഹരായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തി ഊന്നികൾ പതിച്ചുകൊടുക്കാനുള്ള നടപടികളെടുക്കുക.

3. അനധികൃത ഊന്നിതറച്ച് മത്സ്യബന്ധനം

നടത്താതിരിക്കുവാൻ കർശനമായ നിയമങ്ങളു ണ്ടാക്കുകയും അവ നടപ്പാക്കുവാൻ ബന്ധപ്പെട്ട വകുപ്പിന് സംരക്ഷണവും സംവിധാനവും ഏർ പ്പെടുത്തുക.

4. വേലിയേറ്റ സമയത്ത് വലകെട്ടി ചെമ്മീൻ കുഞ്ഞുങ്ങളെ നശിപ്പിക്കുന്നതിന് കർശനനി യമങ്ങളുണ്ടാക്കി പ്രാവർത്തികമാക്കുക.

5. മത്സ്യവിപണനത്തിന് ഒരു പൊതുമാർക്കറ്റും മത്സ്യഭവൻെറ വണ്ടിയും ഈ പ്രദേശത്ത് ലഭ്യമാ ക്കുക.

6. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ സ്ഥാപിച്ചു കുറഞ്ഞ വിലയ്ക്ക് മത്സ്യബന്ധനോ പകരണങ്ങൾ ലഭ്യമാക്കുക.

7. 18 വയസ്സിനു മേലുള്ള മത്സ്യത്തൊഴിലാളി കളെ സ്ത്രീ-പുരുഷഭേദമന്യെ മത്സ്യത്തൊഴിലാ ളി ക്ഷേമനിധിയിൽ അംഗത്വം കൊടുക്കുക. ഇതി ന് നിലവിലുള്ള അംഗത്വഫീസിൽ ഇളവു വരുത്തുക. നിയമതടസ്സങ്ങൾ ഒഴിവാക്കുക.

8. കായലുകൾ നിവർത്തി തൊഴിലിടങ്ങൾ ഇല്ലാതാക്കുന്നത് അവസാനിപ്പിക്കുക.

9. മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളിലു ള്ള മത്സ്യബന്ധനം നടത്തിയിരുന്ന 60 വയസ്സിനു മേലുള്ളവർക്ക് വരുമാനപരിധി നോക്കാതെ പെൻഷൻ നൽകുക.

10. മത്സ്യരോഗം കണ്ടുവരുന്ന അവസരത്തിലും പഞ്ഞമാസങ്ങളിലും (ഇടവം, മിഥുനം, കർക്കി ടകം) മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തികാ നുകൂല്യം നൽകുക.

11. മത്സ്യത്തൊഴിലാളികളുടെ പാർപ്പിട സൗക ര്യവും പൊതുവഴിയും, പൊതുകടവും (മത്സ്യ ബന്ധനോപകരണങ്ങൾ സൂക്ഷിക്കുന്നതിന് ഉണ്ടാക്കുക.

12. മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസി ക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതിയും, വെള്ളവും അടിയന്തിരമായി കൊടുക്കുവാനുള്ള നടപടി കളുണ്ടാക്കുക.


13. മത്സ്യവ്യവസായരംഗത്ത് പ്രതിസന്ധിയു ണ്ടായാൽ പിടിക്കുന്ന മത്സ്യം സംസ്ക്കരിച്ച് വ യ്ക്കുവാനുള്ള സൗകര്യങ്ങൾ ഗവണ്മേൻറ് ഉണ്ടാ ക്കുകയും അവ വാങ്ങിക്കാനുള്ള സൗകര്യവും ഏർപ്പെടുത്തുക.

14. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി കാ യൽ നികത്തി തൊഴിലിടങ്ങൾ ചുരുക്കുന്നതും വെള്ളത്തിൻെറ ഒഴുക്ക് തടയുന്നതും അവസാ നിപ്പിക്കുക.

15. ഫാക്ടറികളിൽനിന്നുള്ള വിഷജലം കായ ലുകളിൽ ഒഴുക്കിവിടുന്നതുമൂലം മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. തന്നെ യുമല്ല കൃഷിയിടങ്ങളിൽ വളർന്നുകിടക്കുന്ന പാ യലുകൾ കരയിൽകയറ്റി നശിപ്പിക്കാതെ കായലു കളിലേക്ക് തള്ളിവിടുന്നതുകൊണ്ട് കായൽ മു ഴുവൻ പായൽനിറഞ്ഞു കിടക്കുന്നതിനാൽ മത്സ്യ തൊഴിലാളികൾക്ക് മത്സ്യംപിടിക്കാനുള്ള സൗ കര്യമില്ലാതാകുന്നു. ഇത് ഇല്ലായ്മ ചെയ്യാനുള്ള നടപടികൾ എടുക്കുക.

16. ചീനവലക്കാർക്ക് മണ്ണെണ്ണ പെർമിറ്റും മറ്റാ വശ്യമായ ആനുകൂല്യങ്ങളും കൃത്യമായി കിട്ടുന്നു എന്ന് ഉറപ്പുവരുത്തുക.

17. ലൈസൻസില്ലാത്ത ഊന്നികൾ പിഴുതുമാറ്റി അർഹരായവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് ലൈസൻസ് നല്കുക.





# വിദ്യാഭ്യാസം

നമ്മുടെ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ കാര്യത്തിൽ വളരെയധികം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു - പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ. നമ്മുടെ പഞ്ചായത്തിൽ ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ ഒന്നും തന്നെയില്ല. ഹൈസ്കൂൾ വിദ്യാഭ്യാസംവരെ നടത്തുന്നതിനുള്ള സൗകര്യമേയുള്ളു - അതും ഗ്രാമത്തിന്റെ പല പരാധീനതകളോടെ. രണ്ട് ഹൈസ്കൂളുകളും, രണ്ട് യു.പി. സ്കൂളുകളും നാല് എൽ.പി. സ്കൂളുകളുമാണ് ഇവിടെയുള്ളത്. അതിൽ ഉദയത്തുംവാതിലിലെ ഒരു എൽ.പി. സ്കൂൾ മാത്രമാണ് സർക്കാർ സ്ഥാപനം. മറ്റുള്ളവ പ്രൈവറ്റ് മേഖലയിലാണ്. ഈ സർക്കാർ സ്കൂൾ തന്നെ കുട്ടികളുടെ കുറവു മൂലം അടച്ചു പൂട്ടൽ ഭീഷണിയെ നേരിടുകയാണ്. ഈ വിദ്യാലയത്തിലേയ്ക്ക് ഒരു പൊതുവഴി ഇല്ലയെന്നത് വളരെ ഗുരുതരമായ പ്രശ്നമാണ്. പഞ്ചായത്ത് മുൻകൈ എടുത്ത് ഈ വിദ്യാലയത്തിലേയ്ക്ക് ഒരു പൊതുവഴിയുണ്ടാക്കണം. സർക്കാർ സ്ഥാപനമെന്ന നിലയിൽ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കണം. നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങൾ പൊതുവെ നല്ല നിലവാരം പുലർത്തുന്നു. ഒറ്റയ്ക്കൊറ്റയ്ക്കെടുക്കുമ്പോൾ വ്യത്യസ്തമായ പല പോരായ്മകളും ഉണ്ട്. എല്ലാ വിദ്യാലയങ്ങളോടനുബന്ധിച്ചും പി.റ്റി.എ. പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ശ്രമഫലമായി പല നല്ല കാര്യങ്ങളും നടക്കുന്നുണ്ട്. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നവ പി.റ്റി.എ. കൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. സ്കൂൾ അച്ചടക്കം നിലനിർത്തുവാൻ രക്ഷിതാക്കളും അദ്ധ്യാപകരും തമ്മിലുള്ള നിരന്തര സമ്പർക്കം വളരെയധികം സഹായിക്കും. മാതൃസംഗമങ്ങൾ വളരെയധികം ഫലപ്രദമാണ്. ഹൈസ്കൂളുകളിലും യു.പി. സ്കൂളുകളിലും മാതൃസംഗമം നടന്നു കഴിഞ്ഞതായും വൻവിജയമായിരുന്നതായും കാണുന്നു. നമ്മുടെ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളും തമ്മിൽ സമഗ്രമായ കോ-ഓർഡിനേഷനോടെ സ്കൂൾ കോംപ്ലക്സുകൾ പ്രവർത്തിപ്പിക്കേണ്ടതുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ 967 ആൺകുട്ടികളും 731 പെൺകുട്ടികളും ഉൾപ്പെടെ 1698 വിദ്യാർത്ഥികളും യു.പി. വിഭാഗത്തിൽ 826 ആൺകുട്ടികളും 690 പെൺകുട്ടികളും ഉൾപ്പെടെ 1516 വിദ്യാർത്ഥികളും എൽ.പി. വിഭാഗത്തിൽ 746 ആൺകുട്ടികളും 689 പെൺകുട്ടികളും

ഉൾപ്പെടെ 1435 വിദ്യാർത്ഥികളും നമ്മുടെ ഗ്രാമ പ്രദേശത്തുള്ള വിദ്യാലയങ്ങളിൽ പഠനം നടത്തുന്നു. പട്ടികജാതി പട്ടികവർഗ്ഗത്തിൽ ഹൈസ്കൂളുകളിൽ 110 ആൺകുട്ടികളും 97 പെൺകുട്ടികളും യു.പി. വിഭാഗത്തിൽ 99 ആൺകുട്ടികളും 102 പെൺകുട്ടികളും എൽ.പി. വിഭാഗത്തിൽ 113 ആൺകുട്ടികളും 101 പെൺകുട്ടികളും പഠിക്കുന്നു. എല്ലാ വിദ്യാലയങ്ങളിലും കൂടി 181 അദ്ധ്യാപകർ ജോലിചെയ്യുന്നു.

ശുദ്ധജലം പ്രത്യേകമായി ലഭിക്കുന്നതിന് മൂന്ന് വിദ്യാലയങ്ങളിൽ - ഉദയത്തുംവാതിൽ എൽ.പി.എസ്സ്., എസ്.ആർ.വി. എം.ജി.എൽ. പി. എസ്സ്., കുമ്പളം, ഡി.ബി.എസ്സ് ചേപ്പനം - സൗകര്യമില്ല. ഇവിടങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ഉണ്ടാകേണ്ടതാണ്. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ മിക്ക വിദ്യാലയങ്ങളിലും മതിയാവോളം ഇല്ല. ചിലവയിൽ ഒട്ടും തന്നെയില്ല. ബാലവാടികളും ഏഴ് നഴ്സറികളും, 5 ട്യൂഷൻ സെൻററുകളും 4 ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട് കുമ്പളം പ്രദേശത്ത് ഒരു അൺ എയ്ഡഡ് സ്കൂളും, കോൺവൻറിനോട് ചേർന്ന് പ്രീഡിഗ്രി, ഡിഗ്രി ക്ലാസ്സുകളും (ആർട്സ്, കോമേഴ്സ് വിഷയങ്ങളിൽ) നടക്കുന്നുണ്ട്. ഇവയൊക്കെ നല്ല അച്ചടക്കത്തോടും ചിട്ടയോടുംകൂടി നടത്തപ്പെടുന്നവയാണ്. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഫിഷറീസ് കോളേജ് പ്രശസ്തമായതിനിടയിൽ പ്രവർത്തിക്കുന്നത് ഈ പഞ്ചായത്തിലെ പനങ്ങാട് പ്രദേശത്താണ്.

സ്കൂൾ ലൈബ്രറികൾ, ലാബറട്ടറികൾ, പ്ലേ ഗ്രൗണ്ടുകൾ മുതലായവ തൃപ്തികരമായ നിലവാരമുള്ളവയല്ല. നമ്മുടെ നാട്ടിലെ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു കളിസ്ഥലം ഉണ്ടാക്കിയാൽ നന്നായിരുന്നു. കലാകാരന്മാരെ പ്രോൽസാഹിപ്പിക്കുന്നതിന് സംഗീതം, നൃത്തം, ചിത്രരചന, നാടകാഭിനയം എന്നിവ പരിശീലിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ തുടങ്ങുകയോ, അത്തരം സംരംഭങ്ങൾക്കായി മുന്നോട്ടുവരുന്ന കലാകാരന്മാർക്ക് സ്കോളർഷിപ്പ്, ഗ്രാൻറ്, പ്രോത്സാഹന സമ്മാനങ്ങൾ മുതലായവനല്കി സഹായിക്കുകയോ ചെയ്യേണ്ടതാണ്. സാംസ്കാരിക രംഗത്ത് പ്രയോജനകരമായി പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിയ്ക്കേണ്ടതാണ്. സമൂഹത്തിലെ തിന്മകൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള സെമിനാറുകളും, ചർച്ചാക്ലാസ്സുകളും, പൊതുയോഗങ്ങളും, സാമൂഹ്യസാംസ്കാരിക നായകന്മാരെ ഉൾപ്പെടുത്തി പഞ്ചായത്ത് നേതൃത്വത്തിൽ സംഘടിപ്പിയ്ക്കേണ്ടതാണ്. സാക്ഷരതാ പ്രവർത്തനം മൂലമുണ്ടായിട്ടുള്ള നേട്ടങ്ങൾ നിലനിർത്തുവാൻ തുടർ സാക്ഷരതാ പ്രവർത്തനം നടത്തേണ്ടതുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം കൊടുത്തുവരുന്ന ഇക്കാലത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ സർക്കാർ തലത്തിലോ സ്വകാര്യമേഖലയിലോ തുടങ്ങേണ്ടതാണ്. പ്രീഡിഗ്രി കോളേജുകളിൽ നിന്ന് വേർപെടുത്തുന്നതിന് ഗൗരവമായ ആലോചന നടക്കുന്ന ഈയവസരത്തിൽ, നമ്മുടെ പഞ്ചായത്തു പ്രദേശത്ത് ഹയ്യർ സെക്കണ്ടറിയും, വൊക്കേഷണൽ ഹയ്യർ സെക്കണ്ടറിയും തുടങ്ങുവാൻ വേണ്ട നടപടികൾ ആരംഭിക്കണം. ഉന്നത വിദ്യാഭ്യാസത്തിനായി ഒരു ആർട്സ് സയൻസ് കോളേജ് സ്വകാര്യമേഖലയിലെങ്കിലും ഈ പഞ്ചായത്തു പ്രദേശത്തു തുടങ്ങുവാൻ പ്രാപ്തരായ ഏജൻസിയെ കണ്ടെത്തുവാൻ ശ്രമിക്കുകയും വേണ്ടത്ര പ്രോത്സാഹനം നല്കുകയും വേണം. ഗ്രാമപ്രദേശത്ത് താമസമെങ്കിലും തങ്ങളുടെ മക്കളെ നഗരത്തിലുള്ള വിദ്യാലയങ്ങളിൽ, എത്ര ക്ലേശം സഹിച്ചും, പഠിപ്പിക്കുകയെന്ന ചിന്താഗതി കുറെയെങ്കിലും രക്ഷകർത്താക്കളിൽ രൂഢമൂലമായിട്ടുണ്ട്. ഈ ചിന്താഗതി മാറേണ്ടതാണ്. നമ്മുടെ പ്രദേശത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാര്യക്ഷമമാക്കുവാൻ വേണ്ട സഹകരണം നല്കി, അതിൻെറ നല്ല ഫലം തങ്ങൾക്കുകൂടി അനുഭവവേദ്യമാക്കുവാൻ നമ്മുടെ ഗ്രാമവാസികൾ താല്പര്യം കാണിക്കേണ്ടതാണ്. ജനങ്ങളുടെ സഹായ സഹകരണങ്ങളും, പങ്കാളിത്തവും ഗ്രാമപഞ്ചായത്തിൻെറ മേൽനോട്ടവും പ്രോത്സാഹനവുമുണ്ടെങ്കിൽ വിദ്യാഭ്യാസരംഗത്ത് വളരെ നേട്ടങ്ങൾ ഉണ്ടാക്കുവാൻ നമുക്ക് സാധിക്കും. ●



# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

മനുഷ്യന് ജീവൻ നിലനിർത്തുവാൻ പ്രാഥമികമായി വേണ്ട ഒന്നാണല്ലോ കുടിവെള്ളം. വേമ്പനാട്ടുകായലിൽ തെക്കുവടക്കു നീളംകൂടിയും കിഴക്കുപടിഞ്ഞാറു വീതികുറഞ്ഞും കിടക്കുന്ന 3 ദ്വീപുകൾ ഉൾപ്പെട്ടതാണു കുമ്പളം പഞ്ചായത്ത്. കുമ്പളം, പനങ്ങാട്, ചേപ്പനം-ചാത്തമ്മ എന്നിവയാണ് അവ. മദ്ധ്യഭാഗത്ത് പനങ്ങാടു ദ്വീപും പനങ്ങാടിനു പടിഞ്ഞാറു കുമ്പളം ദ്വീപും പനങ്ങാടിനു കിഴക്കു ചേപ്പനം-ചാത്തമ്മ ദ്വീപും സ്ഥിതിചെയ്യുന്നു. തെക്കുവടക്ക് 3.75 കി.മീ. മുതൽ 4.50 കി.മീ. വരെ നീളവും കിഴക്കുപടിഞ്ഞാറ് അരകിലോമീറ്റർ മുതൽ ഒന്നേകാൽ കി.മീ. വീതിയുമുള്ളതാണ് ഈ ദ്വീപുകൾ. കുമ്പളം ദ്വീപിലെ മദ്ധ്യഭാഗംമുതൽ പടിഞ്ഞാറോട്ട് കായൽവരെയുള്ള 2/5 ഭാഗങ്ങളും പനങ്ങാട് ദ്വീപിൽ മദ്ധ്യഭാഗത്തെ ചുറ്റിപ്പറ്റിയുള്ള പകുതി പ്രദേശവും ചേപ്പനം-ചാത്തമ്മ ദ്വീപിലെ ചേപ്പനം ഭാഗത്തുമാത്രം 1/3 ഭാഗവും പൊരിമണൽ പ്രദേശങ്ങളാണ്. ബാക്കിയുള്ള പ്രദേശങ്ങളെല്ലാം ചളിയും ചക്കരമണ്ണും കലർന്ന ഭാഗങ്ങളാണ്. നെൽകൃഷി നടത്തിയിരുന്ന ആ ഭാഗങ്ങളിൽ അവിടവിടെയായി കൃഷിയാവശ്യത്തിന് വെള്ളമൊഴുക്കുവാൻ കായലിനോടുചേർന്ന പുറമ്പോക്കു തോടുകളുണ്ട്. ഈ ഭാഗങ്ങളിലും ഇതിൻെറ പാർശ്വഭാഗങ്ങളിലും ഏതുതട്ടുവരെ കുഴിച്ചാലും നല്ലവെള്ളം കിട്ടുകയില്ല. മണൽപ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലുംനിന്നു കിട്ടിയിരുന്ന കുടിവെള്ളമെന്നു പറയാവുന്ന ഒരുതരം വെള്ളം തലച്ചുവടായി കൊണ്ടുപോയാണ് മറ്റു ഭാഗങ്ങളിലുള്ളവർ കുടിച്ചിരുന്നത്.

പഞ്ചായത്തിൻെറയും നാട്ടുകാരുടെയും ശ്രമഫലമായി 30 വർഷംമുമ്പ് പനങ്ങാട്ടെ വെട്ടിക്കാ

പ്പള്ളി ഭാഗത്ത് ഒരു ഗ്രാമീണശുദ്ധജലവിതരണ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞു. 25500 ലിറ്റർ സംഭരണശേഷിയുള്ള ഒരു ജലസംഭരണിയാണ് അവിടെയുണ്ടാക്കിയത്. ഉദ്ദേശിച്ചതുപോലെ ആ സംഭരണി നിറക്കുവാനുള്ള വെള്ളം അവിടെയുണ്ടാക്കിയിട്ടുള്ള കിണറ്റിൽനിന്ന് ഒരു പ്രാവശ്യം പമ്പുചെയ്താൽ കിട്ടുന്നില്ല. പ്രതിദിനം 2 പ്രാവശ്യം പമ്പിംഗ് നടക്കുന്നുണ്ട്. സമീപപ്രദേശങ്ങളായ 5ഉം 9ഉം വാർഡുകളിലേക്ക് കുറച്ചു വെള്ളം ഇതിൽക്കൂടി വിതരണം ചെയ്യാൽ കഴിയുന്നുണ്ട്. ഇപ്പോഴും അതു പ്രവർത്തിക്കുന്നു.

ഇതിനുപുറമേ, ചേപ്പനം-ചാത്തമ്മ ദ്വീപിലെ ചേപ്പനം പ്രദേശത്തും 1977-ൽ ഒരു ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി ആരംഭിച്ചു. ആരംഭത്തിൽ കുറച്ചുനാൾ നല്ലവെള്ളം കിട്ടിയിരുന്നുവെങ്കിലും പിന്നീടു പമ്പുചെയ്യുന്ന വെള്ളം ഉപ്പുരസം കലർന്നതാകാൻ തുടങ്ങി. സമീപഭാഗത്തുള്ള ചില നിലങ്ങളിൽ ഉപ്പുവെള്ളം കയറ്റി ചെമ്മീൻവാറ്റ് ആരംഭിച്ചതും മറ്റും ഇതിനു കാരണമാകാം. ഏതായാലും ഈ പദ്ധതിയുടെ പ്രവർത്തനം നിർത്തി. ജലസംഭരണിയും കിണറും ഉപയോഗമില്ലാതെ ബാക്കിയുണ്ട്. ഇതുപൊളിച്ചു മാറ്റിയില്ലെങ്കിൽ അപകടമുണ്ടാകാമെന്ന ഭയം ജനങ്ങൾക്കുണ്ട്. ഉടനെ പൊളിച്ചുമാറ്റുകയും വേണം.

കഴിഞ്ഞ 30 വർഷംമുമ്പു മുതൽ നെൽകൃഷി പല കാരണങ്ങളാലും ഇല്ലാതായി. നെൽകൃഷിയിടങ്ങൾ ഭാഗികമായിട്ടെങ്കിലും ചെമ്മീൻ കൃഷിയിടങ്ങളായി. ഉള്ളിലേക്ക് ഉപ്പുവെള്ളം കയറുവാനും കയറ്റുവാനും തുടങ്ങി. ഇതോടെ നല്ല വെള്ളം കിട്ടിയിരുന്ന ഭാഗങ്ങളിലും അതു കിട്ടാതായി. പഞ്ചായത്ത് പ്രതിവർഷം ഉപ്പുവെള്ളം തടയുന്നതിനുവേണ്ടിയിടുന്ന ബണ്ടുകൾ മിക്കതും പൊട്ടുകയോ പൊട്ടിച്ചുകളയുകയോ ചെയ്യുന്നു. ചെമ്മീൻ കൃഷി താൽപര്യങ്ങളാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നതെന്നതിനു സംശയമില്ല.

ഇതിനു പുറമെ നല്ലവെള്ളം കിട്ടിയിരുന്ന കിണറുകളും കുളങ്ങളും കുറച്ചൊക്കെ നികത്തി അവിടങ്ങളിലൊക്കെ വീടുകളും കെട്ടിടങ്ങളും വന്നിട്ടുണ്ട്. കഴിഞ്ഞകാലത്തുണ്ടായ ജനപ്പെരുപ്പംമൂലം കൂടുതൽ വീടുകളും അതിൻെറതായ സൗകര്യങ്ങളും ഉണ്ടാകേണ്ടിവന്നതും ഇതിനൊക്കെ കാരണമാണ്. ചുരുക്കത്തിൽ പഞ്ചായത്തു പ്രദേശത്തുനിന്ന് നേരിട്ടു ശുദ്ധജലം കിട്ടാത്ത നിലയിലേക്ക് സ്ഥിതിഗതികൾ എത്തിയിരിക്കുന്നു. ജല അതോറിട്ടി പൈപ്പുകളിലൂടെ വെള്ളം എത്തിച്ചുതന്നെങ്കിലേ കുമ്പളം പഞ്ചായത്തിലുള്ളവർക്ക് വെള്ളം കുടിച്ചുജീവിക്കാനാകൂ എന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

കേന്ദ്രഗവൺമെൻറ് സഹായത്തോടെ കേരള ഗ്രാമങ്ങളിൽ നടപ്പാക്കിയ ആക്സിലറി റൂറൽ വാട്ടർ സപ്ലൈ സ്കീമിൻെറ ഭാഗമായി 17 വർഷം മുമ്പ് 1979-ൽ ആണ് പഞ്ചായത്തിലെ കുമ്പളം ദ്വീപിൽ ആദ്യമായി ആലുവായിൽനിന്നുള്ള വെള്ളമെത്തിയത്. പെരുമാനൂർനിന്നും മരടു പഞ്ചായത്തിലെ നെട്ടൂർക്കും അവിടെനിന്ന് കുമ്പളത്തേക്കുമാണ് പൈപ്പുലൈനുകൾ സ്ഥാപിച്ചത്. 24 പൊതുടാപ്പുകളാണ് അന്നു സ്ഥാപിച്ചത്. ഹൗസ് കണക്ഷനുകൾ കൊടുത്തിരുന്നില്ല.

1982-ൽ പനങ്ങാട് പ്രദേശത്തേക്ക് ആ വർഷംലഭിച്ച വരൾച്ച ദുരിതാശ്വാസനിധി വിഹിതം ഉപയോഗിച്ച് പൈപ്പുലൈനുകൾ നീട്ടി. എറണാകുളം മേഖലയിലെ ജലവിനിയോഗം വർദ്ധിക്കുകയും ജലക്ഷാമം വർദ്ധിക്കാൻ തുടങ്ങുകയും ചെയ്തതോടെ ഈ വഴിക്ക് എത്തിയിരുന്ന വെള്ളവും ക്രമേണ കുറയുകയും 1988 ആകുമ്പോൾ തീരെ വെള്ളമെത്താത്ത സ്ഥിതിവരുകയും ചെയ്തു. ഈ അവസരത്തിൽ കുമ്പളം പഞ്ചായത്ത് ഉൾപ്പെടെ 12 പഞ്ചായത്തുകൾക്കുവേണ്ടി ആരംഭിച്ച് ലോകബാങ്ക് സഹായത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിരുന്നു. 1991-ൽ അതു പൂർത്തിയാവുമെന്നാണ് ലക്ഷ്യമിട്ടിരുന്നത്.

മറ്റുള്ള പദ്ധതികളെപ്പോലെ ഇതിൻെറ ജോലികളും യഥാസമയം പൂർത്തിയാകുമെന്നുറപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സ്ഥിതിവിശേഷത്തെ എങ്ങിനെ നേരിടാൻ കഴിയുമെന്നു അന്നു നിലവിലുണ്ടായിരുന്ന പഞ്ചായത്ത് കമ്മിറ്റി ഗഹനമായി ചിന്തിക്കുകയും ബന്ധപ്പെട്ട വിദഗ്ദ്ധരുമായി പലവട്ടം ചർച്ചനടത്തുകയും ചെയ്തു. അതിൻെറ ഫലമായി ഒരു പുതിയ ഭേദഗതി പദ്ധതിക്ക് രൂപംകൊടുക്കാൻ ശ്രമിച്ചു. തേവരയിൽ എത്തിനില്ക്കുന്ന 12 ഇഞ്ച് കുഴലിൽനിന്ന് തേവര-കുമ്പളം കായലിൽകൂടി കുമ്പളം നോർത്തിലേക്ക് കുഴലുകൾ സ്ഥാപിച്ച് നിലവിലുള്ളവയുമായി ബന്ധിപ്പിക്കുക എന്നതായിരുന്നു അത്. ഇതുസാധിച്ചാൽ കുമ്പളം പഞ്ചായത്തിലെ 3 ദ്വീപുനിവാസികൾക്കും ആവശ്യമായത്ര വെള്ളം ലഭിക്കുമെന്ന് എറണാകുളം ഡിവിഷൻ വാട്ടർ അതോറിട്ടി അധികൃതർ അഭിപ്രായപ്പെട്ടതോടെ എന്തുംചെയ്തും എത്രക്ലേശിച്ചാലും ഈ ഭേദഗതി പദ്ധതി നടപ്പാക്കാൻതന്നെ പഞ്ചായത്തു നിശ്ചയിച്ചു. പഞ്ചായത്തുഫണ്ടും എറണാകുളം ജില്ലയിലെ വരൾച്ചാദുരിതാശ്വാസനിധിയിൽനിന്നും സംഭരിക്കാവുന്നത്ര ഫണ്ടും ഉപയോഗിച്ച് ഇതു നടപ്പാക്കി. അന്നത്തെ എറണാകുളം ജില്ലാ കളക്ടരും വാട്ടർ അതോറിട്ടി എറണാകുളം ഡിസ്ട്രിബ്യൂഷൻ ഡിവിഷൻ എക്സി. എഞ്ചിനീയറും ആത്മാർത്ഥമായി സഹകരിച്ചതുകൊണ്ടാണ് അതിൻെറ നിർവ്വഹണം എളുപ്പം നടന്നത്. 6 ലക്ഷത്തോളം സംഖ്യ മുടക്കി. എന്നാൽ അതുകൊണ്ടുണ്ടായ നേട്ടവും നീണ്ടകാലം നിലനിന്നില്ല. ആദ്യത്തെ ഒരുവർഷം കുറെയൊക്കെ വെള്ളമെത്തി. അതിനുശേഷം 1-ഉം 2-ഉം വാർഡുകളിലും 3,6,7 എന്നീ വാർഡുകളിലും ഭാഗികമായും മാത്രം വെള്ളമെത്തുന്ന നിലവന്നു.

ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിക്കൊണ്ടിരുന്ന പദ്ധതിയുടെ പൂർത്തീകരണം ഉദ്ദേശിച്ചതിനെക്കാൾ കവിഞ്ഞുനീണ്ടു. 1991-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതി 1995 ലാണ് പൂർത്തിയായത്. പദ്ധതിയുടെ ആദ്യ എസ്റ്റിമേറ്റിൽ അന്നുണ്ടായിരുന്ന റോഡുകളിൽ കുഴലുകൾ സ്ഥാപിക്കാനേ വകകൊള്ളിച്ചിരുന്നുള്ളു. 1988-95 കാലത്ത് പഞ്ചായത്തിൽ പുതുതായുണ്ടാക്കിയ ചെറുതും വലുതും വീതിയുള്ളതും വീതികുറഞ്ഞതുമായ 40-ൽ അധികം റോഡുകളിലും നടപ്പാതകളിലും കുടി പഞ്ചായത്തിൻെറ ശ്രമഫലമായി കുഴലുകൾ സ്ഥാപിച്ചു. പാതകൾ ഇല്ലാത്തിടത്തും ഭൂവുടമകളുടെ കൺസൻറുകൾ കിട്ടിയ ചിലയിടങ്ങളിലും കുഴലുകൾ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ മുക്കിലും മൂലയിലും എല്ലാ ജനങ്ങൾക്കും വേണ്ടത്ര വെള്ളം ലഭിക്കുമെന്ന പ്രതീക്ഷ പൂവണിഞ്ഞു കണ്ടതിൽ സന്തോഷിച്ചു. എന്നാൽ പ്രശ്നങ്ങൾ തീർന്നില്ല. മുന്നേക്കാൾ സ്ഥിതി നന്നായി എന്നതു ശരി തന്നെ. ശുദ്ധജലക്ഷാമം തുടരുകതന്നെയാണ്.

പഞ്ചായത്തുകൾക്കും വേണ്ടി ആവിഷ്കരിച്ച ഈ പദ്ധതിയിൽനിന്നു ലഭിക്കുന്ന വെള്ളത്തിൻെറ ചെറിയൊരു പങ്കുമാത്രമേ പഞ്ചായത്തുകളിലേക്കെത്തുന്നുള്ളു. ബാക്കിമുഴുവൻ എറണാകുളം മേഖലയിലേക്കു തിരിച്ചുവിടുകയാണ്. ആ ഭാഗങ്ങളിലെ പോരായ്മകൾ പരിഹരിക്കുവാൻ ഇപ്പോൾ ഇതേ മാർഗ്ഗമുള്ളു. പട്ടണത്തിനുവേണ്ടിയുള്ള പുതിയ പദ്ധതികൾ ഇപ്പോൾ നിർമ്മാണം ആരംഭിച്ചിട്ടേയുള്ളുവല്ലോ.

കുമ്പളം പഞ്ചായത്തിലെ ഇപ്പോഴത്തെ സ്ഥിതി താഴെ പറയുന്നതാണ്:

- പഴയതും പുതിയതുമായി ഇപ്പോൾ നിലവിലുള്ള പൊതുടാപ്പുകൾ

| | |
|---|---|
| 31.10.96 ലെ കണക്കനുസരിച്ച് | 234 |
| അതിനുശേഷം സ്ഥാപിച്ചവ | 6 |
| ഗാർഹികപ്രൈവറ്റ് കണക്ഷനുകൾ | |
| 31.10.96 ലെ കണക്കനുസരിച്ചം | 961 |
| പിന്നീടു നല്കിയവ | 140 |

| | |
|---|---|
| ഒന്നിടവിട്ട ദിവസങ്ങളിൽ പമ്പുചെയ്തയയ്ക്കുന്ന വെള്ളം | 8.4 ലക്ഷം ലി. |
| പ്രതിദിനം | 4.2 ലക്ഷം ലി. |

ഒരാൾക്ക് 60 ലിറ്റർ വെള്ളം ആവശ്യമുണ്ട് എന്ന കണക്കനുസരിച്ച് കുമ്പളം പഞ്ചായത്തിലെ ജനങ്ങൾക്ക് അത്യാവശ്യം വേണ്ട വെള്ളം 15 ലക്ഷം ലിറ്റർ വെള്ളമാണ്. 3 ദ്വീപുകളിലായി കിടക്കുന്ന പഞ്ചായത്തിലെ ഭുസ്ഥിതിയുടെ പ്രത്യേകതകൾ അനുസരിച്ച് 250 പേർക്ക് ഒരു പൊതു ടാപ്പ് എന്ന കണക്ക് ഇവിടെ പ്രായോഗികമല്ല. റോഡുകളോ നടപ്പാതകളോ എത്താത്ത പല ഭാഗങ്ങളും പഞ്ചായത്ത് വാർഡുകളിലുണ്ട്. അത്തരം ഭാഗങ്ങളിൽ ചിലയിടങ്ങളിലേക്ക് കുഴലുകൾ നീട്ടിയിട്ടുണ്ടെങ്കിലും പലയിടങ്ങളിലേക്കും കുഴലുകൾ നീട്ടിയിട്ടില്ല. അവിടങ്ങളിലൊക്കെ വെള്ളം എത്തേണ്ടതുണ്ട്.

പഞ്ചായത്തിൻെറ തനതുവരുമാനത്തിൻെറ 13% സംഖ്യ വെള്ളക്കരമായി നല്കിവരുന്നു. പുതിയ ടാപ്പുകൾ സ്ഥാപിക്കുന്നതോടെ ഈ സംഖ്യ ഇനിയും വർദ്ധിക്കും. ജനങ്ങളുടെ ഈ പ്രാഥമികാവശ്യത്തിൻെറ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ ഈ ചെലവ് അധികമല്ല. പക്ഷെ, എല്ലാവരും തൻെറ വീടിനുതൊട്ടടുത്തുതന്നെ ടാപ്പ് ഉണ്ടായിരിക്കണമെന്ന് ആഗ്രഹിക്കുന്നതു നിറവേറ്റാൻ കഴിയുന്നതല്ല. അത് അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കപ്പെടാനും 150 മുതൽ 200 മീറ്റർ വരെ അകലത്തിലേ ടാപ്പുകൾ സ്ഥാപിക്കാനാവു എന്ന പ്രാഥമിക നിബന്ധനയ്ക്കു വിധേയമായേ ജനങ്ങൾ ആവശ്യങ്ങൾ ഉന്നയിക്കാൻ പാടുള്ളു. പൊതുടാപ്പുകളുടെ സമീപത്തു വന്ന് അലക്കുംകുളിയും നടത്തുന്ന സമ്പ്രദായവും വെള്ളമില്ലാത്ത സമയത്തു ടാപ്പുകൾ തല്ലിപ്പൊളിച്ചു കേടുവരുത്തുന്ന സമ്പ്രദായവും നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്.

## പരിഹാരമാർഗ്ഗങ്ങൾ

എല്ലാ ദിവസവും വെള്ളം പമ്പുചെയ്യുകയും ഇപ്പോഴത്തെ പ്രതിദിനം 4.2 ലക്ഷം ലിറ്റർ എന്ന കണക്ക് 15 ലക്ഷം ലിറ്റർ എന്ന കണക്കിലേക്ക് ഉയർത്തുകയും ചെയ്യുക.

വെള്ളം തീരെ എത്താത്ത ഭാഗങ്ങളിൽ ചിലേടങ്ങളിലേക്ക് കുഴലുകൾ നീട്ടിയിട്ടിട്ടുള്ള ഭാഗങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുകയും കുഴലുകൾ നീട്ടാത്ത ഭാഗങ്ങളിലേക്ക് കുഴലുകൾ നീട്ടി ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക. പൈപ്പുകൾ പൊട്ടിയും ടാപ്പുകൾ കേടുവന്നും ധാരാളം വെള്ളം പാഴായി ഒഴുകിപ്പോകുന്നുണ്ട്. ഇങ്ങിനെ പാഴായിവെള്ളം നഷ്ടപ്പെടാതിരിക്കാൻ മെയിൻറനൻസ് ജോലികൾ അപ്പപ്പോൾ അടിയന്തിരമായി നടത്തുക.

പട്ടണങ്ങളിലെപ്പോലെ ഇവിടെയും ഫ്ളാറ്റുകൾ പണിതുകൂട്ടുവാനുള്ള ആരംഭം കാണുന്നുണ്ട്. പുറത്തുനിന്നു പണക്കാർ വന്ന് ഏക്കർ കണക്കിനു ഭുമി വാങ്ങിക്കൂട്ടിയിട്ടുള്ളത് പലതും അതിനുവേണ്ടിയാണ്. വാട്ടർ അതോറിട്ടി കൂടുതൽ വരുമാനമുദ്ദേശിച്ച് ഈ ഫ്ളാറ്റുകൾക്കാവശ്യമായ വെള്ളം നല്കാൻതുടങ്ങിയാൽ ഇപ്പോഴത്തെ സ്ഥിതി തകിടംമറിയും. ഇതുമുൻകൂട്ടി കണ്ടുകൊണ്ട് ഫ്ളാറ്റുനിർമ്മാണ കാര്യങ്ങളിൽ ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്.

പഞ്ചായത്തിലെ 3 ദ്വീപുകളിൽ ജലസ്രോതസ്സുകൾ കണ്ടെത്തുവാനുള്ള ശ്രമങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്. അങ്ങിനെ കണ്ടെത്താൻ കഴിഞ്ഞാൽ ആ സൗകര്യം ചൂഷണം ചെയ്യേണ്ടതാണ്. ഏതുകാര്യത്തിലും സ്വയംപര്യാപ്തമാവാനുള്ള ശ്രമങ്ങൾ തുടരേണ്ടതുണ്ട്.

## പൊതുജനാരോഗ്യം

ആരോഗ്യപരിപാലന സൗകര്യങ്ങളിൽ കുമ്പളം പഞ്ചായത്തിൻെറ സ്ഥിതി വളരെ പിന്നി

ലാണ്. 3 വൈദ്യശാസ്ത്രവിഭാഗത്തിൻെറയും ഓരോ സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ടെന്നത് ശരിയാണ്. പഞ്ചായത്തിലെ 3 ദ്വീപുകളിൽ മദ്ധ്യ ദ്വീപായ പനങ്ങാട് അലോപ്പതിവിഭാഗത്തിൻെറ പ്രാഥമികാരോഗ്യകേന്ദ്രവും കുമ്പളം ദ്വീപിൽ ആയുർവേദ ഡിസ്പെൻസറിയും ചേപ്പനം - ചാത്തമ്മ ദ്വീപിൽ ഹോമിയോ ഡിസ്പെൻസറിയും സർക്കാരിൻെറതായുണ്ട്. പനങ്ങാട്ടുള്ള പ്രൈമറി ഹെൽത്തുസെൻറർ പഞ്ചായത്തും നാട്ടുകാരും കൂടി ശ്രമിച്ചു സ്വന്തമായി നേടിയ ഭൂമിയിലും 1961-ൽ ഒരു ബൈവീക്കിലി ഡിസ്പെൻസറിയായി ആരംഭിച്ചതാണ്. പിന്നീടത് ഫുൾ ടൈം ഡിസ്പെൻസറിയായി. പഞ്ചായത്തും നാട്ടുകാരും കൂടി തന്നെ പിന്നീട് 12 രോഗികളെ കിടത്തി ചികിത്സിക്കാവുന്ന ഒരു വാർഡുകെട്ടിടവും പണിതു. റോട്ടറിക്ലബ്ബ് ഉപകരണങ്ങൾ നല്കി. അല്പം വൈകിയിട്ടാണെങ്കിലും സർക്കാർ അതേറ്റെടുത്തു. അത്യാവശ്യം സ്റ്റാഫിനെ നിയമിച്ച് വാർഡുപ്രവർത്തനമാരംഭിച്ചു. കേരള ഹെൽത്ത് റിസർച്ച് സൊസൈറ്റി രോഗികളെ കിടത്തി ചികിത്സിക്കാവുന്ന ഒരു കയർവാർഡും പണികഴിപ്പിച്ചിട്ടുണ്ട്. സ്റ്റാഫിനെ നിയമിച്ച് പ്രവർത്തനമാരംഭിച്ചിട്ടില്ല. പൊതുവെ ഈ പ്രൈമറി ഹെൽത്തു സെൻററിൻെറ പ്രവർത്തനം തൃപ്തികരമോ പഞ്ചായത്തു നിവാസികൾക്കു പ്രയോജനകരമോ അല്ല. ഡോക്ടർക്കും നഴ്സുമാർക്കും മറ്റു ജീവനക്കാർക്കും താമസിക്കാൻ ക്വാർട്ടേഴ്സില്ല. തന്മൂലം രാത്രിയിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല. ഒരു ലേഡി ഡോക്ടർകൂടി ആവശ്യമാണ്. ഇപ്പോൾ ഈ സെൻററിൻെറ കീഴിൽ ഡോക്ടർ ഉൾപ്പെടെ 20 ഉദ്യോഗസ്ഥർ ഉണ്ട്. ഡോക്ടർ-1, ക്ലർക്ക്-1, പ്യൂൺ-1, സ്റ്റാഫ് നഴ്സ്-3, ഹെൽത്ത് ഇൻസ്പെക്ടർ-1, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ-1, ജൂനിയർ എച്ച്.ഐ.എസ്.-2, ജൂനിയർ പബ്ലിക്ഹെൽത്ത് നഴ്സ്-5, നഴ്സിംഗ് അസിസ്റ്റൻറ്-1, അറ്റൻറർ ഗ്രേഡ്-2-1, പാർട്ട് ടൈം കണ്ടിൻജൻസി-1, ഫാർമസിസ്റ്റ്-1, ലെപ്രസി ഇൻസ്പെക്ടർ-1, എന്നിങ്ങനെയാണ് 20 പേർ. പ്രാഥമികാരോഗ്യ കേന്ദ്രത്തോടനുബന്ധിച്ചുള്ള സബ്സെൻറർ ഉൾപ്പെടെ കുമ്പളം, പനങ്ങാട്, ചേപ്പനം, എന്നിവിടങ്ങളിലുള്ള സബ് സെൻററുകളിലും മറ്റും കേന്ദ്രീകരിച്ചു നടത്തുന്ന ഫീൽഡ് പ്രവർത്തനത്തിനുവേണ്ടിയുള്ള സ്റ്റാഫാണിത്. 7 ലക്ഷത്തോളം രൂപ പ്രതിവർഷം ശമ്പളമിനത്തിൽ വരും. 1.2 ലക്ഷംരൂപയാണ് മരുന്നിനുള്ള പ്രതിവർഷ അലോട്ടുമെൻറ്. ഇത് തീരെ മതിയാകുന്നില്ല. 1995 ലെ കണക്കനുസരിച്ച് ഔട്ട് പേഷ്യൻറ് വിഭാഗത്തിൽ 57000 പേരും 200നും 250നും മദ്ധ്യേ കിടത്തിചികിത്സിക്കുന്നവരുമുണ്ടായിരുന്നു.

ഈ ചികിത്സാലയം പഞ്ചായത്തിലെ ജനങ്ങൾക്കു പ്രയോജനകരമായി പ്രവർത്തിക്കുന്നതിനും സുരക്ഷിതബോധത്തോടെ രോഗികൾക്ക് അവിടെ കിടന്നു ചികിത്സിക്കുന്നതിനും താഴെ പറയുന്ന സൗകര്യങ്ങൾ അനിവാര്യമാണ്.

1) ഒരു ലേഡീ ഡോക്ടർ

2) ഒരു ലാബറട്ടറി ടെക്നീഷ്യൻ

ഉപകരണങ്ങൾ:

1. ഓക്സിജൻ സിലിണ്ടറുകൾ
2. വീൽ ചെയറുകൾ
3. ഓട്ടോ ക്ലേവ്
4. ഡ്രസ്സിംഗ് ബിൽ
5. ഫർണിച്ചർ ആവശ്യമായത്ര
6. രോഗികൾക്ക് ഭക്ഷണം നല്കാനുള്ള ഏർപ്പാട്

മറ്റുസൗകര്യങ്ങൾ:

1) ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റു നിരന്തര സാന്നിദ്ധ്യം ആവശ്യമുള്ള ജീവനക്കാർക്കും ക്വാർട്ടേഴ്സ് ഉണ്ടാകണം.

2) ഡോക്ടറുടെയും നഴ്സുമാരുടെയും സേവനം രാത്രിയിലും ലഭിക്കണം.

3) ടെലഫോൺ ഏർപ്പെടുത്തണം.

4) ഒഴിഞ്ഞുകിടക്കുന്ന കയർ വാർഡിൽ ആവശ്യമായത്ര സ്റ്റാഫിനെ നിയമിച്ച് രോഗികളെ കിടത്തി ചികിത്സിക്കത്തക്കവിധം പ്രയോജനപ്പെടുത്തണം.

5) കിടന്നു ചികിത്സിക്കുന്ന ഇൻ-പേഷ്യൻറിന് സുരക്ഷിതത്വബോധവും വിശ്വാസവും ആർജ്ജിക്കാൻ വേണ്ട പ്രാഥമിക കാരുണ്യങ്ങൾക്ക് ഏർപ്പാടുണ്ടാക്കണം.

ആയുർവ്വേദവിഭാഗം

1958-ൽ ആരംഭിച്ച ഈ ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി കുമ്പളം ദ്വീപിലാണു പ്രവർത്തിക്കുന്നത്. വാടകക്കെട്ടിടത്തിലാണ് സ്വന്തം കെട്ടിടമില്ല. ഡിപ്പാർട്ടുമെൻറു തന്നെ നേരിട്ടു വാടകനല്കുന്നു. ഈ കെട്ടിടത്തിൽ വൈദ്യുതി ഇല്ല എന്നതിനുപുറമേ, പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യമില്ലാത്ത ഒരു പഴയ കെട്ടിടവുമാണ്. ഡോക്ടർമാർ ഉൾപ്പെടെ 4 ഉദ്യോഗസ്ഥരുണ്ട്. രണ്ടരലക്ഷത്തോളം സംഖ്യ പ്രതിവർഷം ചെലവാക്കുന്നു. മരുന്നുകൾ നല്കുന്നത് 60% കഷായം എക്സ്ട്രാക്ടും 40% തയ്യാറാക്കിയ മരുന്നുക (എണ്ണ, കുഴമ്പുകൾ അസവാരിഷ്ടങ്ങൾ, ഗുളികകൾ, ചൂർണ്ണങ്ങൾ തുടങ്ങിയവ) ളുമായാണ് ഗവൺമെൻറ് സപ്ലൈ ചെയ്യുന്നത്. യഥാർത്ഥത്തിൽ ഇവിടത്തെ രോഗികളുടെ ആവശ്യവുമായി ബന്ധപ്പെട്ടുനോക്കുമ്പോൾ കഷായം 13% മാത്രമേ വേണ്ടു. ബാക്കി 87% തയ്യാറാക്കിയ മരുന്നുകളാണ് വേണ്ടത്. ഡിസ്പെൻസറിയിൽ വരുന്ന രോഗികളുടെ ആവശ്യം കണക്കിലെടുത്ത് വേണ്ട മരുന്നുകൾ ഇൻഡൻറ് ചെയ്യാനുള്ള സ്വാതന്ത്ര്യം ഡിസ്പെൻസറി അധികൃതർക്കുണ്ടായാൽ മേൽപറഞ്ഞ പോരായ്മ പരിഹരിക്കാം. മറ്റൊരു ബുദ്ധിമുട്ട് മരുന്നുകൾക്കുള്ള അലോട്ടുമെൻറ് സംഖ്യ വർദ്ധിക്കാതിരിക്കുകയും മരുന്നുകളുടെ വിലവർദ്ധിക്കുകയും ചെയ്യുന്നതോടെ കിട്ടുന്ന മരുന്നുകളുടെ അളവു കുറഞ്ഞുകുറഞ്ഞു വരുന്നു.

ഡിസ്പെൻസറിയിൽ ആവശ്യത്തിന് ഫർണിച്ചറുകൾ ഒന്നുതന്നെയില്ല. ഈ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കാനുള്ള ശ്രമങ്ങൾ ഇതേവരെ വിജയിച്ചിട്ടില്ല. ഭൂമിയില്ലാത്തതാണ് പ്രധാനകാരണം. പണ്ടു പഞ്ചായത്ത് ആവശ്യത്തിനു ഗവൺമെൻറ് അക്വയർ ചെയ്തിട്ടിരിക്കുന്ന സ്ഥലം (ചതുപ്പുനിലമാണ്) ഈ ആവശ്യത്തിന് പഞ്ചായത്തിന് കൈമാറിത്തരാൻ സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കയാണ്. ഭൂമി കിട്ടുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണത്തിന് ശ്രമങ്ങൾ തുടരണം.

ആയുർവ്വേദ ഡിസ്പെൻസറിയുടെ കാര്യത്തിൽ താഴെപറയുന്ന കാര്യങ്ങൾ അടിയന്തിരമായി ചെയ്യണം.

1) കുമ്പളം ദ്വീപിൽ കഴിയുന്നിടത്തോളം മദ്ധ്യഭാഗത്ത് സൗകര്യപ്രദമായ ഒരു ഡിസ്പെൻസറി കെട്ടിടം സ്വന്തമായി ഉണ്ടാകണം.

2) മരുന്നുകൾക്ക് പ്രതിവർഷം അനുവദിക്കുന്ന സംഖ്യ ഗണ്യമായി വർദ്ധിപ്പിക്കണം.

3) ഡിസ്പെൻസറിയിൽ വരുന്ന രോഗികളുടെ പൊതുവായ രോഗസ്ഥിതി കണക്കിലെടുത്തും മറ്റും ആവശ്യമായിവരുന്ന മരുന്നുകൾ ഏതൊക്കെയെന്ന് നിശ്ചയിച്ച് അതനുസരിച്ചു ഇൻഡൻറ് ചെയ്യാൻ ഡോക്ടറെ അനുവദിക്കണം.

4) 10,000 ക. യുടെയെങ്കിലും ഫർണിച്ചറുകൾ അനുവദിക്കണം.

## ഹോമിയോ ഡിസ്പെൻസറി

ചേപ്പനം-ചാത്തമ്മ ദ്വീപിലുള്ള സർക്കാർ ഹോമിയോ ഡിസ്പെൻസറിയും വ്യത്യസ്തമല്ല. 1982ൽ ആണ് ഇതു സ്ഥാപിച്ചത്. വാടകക്കെട്ടിടമാണ്. വാടക പഞ്ചായത്ത് നല്കുന്നു. പ്രാഥമികാവശ്യങ്ങൾക്കു മാത്രമല്ല, യാതൊന്നിനും സൗകര്യമില്ലാത്ത കെട്ടിടം. ഡോക്ടർ ഉൾപ്പെടെ ജീവനക്കാർ 4 പേരുണ്ട്. മരുന്നുകൾ സൂക്ഷിക്കു

വാൻ അലമാരയോ മറ്റു ഫർണിച്ചറുകളോ ഒന്നു തന്നെയില്ല. ഡിസ്പെൻസറിയിലേക്ക് പോകുവാൻ വഴിയില്ല. സ്വന്തമായി കെട്ടിടമുണ്ടാകേണ്ടതുണ്ട്. കെട്ടിടമുണ്ടാകുന്നതുവരെ സൗകര്യപ്രദവും വാഹനസൗകര്യമുള്ളതുമായ ഒരു വാടക കെട്ടിടം കണ്ടെത്തി അങ്ങോട്ടു മാറ്റണം.

സ്വകാര്യ നഴ്സിംഗ് ഹോമുകൾ ഈ പഞ്ചായത്തിൽ പലതും ഉണ്ടാവുകയും ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴുള്ളവ താഴെ പറയുന്നവയാണ്.

1) പനങ്ങാട് മെഡിക്കൽ സെൻറർ, പനങ്ങാട്. 6 മുതൽ 10 വരെ രോഗികളെ കിടത്തി ചികിത്സിക്കാം. ഡോക്ടർ ഒന്നുമാത്രം.

2) ബോമിയോ ഹോസ്പിറ്റൽ, കുമ്പളം. 8 മുതൽ 12 വരെ രോഗികളെ കിടത്തി ചികിത്സിക്കാം. ഡോക്ടർ 1.

3) കുമ്പളം മെഡിക്കൽ സെൻറർ, വൈകുന്നേരം 5 മുതൽ 8 വരെ രോഗികളെ പരിശോധിച്ചു മരുന്നുകൊടുക്കൽ മാത്രം.


## ശ്മശാനങ്ങൾ

ഇപ്പോൾ ചേപ്പനം-ചാത്തമ്മ ദ്വീപിലെ ചേപ്പനത്ത് ഒരു ഹരിജൻ ശ്മശാനവും കുമ്പളം ദ്വീപിൽ ഒരു പൊതുശ്മശാനവുമുണ്ട്. ഹരിജൻ ശ്മശാനത്തിലേക്ക് ഫുട്പാത്ത് പണിതുകൊണ്ടിരിക്കുന്നു. കുമ്പളം പൊതുശ്മശാനത്തിലേക്ക് പോകുവാൻ ഇനിയും ഒരു വഴിയുണ്ടായിട്ടില്ല. ഏറ്റവും കുറഞ്ഞത് ചേപ്പനത്തും പനങ്ങാട്ടും ഓരോ പൊതു ശ്മശാനങ്ങൾ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

## കക്കൂസുകൾ

കക്കൂസുകൾ വേണ്ടത്ര ഇല്ലാത്തത് ഈ പഞ്ചായത്തിൽ ഒരു വലിയ പ്രശ്നമാണ്. ഓരോ വാർഡിലും 50% മുതൽ 60% വരെ വീടുകൾക്ക് ഇന്ന് കക്കൂസുകളില്ല. ഓരോ കുടുംബത്തിൻെറയും വരുമാനപരിധി ആധാരമാക്കി അർഹിക്കുന്ന സബ്സിഡിയും ആനുകൂല്യങ്ങളും നല്കി എല്ലാവർക്കും കക്കൂസുകൾ ഉണ്ടാകേണ്ടത് പൊതുജനാരോഗ്യപ്രശ്നപരിഹാരത്തിൽ അതിപ്രധാനമായ ഒന്നാണ്.

അതുപോലെതന്നെ വെള്ളക്കെട്ടുകളും അഴുക്കുചാലുകളും ഓരോ വാർഡിലും ധാരാളം സ്ഥലത്തുണ്ട്. ഇവയെല്ലാം ഒഴുക്കിക്കളയുന്നതിന് ആവശ്യമായത്ര കാനകൾ പണിയുന്നതും കാനകൾ പണിയുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതും ചെറിയൊരുകാര്യമല്ല. റോഡുകളുടെയും നടപ്പാതകളുടെയും വീതി സമീപവാസികൾ കയ്യേറുന്നതുമൂലം കുറഞ്ഞുകൊണ്ടുവരികയാണ്. ഇതിനുപുറമേ വഴിയോരങ്ങളിൽ കാന പണിയുന്നത് അതിനുവേണ്ട പ്രത്യേകം സ്ഥലം കിട്ടാതെയാണെങ്കിൽ നിലവിലുള്ള റോഡുകൾ വാഹനഗതാഗതയോഗ്യമല്ലാതാകും. എങ്ങിനെയൊക്കെയാണെങ്കിലും വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിന് എന്തുചെയ്തും നടപടികൾ ഉണ്ടാകേണ്ടതുണ്ട്.



# വ്യവസായം

ഈ പഞ്ചായത്തിൽ ഇപ്പോൾ കാര്യമായ വ്യവസായങ്ങൾ ഒന്നുംതന്നെയില്ലെന്നു വേണം പറയാൻ. പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ ആരുംതന്നെ ഇന്നിവിടെയില്ല. എന്നിരുന്നാലും കുറച്ചുപേർ മത്സ്യവ്യവസായത്തിലും, ബേക്കറി, സോഡാ ഫാക്ടറി തുടങ്ങിയ കുടിൽ വ്യവസായത്തിലും, ചെറുകിട വ്യവസായങ്ങളായ വസ്ത്രനിർമ്മാണം, ഭക്ഷ്യസംസ്കരണം. മുതലായവയിലും ഏർപ്പെട്ടിരിക്കുന്നു.

കയർ വ്യവസായം, തഴപ്പായനെയ്ത്ത് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്നവർ ഏറെയധികം ഈ പഞ്ചായത്തിലുണ്ടായിരുന്നു. എന്നാൽ കാലക്രമേണ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും മറ്റു പല കാരണങ്ങളുംമൂലം പരമ്പരാഗത വ്യവസായങ്ങൾ എല്ലാം ഇവിടെ അന്യംനിന്നു.

മത്സ്യവ്യവസായത്തിന്റെ കാര്യത്തിലാണെങ്കിൽ, ഏതാനും സ്വകാര്യ പീലിംഗ് ഷെഡുകൾ ഒഴിച്ചാൽ മറ്റു യാതൊരുതരത്തിലുമുള്ള മത്സ്യസംസ്കരണവും ഇവിടെ നടക്കുന്നില്ല. കായലിനാൽ ചുറ്റപ്പെട്ട കുമ്പളം പഞ്ചായത്തിൽ മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചവർ വളരെയേറെ പേരുണ്ട്. എന്നാൽ ലഭിക്കുന്ന മത്സ്യങ്ങളിൽ അധികവും പുറമേ കൊണ്ടുപോയി വില്ക്കുകയാണ് ചെയ്യുന്നത്.

കുടിൽ വ്യവസായമായ പപ്പട നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾ 4-5 എണ്ണം ഈ പഞ്ചായത്തിലുണ്ട്. എന്നാൽ പ്രധാന അസംസ്കൃതവസ്തുവായ ഉഴുന്നിന്റെ വിലക്കൂടുതൽ കാരണം ഇവരും ഇപ്പോൾ പ്രതിസന്ധിയെ നേരിടുകയാണ്. കൊല്ലൻമാരുടെ 6 ഉലകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ആഭ്യന്തരമായി ധാരാളം വിപണന സാധ്യതയുള്ള ബേക്കറി വ്യവസായത്തിൽ 5 ബേക്കറി യൂണിറ്റ് പ്രവർത്തിക്കുന്നു. കുമ്മായ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതാനും ചില കുടുംബങ്ങളുമിവിടെയുണ്ട്. കറിപ്പൊടി നിർമ്മാണ യൂണിറ്റുകളും സോഡാ ഫാക്ടറിയും ഇവിടെ പ്രവർത്തിക്കുന്നു.

വ്യവസായത്തിന് ഒട്ടേറെ സാധ്യതകളുള്ള ഒരു സ്ഥലമാണ് കുമ്പളം പഞ്ചായത്ത്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ദൗർല്ലഭ്യവും അവശ്യസാധനങ്ങളുടെ വിലക്കയറ്റവും മൂലം കയർ, തഴപ്പായ നെയ്ത്ത്, തുടങ്ങിയ വ്യവസായങ്ങൾ അന്യംനിന്നുപോവുകയും, മറ്റു പല വ്യവസായങ്ങളും ഇന്ന് പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും ചെയ്യുന്നു.

കയർ വ്യവസായത്തിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഒരു കാലഘട്ടംവരെ ഈ പഞ്ചായത്തിലെ പ്രധാനതൊഴിൽ കയർ മേഖലയിലായിരുന്നു. ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് മറ്റു രംഗങ്ങളിൽ പണി ചെയ്താൽ കിട്ടുന്ന വേതനത്തിൻെറ നാലിൽ ഒരു ഭാഗം വേതനംപോലും ലഭിക്കാതെ വന്നപ്പോൾ തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് തൊഴിൽ തേടി പോകേണ്ടിവന്നു. ഉല്പാദന ചെലവിൽ കവിഞ്ഞ കൂലിനല്കാൻ തൊഴിലുടമകൾക്ക് സാദ്ധ്യമല്ലാതെ സ്വകാര്യ ഉടമകളും സഹകരണസംഘങ്ങളും പ്രവർത്തനം നിർത്തേണ്ട സാഹചര്യം ഉണ്ടായി. ഇവിടെ ഒരുകാലത്ത് നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന കയർ വ്യവസായസഹകരണ സംഘത്തിന് (ഇ-580) പനങ്ങാട് 627 അംഗങ്ങളും സ്വന്തമായി ഓഫീസും സ്ഥലവും, മടൽ പടന്നയുമായി 41 സെൻറ് സ്ഥലവും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഈ സ്ഥലം പ്രവർത്തനരഹിതമാണ്.

ഇന്നു നടപ്പാക്കിക്കൊണ്ടിരിക്കുന്ന യന്ത്രവൽക്കൃത റാട്ടുകൾവച്ച് പിരി നടത്തുവാനും അതിനുവേണ്ട പരിശീലനവും, സാമ്പത്തിക സഹായവും പുനർവായ്പാനടപടികളും സ്വീകരിച്ചാൽ കുറച്ച് സ്ത്രീപുരുഷന്മാർക്ക് തൊഴിൽ നല്കാൻ കഴിയുന്നതും, ഉല്പാദനം വർദ്ധിക്കുന്നതിൻെറ ഫലമായി മെച്ചപ്പെട്ട വേതനം നല്കാൻ കഴിയുന്നതുമാണ്.

വേമ്പനാട്ട് കായലിൻെറ മടിത്തട്ടിൽ കിടക്കുന്ന കുമ്പളം പഞ്ചായത്തിൽ മത്സ്യവ്യവസായം നന്നായി നടത്താൻ കഴിയും. ചെമ്മീൻ കെട്ടുകൾ വളരെ ഫലപ്രദമായി ഇവിടെ പ്രവർത്തിക്കുന്നു. എന്നാൽ ഈ കെട്ടുകളിൽ നിന്ന് ലഭിക്കുന്ന ചെമ്മീൻ സംസ്കരിക്കുവാൻ ഏതാനും സ്വകാര്യ പീലിംഗ് ഷെഡുകളൊഴിച്ചാൽ മറ്റൊന്നും തന്നെയില്ല. ചെമ്മീൻ കൃഷിക്കു പറ്റിയ ധാരാളം സ്ഥലങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ചെമ്മീൻ കൃഷി ശാസ്ത്രീയമായി നടത്തിയാൽ കൂടുതൽ വിളവു ലഭിക്കും. ഇങ്ങനെ ലഭിക്കുന്ന ചെമ്മീൻ സംസ്കരിച്ച് കാനിംഗ്, ഫ്രീസിംഗ്, ഉൾപ്പെടെയുള്ളതും നടത്തി കയറ്റുമതി ഉൾപ്പെടെ നടത്തുന്നതിനു കഴിയുന്ന ഒരു സംസ്കരണഫാക്ടറി സ്വകാര്യാടിസ്ഥാനത്തിലോ സഹകരണാടിസ്ഥാനത്തിലോ സ്ഥാപിക്കാൻ കഴിഞ്ഞാൽ ഉദ്ദേശം 125 പേർക്കെങ്കിലും പുതുതായി തൊഴിൽ നല്കാൻ സാധിക്കും.

കുമ്പളം പഞ്ചായത്തിൽ നിലവിൽ നടന്നു വരുന്നതും പുതുതായി ആരംഭിക്കാൻ കഴിയുന്നതുമായ പരമ്പരാഗതവും ആധുനികവുമായ വ്യവസായങ്ങളെ സംബന്ധിച്ച രൂപരേഖ.

## 1. പരമ്പരാഗത വ്യവസായം

1. കയർ വ്യവസായം
2. കൈത്തറി വ്യവസായം/ഖാദി
3. മത്സ്യ വ്യവസായം
4. തഴപ്പായ നെയ്ത്ത്
5. കരകൗശല വ്യവസായം

## 2. കുടിൽ വ്യവസായം

1. പപ്പട വ്യവസായം

2. കൊല്ലപ്പണി

3. ബീഡി വ്യവസായം - സോപ്പ്

4. ബേക്കറി വ്യവസായം

5. കുമ്മായ വ്യവസായം - അപ്ഹോൾസ്റ്ററി & ലതർവർക്ക്സ്

6. കറിപൗഡർ വ്യവസായം & ഡ്രൈക്ലീനിംങ് സെൻറർ

7. സോഡാ ഫാക്ടറി

## 3. ചെറുകിട വ്യവസായം

1. കൊപ്രാസംസ്കരണ യൂണിറ്റ്

2. വളം നിർമ്മാണം - കാലിത്തീറ്റ യൂണിറ്റുകൾ

3. ഫർണ്ണിച്ചർ പ്രൊഡക്ഷൻ (മരവും സ്റ്റീലും ഉപയോഗിച്ച്)

4. മെക്കാനിക്കൽ സർവീസ് യൂണിറ്റുകൾ

5. ഗാർമെൻറ്സ് മെയ്ക്കിങ്ങ് യൂണിറ്റുകൾ

6. അച്ചടി വ്യവസായം

7. വെൽഡിങ്ങ് റോഡ് ഫാക്ടറി

8. സോമില്ല് യൂണിറ്റ്

9. കെട്ടിട നിർമാണ ഉപകരണ യൂണിറ്റ് (ഹോളോ ബ്രിക്സ്, കട്ല, ജനൽ, കിണറിനുള്ള റിംഗ് എന്നിവയുടെ നിർമാണം)

10. ഐസ് പ്ലാൻറ്.

11. ഫുഡ് പ്രൊസസ്സിംഗ് യൂണിറ്റുകൾ

12. ക്ഷീരോൽപ്പന്ന യൂണിറ്റുകൾ

13. കേരോൽപ്പന്ന യൂണിറ്റുകൾ (നാളികേര ക്രീം, പൗഡർ, ഇളനീർ ബോട്ട്ലിംഗ് മുതലായവ.) (ഈർക്കിൽ, ചകിരി, ചിരട്ടക്കരി എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം)

14. മോട്ടോർ ബോഡി ബിൽഡിംഗ് യൂണിറ്റ്

15. വല നിർമാണ ഫാക്ടറി

16. ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

17. ഉപഭോക്തൃ സംഘടനയുടെ എൽ.പി. ജി. ഗ്യാസ് ഏജൻസി (വനിതകൾക്ക്)

### 1. കയർ വ്യവസായം

ഒരു കാലഘട്ടം വരെ ഈ പഞ്ചായത്തിലെ പ്രധാനതൊഴിൽ കയർ മേഖലയിലായിരു ന്നു. ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക്, മറ്റു രംഗങ്ങളിൽ പണിചെ യ്താൽ കിട്ടുന്ന വേതനത്തിൻെറ നാലിൽ ഒന്നുഭാഗം വേതനം പോലും ലഭിക്കാതെ വന്നപ്പോൾ തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് തൊഴിൽ തേടിപ്പോവേണ്ടിവന്നു. ഉൽപ്പാദനച്ചെലവിൽ കവിഞ്ഞ കൂലി നൽകാൻ തൊഴിലുടമകൾക്ക് സാദ്ധ്യമല്ലാതെ സ്വകാര്യ ഉടമകളും സഹകരണ സംഘങ്ങളും പ്രവർത്തനം നിറുത്തേണ്ട സാഹചര്യം ഉണ്ടായി. ഇവിടെ നല്ലനിലയിൽ പ്രവർത്തിച്ചിരു ന്ന കയർ വ്യവസായ സഹകരണസംഘം 'ഇ-580' പനങ്ങാട്, 677 അംഗങ്ങളും സ്വന്തമായി ഓഫീസും സ്ഥലവും, മടൽ പടന്നയുമായി നാൽപ്പത്തൊന്നു (41) സെൻറ് സ്ഥലവും ഉണ്ട്. കയർ വിരിക്കുന്നതിന് ചകിരി കിട്ടാൻ സാദ്ധ്യതയുമുണ്ട്. ഇന്നു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നൂറു (100) യന്ത്രവൽകൃത റാഡുകൾവച്ച് പിരി നടത്തുവാനും അതിനുവേണ്ട പരിശീലനം (സമ്പത്തും) പുനർവായ്പാ നടപടികളും സ്വീകരിച്ചാൽ നൂറ് (100) വനിതകൾക്കും പത്തു (10) പുരുഷന്മാർക്കും തൊഴിൽ നൽകാൻ കഴിയുന്നതും, ഉൽപാദനം വർദ്ധിക്കുന്നതിൻെറ ഫലമായി മെച്ചപ്പെട്ട വേതനം നൽകാൻ കഴിയുന്നതുമാണ്. പുനർപ്രവർത്തന മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

### 2. കൈത്തറി വ്യവസായം

40-ഓളം പേർ ഈ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. ഇന്ന് ആരും തന്നെ പ്രവർത്തിക്കുന്നില്ല. കൈത്തറി നെയ്ത് രംഗത്ത് കുമ്പളം സെൻറ് ജോസഫ് ചർച്ചിൻെറ നേതൃത്വത്തിൽ 15 പേർക്ക് തൊഴിൽ പരിശീലനം നൽകിയ വനിതകൾ ഉണ്ട്. ഇവരിൽ ചിലർ ടൈസം

അനുസരിച്ച് പരിശീലനം നേടിയവരാണ്. ഇവർക്ക് വായ്പകൾ നൽകി ഒരു യൂണിറ്റിൻെറ കീഴിൽ കൊണ്ടുവന്നാൽ 15 പേർക്ക് തൊഴിൽ നൽകാൻ കഴിയുന്നതാണ്.

3. ഖാദിവ്യവസായം

ഖാദി വ്യവസായത്തിൽ 50 പേർക്ക് പരിശീലനം നൽകി 2 യൂണിറ്റുകളായി പ്രവർത്തിക്കുന്നതിനു വേണ്ട സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകിയാൽ 50 വനിതകൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന താണ്.

## 4. മത്സ്യവ്യവസായം

പഞ്ചായത്തിലെ വിസ്തൃതമായ വേമ്പ നാട്ട് കായലിൻെറ കൈവഴികളായ കായലുകൾ, തോടുകൾ എന്നിവിടങ്ങളിൽനിന്ന് ഊന്നിവല, ചീനവല, ഓടിവല, വീശുവല, വടിവല എന്നിവ ഉപയോഗിച്ചും ചെമ്മീൻ കെട്ടുകൾ നടത്തിയും ഏതാണ്ട് 600 ടൺ തെരളിചെമ്മീൻ, 50 ടൺ നാരൻചെമ്മീൻ, 40 ടൺ ചൂടൻചെമ്മീൻ, അര ടൺ കാര, അര ടൺ കൊഞ്ച്, കാൽ ടൺ ഞണ്ട്, 200 ടൺ മത്സ്യം എന്നിവ ശേഖരിക്കുകയും അവ പീലിങ്ങ് ചെയ്യുന്നതിന് 11 പീലിങ്ങ് ഷെഡുകൾ ഉള്ളതുമാണ്. ഈ പീലിങ്ങ് ചെയ്തു മീറ്റ് കാനിങ്ങും ഫ്രീസിങ്ങും നടത്തി എക്സപോർട്ട് ഉൾപ്പെടെ നടത്തുന്നതിന് കഴിയുന്ന ഒരു സംസ്കരണ ഫാക്ടറി സ്വകാര്യമോ സഹകരണാടിസ്ഥാനത്തിലോ നടത്താൻ കഴിഞ്ഞാൽ പുതുതായി 100 സ്ത്രീകൾക്കും 25 പുരുഷന്മാർക്കും ജോലി ലഭിക്കുന്നതും മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വില നൽകാൻ കഴിയുന്നതുമാണ്.

## 5. തഴപ്പായനെയ്ത്ത്

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളുടെ പരമ്പരാഗത തൊഴിലാണ് തഴപ്പായ നെയ്ത്ത്. ആധുനിക ജീവിതസൗകര്യം വന്നതോടെ അവർ ഉൽപ്പാദിപ്പിച്ചിരുന്ന തച്ചുപായ, ചിക്കുപായ, ചൂടുന്നപുട്ടി, ചെറിയതടുക്ക് പായ എന്നീ ഇനങ്ങളിൽ ചിലതിന് മാർക്കറ്റ് ഇല്ലാതായി. ഇതിനാവശ്യമായ അസംസ്കൃതവസ്തുവായ തഴമുമ്പെ ന്നത്തേതുപോലെ സുലഭമല്ലായെങ്കിലും ഉള്ളവ ഉപയോഗിക്കാൻ കഴിയുന്നില്ല. പഞ്ചായത്തതിർത്തിയിൽ 40-ഓളം പേർ ഇന്നും ഒരു ഉപതൊഴിലായി തുടർന്നുവരുന്നു. എന്നാൽ ചിക്കുപായ, തച്ചുപായ, തടുക്ക് എന്നിവയ്ക്ക് ഇന്നും ആഭ്യന്തരരംഗത്ത് നല്ല വിപണന സാദ്ധ്യതയുണ്ട്. ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘം രൂപീകരിച്ച് പ്രവർത്തനം നടത്താൻ തീരുമാനിച്ചാൽ 50 വനിതകൾക്കും 5 പുരുഷന്മാർക്കും തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുണ്ട്.

## 6. കരകൗശല വ്യവസായം

ചിരട്ട, മരം എന്നിവ ഉപയോഗിച്ച് ശില്പ ചതുര്യതയോടെ കരകൗശലനിർമ്മാണം നടത്തുന്ന ഒരുയൂണിറ്റ് പനങ്ങാട് പ്രവർത്തിക്കുന്നു. ഇതിൽ രണ്ടുപേർ തൊഴിൽ ചെയ്യുന്നു. ധാരാളം വിപണനസാദ്ധ്യതയുള്ളതും അസംസ്കൃതവസ്തുക്കൾ കിട്ടാൻ കഴിയുന്നതുമായ ഈ പഞ്ചായത്തിൽ ഈ തൊഴിൽ പരിശീലനം ഉള്ള 10-ഓളം വിദഗ്ദ്ധർ ഉണ്ട്. ഇവരെ ഉപയോഗിച്ച് 4 യൂണിറ്റുകൾ പുതുതായി തുടങ്ങാൻ കഴിയുന്നതുമാണ്. 12 പേർക്ക് ഈ രംഗത്ത് തൊഴിൽ ലഭിക്കുന്നതാണ്.

## 7. പപ്പടം, കറിപൗഡർ, സോപ്പ്

ഈ ഇനങ്ങളിൽ രജിസ്റ്റർചെയ്ത 8 S.S.I യൂണിറ്റുകളുണ്ട്. ഇതിൽ എല്ലാംകൂടി 30 പേർ തൊഴിലെടുക്കുന്നു. സോപ്പ് വ്യവസായത്തിൽ കൂടുതൽ പണം മുടക്കാൻ കഴിഞ്ഞാൽ ഇന്നുള്ളതിൻെറ 50% പേരെ (4 പേരെ) കൂടി പുതുതായി ജോലിനൽകാൻ കഴിയുന്നതാണ്. വിപണനസാദ്ധ്യതയുണ്ട്.

## 8. ബീഡി വ്യവസായം

ഒരുകാലത്ത് 100-ഓളം പുരുഷന്മാർ പഞ്ചായത്തിൽ ബീഡിതെറുപ്പ് തൊഴിൽ ചെയ്തിരുന്നു. ഇന്നം നിശ്ശേഷം ഇല്ല. എന്നാൽ 10 വനിതകൾ കുമ്പളം സെൻറ് ജോസഫ് ചർച്ചിൻെറ കീഴിൽ പരിശീലനം പൂർത്തിയായവർ ഉണ്ട്. ഇവരെ ഒരു

വനിതാ ഇൻഡസ്ട്രിയൽ സൊസൈറ്റിയുടെ കീഴിൽ സംഘടിപ്പിച്ചാൽ ഈ രംഗം വികസിപ്പിച്ചെടുക്കാൻ കഴിയുന്നതാണ്.

### 9. കൊല്ലപ്പണി

പരമ്പരാഗതമായി അനുഭവസമ്പത്തുകൾ ഉള്ള കൊല്ലന്മാരുടെ 6 ആലകൾ ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ 6 ബ്ലാക്ക് സ്മിത്ത് യൂണിറ്റുകളിൽ 10 പേർ ജോലി ചെയ്യുന്നു. ഇവിടെ പരിശീലനംനേടിയ മറ്റ് 10 പേർ വിവിധ സ്ഥലങ്ങളിൽ ഉപതൊഴിൽ ചെയ്യുന്നവരുമുണ്ട്. ഈ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകി പ്രവർത്തിപ്പിച്ചാൽ പുതുതായി 10 പേർക്ക് കൂടി തൊഴിൽ നൽകാൻ കഴിയുന്നതും നാട്ടിൻപുറത്തുള്ള പരമ്പരാഗതമായ കൊല്ലപ്പണിക്കാരുടെ ആലകൾ സംരക്ഷിക്കുന്നതിനും യുവാക്കളെ ഈ രംഗത്തേക്ക് കൊണ്ടുവരുന്നതിനു കഴിയുന്നതുമാണ്.

### 10. ബേക്കറി വ്യവസായം

ആഭ്യന്തരമായി ധാരാളം വിപണന സാദ്ധ്യതയുള്ള ഒന്നാണ് ബേക്കറി വ്യവസായം. പഞ്ചായത്തിൽ 5 ബേക്കറി യൂണിറ്റ് പ്രവർത്തിക്കുന്നു. ബേക്കറി സാധനം ഉണ്ടാക്കാൻ പരിശീലനം നേടിയ 8 പേർ വേറെയും ഉണ്ട്. ഇവർക്ക് 2 യൂണിറ്റു കൂടി തുടങ്ങാൻ കഴിയുന്നതാണ്. ഇന്ന് 5 യൂണിറ്റിൽ 12 പേർ പണിയെടുക്കുന്നു. രണ്ടെണ്ണം പുതുതായി തുടങ്ങിയാൽ 8 പേർക്ക് കുടി തൊഴിൽ ലഭിക്കുന്നതാണ്.

### 11. അപ്ഹോൾസ്റ്ററി & ലതർ വർക്ക്സ്

ഈ പഞ്ചായത്തിൽ 2 അപ്ഹോൾസ്റ്ററി യൂണിറ്റും ഒരു ലതർ വർക്ക് യൂണിറ്റുമുണ്ട്. ഇതിൽ മൊത്തം 7 പേർ ജോലിചെയ്യുന്നു. പരിശീലനം സിദ്ധിച്ച 8 പേർ വേറെയും ഉണ്ട്. ഈ രംഗത്ത് വനിതകൾക്കുകൂടി പരിശീലനം നൽകി ഒരു ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിൽകൊണ്ടുവന്നാൽ 18 പേർക്കുകൂടി തൊഴിൽ ലഭിക്കുന്നതാണ്.

### 12. ഡ്രൈക്ലീനിംഗ് യൂണിറ്റ്

ഇന്നു ധാരാളം ആളുകൾ ഡ്രൈക്ലീനിംഗിന് എറണാകുളത്തുകൊണ്ടുപോയി ക്ലീനിംഗ് നടത്തുന്നവരാണ്. പരിശീലനം സിദ്ധിച്ച വനിതകൾ ഉൾപ്പെടെ 10 പേർ ഈ പഞ്ചായത്തിൽ ഉണ്ട്. ഇവരെ ഉപയോഗിച്ച് 2 യൂണിറ്റ് തുടങ്ങിയാൽ 10 പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

### 13. സോഡാഫാക്ടറി

ഈ പഞ്ചായത്തിൽ 5 സോഡാഫാക്ടറിയുണ്ട്. 13 പേർ ജോലിചെയ്യുന്നു. ഈ സ്ഥാപനത്തിന് ആധുനികരീതിയിൽ പ്രവർത്തിക്കാൻ വേണ്ടുന്ന സാമ്പത്തികസഹായം ലഭിച്ചാൽ പുതുതായി 15 പേർക്കുകൂടി തൊഴിൽ നൽകാൻ കഴിയുന്നതും, വിപണനസാദ്ധ്യതയുള്ളതുമാണ്.

### 14. കുമ്മായവ്യവസായം

40 പേർ കക്കാവാരൽ ഉപതൊഴിൽ ചെയ്യുന്നവരുണ്ട്. ഈ കക്കാ ഉപയോഗിച്ച് ഒരു കുമ്മായചൂള ഉണ്ടാക്കാൻ കഴിയുന്നതും 3 പേർക്ക് തൊഴിൽ ലഭിക്കുന്നതുമാണ്. വിപണന സാദ്ധ്യതയുള്ളതുമാണ്.

### 15. കൊപ്രസംസ്കരണ യൂണിറ്റ്

മൂന്ന് എണ്ണയാട്ടു യൂണിറ്റു പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതു വികസിപ്പിച്ച് വെളിച്ചെണ്ണ ബോട്ടിലാക്കി കച്ചവടം നടത്തുന്നതിനും പിണ്ണാക്ക് ഉപയോഗിച്ച് അനുബന്ധമായി മറ്റു സാധനങ്ങൾ കൂടിചേർത്ത് കാലിത്തീറ്റ യൂണിറ്റ് കുടി ഉണ്ടാക്കാൻ കഴിഞ്ഞാൽ 30 പേർക്ക് പുതിയതായി തൊഴിൽനൽകാൻകഴിയുന്നതുമാണ്. മിതമായനിരക്കിൽ കാലിതീറ്റ നൽകാൻ കഴിയുന്നതുമാണ്.

### 16. വളംനിർമ്മാണ യൂണിറ്റ്

ചെമ്മീൻതല, ചകിരിചോറ്, ചാണകപ്പൊടി, കുമ്മായം, പച്ചില എന്നിവ ഉപയോഗിച്ച് "രാസജൈവമിശ്രിതം" ഉണ്ടാക്കാൻ കഴിയുന്നതും മിതമായ നിരക്കിൽ ഉൽപ്പാദിപ്പിക്കാൻ കഴി

യുന്നതും തെങ്ങിനും മറ്റ് ഇടവിളകൾക്കും ഉപയോഗിക്കാവുന്നതും കുറഞ്ഞവിലക്ക് വിൽക്കാൻ കഴിയുന്നതും വിപണനസാദ്ധ്യതയുള്ളതുമാണ്. 50 പേർക്ക് ജോലി ലഭിക്കുന്നതുമാണ്.

### 17. കേരോൽപ്പന്ന സംസ്കരണഫാക്ടറി

നാളികേരം ധാരാളം ലഭിക്കുന്ന ഈ പഞ്ചായത്തിൽ നാളികേര ബോർഡിൻെറ സഹായത്തോടെ നാളികേരക്രീം, പൗഡർ, ഇളനീർ പോളിത്തീൻ ബോട്ടിലിംഗ്, എന്നിവയുണ്ടാക്കുന്നതിന് ഒരു യൂണിറ്റ് തുടങ്ങാൻ സാദ്ധ്യതയുള്ളതും 25 പേർക്കു തൊഴിൽ ലഭിക്കുന്നതുമാണ്. വിദേശത്തും, മറ്റു സംസ്ഥാനത്തും ധാരാളം വിപണന സാദ്ധ്യതയുള്ളതുമാണ്.

### 18. കേരോല്പന്ന മൾട്ടിപർപ്പസ് വനിതാ യൂണിറ്റ്

തെങ്ങിൻെറ ഓലമടലിൽനിന്നുള്ള ഈർക്കിലികൊണ്ട് ചൂലും, ഈർക്കിലികൊണ്ട് ഇയർബഡ് (ചെവിയിലെ അഴുക്കു കളയുന്നത്) പല്ലിൻെറ ഇടകുത്തുന്നതിനും ചകിരികൊണ്ട് ബ്രഷും, ചിരട്ടകൊണ്ട് ഐസ്ക്രീം കപ്പും ഉണ്ടാക്കുന്നതിനു രണ്ടു യൂണിറ്റ് സ്ഥാപിക്കാൻ സാദ്ധ്യതയുണ്ട്. കയറ്റുമതിക്ക് വലിയ സാദ്ധ്യതയുള്ള വ്യവസായമാണ്. 60 പേർക്കു തൊഴിൽ സാദ്ധ്യതയുണ്ട്.

### 19. വലനിർമ്മാണ ഫാക്ടറി

ധാരാളം മത്സ്യത്തൊഴിലാളികൾ ഉള്ള ഈ പഞ്ചായത്തിൽ വലയ്ക്കു ധാരാളം വിപണന സാദ്ധ്യതയുണ്ട്. ഒരു വലനിർമ്മാണ ഫാക്ടറി സ്ഥാപിച്ചാൽ 25 പേർക്കു തൊഴിൽ നൽകാൻ കഴിയുന്നതാണ്. പരിചയസമ്പന്നരായ 40-ഓളം പേർ ഉള്ളതുമാണ്.

### 20. ഗാർമെൻറ് മെയ്ക്കിംങ്ങ് യൂണിറ്റ്

പഞ്ചായത്തിൽ 50 പേർ തൊഴിൽചെയ്യുന്ന ഒരു കമ്പനി പ്രവർത്തനം നടത്തിവരുന്നു. കുടിലുകളിൽ ധാരാളംപേർ ഈ ജോലിചെയ്യുന്നവരുണ്ട്. അവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഒരു യൂണിറ്റുകൂടി തുടങ്ങിയാൽ 40 പേർക്കുകൂടി തൊഴിൽ ലഭിക്കുന്നതാണ്.

### 21. ഫർണീച്ചർമാർട്ട്

ഫിറ്റർ, ടർണർ, വെൽഡർ, കാർപ്പൻറർ എന്നീ ഇനത്തിൽ ടെക്നിക്കൽ ക്വാളിഫിക്കേഷൻ ലഭിച്ച 20 പേർ ഈ പഞ്ചായത്തിൽ തൊഴിലില്ലാത്ത യുവാക്കൾ ഉണ്ട്. ഫർണിച്ചർ വർക്കിൽ വൈദഗ്ദ്ധ്യം നേടിയ 40 പേർ വേറെയുമുണ്ട്. ഇവരെയുൾപ്പെടുത്തി മരത്തിൻെറയും, സ്റ്റീലിൻെറയും 2 ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി ഉണ്ടാക്കിയാൽ 30 പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

### 22. വെൽഡിങ്ങ് റാഡ് കമ്പനി

ഒരെണ്ണം ഈ പഞ്ചായത്തിൽ ഉണ്ട് 15 പേർക്ക് തൊഴിൽനൽകുന്നു. വികസിപ്പിച്ചാൽ 10 പേർക്കുകൂടി തൊഴിൽ ലഭിക്കുന്നതാണ്.

### 23. അച്ചടിവ്യവസായം

പഞ്ചായത്തിൽ 3 സ്വകാര്യപ്രസ്സുണ്ട്. സ്വകാര്യപ്രസ്സിൽ 10 പേർ തൊഴിൽ ചെയ്യുന്നു. സുപ്രിയ വ്യവസായ സഹകരണസംഘം ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. പ്രവർത്തിപ്പിക്കാൻ കഴിഞ്ഞാൽ 10 പേർക്കുകൂടി തൊഴിൽ സാദ്ധ്യതയുണ്ടാക്കാൻ കഴിയുന്നതുമാണ്.

### 24. കെട്ടിടനിർമ്മാണോപകരണ യൂണിറ്റ്

ഹോളോബ്രിക്സ്, കട്ല, ജനല എന്നിവ കോൺക്രീറ്റ് ഉപയോഗിച്ച് ഉണ്ടാക്കുന്ന യൂണിറ്റിന് നല്ല സാദ്ധ്യതയുണ്ട്. പരിചയസമ്പന്നരായ തൊഴിലാളികൾ ഉള്ളതുമാണ്. ഈ രംഗത്ത് ഒരു യൂണിറ്റു തുടങ്ങിയാൽ 15 പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

### 25. ഉപഭോക്തൃ സംഘടന വനിതാ ഗ്യാസ് ഏജൻസി

വർദ്ധിച്ചുവരുന്ന ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് ഈ പഞ്ചായത്തിൽ ഉപഭോക്തൃ സംഘടനയുടെ ഒരു വനിതാഗ്യാസ് ഏജൻസി സ്ഥാ

പിച്ചാൽ 3 പേർക്ക് തൊഴിലും ഇന്ധനക്ഷാമം പരിഹരിക്കാൻ കഴിയുന്നതുമാണ്.

## 26. ഓട്ടോമൊബൈൽ വർക്കുഷോപ്പ്

ഈ പഞ്ചായത്തിൽകൂടി നാഷണൽ ഹൈവേ കടന്നുപോകുന്നതുകൊണ്ടും എറണാകുളം പട്ടണത്തിന്റെ അടുത്തു സ്ഥിതിചെയ്യുന്നതുകൊണ്ടും ഒരു ഓട്ടോമോബൈൽ വർക്കുഷോപ്പിന് സാദ്ധ്യതയുണ്ട്. മെക്കാനിക്കൽ ഡിപ്ലോമ ഹോൾഡർ നല്ല എഞ്ചിൻഫിറ്റർ, വർക്കർ എന്നീ നിലയിൽ പരിചയമുള്ള 10 പേർ ഉണ്ട്. ഇവരെ ചേർത്ത് ഒരു സ്ഥാപനം സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയാൽ ധാരാളം വർക്കുകിട്ടാനും 15 പേർക്കു തൊഴിൽ കിട്ടുന്നതുമാണ്.

27. മെക്കാനിക്കൽ സർവീസ് സെൻറർ, ബോഡി ബിൽഡിംഗ് യൂണിറ്റ് എന്നിവ തുടങ്ങാൻ സാദ്ധ്യതയുണ്ട്.

28. രണ്ട് ഐസ് പ്ലാൻറു പ്രവർത്തിക്കുന്നു. 4 പേർക്ക് ജോലിയുണ്ട്. ഒന്നിനുകൂടി സാദ്ധ്യതയുണ്ട്.

29. ഒരു സോമിൽ പ്രവർത്തിക്കുന്നു. 3 പേർക്ക് പണിയുണ്ട്. വേറെ സാദ്ധ്യതയില്ല.

30. രണ്ടു മരംകടച്ചിൽ യൂണിറ്റ് ഫർണീച്ചർ മാർട്ടും കൂടി പ്രവർത്തിക്കുന്നു. 10 പേർക്ക് പണിയുണ്ട്.

31. വനിതകളുടെ DWCRA യുടെ കീഴിൽ രണ്ടു ഫുഡ്പ്രോസസിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. 10 വനിതകൾ പാർട്ട്ടൈം വർക്കുചെയ്യുന്നു.



# ഗതാഗതം, ഊർജ്ജം മാർക്കറ്റ്

ഒരു പ്രദേശത്തിൻെറ വികസനത്തിൽ ഗതാഗതസൗകര്യങ്ങൾ വഹിക്കുന്ന പങ്കു വളരെ വലുതാണ്. സാമ്പത്തികവികാസം കൂടാതെ ഗതാഗതം വികസിപ്പിക്കാനോ ഗതാഗതവികസനം കൂടാതെ സാമ്പത്തികവികാസം നേടാനോ സാധ്യമല്ല. കാർഷിക വ്യാവസായിക മേഖലയെ സംബന്ധിച്ചിടത്തോളം ഗതാഗതം ഒരു പശ്ചാത്തല സൗകര്യമാണ്. എന്നാൽ ഇന്ന് അത്തരത്തിലല്ല ഈ മേഖലയെ കാണുന്നത്. റോഡിനുവേണ്ടിയുള്ള ആവശ്യമുയരുന്നത് ഒരു ജീവിത സൗകര്യം എന്നനിലയിലാണ്. സമ്പത്തുൽപാദനത്തിൻെറ പിൻബലമില്ലാതെയുള്ള ഈ പ്രവണത, ഗതാഗതം വികസിപ്പിക്കുക എന്നത് സർക്കാരിൻെറയോ പഞ്ചായത്തിൻെറയോ ഒരു ബാദ്ധ്യതയായി കാണുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഗതാഗതവികസനം ഒരു ബാദ്ധ്യതയല്ല, മറിച്ച് ഒരു നേട്ടമായി കാണാൻ കഴിയണമെങ്കിൽ സമ്പത്തുൽപാദനവുമായി ബന്ധപ്പെടുത്തി അതിനെ വിലയിരുത്തണം.

NH 47 നമ്മുടെ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. നാഷണൽ ഹൈവേയിലെ കമ്പളം അരൂർ പാലം എറണാകുളം ജില്ലയെ ആലപ്പുഴ ജില്ലയുമായി ബന്ധിപ്പിക്കുന്നു.

എറണാകുളം, ആലപ്പുഴ തീരദേശ റയിൽ പാത പഞ്ചായത്തിലുടെയാണ് കടന്നു പോകുന്നത്. കുമ്പളത്ത് റയിൽവേ സ്റ്റേഷനും രണ്ട് ലവൽക്രോസുകളും രണ്ട് അണ്ടർബ്രിഡ്ജുകളും ഈ പാതയ്ക്കുണ്ട്. പാസഞ്ചർ ട്രയിനുകൾക്ക് കുമ്പളത്ത് സ്റ്റോപ്പുണ്ടെങ്കിലും എറണാകുളം കഴിഞ്ഞാൽ ആദ്യത്തെ ക്രോസിംഗ് സ്റ്റേഷൻ എന്നനിലയിൽ എക്സ്പ്രസ് ട്രയിനുകൾക്ക് സ്റ്റോപ്പനുവദിക്കാനുള്ള സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്. കുമ്പളം പ്രദേശത്തെ നാഷണൽ

ഹൈവേയിൽ വാഹനാപകടങ്ങൾ നിരന്തരം ഉണ്ടാകാറുണ്ട്.

## റോഡ് ഗതാഗതം

റോഡുഗതാഗതത്തിൻെറ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് മെച്ചപ്പെട്ട സ്ഥിതിയിലാണ്.

---

പഞ്ചായത്തിൻെറ വിസ്തീർണ്ണം 20.538

പഞ്ചായത്തു റോഡുകളുടെ വിസ്തീർണ്ണം
10 ഏ. 35 സെൻറ്.

നാഷണൽ ഹൈവേ നീളം 3.50 കി.മീ.

PWD റോഡ് നീളം : 8.00

ആകെ പഞ്ചായത്തു റോഡുകൾ : 26.772 കി.മീ.

ടാർ ചെയ്തവ: 7.00 കി.മീ.

ചെമ്മൺ പാതകൾ : 19.772 കി.മീ.

---

സംസ്ഥാന റോഡ് ശരാശരി ഒരു ചതുരശ്ര കിലോമീറ്ററിന് 3.2 കിലോമീറ്റർ ഗതാഗത യോഗ്യമായ റോഡാണ്. നമ്മുടെ പഞ്ചായത്തിൽ. അത് 3.6 ആണ്. പക്ഷെ റോഡുകളുടെ പൊതു സ്ഥിതി എടുത്താൽ വീതികുറവും കാനകളി ലാത്തതും വെള്ളക്കെട്ടുണ്ടാകുന്നതുമുലം വേഗത്തിൽ പൊട്ടിപ്പൊളിഞ്ഞു കേടുവരുന്നതു മാണന്ന് കാണാം. റോഡിനുവേണ്ടി ആവശ്യം കൂടുതലായി ഉയരുന്നുണ്ടെങ്കിലും ആവശ്യമായ വീതിക്കും കാനക്കും സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാകാഞ്ഞതുമൂലം റോഡുകളുടെ വികസനം തടസ്സപ്പെടുകയും റോഡുകൾ പൊട്ടിപ്പൊളിഞ്ഞു പോകാൻ ഇടയാവുകയും ചെയ്യുന്നു. തന്മൂലം അറ്റകുറ്റപ്പണികൾക്ക് അമിതമായ ചില വാണുണ്ടാകുന്നത്. ഈ പ്രശ്നത്തിനു പരിഹാരം ജനപങ്കാളിത്തത്തോടെ റോഡുകൾ സ്ഥായിയായി നിൽക്കത്തക്കവിധത്തിൽ ആസൂത്രണം ചെയ്യുകയെന്നതാണ്. അനാവശ്യമായ റിപ്പയർ ചിലവുകൾ ഒഴിവാക്കി മെച്ചപ്പെട്ട കൂടുതൽ റോഡുകൾ ഉണ്ടാക്കാൻ ആ പണം വിനിയോഗിക്കാൻ നമുക്കു കഴിയും.

പനങ്ങാട് പി.ഡബ്ളിയു.ഡി. റോഡിന് കാന പണിയാത്തതു മൂലം റോഡു നിരന്തരം നന്നാക്കേണ്ട അവസ്ഥയുണ്ട്. എല്ലാവർഷവും ഇതിനുവേണ്ടി ഭാരിച്ച തുകയാണ് ചിലവഴിക്കുന്നത്. പി.ഡബ്ളിയു.ഡി. റോഡിൽ കാനപണിയേണ്ടത് അടിയന്തിരാവശ്യമാണ്.

ചേപ്പനം ഭാഗത്തേക്ക് കൂടുതൽ ബസ്സുകൾ അനുവദിപ്പിച്ച് ചേപ്പനം ചാത്തമ്മ പ്രദേശവാസികളുടെ യാത്രാക്ലേശം പരിഹരിക്കേണ്ടതാണ്. നിരവധി ബസ്സുകൾ കുമ്പളംവഴി സർവ്വീസ് നടത്തുന്നുണ്ടെങ്കിലും കുമ്പളം നിവാസികളുടെ യാത്ര ദുസ്സഹം തന്നെയാണ്. കുമ്പളത്ത് ട്രിപ്പ് അവസാനിപ്പിക്കുന്ന ബസ്സുകൾ അനുവദിപ്പിക്കുകയും കുമ്പളം നോർത്തുവരെ കുറേ ബസ്സുകൾ ഓടുകയും ചെയ്താൽ യാത്രാക്ലേശത്തിന് ഒരു പരിധിവരെ പരിഹാരമാകും. കുമ്പളം നോർത്തിൽ നിന്നും ഫോർട്ടുകൊച്ചിക്കും കുമ്പളം -തോപ്പുംപടി- എറണാകുളം - കുമ്പളം സർക്കുലർ ബസ്സും യാത്രാ ക്ലേശം കുറക്കുന്നതിന് സഹായിക്കും.

## നിർദ്ദേശങ്ങൾ

1. കുമ്പളം വടക്കേ അറ്റത്ത് തേവരയുമായി ബന്ധിപ്പിക്കുന്ന ഒരു പാലം വളരെ അത്യാവശ്യമാണ്. താഴ്ചകുറഞ്ഞ പ്രദേശമാകയാൽ ബർത്ത് ബ്രിഡ്ജ് (താഴ്ന്ന നിലയിലുള്ള പാലം) നിർമ്മിച്ചാൽ ജലഗതാഗതത്തിനു തടസ്സമില്ലാതെയും റോഡു ഗതാഗതം സുഗമമായും നടത്താൻ കഴിയും. പാലംവരുന്നതുവരെ കൊച്ചിൻ കോർപ്പറേഷനുമായി ആലോചിച്ച് ചങ്ങാട (ജങ്കാർ) സർവീസ് ആരംഭിക്കാം. പഞ്ചായത്തിന് വരുമാന മാർഗ്ഗമെന്നതിനു പുറമേ പ്രസ്തുത നടപടിയിലൂടെ എറണാകുളം അരൂർ ദൂരം 12 കിലോമീറ്റർ ലാഭിക്കുവാനും അതുവഴി ഇന്ധനലാഭവും സഹോദരൻ അയ്യപ്പൻ റോഡിലെ ഗതാഗതക്കുരുക്കിനു രെു പരിധിവരെ ആശ്വാസമുണ്ടാക്കുവാനും കഴിയും. കുമ്പളം പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് ആക്കം കൂട്ടുന്ന നടപടിയായിരിക്കുമിത്.

2. കൂമ്പയിൽ ജട്ടിയിൽ നിന്നും കുമ്പളത്തേക്ക് ഒരു പാലം നിർമ്മിച്ചാൽ പനങ്ങാട് തെക്കേ അറ്റത്തുള്ള ജനങ്ങൾക്ക് ആലപ്പുഴ മട്ടാഞ്ചേരി ഭാഗത്തേക്ക് യാത്ര ചെയ്യുന്നതിന് വളരെ എളുപ്പത്തിൽ സാധിക്കും,

3. ചേപ്പനം വളന്തകാട്ട് ആയി ഒരു പാലം തുറന്നാൽ കിഴക്കൻ പ്രദേശങ്ങളിലേക്കുള്ള യാത്ര കൂടുതൽ സുഖകരമാകും.

4. പഞ്ചായത്തിലെ തീരാശാപമായ വെള്ളക്കെട്ടു പരിഹരിക്കുവാൻ നടപടികൾ ഉണ്ടാവണം.

5. കുമ്പളത്ത് റയിൽവേ ലയിനിന് സമാന്തരമായി പടിഞ്ഞാറുവശത്ത് തെക്കുവടക്ക് ഒരു റോഡു പുതിയതായി നിർമ്മിക്കേണ്ടതാണ്.

## കടത്ത്

പഞ്ചായത്തിൽ 4 കടത്തുകളാണ് ഇപ്പോഴുള്ളത്.

1. കുമ്പളം - തേവര
2. കുമ്പളം - നെട്ടൂർ
3. ചാത്തമ്മ - പനങ്ങാട്ട്
4. ചേപ്പനം - ഉദയത്തുംവാതിൽ

15,340/- രൂപയാണ് 96-97-ൽ പഞ്ചായത്തു കടത്തുകളിൽനിന്നും പഞ്ചായത്തിനുള്ള വരുമാനം. ഈ കടത്തുകളൊന്നും തന്നെ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. കൂമ്പയിൽ - കുമ്പളം കടത്ത് ഉടൻ ഏർപ്പെടുത്തേണ്ടതാണ്.

എറണാകുളത്തു നിന്നും പെരുമ്പളത്തേക്കുള്ള ഒരു ബോട്ടു മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. കുമ്പളം- ഇടക്കൊച്ചി ബോട്ട് സർവ്വീസ് നടത്താതായിട്ട് വർഷങ്ങളോളമായി. പ്രസ്തുതബോട്ട് സർവീസ് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ചാത്തമ്മ തെക്കേ അറ്റത്ത് ഒരു ബോട്ട് ജട്ടി പണിത് പെരുമ്പളം വഴി പൂത്തോട്ട ചാത്തമ്മ റൂട്ടിൽ ബോട്ടുകൾ സർവീസ് നടത്തിയാൽ പെരുമ്പളത്തെയും പനങ്ങാട്ടെയും ജനങ്ങൾക്ക് കിഴക്കൻ ദിക്കുകളിലേയ്ക്ക് യാത്രാസൗകര്യം ലഭ്യമാകും.

## ഊർജ്ജം

ഊർജ്ജമെന്നാൽ വൈദ്യുതി മാത്രമല്ല. ആഗോളതല ഉപയോഗത്തിൽ വൈദ്യുതോർജ്ജം ചെറിയൊരു ശതമാനമേ വരുന്നുള്ളു. ഊർജ്ജത്തെ വാണിജ്യഇന്ധനമെന്നും വാണിജ്യേതര ഇന്ധനമെന്നും രണ്ടായി തിരിക്കാം. പെട്രോൾ, കൽക്കരി, ഗ്യാസ് എന്നിവ ആദ്യ വിഭാഗത്തിലും വിറക് ചാണകം തുടങ്ങിയവ രണ്ടാമത്തെ വിഭാഗത്തിലും പെടുന്നു. ഇൻഡ്യയിൽ 43% വാണിജ്യഇന്ധനവും 57% വാണിജ്യേതര ഇന്ധനവുമാണ് ഉപയോഗപ്പെടുത്തുന്നത്. നമ്മുടെ പ്രതിദിന ഗാർഹിക ഊർജ്ജ ഉപയോഗം 3608 കിലോ കലോറിയാണ്. ഇതിൽ 3274 കിലോ കലോറി പാചകത്തിനു മാത്രമായി ഉപയോഗപ്പെടുത്തുന്നു. ഇത് ആകെ ഊർജ്ജത്തിന്റെ 91% ആണ്. ഇതിൽ തന്നെ 92% വിറകടുപ്പുകൾക്കായി ഉപയോഗിക്കുന്നു. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി ഹീറ്റർ എന്നിവയും ചേർന്നാണ് ഏറ്റവും വലിയ ഈ ഊർജ്ജാവശ്യം നിറവേറ്റപ്പെടുന്നത്.

## വൈദ്യുതി

കുമ്പളം പഞ്ചായത്തിൽ ആകെയുള്ള വീടുകളിൽ 61%ത്തോളം മാത്രമേ വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളു. വൈദ്യുതീകരിക്കാത്ത വീടുകളിൽ പ്രകാശാവശ്യത്തിന് മണ്ണെണ്ണയാണ് ഉപയോഗപ്പെടുത്തുന്നത്. പഞ്ചായത്തിന്റെ 90% പ്രദേശങ്ങളിലും വൈദ്യുതി ലൈൻ എത്തിചേർന്നിട്ടുണ്ട്. വിദ്യുച്ഛക്തി ബോർഡിന്റെ മരട് സെക്ഷൻ ഓഫീസിനാണ് പഞ്ചായത്തിന്റെ വൈദ്യുതി വിതരണത്തിന്റെ ചുമതല. വൈദ്യുതി എത്താത്ത നിരവധി സ്ഥലങ്ങൾ ഇപ്പോഴും പഞ്ചായത്തിലുണ്ട്. വ്യാപാരാവശ്യങ്ങൾക്ക് 501 ഉം വ്യാവസായികാവശ്യങ്ങൾക്ക് 80 ഉം കാർഷികാവശ്യങ്ങൾക്ക്

59 ഉം കണക്ഷനുകളാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

പന്ത്രണ്ട് ട്രാൻസ്ഫോർമറുകൾ നമ്മുടെ പഞ്ചായത്തിൻെറ സ്ഥാപിച്ചിട്ടുണ്ട്. 367 തെരുവു വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്. പഞ്ചായത്ത് വരുമാനത്തിൻെറ 8.55% തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പഞ്ചായത്ത് ചിലവഴിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ 3846 വീടുകൾ വൈദ്യുതീകരിച്ചവയാണ് ഓരോ വീട്ടിലും ട്യൂബുകൾ കൂടാതെ ശരാശരി 5 ബൾബുകൾ ദിവസേന 3 മണിക്കൂർ പ്രകാശിക്കുന്നു. വെളിച്ചത്തേക്കാൾ കൂടുതൽ ചൂടുണ്ടാക്കുന്ന ഈ ബൾബുകൾക്ക് പകരം സുലഭമായി ലഭിക്കുന്ന 20 W ൻെറ ട്യൂബും 11w ൻെറ CFL (Compact Flouracent Lamp) ഉപയോഗിച്ചാൽ വൈദ്യുതി ലാഭിക്കാൻ കഴിയും. ഇവ സ്ഥാപിക്കാനുള്ള ചിലവ് അല്പം കൂടുതലാണെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ വളരെ ലാഭകരമാണ്.

കേരളത്തിൽ ഏതാണ്ട് 25 ലക്ഷം 60 W ൻെറ ബൾബും 25 ലക്ഷം 100W ൻെറ ബൾബും ദിവസവും 3 മണിക്കൂർ വീതം ഉപയോഗിക്കുന്നു. 60 W ൻെറ ബൾബിനു പകരം 11W ൻെറ CFL ഉം 100 W ബൾബിനു പകരം 20 W ട്യൂബും ഉപയോഗിച്ചാൽ 35.13 കോടി യൂണിറ്റ് വൈദ്യുതി ലാഭിക്കാം. പൈങ്കുളം, പെരിങ്ങൽകുത്ത് ജലപദ്ധതിയിൽ നിന്നും ഒരുവർഷം ലഭിക്കുന്ന വൈദ്യുതിക്കു തുല്യമാണിത്. വൈദ്യുതിപദ്ധതി ആരംഭിക്കുന്നതിനേക്കാൾ മുൻഗണന നല്കേണ്ടത് വൈദ്യുതി ലാഭിക്കുന്നതിനാണ്.

## മെച്ചപ്പെട്ട വിറകടുപ്പുകൾ

ഗ്രാമീണ ഊർജ്ജാസൂത്രണത്തിൽ വിറകടുപ്പുകളുടെ പ്രാധാന്യം കണക്കാക്കുമ്പോൾ മെച്ചപ്പെട്ട വിറകടുപ്പുകളെപ്പറ്റി എടുത്തു പറയേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ 90% കുടുംബങ്ങളിലും പരമ്പരാഗത മൂന്നു കല്ല് വിറകടുപ്പുകളാണ്. ഇവയ്ക്ക് രണ്ട് ദോഷങ്ങൾ. വിറക് പൂർണ്ണമായും കത്തുന്നതിനുള്ള ഓക്സിജൻ ലഭിക്കുന്നില്ല, കത്തുന്ന താപം തന്നെ നാലുപാടും നഷ്ടപ്പെടുന്നതു കാരണം ഇന്ധനക്ഷമത വളരെ കുറയുന്നു. വിറക് പൂർണ്ണമായും കത്താതെയുണ്ടാകുന്ന പുകയിൽ മാരകമായ കാർബൺ മോണോക്സൈഡ് ധാരാളമുണ്ട്. അടുക്കളയിൽ പെരുമാറുന്നവരുടെ ശ്വാസകോശത്തെയും കണ്ണിൻെറ കാഴ്ചയേയും ബാധിക്കുന്നു. വീട്ടമ്മയുടെ ആയുർദൈർഘ്യം കുറയുന്നു.

ശരാശരി ഒരു വീട്ടിൽ 10 രൂപയുടെ വിറക് കത്തിക്കുന്നു. സാധാരണ അടുപ്പിൽ പത്തിലൊന്നാണ് ഇന്ധനക്ഷമത. 10 രൂപയുടെ വിറക് കത്തിച്ചാൽ 1 രൂപയുടെ മാത്രമാണ് ഉപയുക്തമാകുന്നത്. ബാക്കി 9 രൂപയും നമുക്ക് നഷ്ടമാകുന്നു. 33% മുതൽ 40% വരെ ഇന്ധനക്ഷമതയുള്ള പരിഷത്തടുപ്പുകൾ നമ്മുടെ പഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥാപിക്കാൻ സാധിച്ചാൽ പാചകത്തിനായി ഉപയോഗിക്കുന്ന വിറക് മൂന്നിലൊന്നായി കുറക്കാൻ സാധിക്കും. സാമ്പത്തികം-ആരോഗ്യ-പരിസര- തൊഴിൽരംഗത്ത് വളരെ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും.

ഒരു വീട്ടിൽ ഒരു ദിവസം 10 രൂപയുടെ വിറകു വച്ച് ഒരു വർഷം 3650 രൂപയുടെ വിറക് ഉപയോഗിക്കുന്നു. മെച്ചപ്പെട്ട അടുപ്പുകൾ സ്ഥാപിച്ചാൽ 1215 രൂപയായി കുറക്കാൻ സാധിക്കുന്നതു വഴി 2435 രൂപ ഒരു വർഷം ഒരു കുടുംബത്തിന് ലാഭമുണ്ടാകുന്നു. മരങ്ങളുടെ നശീകരണം 2/3 കുറയ്ക്കാൻ കഴിയുന്നു.

പരിഷത്തടുപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്.

## ഊർജ്ജ രംഗത്തെ പ്രശ്നങ്ങൾ

1. ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ 18 ശതമാനം മുതൽ 23% വരെ പ്രസരണനഷ്ടംമൂലം പാഴായിപ്പോകുന്നു. വൈദ്യുതി വിതരണത്തിൻെറ കാര്യക്ഷമതയില്ലായ്മ.

2. വൈദ്യുതി മീറ്ററുകളുടെ തകരാറുകൾ സ്ലാബ് സിസ്റ്റം നിലനിൽക്കുന്നത് ആവശ്യമില്ലാതെ വൈദ്യുതി ഉപയോഗിക്കുവാൻ ആളുകളെ പ്രേരിപ്പിക്കുന്നു.

3. വോൾട്ടേജ് സ്റ്റെബിലൈസറുകളും സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകളും സൃഷ്ടിക്കുന്ന വോൾട്ടതയുടെ പ്രശ്നങ്ങൾ.

4. ഉപഭോക്താക്കളുടെ എണ്ണം കൂടുന്നതനുസരിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാത്തത്. എല്ലാ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ കഴിയാത്തത്.

5. ഗോബർഗ്യാസ് പ്ലാൻറുകളും മെച്ചപ്പെട്ട വിറകടുപ്പും സ്ഥാപിക്കാനുള്ള മുതൽ മുടക്ക്.

## സാധ്യതകൾ

1. വൈദ്യുതലൈനുകളുടെയും മീറ്ററുകളുടെയും അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുക.

2. ഊർജ്ജ ലാഭമുള്ള വൈദ്യുത ദീപങ്ങളും ഇലക്ട്രിക് ഉപകരണങ്ങളും വ്യാപകമാക്കുക.

3. വൈദ്യുത ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ ജനപങ്കാളിത്തത്തോടെ മുറിച്ചു മാറ്റുക.

4. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

5. കത്താത്ത സ്ട്രീററ് ലൈറ്റുകൾ കത്തിക്കുവാനും ഇല്ലാത്തിടത്ത് സ്ഥാപിക്കുവാനും നടപടിയെടുക്കുക. സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുവാൻ വൈദ്യുതി ബോർഡുമായി സഹകരിച്ച് പദ്ധതികൾ തയ്യാറാക്കണം. പഞ്ചായത്തിന് പഞ്ചായത്തുപയോഗിക്കുന്ന വൈദ്യുതി തിട്ടപ്പെടുത്താനുള്ള മീറ്റർ സ്ഥാപിക്കുക.

6. സ്ലാബ് സമ്പ്രദായം അവസാനിപ്പിച്ച് ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ് ഈടാക്കുക.

7. വൈദ്യുത വിതരണം പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുക.

8. ഇന്ധന ക്ഷമത കൂടിയ വിറകടുപ്പുകൾ വ്യാപകമാക്കുക.

9. ഇന്ധന ക്ഷമതയുള്ള മണ്ണെണ്ണ സ്റ്റൗ പ്രഷർ കുക്കർ, കച്ചിപ്പെട്ടി തുടങ്ങിയവ പ്രചരിപ്പിക്കുക.

10. വിറകുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജനപങ്കാളിത്തത്തോടെ സാമൂഹ്യവനവൽക്കരണം നടപ്പിലാക്കുക.

11. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാൻ സാമ്പത്തികസഹായം ചെയ്യുക.

12. സൂര്യറാന്തൽ പോലുള്ള സൗരോർജ്ജ ഉപകരണങ്ങൾ പ്രചരിപ്പിക്കുക.

13. മേൽപറഞ്ഞ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഊർജ്ജാസൂത്രണ പരിപാടി വിഭാവനം ചെയ്യുക.

14. ഇപ്പോൾ രൂക്ഷമായിരിക്കുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

15. അടിയന്തിര ഒരു എൽ.പി.ജി. ഗ്യാസ് ഏജൻസി കുമ്പളം പഞ്ചായത്തിൽ അനുവദിക്കുകയും ഇവിടത്തെ പാചക വാതക വിതരണം സുഗമമാക്കുകയും വേണം.

## മാർക്കറ്റ്


പഞ്ചായത്തിൽ പനങ്ങാട് ഒരു സ്വകാര്യ മാർക്കറ്റ് മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. 1337 രൂപ ഈ മാർക്കറ്റിൽനിന്നും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നു.

കുമ്പളം പഞ്ചായത്ത് 3 കരകളായി വേർതിരിഞ്ഞു കിടക്കുന്നതുകൊണ്ട് കുമ്പളം, പനങ്ങാട്, ചേപ്പനം - ചാത്തമ്മ എന്നിവിടങ്ങളിൽ ഓരോ മാർക്കറ്റ് ആരംഭിക്കാവുന്നതാണ്.

പനങ്ങാട് - കുമ്പളം പാലത്തിന്റെ കിഴക്കു വശം ഭൂമി അക്വയർ ചെയ്ത് നല്ല രീതിയിൽ മാർക്കറ്റ് ആരംഭിക്കാനുള്ള സാധ്യതകളുണ്ട്. ഭാരതറാണി പള്ളിയിൽനിന്നു വരുന്ന റോഡ് ഹൈവേയിലേക്ക് മുട്ടിക്കുകയും പനങ്ങാട് PWD റോഡിലേക്ക് ഇപ്പോഴുള്ള നടവഴി റോഡായി മാറ്റുകയും ചെയ്താൽ കരമാർഗ്ഗവും ജലമാർഗ്ഗവും എത്തിച്ചേരാൻ കഴിയുന്ന ഈ സ്ഥലം മാർക്കറ്റിന് അനുയോജ്യമായിരിക്കും. ഹൈവേയോട് ചേർന്നു കിടക്കുന്നതുകൊണ്ട് മാർക്കറ്റ് വളരെ പെട്ടെന്ന് ജനശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്യും. ഇതു കൂടതെ കുമ്പളം ദ്വീപിന്റെ മദ്ധ്യഭാഗത്തും. ചേപ്പനം - ചാത്തമ്മ പ്രദേശത്തും ഓരോ മാർക്കറ്റുകൾകൂടി സ്ഥാപിക്കണം. വൈറ്റിലയിൽ നിന്നും നാഷണൽ ഹൈവേ വഴി കുമ്പളത്തേക്ക് പ്രത്യേക ഫീഡർലൈൻ വലിച്ചാൽ കുമ്പളം പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കാനാവും. അടിയന്തിരമായി കുമ്പളം പഞ്ചായത്തിലൂടെ കടന്നുപോകുന്ന എൻ.എച്ച്.ൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.



# പാർപ്പിടവും സാമൂഹ്യക്ഷേമവും



മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രാഥമികാവശ്യങ്ങളിലൊന്നാണ് പാർപ്പിടം. പിറന്നു വീഴുന്നതുവരെ അവന്റെ അഭയകേന്ദ്രം അമ്മയുടെ ഗർഭപാത്രമാണ്. പാർപ്പിടമില്ലാതെ ജീവിക്കുന്ന വൻ സമൂഹത്തിനെന്നും ഒരു ബാദ്ധ്യതയായിരിക്കും. വീടില്ലാത്തവർക്ക് വീടുനൽകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നുള്ളത് സമുഹത്തിന്റെ കടമയാണ്.

നമ്മുടെ പഞ്ചായത്തിൽ ആകെ 6981 കെട്ടിടങ്ങളാണ് ഉള്ളത്. അവയിൽ പാർപ്പിടങ്ങളായി ഉപയോഗപ്പെടുത്തുന്നത് 6341 കെട്ടിടങ്ങളാണ്. ഇവയിൽ ഓലമേഞ്ഞവ 772 ഉം ഓടിട്ടവ 4466 ഉം കോൺക്രീറ്റ് വീടുകൾ 1040 ഉം രണ്ടു നിലയുള്ള കോൺക്രീറ്റ് വീടുകൾ 63 ഉം ആണ്. വെവ്വേറെ പാചകംചെയ്യുകയും ഭക്ഷണംകഴിക്കുകയും ഒരു കുരക്കുകീഴെ അന്തിയുറങ്ങുകയും ചെയ്യുന്ന കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഒന്നിച്ചു പാചകംചെയ്തു ഒന്നിച്ചു ഭക്ഷിച്ചു ഒരു വീട്ടിൽ കഴിയുമ്പോഴും വിവിധ കുടുംബങ്ങളായി കണക്കാക്കപ്പെടേണ്ടവർ 8% നും 10% ഇടക്കുവരും. ഓലമേഞ്ഞ 772 കുടിലുകൾക്ക് പകരം നല്ല വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടതായുണ്ട്. ഓടിട്ട വീടുകൾ പുനരുദ്ധരിക്കേണ്ടവയായി നിരവധിയുണ്ട്.

ലക്ഷം വീടു കോളനികളുടെ മാതൃകയിൽ കോളനികൾ സ്ഥാപിക്കാനുതകുന്ന സ്ഥലങ്ങൾ കണ്ടെത്തുകയും കോളനികൾ സ്ഥാപിക്കുകയും ചെയ്യണം.

## കെട്ടിട നിർമ്മാണരംഗത്തെ പ്രശ്നങ്ങൾ

1. ഭൂമിയുടെ വിലക്കയറ്റം:

കുമ്പളം പഞ്ചായത്തിൽ ഭൂമിയുടെ വില കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ 25 മടങ്ങുവരെ വർദ്ധിച്ചിട്ടുണ്ട്. ഗതാഗത സൗകര്യം ഉള്ള ഭൂ

മിക്ക് ഇപ്പോൾ 30,000 രൂപക്കുമേൽ വിലയായിരിക്കുന്നു. പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും വീടുവയ്ക്കാൻ ഭൂമി വാങ്ങാൻ നിവർത്തിയില്ലാതായിരിക്കുന്നു. ഈ രംഗത്തെ ഊഹക്കച്ചവടവും കള്ളപ്പണത്തിൻെറ മേധാവിത്വവുമാണ് ഈ അവസ്ഥയിലെത്താൻ കാരണമായത്.

### 2. നിർമ്മാണ സാമഗ്രികളുടെ വിലക്കയററവും ദൗർലഭ്യവും.

കെട്ടിടനിർമ്മാണത്തിനാവശ്യമായ സിമൻറ്, കമ്പി, ചരൽ, ഇഷ്ടിക, മരം തുടങ്ങി എല്ലാ സാധനങ്ങൾക്കും വമ്പിച്ച വിലക്കയറ്റമാണ്. സിമൻറ് 50 കിലോ ചാക്കിന് 190 രൂപയും കമ്പി കിലോയ്ക്ക് 16 രൂപയും ചരൽ ഒരു ലോഡിന് 1100 രൂപയും ഇഷ്ടിക ആയിരത്തിന് 1600 രൂപയും മരത്തിന് ക്യൂബിക്കടിക്ക് 600 മുതൽ 1500 വരെയും വിലയായിരിക്കുന്നു. ചരൽ വാരുന്നതിനെതിരെ നടക്കുന്ന പ്രക്ഷോഭങ്ങളും ആ മേഖലയിലെ ദൗർലഭ്യത്തിനും വിലക്കയറ്റത്തിനും കാരണമാണ്. നഗരത്തിലെ ഫ്ളാറ്റ് നിർമ്മാതാക്കൾ എന്തു വിലകൊടുത്തും നിർമ്മാണ സാമഗ്രികൾ കൈവശപ്പെടുത്തുന്നതും ഈ സാധനങ്ങളുടെ വിലകയറാൻ മുഖ്യകാരണമായി നിലകൊള്ളുന്നു.

### 3. വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യവും കൂലിയും

നഗരത്തിലെ ഫ്ളാറ്റു നിർമ്മാണം ഗ്രാമത്തിലുള്ള തൊഴിലാളികളെ ആകർഷിക്കുകയും പഞ്ചായത്തിൽ തൊഴിലാളികളുടെ ദൗർലഭ്യമുണ്ടാക്കുകയും ചെയ്യുന്നുണ്ട്. നിർമ്മാണ രംഗത്തെ കൂലി ആകർഷകമായതു കൊണ്ട് കാർഷികമേഖലയിൽനിന്നും തൊഴിലാളികൾ കൂട്ടംകൂട്ടമായി നിർമ്മാണരംഗത്തേക്ക് മാറിയിരിക്കുകയാണ്. 150 നും 100 നും ഇടയ്ക്ക് കൂലി നിർമ്മാണരംഗത്ത് ലഭിക്കുന്നു എന്നാണ് ഗ്രാമസഭകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്.

### പരിഹാര നിർദ്ദേശങ്ങൾ - സാദ്ധ്യതകൾ

ഗൃഹനിർമ്മാണ രീതിയിൽ മാറ്റം ഉണ്ടാകണം. പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. കെട്ടിടങ്ങൾക്ക് നികുതി ചുമത്തുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്. മാർബിൾപോലെ ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾ കൊണ്ടു നിർമ്മിക്കുന്ന വീടുകൾക്ക് കനത്തനികുതി ചുമത്തപ്പെടേണ്ടതാണ്. ഇൻഡ്യയിൽ വിറ്റഴിക്കപ്പെടുന്ന മാർബിളിൻെറ 25% കേരളത്തിലാണ് വിറ്റഴിക്കപ്പെടുന്നത്. കാറ്റും വെളിച്ചവും ധാരാളം കിട്ടുന്ന വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്ലാനുകളാണ് തയ്യാറാക്കപ്പെടേണ്ടത്.

### ചിലവു കുറഞ്ഞ വീടുകൾ

ചിലവു കുറഞ്ഞ വീടുകളെപ്പറ്റിയുള്ള പഠനങ്ങൾ നമ്മുടെ സംസ്ഥാനത്ത് വളരെയേറെ പുരോഗമിച്ചിട്ടുണ്ട്. പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ മാത്രം ഉപയോഗിച്ചു കൊണ്ടാണ് ഇവ നിർമ്മിക്കപ്പെടുന്നത്. ലോകപ്രശസ്ത വാസ്തുശില്പ വിദ്യാവിദഗ്ധൻ ലാറിബക്കറുടെ സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കോസ്റ്റ് ഫോർഡ് (costford) ഈ രംഗത്ത് വളരെയേറെ മുന്നേറിയിട്ടുണ്ട്. ആവശ്യം വർദ്ധിച്ചുവരുമ്പോൾ പാഴ്ചിലവില്ലാതെ കൂട്ടിച്ചേർക്കലുകൾ നടത്താവുന്ന രീതിയിലാണ് കോസ്റ്റ്ഫോർഡ് ഭവനങ്ങളുടെ നിർമ്മിതി. കൊല്ലം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നിർമ്മിതികേന്ദ്രവും കുറഞ്ഞ ചിലവിൽ വീടുകൾ നിർമ്മിക്കുന്ന സ്ഥാപനമാണ്.

### വീടുകൾ സഹകരണാടിസ്ഥാനത്തിൽ

സംഘം ചേർന്ന് വീടുകളും ഫ്ളാറ്റുകളും പണിയുന്നതിനുള്ള മനോഭാവം വളർത്തിയെടുക്കണം. ധനസഹായം, അസംസ്കൃത പദാർത്ഥങ്ങൾ, വിദഗ്ധതൊഴിലാളികൾ എന്നിവയുടെ

സേവനം കുറഞ്ഞ ചിലവിൽ ലഭ്യമാക്കാൻ സംഘംചേരൽ സഹായിക്കും. ചെലവു കുറഞ്ഞ ഫ്ളാറ്റുകൾ ഭൂമിയുടെ വിലക്കയറ്റത്തിനും ഭൂമിയുടെ തുണ്ടുതുണ്ടാകലിനും പരിഹാരമാണ്.

### ദുർബല ജനവിഭാഗങ്ങൾക്കുള്ള പദ്ധതികൾ

ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി രാജീവ് ദശലക്ഷംപദ്ധതി കൈരളി ഭവനനിർമ്മാണ പദ്ധതി, മൈത്രി ഭവനനിർമ്മാണ പദ്ധതി തുടങ്ങി പല പദ്ധതികളും നിലവിലുണ്ട്. അവയെപ്പറ്റിയുള്ള പഠനങ്ങളും അർഹരായവർക്ക് അതു ലഭിക്കുന്നതിനുള്ള നടപടികളും ഉണ്ടാകണം. സ്വന്തം പണം മുടക്കാൻ കഴിവുള്ളവർ ഈ പദ്ധതിയിൽ പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. കൈരളി പദ്ധതി ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്.

### ധനസഹായം

ഭവന നിർമ്മാണത്തിന് നിരവധി സ്ഥാപനങ്ങൾ ധനസഹായം നൽകുന്നുണ്ട്, സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, ഭൂപണയബാങ്കുകൾ, കൊമേഴ്സ്യൽ ബാങ്കുകൾ, ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ, ജനറൽ ഇൻഷൂറൻസ് കമ്പനികൾ, ഹൗസിംഗ് ഡവലപ്മെൻറ് ഫൈനാൻസ് കോർപ്പറേഷൻ തുടങ്ങി നിരവധി ഏജൻസികൾ രംഗത്തുണ്ട്. ബ്ലേഡ് പലിശ വാങ്ങുന്ന സ്ഥാപനങ്ങളെ ഒഴിവാക്കിക്കൊണ്ടു വേണം ധനസഹായത്തെപ്പറ്റി ആലോചിക്കാൻ. ഭവന നിർമ്മാണ സഹകരണസംഘങ്ങൾ കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാൻ കഴിയുന്ന സ്ഥാപനങ്ങളാണ്.

### ഭാവിപ്രവർത്തന പരിപാടി

ഭവനനിർമ്മാണത്തിന് പഞ്ചായത്തു തല കമ്മിറ്റി രുപീകരിക്കണം. പഞ്ചായത്തിൽ വീടില്ലാത്തവരുടെയും പുനരുദ്ധരിക്കപ്പെടേണ്ട വീടുകളുടെയും കൃത്യമായ കണക്കെടുക്കണം. വീടു നിർമ്മിക്കാൻ സഹായം നൽകേണ്ടവരെ മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തണം. ധനസഹായത്തിന് ആവശ്യമായ നടപടികളും ഉപദേശങ്ങളും നൽകാൻ കഴിയണം. ചിലവുകുറഞ്ഞ വീടുകളെപ്പറ്റി ബോധവൽക്കരണം നടത്തണം. ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളണം. തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താനുള്ള പരിശീലനപരിപാടികൾ നടത്തണം. ദുർവ്യയം നിരുത്സാഹപ്പെടുത്തുന്ന രീതിയിൽ നികുതി ഘടനയിൽ മാറ്റങ്ങൾ വരുത്തണം.

## സാമൂഹ്യക്ഷേമം

### ജനസംഖ്യ

1991 ലെ സെൻസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 24143 ആണ്. 11973 പുരുഷന്മാരും 12170 സ്ത്രീകളുമുണ്ട്. 6 വയസ്സിൽ താഴെ 2712 കുട്ടികളുണ്ട്. പട്ടികജാതിക്കാരായി 1732 പുരുഷന്മാരും 1784 സ്ത്രീകളുമുണ്ട്. പട്ടികവർഗ്ഗക്കാരായ 14 പുരുഷന്മാരും 10 സ്ത്രീകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പുരുഷന്മാരിൽ 10334 ഉം സ്ത്രീകളിൽ 9859 ഉം സാക്ഷരരാണ്.

### ദാരിദ്ര്യനിർമ്മാർജനം

ഇൻഡ്യയിലെ ആസൂത്രണത്തിൻെറ ഏറ്റവും വലിയ വെല്ലുവിളി തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണ്. ആദ്യത്തെ 3 പഞ്ചത്സര പദ്ധതികളുടെയും ലക്ഷ്യം ഉൽപാദനം വർദ്ധിപ്പിക്കുക എന്നുള്ളതായിരുന്നു. ദാരിദ്ര്യനിർമ്മാർജ്ജനം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമ പദ്ധതികൾക്ക് 4-ാം പദ്ധതിമുതൽ പ്രാധാന്യം കൈവന്നു. നമ്മുടെ വികസന സങ്കല്പത്തിൽ കൂറ്റൻ വ്യവസായ ശാലകളും, ഗവേഷണകേന്ദ്രങ്ങളും ആണവകേന്ദ്രങ്ങളും, വിമാനത്താവളങ്ങളും നഗരങ്ങളുമാണുള്ളത്. മറിച്ച് എല്ലാവർക്കും ഭക്ഷണം, വസ്ത്രം, പാർപ്പിടം, തൊഴിൽ, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയവയ്ക്ക് മുൻഗണന നല്കേണ്ടതാണ്. ദാരിദ്ര്യത്തെ നേരിട്ട് ആക്രമിക്കുക അല്ലെങ്കിൽ പാവപ്പെട്ടവർക്ക് സൗജന്യങ്ങൾ നൽകുക എന്ന

പ്രവർത്തന രീതി മാറ്റി എല്ലാവർക്കും തൊഴിലും വരുമാനമാർഗ്ഗവുമുണ്ടാക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയാണ് വേണ്ടത്. ദാരിദ്ര്യമനുഭവിക്കുന്നവരിൽ ഭൂരിഭാഗവും പട്ടികജാതിക്കാരാണ്. ജാതിയുമായി ബന്ധപ്പെട്ടുനിൽക്കുന്നതുകൊണ്ട് അവർ ചെയ്യുന്ന തൊഴിൽ മാന്യത കുറഞ്ഞതും വരുമാനം കുറഞ്ഞതുമാണ്. തൊഴിൽ സുരക്ഷിതത്വമോ വാർദ്ധക്യകാല ആനുകൂല്യമോ അർഹക്കുന്നിടത്തോളം ഇല്ല. തൊഴിലുകൾ കൂടുതൽ മാന്യവും വരുമാനമുള്ളതുമാക്കി മാറ്റാൻ കഴിയും. ബാർബർഷാപ്പും - ബ്യൂട്ടിപാർലറും, മീൻകച്ചവടവും കോൾഡ് സ്റ്റോറേജും, അലക്കുകടയും - ലോൺഡ്രിയും ഉദാഹരണങ്ങളാണ്. പാവപ്പെട്ടവർക്കും അവശതയനുഭവിക്കുന്നവർക്കും വേണ്ടിയുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക, തൊഴിലിൽ വിദഗ്ധപരിശീലനം നൽകുക, സൗജന്യമായി കൃഷിയുപകരണങ്ങൾ നൽകുക തുടങ്ങി നിരവധി പദ്ധതികൾ ദാരിദ്ര്യനിർമ്മാർജനത്തിന്റെ ഭാഗമായി നടപ്പിലാക്കാം.

IRDP സർവ്വേ പ്രകാരം പഞ്ചായത്തിലെ ദുർബലജന വിഭാഗങ്ങളുടെ ചില കണക്കുകൾ ചുവടെ.

| സർവേപ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ | സഹായം ലഭിച്ചവർ | സഹായം ലഭിച്ചവർ SC/ST | ദാരിദ്ര്യരേഖക്കു മുകളിൽ എത്തിയവർ | ദാരിദ്ര്യരേഖക്കു മുകളിൽ എത്താനുള്ളവർ |
|---|---|---|---|---|---|
| 1415 | 32 | 291 | 358 | 154 | 1261 |

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉകരണങ്ങൾ നൽകുന്ന പരിപാടി

| കണ്ടെത്തിയ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനിയും സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|
| 164 | 14 | 150 |

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം (IRDP സർവ്വേ)

| പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിലുകളിൽ ഏർപ്പെട്ടവർ | അന്വേഷിക്കുന്നവർ |
|---|---|---|---|---|
| ബുക്ക് ബയന്റിംഗ് | 9 | 8 | 1 | - |
| സ്കൂട്ടർ മെക്കാനിസം | 1 | - | 1 | - |

| പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിലുകളിൽ ഏർപ്പെട്ടവർ | അന്വേഷിക്കുന്നവർ |
|---|---|---|---|---|
| കമ്പോസിംഗ് | 2 | - | 2 | - |
| ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ് റേഡിയോ, ടി.വി. | 12 | 7 | 5 | - |
| സൈക്കിൾ റിപ്പയറിംഗ് | 1 | 1 | - | - |
| ബാഗ് നിർമ്മാണം | 1 | - | 1 | - |
| എംബ്രോയിഡറി | 1 | 1 | - | - |
| കമ്പ്യൂട്ടർ ട്രെയിനിംഗ് | 4 | - | - | 4 |
| ഏ.സി. മെക്കാനിക്ക് | 1 | - | 1 | - |
| ഹോംനഴ്സിംഗ് | 1 | - | - | 1 |
| കൽപ്പണി | 2 | 2 | - | - |
| മരപ്പണി | 2 | 2 | - | - |

DWCRA പ്രകാരം രൂപപ്പെട്ട തൊഴിൽ സംരഭങ്ങൾ

| വാർഡ് | തൊഴിൽ സംരംഭങ്ങൾ | ആരംഭിച്ച വർഷം | അംഗങ്ങൾ | പ്രവർത്തനം |
|---|---|---|---|---|
| IX | മത്സ്യ സംസ്ക്കരണം | 1994-95 | 8 | തൃപ്തികരം |
| IX | ബുക്ക് ബയൻറിംഗ് | 1994-95 | 8 | തൃപ്തികരം |
| IX | മത്സ്യ സംസ്ക്കരണം | 1994-95 | 10 | തൃപ്തികരം |
| IX | ബ്രോയിലർ കോഴി | 1994-95 | 7 | ഭാഗികം |
| IX | ഭക്ഷ്യോൽപന്നങ്ങൾ | 1995-96 | 9 | വളരെ തൃപ്തികരം |

മേൽവിവരിച്ച പട്ടികകളിൽ നിന്നും ദാരിദ്ര്യ നിർമ്മാർജനമുൾപ്പെടെയുള്ള പദ്ധതികൾ വേണ്ടത്ര മുന്നോട്ടു പോയില്ലെ. ഇനിയും വളരെ ദൂരം മുന്നോട്ടു പോകാനുണ്ടെന്നും കാണാൻ കഴിയും. IRDP സർവ്വേലിസ്റ്റിൽ അർഹരായ പല കുടുംബങ്ങളും ഉൾപ്പെട്ടിട്ടില്ല. അവരേയും ഉൾപ്പെടുത്താനുള്ള നടപടികളുണ്ടാവണം.

## സഹായധനങ്ങൾ പെൻഷനുകൾ

സാമൂഹ്യക്ഷേമവകുപ്പു വഴിയും മറ്റിതരവകുപ്പുകൾ വഴിയും വിതരണം ചെയ്യുന്ന വിവിധയിനം പെൻഷൻ പദ്ധതികളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|
| 1. | വിധവാ പെൻഷൻ | 144 |
| 2. | വികലാംഗ പെൻഷൻ | 171 |
| 3. | വാർദ്ധക്യ പെൻഷൻ | 56 |
| 4. | അവശ കലാകാര/സാഹിത്യ പെൻഷൻ | 1 |
| 5. | ക്ഷയരോഗി പെൻഷൻ | 5 |
| 6. | ക്യാൻസർ രോഗി പെൻഷൻ | 3 |
| 7. | കർഷക തൊഴിലാളി പെൻഷൻ | --- |

**സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പിലാക്കിവരുന്ന വിവിധ ധനസഹായ പദ്ധതികൾ**

1. വികലാംഗർക്കുള്ള യാത്രാബത്ത.
2. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.
3. വികലാംഗവിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പുകൾ.
4. തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്കോളർഷിപ്പ്.
5. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള സ്കോളർഷിപ്പ്.
6. തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ്.
7. വികലാംഗസംരക്ഷണ ഭവനങ്ങൾക്കുള്ള സംസ്ഥാനധനസഹായം.
8. പട്ടികജാതി/പട്ടികവർഗേതര മിശ്ര വിവാഹിതർക്കുള്ള ധനസഹായപദ്ധതി
9. വികലാംഗർക്കാവശ്യമുള്ള പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി
10. വികലാംഗക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കുള്ള സഹായ പദ്ധതി.
11. വാഹനഉടമകളായ വികലാംഗർക്ക് പെട്രോൾ സബ്സിഡി ലഭിക്കുന്നതിനുള്ള പദ്ധതി.
12. തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്റ്റൈപ്പൻഡ് പദ്ധതി.

**അംഗൻവാടികൾ, മഹിളാസമാജങ്ങൾ, ബാലവാടികൾ**

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികൾ. നമ്മുടെ പഞ്ചായത്തിൽ അംഗൻവാടികൾക്ക് പ്രവർത്തനാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമല്ലാത്തതിനാലാണ് വൈ

കുന്നത്. പഞ്ചായത്തിൽ - മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ബാലവാടി നമ്മുടെ പഞ്ചായത്തിലുണ്ട്.

## ക്ഷേമനിധി

കർഷക തൊഴിലാളികൾ, കെട്ടിടനിർമാണ തൊഴിലാളികൾ തുടങ്ങിയവർക്കു വേണ്ടിയുള്ള ക്ഷേമനിധികളിൽ അതതു വിഭാഗങ്ങളിലെ ഭൂരിപക്ഷവും അംഗങ്ങളാണ്.

## അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ

1. ദാരിദ്ര്യനിർമ്മാർജനത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുംവേണ്ടി ആവിഷ്കരി കരിച്ചിട്ടുള്ള വിവിധ പദ്ധതികളെപ്പറ്റി അർഹതയും താല്പര്യവുമുള്ള ആളുകളെ കണ്ടുപിടിച്ച് വിജയകരമായി പദ്ധതികൾ തുടങ്ങുന്നതിനുള്ള ഉപദേശ നിർദ്ദേശങ്ങൾ നൽകുക.

2. ക്ഷേമപദ്ധതികളെക്കുറിച്ചും ധനസഹായങ്ങളെക്കുറിച്ചും വ്യാപകമായ പ്രചരണം നടത്തുകയും അർഹരായവരെ കണ്ടെത്തി അപേക്ഷിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

3. അംഗൻവാടികൾ, ബാലവാടികൾ മഹിളാ സമാജങ്ങൾ എന്നിവക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. പ്രവർത്തനം മെച്ചപ്പെടുത്തുക.

4. ദുർബല ജനവിഭാഗങ്ങൾക്ക് വീടും കക്കൂസും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക.

5. സാമൂഹ്യക്ഷേമ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് ധനസഹായം നൽകാൻ ബാങ്കുകളെ പ്രേരിപ്പിക്കുക.

## പൊതുവിതരണസമ്പ്രദായം

കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിൽ പൊതുവിതരണസംവിധാനം അതുല്യമായ പങ്കുവഹിക്കുന്നുണ്ട്. 1965 ലാണ് കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ആരംഭിച്ചത്. എന്നാൽ എല്ലാ നിത്യോപയോഗ സാധനങ്ങളും റേഷൻ കടകൾവഴി വിതരണം ചെയ്യുന്നില്ല. ഇതുമൂലം വിലക്കയറ്റം അനുഭവപ്പെടാറുണ്ട്. എല്ലാ സാധനങ്ങളും ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനുവേണ്ടിയാണ് 1980 കളിൽ മാവേലി സ്റ്റോറുകൾ ആരംഭിച്ചത്. ഇന്ന് മാവേലി സ്റ്റോറുകൾ നിത്യോപയോഗസാധങ്ങൾ ന്യായവിലയ്ക്ക് ജനങ്ങൾക്കെത്തിക്കുന്നതിൽ മുഖ്യമായ പങ്കുവഹിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ 12 റേഷൻ കടകളും രണ്ടു മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. പനങ്ങാട് സർവീസ് ബാങ്കിന്റെ ഒരു ജൗളിക്കടയും ഓണക്കാലത്ത് ഓണച്ചന്തകളും നടക്കാറുണ്ട്.

## പ്രശ്നങ്ങൾ

1. റേഷൻകടകൾവഴി രണ്ടുതരം അരി വിതരണം ചെയ്യുന്നത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. അരിയുടെ ഗുണനിലവാരം പലപ്പോഴും മോശമാണ്.

2. നിലവിലുള്ള മാവേലിസ്റ്റോറുകൾവഴി എല്ലാ സാധനങ്ങളും ആവശ്യത്തിന് ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. റേഷൻ കടകൾവഴി ഗുണനിലവാരമുള്ള ഒരേതരം അരിവിതരണം നടത്തുക.

2. റേഷൻ കടകൾവഴി നിത്യോപയോഗസാധനങ്ങൾ വിതരണം നടത്തുക.

3. റേഷൻ ഷാപ്പുകളുടെ വരവു ചിലവു കണക്കുകൾ സോഷ്യൽ ഓഡിറ്റംഗിന് വിധേയമാക്കുക.

4. മാവേലി സ്റ്റോറുകളിൽ എല്ലാ ആവശ്യ സാധനങ്ങളും ലഭ്യമാക്കുക.

5. സഹകരണമേഖലയിൽ കാർഷികോൽപന്നങ്ങൾ ശേഖരിച്ച് വിതരണം നടത്തുക.



# വനിത

കുമ്പളം പഞ്ചായത്തിന്റെ ജനസാന്ദ്രതയിൽ പുരുഷന്മാരേക്കാൾ മുൻതൂക്കം സ്ത്രീകൾക്കാണ്. നല്ലൊരു ശതമാനം സ്ത്രീകളും വിദ്യാസമ്പന്നരാണ്. പ്രത്യേകിച്ച് യുവതലമുറ.

1991-ലെ സെൻസസ് പ്രകാരം 24143 വരുന്ന മൊത്തം ജനസംഖ്യയിൽ പുരുഷന്മാർ 11973-ഉം സ്ത്രീകൾ 12170-ഉം ആണ്. ആറുവയസ്സുവരെയുള്ള കുട്ടികൾ 2712 പേരുണ്ട്. ഇതിൽ 1346 പേർ പെൺകുട്ടികളും 1366 പേർ ആൺകുട്ടികളുമാണ്. 2516 പേരുള്ള പട്ടികജാതി വിഭാഗത്തിൽ 1784 സ്ത്രീകളുണ്ട്. പുരുഷന്മാരാകട്ടെ 1732-ഉം. 24പേർ പട്ടികവർഗ്ഗക്കാരായുള്ളതിൽ 10 സ്ത്രീകളും 14 പുരുഷന്മാരുമാണുള്ളത്.

## പ്രശ്നങ്ങൾ

വളരെ ചെറിയൊരു ശതമാനം സ്ത്രീകൾ സർക്കാർ/അർദ്ധസർക്കാർ സ്ഥാപന ങ്ങളിൽ ജോലിചെയ്യുന്നതൊഴിച്ചാൽ തൊഴിലില്ലാത്താവർ വളരെ കൂടുതലാണ്. തൊഴിലില്ലായ്മയുടെ പ്രധാനകാരണം കാർഷികമേഖലയിലേയും. കയർരംഗത്തേയും തകർച്ചയാണ്. 20 വർങ്ങൾക്ക് മുൻപ് പഞ്ചായത്തിൽ വ്യാപകമായി നെൽക്കൃഷി ഉണ്ടായിരുന്നതിനാൽ സ്ത്രീകൾക്ക് ഈ രംഗത്ത് വർഷത്തിൽ 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമായിരുന്നു. കയർപിരി രംഗത്തും തൊഴിൽ അവസരങ്ങളുണ്ടായിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ പ്രസ്തുത രംഗങ്ങളിലെ തൊഴിലവസരങ്ങൾ ഏതാണ്ട് പൂർണ്ണമായും നഷ്ടമായി.

എടുത്തുപറയാവുന്ന തൊഴിൽരംഗം മത്സ്യസംസ്കരണരംഗത്ത് പീലിംഗ് ഷെഡിലെ ജോലി മാത്രമാണ്. കുടുംബം പുലർത്താനുള്ള വ്യഗ്രതയിൽ കുറച്ചുപേർ കെട്ടിടനിർമ്മാണ രംഗത്തും. അഭ്യസ്തവിദ്യരായ കുറച്ചുയുവതികൾ പട്ടണത്തിലെ കച്ചവടസ്ഥാപനങ്ങളിലും ചൂഷണത്തിനു വിധേയരായി പണിയെടുക്കുന്നു.

പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഇന്ന് ആരും തന്നെയില്ലെന്നു വേണം പറയാൻ.

തൊഴിലിൽ മേഖലയിൽ എല്ലായിടത്തും വേതനത്തിൽ സ്ത്രീപുരുഷ അന്തരം വളരെ പ്രകടമാണ്. തൊഴിൽ വിതരണത്തിൽ ഗണ്യമായ അന്തരം സ്ത്രീപുരുഷന്മാർ തമ്മിലുണ്ട്. സ്ത്രീകളോടുള്ള വിവേചനവും ഇടത്തട്ടുകാരുടെ ചൂഷണവും ഇവിടെ നിലനില്ക്കുന്നു. വരുമാനം ഉണ്ടാക്കുന്ന സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ വളരെ കുറവാണ്. ഭൂരിഭാഗം സ്ത്രീകളും വീട്ടുപണിയും ആടുമാടുകളെ വളർത്തൽ, അടുക്കളത്തോട്ടം മുതലായ അനുബന്ധത്തൊഴിലുകളുമായി കഴിയുന്നു.

രോഗാതുരതയുടെ കണക്കിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതലായി കാണുന്നു. വിധവാ പെൻഷൻ, അഗതി പെൻഷൻ, മറ്റു ക്ഷേമ പെൻഷനുകൾ തുടങ്ങിയ അർഹതയുള്ള എല്ലാവർക്കും ലഭിക്കുന്നില്ല.

## പരിഹാരങ്ങളും പുതിയ സാദ്ധ്യതകളും

### (i) കാർഷികരംഗം

ബോധപൂർവവും ആസൂത്രിതവുമായ നിലയിൽ കാർഷികമേഖലയെ ഉപയോഗപ്പെടുത്തിയാൽ തൊഴിൽ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണുവാൻ കഴിയും. നെൽക്കൃഷി വ്യാപകവും ആദായകരവും ആക്കുന്നതോടൊപ്പം നാളികേരകൃഷി ശാസ്ത്രീയമായ രീതിയിൽ നടത്തി ഉല്പാദനവർദ്ധനവ് ഉറപ്പ് വരുത്തുകയും വേണം. തരിശും വിശാലവുമായ പ്രദേശങ്ങൾ കണ്ടെത്തി അവിടെ ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് ജലലഭ്യത ഉറപ്പുവരുത്തിയാൽ പച്ചക്കറിക്കൃഷിയും മറ്റു നാണ്യവിളകളും ഉല്പാദിപ്പിക്കാൻ സാധിക്കും. ഇവ ഉൾപ്പെടുത്തി മൃഗസംരക്ഷണം, ക്ഷീരോല്പാദനം, കയർ എന്നീ രംഗങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് വ്യവസായ യൂണിറ്റുകൾ ഉയർത്തിക്കൊണ്ടുവരാം. ഈവിധം വനിതകളുടെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാനും ഗ്രാമത്തിന്റെ പുരോഗതി ഉയർത്താനും സാധിക്കും.

അടുക്കളത്തോട്ടങ്ങൾ എല്ലാ വീടുകളിലേക്കും വ്യാപിപ്പിക്കുകയും ഇതിനായി ബോധവല്ക്കരണം നടത്തി വിത്തും വളവും നല്കി പ്രോത്സാഹിപ്പിക്കുകയും വേണം. സ്ത്രീകളെ കൂടുതൽ കർമ്മനിരതരാക്കി കുടുംബത്തെ സ്വയം പര്യാപ്തതയിലേക്ക് നയിക്കാൻ ഇതുവഴി സാധിക്കും. ഇതോടൊപ്പം കൂൺക്കൃഷി, പുഷ്പക്കൃഷി മുതലായവയും തുടങ്ങാൻ സ്ത്രീകൾ മുന്നോട്ടുവരണം.

### (ii) മത്സ്യബന്ധനരംഗം

ഈ പഞ്ചായത്തിൽ പതിനൊന്നോളം പീലിംഗ് ഷെഡുകളുണ്ട്. മത്സ്യസംസ്കരണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീതൊഴിലാളികൾക്ക് സാമ്പത്തികസഹായം നല്കിക്കൊണ്ട് ചെറുകിട മത്സ്യസംസ്ക്കരണ യൂണിറ്റുകളാക്കി വളർത്തണം. അതോടൊപ്പം കൂടുതൽ മത്സ്യബന്ധന, വിപണന ഉപാധികൾ നല്കി. സഹായിക്കുകയും വേണം. നമ്മുടെ ഗ്രാമത്തിൽ ലഭ്യമാവുന്ന മത്സ്യസമ്പത്ത് ഗ്രാമത്തിലെ തന്നെ ഗതാഗതസൗകര്യമുള്ള സ്ഥലത്ത് സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്താൻ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു വ്യാപാരകേന്ദ്രം പഞ്ചായത്തുതലത്തിൽ സ്ഥാപിക്കണം. ഇങ്ങനെ ചെയ്താൽ മത്സ്യബന്ധനം നടത്തുന്നവരിൽ നിന്നും ഇടനിലക്കാർ വഴി ചൂഷണം ചെയ്യുന്ന ധനനഷ്ടം ഒഴിവാക്കാനും കഴിയും.

## മറ്റു കാര്യങ്ങൾ

നിർമ്മാണ പ്രവർത്തന രംഗത്ത് തൊഴിൽ ചെയ്യുന്ന മുഴുവൻ സ്ത്രീകളെയും ഇൻഷ്വർ ചെയ്യണം. ഡി.ഡബ്ല്യു.സി.ആർ.എ പോലുള്ള യൂണിറ്റുകൾ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ഉല്പന്നങ്ങൾക്ക് വിപണന സാദ്ധ്യതകൾ കണ്ടെത്തുകയും വേണം. ഇപ്പോൾ ഇത്തരം രണ്ട് യൂണിറ്റുകളാണ് പ്രവർത്തനക്ഷമമായി ഇവി

ടെയുള്ളത്. സഹകരണാടിസ്ഥാനത്തിൽ വനിതാവ്യവസായ യൂണിറ്റുകൾ കൂടുതൽ തുടങ്ങാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കണം. ഇപ്പോൾ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വനിതാ സംഘങ്ങൾ കൂടുതൽ വിപുലീകരിച്ച് തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കാനുള്ള നടപടികൾ ഉണ്ടാവണം. ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള തടസ്സമാണ് വിപുലീകരിക്കുന്നതിനുള്ള ബുദ്ധിമുട്ട്. ആയതിന് പരിഹാരം കണ്ടെത്തുന്നതോടൊപ്പം കൂടുതൽ സാമ്പത്തിക സ്രോതസ്സും അസംസ്കൃത വസ്തുക്കളും കണ്ടെത്തുകയും വേണം.

പൊതുവേ തൊഴിൽപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ അർഹമായ ആനുകൂല്യങ്ങൾ സുഗമമായി ലഭിക്കുവാനുള്ള നടപടികൾ ഉണ്ടാവണം. തൊഴിലുമായി ബന്ധപ്പെട്ട് സ്ത്രീത്തൊഴിലാളികൾക്ക് അവരുടെ കുട്ടികളെ നോക്കാൻ ക്രെഷുകൾ, അംഗനവാടികൾ മുതലായവ കാര്യക്ഷമമാക്കണം.

മദ്യനിരോധനം ഒരു പരിധിവരെ സ്ത്രീപീഡനം കുറക്കുന്നുണ്ടെങ്കിലും അപൂർവ്വമായി ചില കുടുംബങ്ങളിലെങ്കിലും സ്ത്രീപീഡനവും അടിച്ചമർത്തലുകളുമുണ്ട്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണം. സംഘടനാപരമായ നേതൃത്വംകൊണ്ട് സ്ത്രീകളെ ശക്തിപ്പെടുത്തി ഇതിനെതിരേ പോരാടണം. സ്ത്രീകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ വാർഡടിസ്ഥാനത്തിൽ കൂടുതൽ ഉണ്ടാവുകയും വേണം. അശ്ലീലവും അസഭ്യതയും നിറഞ്ഞതായ മാധ്യമങ്ങളിലെ ചിത്രീകരണം നിയമംവഴി തടയണം. സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പഞ്ചായത്തുതലത്തിൽ ഒരു വനിതാസെൽ രൂപീകരിക്കുകയും വേണം. കൂടാതെ സ്ത്രീകളെ കൂടുതൽ പ്രാപ്തരും കർമ്മനിരതരും ആക്കുന്നതിന്റെ ഭാഗമായി കാർഷികമൃഗസംരക്ഷണരംഗങ്ങളിൽ ബോധവല്ക്കരണ-പരിശീലന ക്ലാസ്സുകൾ വീട്ടമ്മമാർക്ക് നല്കുന്നത് നന്നായിരിക്കും.

ഇങ്ങനെയുള്ള സമുദ്ധാരണ പ്രവർത്തനങ്ങൾ വഴി സ്ത്രീകളെ കൂടുതൽ ശക്തിപ്പെടുത്തി കൂടുതൽപേരെ പൊതുരംഗത്തേക്ക് കൊണ്ടുവരാൻ കഴിയും. കുടുംബത്തിന്റെ പരിപാലനത്തിന് വേണ്ടി അത്യദ്ധ്വാനം ചെയ്യുന്ന സ്ത്രീകൾക്ക് ഇന്നും അർഹിക്കുന്ന പദവി കിട്ടുന്നില്ല. തൊഴിലിൽ ഏർപ്പെട്ട് കുടുംബഭദ്രത കൈവരിച്ചാൽ മാത്രമേ സ്ത്രീകൾക്ക് പൊതുപ്രവർത്തനരംഗത്ത് കൂടുതൽ കർമനിരതരാകുവാൻ കഴിയുകയുള്ളൂ. ●



# സംസ്കാരം

ഓരോ പ്രദേശത്തെയും സാംസ്കാരികമായ വളർച്ച അവിടത്തെ ജനങ്ങളുടെ ജീവിത നിലവാരം, ആചാരാനുഷ്ഠാനങ്ങൾ, കലാപരമായ മികവ് ധാർമ്മികമൂല്യങ്ങൾ എന്നിവയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കുമ്പളം പഞ്ചായത്തിലെ സാംസ്കാരിക പ്രസ്ഥാനങ്ങൾക്ക് വളരെയേറെ പാരമ്പര്യം അവകാശപ്പെടാനില്ല. മുസ്ലിംങ്ങളും ഹിന്ദുക്കളും ക്രൈസ്തവരും ഒരുമയോടെ വസിക്കുന്ന പ്രദേശമാണിത്. ഇവിടെ നിലവിലുള്ള മതസൗഹാർദ്ദം മററു പ്രദേശങ്ങൾക്കും മാതൃകയാണ്. വർഗ്ഗീയാസ്വാസ്ഥ്യങ്ങളോ ചേരിതിരിവുകളോ ഈ ഗ്രാമത്തിൽ ഉണ്ടായിട്ടില്ല.

ഈ നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ അയിത്തം കൊടികുത്തിവാണ പ്രദേശമാണിത്. ഹിന്ദുക്കളിൽ പതിനഞ്ചു ശതമാനത്തോളം പട്ടികജാതി വിഭാഗത്തിൽപെടുന്നു. പട്ടികജാതിക്കാർക്ക് സ്വന്തമായി കുമ്പളത്തും ചേപ്പനത്തും ആരാധനാ കേന്ദ്രം ആ കാലഘട്ടത്തിലും ഉണ്ടായിരുന്നു. മറ്റു ക്ഷേത്രങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. എങ്കിലും അവിടങ്ങളിലേക്ക് വഴിപാടുകൾ കൊടുക്കുന്ന രീതി അന്നും നിലനിന്നിരുന്നു. കൃഷിയിടങ്ങളിലെ പാട്ടുകൾക്കുപുറമേ ആരാധനക്കു വേണ്ടിയുള്ള പാട്ടുകളും അന്ന് നിലവിലുണ്ടായിരുന്നു.

കുമ്പളം പഞ്ചായത്ത് അതിർത്തിയിൽ 27 ഹിന്ദുക്ഷേത്രങ്ങളും 8 ക്രിസ്തീയ ദേവാലയങ്ങളും 8 മുസ്ലീം പള്ളികളും നിലവിലുണ്ട്. ഹിന്ദു കുടുംബങ്ങളുടെ വകയായി നിരവധി സർപ്പക്കാടുകൾ ഉണ്ടായിരുന്നു എങ്കിലും ഇന്ന് ഭൂരിപക്ഷവും ഇല്ലാതായി കഴിഞ്ഞിരിക്കുന്നു. ഉത്സവങ്ങളും പെരുന്നാളുകളും നാനാജാതി മതസ്ഥരായ ആളുകളെ വൻതോതിൽ ആകർഷിക്കുന്നുണ്ട്. പ്രാചീന കലാരൂപമായ മുടിയേററ് ചേപ്പനം പാനപ്പറമ്പ് ക്ഷേത്രത്തിലും മാടവന തേനാളിദേവീ ക്ഷേത്രത്തിലും നടക്കാറുണ്ട്."

മൂന്നു ഗ്രന്ഥശാലകളാണ് പഞ്ചായത്തിൽ ഉള്ളത്. കുമ്പളം ഗ്രാമീണ ഗ്രന്ഥശാലയും പനങ്ങാട് പബ്ലിക്ക് ലൈബ്രറിയും B Grade ഗ്രന്ഥശാലകളാണ്. ഉദയത്തുംവാതിൽ ഉദയാ വായനശാലയുടെ പ്രവർത്തനം ഇപ്പോൾ മന്ദീഭവിച്ചിരിക്കുകയാണ്. കെട്ടിടം തകർന്നടിഞ്ഞ അവസ്ഥയിലാണ്. പുസ്തകങ്ങൾ അന്യാധീനപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഗ്രന്ഥശാലാ പ്രസ്ഥാനം വിഭാവനം ചെയ്യുന്നരീതിയിൽ ബഹുജനപ്രസ്ഥാനമായി മാറാൻ ഈ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല.

സർക്കാരിൽ നിന്നോ മറ്റേതെങ്കിലും ഏജൻസികളിൽ നിന്നോ യാതൊരു ധനസഹായവും ലഭിക്കാതെ പ്രവർത്തിക്കുന്ന വായനശാലകളുണ്ട്. ദിനപത്രങ്ങൾ വായനക്കാർക്ക് ലഭ്യമാക്കുന്നു എന്നതിനപ്പുറം അതതു പ്രദേശത്തെ ജനങ്ങളുടെ സാംസ്കാരിക പുരോഗതിക്ക് തനതായ സംഭാവനകൾ നൽകാൻ ഈ വായനശാലകൾക്ക് കഴിയുന്നില്ല.

സാക്ഷരതാപ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ വൻവിജയമായിരുന്നു. എല്ലാ വാർഡുകളിലും ബഹുഭൂരിപക്ഷം അക്ഷരമറിയാത്തവരെയും സാക്ഷരരാക്കുന്നതിൽ ഈ പ്രസ്ഥാനം വിജയിച്ചു. തുടർസാക്ഷരത പ്രസ്ഥാനത്തിൻെറ അഭാവം നവസാക്ഷരരെ നിരക്ഷരരാക്കുന്നതിലേക്കാണ് എത്തിച്ചത്.

പഞ്ചായത്തിൽ പ്രൊഫഷണൽ നാടക സംഘവും അമേച്ച്വർ നാടകസംഘവും പ്രവർത്തിക്കുന്നുണ്ട്.

ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ ജന്മമെടുക്കുകയും മരണമടയുകയും ചെയ്യുക എന്നത് സ്ഥിരം പ്രതിഭാസമായി നമ്മുടെ പഞ്ചായത്തിൽ മാറിയിരിക്കുന്നു. ഒന്നോ രണ്ടോ വാർഷികങ്ങളോ ഓണാഘോഷമോ നടത്തുന്നതോടെ പ്രവർത്തനങ്ങൾ അവസാനിക്കുകയാണ് പതിവ്. നിലനിൽക്കുന്ന ക്ലബുകളാവട്ടെ വളരുന്ന തലമുറക്ക് കലാകായിക രംഗത്ത് എന്തെങ്കിലും സംഭാവനകൾ നൽകുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. ചാത്തമ്മയിൽ ഒരു ബോട്ട് ക്ലബ് പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രീയമായ വഞ്ചിതുഴയൽ ഇളംതലമുറയെ പഠിപ്പിക്കുവാനുള്ള പ്രവത്തനങ്ങൾ നടക്കുന്നില്ല.

കുട്ടികളുടെ കലാപരമായ കഴിവുകൾ വളർത്തിയെടുക്കുന്നതിന് ഇപ്പോൾ ഏതാനും സ്വകാര്യ അദ്ധ്യാപകരാണ് രംഗത്തുള്ളത്.

ടെലിവിഷൻ പരിപാടികൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനും സാധാരണ ജനങ്ങളുടെ സാംസ്കാരികോന്നമനത്തിനും വലിയ ഭീഷണി ഉയർത്തുന്നുണ്ട്. ഉപഭോഗസംസ്കാരത്തിലേക്ക് ജനങ്ങളെ ആട്ടിതെളിച്ചു കൊണ്ടു പോകുന്നതിൽ ടെലിവിഷൻ പരിപാടികൾക്കുള്ള പങ്ക് ചെറുതല്ല.

### പ്രശ്നങ്ങൾ

1 ഗ്രന്ഥശാലകൾക്കും വായന ശാലകൾക്കും ധനസഹായം തുലോം അപര്യാപ്തമാണ്.

2. ഗ്രന്ഥശാലകളുടെയും വായനശാലകളുടെ പ്രവർത്തനം ജനാധിപത്യപരവും ജനപങ്കാളിത്തത്തോടെയുമല്ല.

3. എല്ലാ വാർഡുകളിലും വായനശാലകൾ ഇല്ല.

4. ഗ്രന്ഥശാലകളിലും വായനശാലകളിലും സ്ത്രീകളുടെ അംഗത്വം വളരെ കുറവാണ്.

5. സാംസ്കാരികരംഗത്തെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

6. കലാകായിക സമിതികൾക്ക് ധനസാഹയമില്ല.

7. കായികരംഗത്ത് കുരുന്നുകളെ വളർത്തിക്കൊണ്ട് വരുന്നതിന് പൊതുകളിസ്ഥലം പഞ്ചായത്തിൽ ഇല്ല.

8. സാമ്പത്തിക പരാധീനത മൂലം കലാപരമാ

യി കഴിവുള്ള നിരവധി കുട്ടികൾക്ക് അവസരം ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും ധനസഹായം വർദ്ധിപ്പിക്കുക.
2. ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും അംഗത്വം വ്യാപകമാക്കുകയും കാലാകാലങ്ങളിൽ കൃത്യമായും ജനാധിപത്യപരമായും തിരഞ്ഞെടുപ്പുകൾ നടത്തുകയും ചെയ്യുക.
3. എല്ലാ വാർഡുകളിലും വായനശാലകൾ സ്ഥാപിക്കുക. മഹിളാസംഘങ്ങൾ, അംഗൻ വാടികൾ തുടങ്ങിയവയുമായി ചേർന്ന് വായനശാലകൾ ആരംഭിക്കുകുയം ഗ്രാമീണ പുസ്തകവിതരണപദ്ധതി നടപ്പിലാക്കുന്നതിലൂടെ സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുകയും ചെയ്യുക.
4. സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് സാംസ്കാരിക സമിതി രൂപീകരിക്കുക സാംസ്കാരികനിലയം ആരംഭിക്കുക. സാഹിത്യ സെമിനാറുകൾ, കവിയരങ്ങുകൾ, സിമ്പോസിയങ്ങൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുകുകയും കൈയെഴുത്തു മാസികകൾ, ചിത്രരചനാമത്സരങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
5. പ്രവർത്തിക്കുന്ന കലാകായിക സമിതികൾക്ക് ധനസഹായം ചെയ്യുക.
6. സ്കൂൾ തലംമുതൽ കുട്ടികൾക്ക് കായികരംഗത്ത് ചിട്ടയായ പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
7. കലാപരമായി കഴിവുള്ള കുട്ടികൾക്ക് ശാസ്ത്രീയസംഗീതം, ശാസ്ത്രീയ നൃത്തം നാടൻ കലകൾ, വാദ്യോപകരണങ്ങൾ തുടങ്ങിയവയിൽ സൗജന്യമായ പരിശീലനത്തിന് സൗകര്യമുണ്ടാക്കുക.
8. ഗ്രാമോത്സവം, കേരളോത്സവം തുടങ്ങിയവ, പഞ്ചായത്ത് സാംസ്കാരിക സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുക. കലാ-കായിക മത്സരങ്ങൾ പ്രാഥമികമായി വാർഡടിസ്ഥാനത്തിൽ നടത്തുകയും തിരഞ്ഞെടുക്കപ്പെടുന്നവരെ പഞ്ചായത്തുതലത്തിൽ മത്സരിപ്പിക്കുകയും ചെയ്യുക.
9. കുമ്പളം, പനങ്ങാട്, ചേപ്പനം- ചാത്തമ്മ എന്നിവിടങ്ങളിൽ പൊതു കളിസ്ഥലങ്ങൾ നിർമ്മിക്കുക.
10. ഫിലിം സൊസൈറ്റികൾ, ആർട്സ് സൊസൈറ്റികൾ എന്നിവ ആരംഭിക്കുകയും നിലവാരമുള്ള സിനിമകൾ നാടകങ്ങൾ തുടങ്ങിയവ നിരന്തരമായി പ്രദർശിപ്പിക്കുകുയം ചെയ്യുക.
11. ടെലിവിഷൻെറ അതിപ്രസരം തടയാൻ ബോധവൽക്കരണം നടത്തുക. കൂടുതൽ വിദ്യാഭ്യാസ പരിപാടികൾ പ്രക്ഷേപണം ചെയ്യുക.
12. ഐതിഹ്യങ്ങളും നാടൻ പാട്ടുകളും പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് സംരക്ഷിക്കുക. നാടൻ കലകളെ പോത്സാഹിപ്പിക്കുന്നതിന് കലാസമിതികൾക്ക് പ്രോത്സാഹനം നൽകുക.
13. ഓണാഘോഷം പഞ്ചായത്ത് മുൻകൈയെടുത്ത് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കുമ്പളം ഗ്രാമപഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട ... കുടുംബങ്ങൾ ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ 7 കുടുംബങ്ങളാണുള്ളത്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 14.65% പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്.

പഞ്ചായത്തിൽ അംഗീകൃത പട്ടികജാതി/പട്ടികവർഗ്ഗ കോളനികളില്ല. 6 പട്ടികജാതി/പട്ടികവർഗ്ഗ സെറ്റിൽമെൻറ് കോളനികൾ ഈ പഞ്ചായത്തിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൻെറ പ്രധാനതൊഴിൽ കാർഷിക വൃത്തിയായിരുന്നു. മത്സ്യബന്ധനം ഉപതൊഴിലായി വികസിച്ചിരുന്നു. വീശുവല, വട്ടവല, കുത്തുവല എന്നിവ ഉപയോഗിച്ചും കൈകൾ കൊണ്ട് തപ്പിയും മത്സ്യം പിടിക്കുന്ന രീതിയാണ് നിലനിന്നിരുന്നത്. സ്ത്രീകൾ തഴപ്പായ നെയ്ത്തും ഉപതൊഴിലായി സ്വീകരിച്ചിരുന്നു. ഭാഗികമായി കയർ രംഗത്തും സ്ത്രീകൾ പണിയെടുത്തിരുന്നു.

നെൽക്കൃഷിയുടെ തകർച്ചയോടുകൂടി കാർഷികരംഗത്തെ തൊഴിലവസരങ്ങൾ ഗണ്യമായി കുറഞ്ഞു. മത്സ്യബന്ധനം ഇപ്പോഴും നടക്കുന്നുണ്ട്. തഴപ്പായ നെയ്ത്തിൽ ഏർപ്പെടുന്ന സ്ത്രീകൾ ഇന്ന് അപൂർവ്വമാണ്. കയർ രംഗത്ത് യാതൊരുപ്രവർത്തനങ്ങളും ഇല്ലാതെയായിട്ട് വർഷങ്ങൾ തന്നെ കഴിഞ്ഞിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ സാമൂഹ്യമായും സാമ്പത്തികമായും ഇപ്പോഴും പിന്നോക്കം നിൽക്കുന്നു. ജന്മികുടിയാൻ ബന്ധം നിലനിന്നിരുന്ന പഴയകാലത്ത് ജന്മിയുടെ ഭൂമിയിലെ കർഷകതൊഴിലാളികളായിരുന്നു പട്ടികജാതിക്കാർ. തൊട്ടുക്കൂടായ്മയും തീണ്ടിക്കൂടായ്മയും സ്വാതന്ത്ര്യം ലഭിച്ചതിനുശേഷവും ഇവിടെ തുടർന്നിരുന്നു. സ്വന്തം യജമാനൻെറയോ കുടുംബാംഗങ്ങളുടെയോ മരണസമയത്ത് ഇവർ പടിയറിയിക്കുക എന്ന പേരിൽ അലമുറയിടുക പതിവായിരുന്നു. തിരുവോണത്തിനും ജന്മിയുടെ വീട്ടിലെ വിശേഷങ്ങൾക്കും കാഴ്ച കൊടുക്കാൻ കുടിയാന്മാർ ബാദ്ധ്യസ്ഥരായിരുന്നു. ഭൂപരിഷ്കരണ നിയമത്തിലൂടെ കുടികിടപ്പവകാ

ശം ലഭിച്ചതിനെ തുടർന്നാണ് ഈ വിഭാഗത്തിന്റെ ജീവിതത്തിൽ ഗുണപരമായ മാറ്റം കണ്ടുതുടങ്ങിയത്. സർക്കാർ നടത്തിവന്ന ക്ഷേമപ്രവർത്തന ത്തിലൂടെ സാമൂഹികമായി ഒട്ടേറെ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികമായി വേണ്ടത്ര പുരോഗതി നേടാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ രണ്ടു ഹൈസ്ക്കൂളുകളും 2 യു.പി.യും 4 എൽ.പി.യും ഉണ്ടായിട്ടും വിദ്യാഭാസരംഗത്ത് സർക്കാർ നിരവധി ആനുകൂല്യങ്ങൾ ഈ വിഭാഗങ്ങൾക്ക് നൽകിയിട്ടും ഈ രംഗത്ത് മുന്നേറ്റം നടത്താൻ കഴിയാത്തതിനു മുഖ്യകാരണം കുടുംബപശ്ചാത്തലം തന്നെയാണ്.

നിരക്ഷരരായി ഇപ്പോഴും നിരവധിപേർ കഴിയുന്നുണ്ട്. സാക്ഷരതാപ്രസ്ഥാനത്തിലൂടെ അക്ഷരം പഠിച്ചവർ തുടർസാക്ഷകരാ പ്രസ്ഥാനത്തിന്റെ അഭാവം മൂലം ഇപ്പോഴും നിരക്ഷരരായി കഴിയുകയാണ്. അതുകൊണ്ട് തുടർസാക്ഷരതാ പ്രസ്ഥാനം ആരംഭിക്കേണ്ടതാണ്.

1996-97 വർഷത്തിൽ 622കുട്ടികളാണ് പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നത്. എസ്.എസ്.എൽ.സി. ഘട്ടത്തിൽ ഈ വിഭാഗത്തിലെ കുട്ടികളിൽ ബഹുഭൂരിപക്ഷവും വിദ്യാഭ്യാസം അവസാനിപ്പിക്കുകയാണ് പതിവ്. കോളേജ് വിദ്യാഭ്യാസം നേടുന്നവർ അപൂർവ്വമാണ്. ഈ അവസ്ഥക്ക് മാറ്റം ഉണ്ടാകേണ്ടതുണ്ട്.

തൊഴിൽ : പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികമേഖലയെ ആശ്രയിച്ച് കഴിഞ്ഞിരുന്നവരാണ്. കാർഷികമേഖല തകരുകയും തൊഴിലവസരങ്ങൾ ഇല്ലാതാവുകയും ചെയ്തതോടുകൂടി കൂടുതൽ ആകർഷകമായ കൂലി ലഭിക്കുന്ന നിർമ്മാണ രംഗത്തേക്ക് ഈ വിഭാഗം വൻതോതിൽ ആകർഷിക്കപ്പെട്ടിരിക്കയാണ്. ഗൾഫ് പണത്തിന്റെ വരവ് കുറയുന്നതോടെ നിർമ്മാണ രംഗത്തെ തൊഴിലവസരങ്ങൾ കുറയുമ്പോൾ ഈ വിഭാഗം തൊഴിലില്ലാത്തവരായി മാറും. കാർഷികമേഖലയുടെ പുനരുജ്ജീവനത്തിലൂടെ മാത്രമേ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളു. പട്ടികജാതി വിഭാഗത്തിൽ സ്ഥിരം ജോലിയുള്ള മാസശമ്പളക്കാർ ... പേരുണ്ട്. ഇവരുടെ ജീവിതനിലവാരം താരതമ്യേന മെച്ചപ്പെട്ടതാണ്.

മറ്റു സമുദായങ്ങളെ അപേക്ഷിച്ച് കലാപരമായ കഴിവുള്ളവർ ധാരാളം ഈ വിഭാഗത്തിലുണ്ട്. അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് ആസൂത്രിതമായ ശ്രമം ആവശ്യമാണ്.

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. കുടിവെള്ളവും വൈദ്യുതിയും വഴിയും എല്ലാ കോളനികളിലും എത്തിയിട്ടുണ്ടെങ്കിലും കുടിവെള്ളത്തിന് ആവശ്യത്തിന് ടാപ്പുകളും എല്ലാ വീടുകളിലും വൈദ്യുതിയും സഞ്ചാര യോഗ്യമായ വഴിയും ഇന്നും യാഥാർത്ഥ്യമായിട്ടില്ല. കക്കൂസുകൾ ഇല്ലാത്ത വീടുകൾ ഏറെയാണ്. കക്കൂസുകൾ സൗജന്യനിരക്കിൽ പണിതുകൊടുക്കുന്നതിനുള്ള പദ്ധതികൾ വിപുലീകരിക്കേണ്ടതാണ്. സർക്കാരിന്റെ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയും പദ്ധതികളുടെ കർക്കശമായ നിബന്ധനകളും ആനുകൂല്യം ലഭ്യമാക്കുന്നതിന് തടസ്സമാണ്.

പട്ടികജാതി വിഭാഗത്തിന്റെ ... കുടുംബങ്ങൾക്ക് വീടില്ല. വീടുപണിക്ക് അനുവദിക്കുന്ന തുക അപര്യാപ്തമായതു മൂലം പൂർത്തീകരിക്കാൻ കഴിയാത്ത നിരവധി വീടുകൾ ഉണ്ട്. വീടുവക്കാൻ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുകയും എല്ലാവർക്കും വീടുപണിയാനുള്ള തുക അനുവദിക്കുകയും ചെയ്യണം.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

2. തൊഴിലെടുക്കാൻ കഴിവുള്ളവർക്ക് താല്പര്യമനുസരിച്ച് തൊഴിൽപരിശീലിപ്പിച്ച് അവർക്ക്വേണ്ട പ്രോത്സാഹനം നൽകുക.

3. അഭ്യസ്ഥവിദ്യർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നൽകുന്ന വായ്പകളും ധനസഹായങ്ങളും ഏകോപിപ്പിക്കുയും മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും ചെയ്ത് മേൽനോട്ടം പഞ്ചായത്തിനെ ഏൽപിക്കുക.

4. വീടുനിർമ്മാണ സഹായം കാലാനുസൃതമായി വർദ്ധിപ്പിക്കുക. വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സബ്സിഡിയോടുകൂടിയ സഹായം അനുവദിക്കുക.

5. പട്ടികജാതി-പട്ടികവർഗ്ഗ ചെറുകിട വ്യവസായയൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ എല്ലാ വാർഡുകളിലും ആരംഭിക്കുക.

6. പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുക.

7. ലാൻഡ് യൂട്ടിലൈസേഷൻ നിയമം കർശനമായി നടപ്പിലാക്കുക.

8. കോളനികളിലെ വെള്ളക്കെട്ടു തടയുന്നതിന് കാനകൾ നിർമ്മിക്കുക.

9. കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുകയും ഉല്പന്നങ്ങളുടെ നിർമ്മാണം, സംഭരണം വിതരണം എന്നിവ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ചെയ്യുക. ●

# സഹകരണം

കുമ്പളം പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന് വളരെയേറെ പഴക്കമുണ്ട്. പക്ഷെ ഇന്ന് ജനജീവിതവുമായി നേരിട്ടു ബന്ധമുള്ളത് പനങ്ങാട് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 655 ന് മാത്രമാണ്. കുമ്പളം പ്രദേശത്തെ 1 മുതൽ 4 വരെയുള്ള വാർഡുകൾ ഈ സംഘത്തിന്റെ പ്രവർത്തനപരിധിയിൽ വരുന്നില്ല. ക്രഡിറ്റ് സഹകരണസംഘമായി പ്രവർത്തിക്കുന്ന ഏകസ്ഥാപനം ഇതുമാത്രമാണ്.

കുമ്പളം സർവ്വീസ് സഹകരണ ബാങ്ക് (നമ്പർ 664), കയർ വ്യവസായ സഹകരണസംഘം, കൺസ്യൂമർ സഹകരണസംഘം, സുപ്രിയ സഹകരണസംഘം, 585-ാ നമ്പർ വായ്പാ സഹകരണസംഘം തുടങ്ങിയവ ഭരണപരമായ വീഴ്ചകളുണ്ടായതിനെത്തുടർന്ന് പ്രവർത്തനം നിലച്ചുപോയവയാണ്. 585-ാം നമ്പർ വായ്പാ സഹകരണസംഘം ലിക്വിഡേഷൻ നടപടികൾ പൂർത്തിയായി. കുമ്പളം സർവീസ് സഹകരണബാങ്ക് ലിക്വിഡേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. പനങ്ങാട് സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനമേഖല കുമ്പളം പ്രദേശത്തേക്കുകൂടി വ്യാപിപിക്കുവാൻ മൂന്ന് വർഷങ്ങൾക്ക് മുൻപ് തീരുമാനമെടുക്കുകയും ആവശ്യമായ ഭരണഘടനാഭേദഗതി പാസ്സാക്കുകയും ചെയ്തുകഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ കുമ്പളം സർവ്വീസ് സഹകരണബാങ്കിന്റെ (നമ്പർ 664) ലിക്വിഡേഷൻ നടപടികൾ പൂർത്തിയാകാതിരിക്കുക തുടങ്ങിയ സാങ്കേതിക കാരണങ്ങൾ പറഞ്ഞുകൊണ്ട് ഇതിനനുമതി നല്കാതിരിക്കുകയാണ്. കുമ്പളം പ്രദേശത്തെ 4 വാർഡുകളിലുമുള്ളവർക്ക് സഹകരണമേഖലയിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങളൊന്നും കിട്ടാതിരിക്കുന്നു എന്ന പ്രത്യേക സാഹചര്യം പരിഗണിച്ചുകൊണ്ട് ഇക്കാര്യത്തിന് സംസ്ഥാന സർക്കാരിന് പ്രത്യേകാനുമതി നല്കുവാൻ കഴിയുന്നതാണ്.

കയർ വ്യവസായ സഹകരണ സംഘം (ഇ 580), സെറികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വനിത ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വിക്ടർ ലേബർ കോൺട്രാക്ട്

സൊസൈറ്റി തുടങ്ങിയവ തൃപ്തികരമായി പ്രവർത്തക്കുന്നില്ല.

പനങ്ങാട് സർവീസ് സഹകരണ ബാങ്ക് ഏററവും നല്ലനിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. 1947-ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനം ഇപ്പോൾ 7 വാർഡുകളിലായി 7629 അംഗങ്ങളും 27, 80, 760 രൂപ ഓഹരിമൂലധനവുമുള്ള ഒരു ബാങ്കിംഗ് സ്ഥാപനമായി വളർന്നിരിക്കുന്നു. പ്രവർത്തനമേഖലയിലെ 80% കുടുംബങ്ങളുമായി ബന്ധപ്പെടുന്ന ബാങ്ക് മിക്കാവാറും എല്ലാതരം വായ്പകളും വിതരണം ചെയ്യുന്നുണ്ട്. പഞ്ചായത്തിൻെറ ബാങ്ക് ആകുന്നതിന് എന്തുകൊണ്ടും യോഗ്യമായ സ്ഥാപനമാണിത്.


കുമ്പളം പ്രദേശത്തെ ഒന്നുമുതൽ നാലുവരെയുള്ള വാർഡുകളിൽ സഹകരണമേഖലയുടെ യാതൊരുവിധപ്രവർത്തനങ്ങളും നടക്കുന്നില്ല. മരട്-കുമ്പളം പഞ്ചായത്തുകൾ പ്രവർത്തന പരിധിയാക്കിക്കൊണ്ട് മരട്-കുമ്പളം ഹരിജൻ സർവ്വീസ് സഹകരണബാങ്ക് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ബാങ്ക് ഉദ്ദേശലക്ഷ്യങ്ങൾക്ക് വളരെ അകലെയാണ്.

### പ്രശ്നങ്ങൾ

1. വളരെയേറെ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കാൻ കഴിയാത്ത രീതിയിൽ തകർന്നുപോയരിക്കുന്നു.
2. പനങ്ങാട് സർവ്വീസ് സഹകരണബാങ്ക് ഒഴികെയുള്ള മറ്റുസംഘങ്ങൾ ജനാധിപത്യപരമായ പ്രവർത്തനത്തിൻെറ അഭാവംമൂലം പ്രവർത്തനക്ഷമമല്ലാതാകുന്നുണ്ട്.

### നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കുക. പഴം, പച്ചക്കറി, ക്ഷീരം തുടങ്ങിയ മേഖലകളിൽ വാർഡടിസ്ഥാനത്തിൽ സഹകരണസംഘങ്ങളും പഞ്ചായത്തു തലത്തിൽ അപ്പക്സ്ബോഡിയും രൂപീകരിക്കുക.
2. വ്യവസായസഹകരണ സംഘങ്ങൾ രൂപീകരിക്കുക. സ്ത്രീകളുടെ തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണുന്നതിന് സ്ത്രീകളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വനിതാ വ്യവസായയൂണിറ്റുകൾ ആരംഭിക്കുക.
3. കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി സഹകരണസംഘങ്ങൾ രൂപീകരിക്കുക.
4. മത്സ്യബന്ധനം വിപണനം എന്നിവ കൈകാര്യം ചെയ്യുന്നതിന് മത്സ്യതൊഴിലാളികളുടെ സഹകരണസംഘങ്ങളുടെ ശൃംഖലപടുത്തുയർത്തുക.
5. പഞ്ചായത്തുവികസന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള സഹകരണസംഘങ്ങൾ രൂപീകരിക്കുക.
6. സംഘങ്ങളുടെ പ്രവർത്തനം പൂർണ്ണമായും ജനാധിപത്യവൽക്കരിക്കുക.
7. പ്രൊഫഷണൽ മാനേജ്മെൻറിൽ പരിശീലനം ലഭ്യമാക്കുക.
8. കോ-ഓപ്പറേറ്റീവ് മാനേജ്മെൻറിൽ വനിതകൾക്ക് ആനുപാതിക പ്രാതിനിധ്യം അനുവദിക്കുക.
9. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ പോലുള്ള സംരംഭങ്ങൾ ആരംഭിക്കുക.
10. ക്രഡിറ്റ് സംഘങ്ങൾ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുക.
11. ജനറൽ ബോഡികളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക.
12. സംഘങ്ങളുടെ എല്ലാപ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുക.
13. പനങ്ങാട് സർവ്വീസ് സഹകരണബാങ്കിൻെറ പ്രവർത്തനം കുമ്പളം മേഖലയിലേക്കു കൂടി വ്യാപിപ്പിക്കുക.



# വിഭവസമാഹരണം

ഏതു പദ്ധതിയും വിഭവങ്ങളുടെ ലഭ്യതക്കനുസരിച്ചു മാത്രമേ നടത്താൻ കഴിയുകയുള്ളൂ. കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ വിഭവ സമാഹരണം നടത്തുന്നതിനെപ്പറ്റി ഏകദേശധാരണ നമുക്കുണ്ട്. നികുതിപ്പണം, എക്സൈസ്-കസ്റ്റംസ് തീരുവകൾ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ലാഭം ആഭ്യന്തരവും വൈദേശികവുമായ കടമെടുപ്പ്, കമ്മിപ്പണം അടിച്ചിറക്കൽ തുടങ്ങി നിരവധി മാർഗങ്ങൾ കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ കൈക്കൊള്ളുന്നുണ്ട്. ഏറ്റവും ഒടുവിലായി സാമ്പത്തിക ഉദാരവൽക്കരണത്തിൻെറ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കാനും കരുതൽ ധനമായി സൂക്ഷിക്കപ്പെട്ട സ്വർണ്ണം വിൽക്കാനും കേന്ദ്രസർക്കാർ തയ്യാറായിട്ടുണ്ട്.

പ്രധാനപ്പെട്ട ധനസമാഹരണ മാർഗ്ഗങ്ങളെല്ലാം തന്നെ കേന്ദ്രഗവൺമെൻറിൻെറ അധീനതയിലാണ്. കേന്ദ്രഗവൺമെൻറിൻെറ വിഭവങ്ങളിൽ ഒരു വിഭാഗം സംസ്ഥാനങ്ങൾക്കായി വീതിക്കപ്പെടുന്നു. ജനസംഖ്യാനുപാതികമായി അർഹമായ വിഹിതം നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്നില്ല. സംസ്ഥാന ഗവൺമെൻറിൻെറ തനതായ വരുമാനമാർഗങ്ങളാണ് ഭൂനികുതി, വിൽപന നികുതി തുടങ്ങിയവ.

പഞ്ചായത്തുകളുടെ തനതായ വരുമാന മാർഗങ്ങളാണ് കെട്ടിട നികുതി, തൊഴിൽ നികുതി, ചന്തകൾ, വണ്ടിപ്പേട്ടകൾ, മത്സ്യബന്ധനം, കടത്തുകൾ, ലൈസൻസ് ഫീ, വസ്തുകൈമാറ്റ നികുതി 75 ശതമാനം തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന വരുമാനം. സംസ്ഥാന സർക്കാരിൻെറ ഗ്രാൻറുകളും ലഭിക്കുന്നുണ്ട്.

| വർഷം | തനതുവരവ് | ഗ്രാൻറ് | ആകെ വരവ് | ചെലവ് |
|---|---|---|---|---|
| 90-91 | 5,13,667.54 | 2,44,546.00 | 7,58,213.54 | 8,03,806.45 |
| 91-92 | 5,87,212.60 | 2,96,976.00 | 8,84,188.60 | 6,85,914.95 |
| 92-93 | 6,98,910.45 | 2,58,271.00 | 9,57,181.45 | 10,40,475.75 |
| 93-94 | 7,77,174.70 | 3,76,150.00 | 11,53,324.75 | 7,75,492.55 |
| 94-95 | 12,51,480.10 | 4,47,812.00 | 16,99,292.10 | 12,04,923.10 |
| 95-96 | 9,44,519.90 | 6,99,278.60 | 16,43,798.50 | 14,78,113.75 |

പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗം കെട്ടിട നികുതിയും തൊഴിൽക്കരവുമാണ്. (3 ലക്ഷവും 2 ലക്ഷവും വീതം). വസ്തുകൈമാറ്റ നികുതിയും അൺടൈസ് ഫണ്ടുമാണ് മറ്റു രണ്ടു പ്രധാന വരുമാന മാർഗ്ഗങ്ങൾ.

ചെലവിൽ ഏറിയപങ്കും പഞ്ചായത്തിൻെറ ഭരണചിലവിനു വേണ്ടി വിനിയോഗിക്കുന്നു. (4.75 ലക്ഷം). റോഡും കുടുവെള്ളവും തെരുവുവിളക്കുകളും നല്ലൊരു പങ്ക് അപഹരിക്കുന്നു. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കാര്യമായി ചിലവഴിക്കാൻ കെല്പില്ലാത്ത അവസ്ഥയിലാണ് നമ്മുടെ പഞ്ചായത്ത്.

പഞ്ചായത്തിൽ ധനകാര്യ സ്ഥാപനങ്ങൾ കുറവാണ്. പനങ്ങാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന് പുറമേ ഫെഡറൽ ബാങ്കിൻെറയും സൗത്ത് ഇൻഡ്യൻ ബാങ്കിൻെറയും ഓരോ ശാഖകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഷെഡ്യൂൾഡ് ബാങ്കുകളെ സംബന്ധിച്ച് നിരവധി പരാതികൾ ജനങ്ങൾ ഉന്നയിക്കുന്നുണ്ട്. പ്രത്യേകിച്ചും വായ്പാ വിതരണത്തിൻെറ കാര്യത്തിൽ സംസ്ഥാനത്ത് വായ്പാ-നിക്ഷേപാനുപാതം 40 ശതമാനം മാത്രമാണ്. പഞ്ചായത്തിലെ കണക്കുകൾ ശേഖരിക്കപ്പെട്ടിട്ടില്ല.

## ജനവിഭവം

ജനങ്ങളുടെ പ്രധാന വരുമാന മാർഗം കൃഷി (തെങ്ങ്), മത്സ്യബന്ധനം, കൂലിപ്പണി, സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിലെ ജോലി എന്നിവയാണ്. വളരെ കുറച്ചുപേർ മാത്രമേ വിദേശത്തും അന്യനാടുകളിലും പോയി ജോലി ചെയ്യുന്നുള്ളൂ. ജോലിക്കാരിൽ ഏറിയ പങ്കും എറണാകുളത്ത് പോയി ജോലി ചെയ്യുന്നവരാണ്. തങ്ങളുടെ അദ്ധ്വാന ശേഷി ചെലവഴിക്കാൻ മാർഗമില്ലാതെ സമൂഹത്തിന് ഭാരമായി മാറിയവർ ആയിരക്കണക്കാണ്.

പട്ടണത്തിലെ പാർപ്പിട പ്രശ്നം മൂലം നമ്മുടെ പഞ്ചായത്തിലേക്ക് കുടിയേറ്റവും ചെറിയ തോതിൽ ആരംഭിച്ചിട്ടുണ്ട്. പാടങ്ങൾ നികത്തപ്പെടുന്നു. ഭൂമിയുടെ വില കൂടുന്നു. ഈ പ്രവണത വളർന്നു വരാനാണ് സാദ്ധ്യത. ഇത്തരം കുടിയേറ്റക്കാർ അവരുടെ ജീവിതാവശ്യങ്ങൾക്ക് പട്ടണത്തെത്തന്നെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. ഇവർ മൂലം സമ്പത്തുൽപാദന-വിതരണ-വിപണന മേഖലകളിലൊന്നും തന്നെ പഞ്ചായത്തിന് വരുമാനം വർദ്ധിക്കുന്നില്ല. കെട്ടിട നികുതി മാത്രമാണ് പഞ്ചായത്തിന് വരുമാനമാകുന്നത്. അതേ സമയം ബാദ്ധ്യതകൾ ഏറുകയും ചെയ്യുന്നു. ജനസാന്ദ്രത കൂടുന്നു. നഗരവൽക്കരണം നടക്കുന്നു. റോഡ്, വെള്ളം, വെളിച്ചം എന്നിവയ്ക്ക് ആവശ്യക്കാർ കൂടുന്നു. ഇങ്ങിനെയുള്ളവരുടെ വൈദഗ്ധ്യവും ഒഴിവു സമയവും മുതൽക്കൂട്ടാൻ നാം തയ്യാറാകേണ്ട

തുണ്ട്. ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റുകൾ, ബസ്സ്റ്റാൻഡുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ടതാണ്.

## വിഭവസമാഹരണം - സാദ്ധ്യതകൾ

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിലാക്കുന്നതിൻെറ ഭാഗമായി ഒരു പുതിയ വിഭവം - സംസ്ഥാന സർക്കാരിൻെറ പദ്ധതി വിഹിതത്തിൻെറ 35-40 ശതമാനം - പഞ്ചായത്തുകൾക്ക് ലഭിക്കുവാൻ പോകുകയാണ്. റോഡിനും വെളിച്ചത്തിനും വേണ്ടി മാത്രം ചിലവഴിക്കപ്പെടേണ്ടതല്ല ഈ തുക. എല്ലാ മേഖലകൾക്കുമായി നീക്കി വയ്ക്കപ്പെടേണ്ടതാണ്. മുമ്പൊരിക്കലും കിട്ടാത്തത്ര വിഭവമാണ് പഞ്ചായത്തിന് അടുത്ത പദ്ധതിയിൽ ലഭിക്കുവാൻ പോകുന്നത്.

കേന്ദ്ര സ്കീമുകൾ, ജെ.ആർ.വൈ, വിവിധ ധനസഹായ പദ്ധതികൾ എന്നിവയിലൂടെ കിട്ടിക്കൊണ്ടിരിക്കുന്ന വിഭവങ്ങളുടെ ശരിയായ വിനിയോഗം ഗുണഫലം പതിന്മടങ്ങ് വർദ്ധിപ്പിക്കും. ചിലവഴിക്കപ്പെടുന്ന പണത്തിൻെറ 40 ശതമാനം ഗുണഫലം മാത്രമേ ജനങ്ങൾക്ക് ലഭിക്കുന്നുള്ളൂ എന്ന അവസ്ഥക്ക് മാറ്റം വരണം. ചിലവിൻെറയും ഗുണഫലത്തിൻെറയും തമ്മിലുള്ള വിടവ് നികത്തുന്നതിലൂടെ ലഭിക്കുന്നത് യഥാർത്ഥത്തിൽ അധികവിഭവം തന്നെയാണ്. പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ഉള്ള പരിമിതമായ വിഭവങ്ങൾ പരമാവധി ഗുണപരമായ രീതിയിൽ ഉപയോഗിക്കണം. വിഭവ ലഭ്യതക്കനുസരിച്ച് പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രമേ ഏറ്റെടുക്കാവൂ. ഭാഗികമായി പുർത്തീകരിക്കുന്നവയുടെ പോലും പൂർത്തീകരിച്ച ഭാഗത്തിൻെറ ഗുണഫലം ജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിലായിരിക്കണം പദ്ധതികൾ ആസുത്രണം ചെയ്യപ്പെടേണ്ടത്. ഇത്തരം നിസ്സാര കാര്യങ്ങൾ ശ്രദ്ധിച്ചാൽ തന്നെ വിഭവങ്ങളുടെ മൂല്യം ഇന്നുള്ളതിൻെറ ഇരട്ടിയിലധികമായി മാറും.

1. 9-ാം സംസ്ഥാന പദ്ധതിയുടെ പണികളും പഞ്ചായത്തു തലത്തിലുള്ള കേന്ദ്ര സ്കീമുകളും നടപ്പാക്കുന്ന ഏജൻസിയായി പഞ്ചായത്തു പ്രവർത്തിക്കുക. പഞ്ചായത്തിന് അവ നേരിട്ടു നടത്തുകയോ ജനകീയ കമ്മിറ്റികളെ ഏല്പിക്കുകയോ ചെയ്യാവുന്നതാണ്. കോൺട്രാക്ടർമാരെ പൂർണ്ണമായും ഒഴിവാക്കാൻ തയ്യാറാകണം. വിവിധ വിഷയങ്ങളിൽ പഞ്ചായത്തിൽ ലഭ്യമായ വിദഗ്ദ്ധന്മാരുടെ ഒരു ഡയറക്ടറി തയ്യാറാക്കുന്നതിനും അവരുടെ സേവനം ലഭ്യമാക്കുന്നതിനും കഴിയണം. ഇത്തരത്തിൽ വിഭവത്തിലുണ്ടാകുന്ന ചോർച്ച തടയുന്നത് അധിക വിഭവം ലഭിക്കുന്നതിന് തുല്യമാണ്.

2. ലഭ്യമായ വിഭവങ്ങൾ പരമാവധി നേരിട്ടുള്ള ഉൽപാദന വർദ്ധനവിനുവേണ്ടി (കൃഷി, മൃഗസംരക്ഷണം, വ്യവസായം, മത്സ്യബന്ധനം തുടങ്ങിയവ) വിനിയോഗിക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ വരുമാന വർദ്ധനവിനോടൊപ്പം നാടിൻെറ വരുമാനവും വർദ്ധിക്കും. ഇതിനർത്ഥം തൃതീയ മേഖലക്ക് (വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, റോഡ്, വൈദ്യുതി, വനിതാക്ഷേമം, പിട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം തുടങ്ങിയവ) വിഭവങ്ങൾ നീക്കിവക്കരുത് എന്നല്ല. സേവന മേഖല ഉൽപാദന വർദ്ധനക്ക് പശ്ചാത്തല സൗകര്യമൊരുക്കിക്കൊടുക്കണം. അവയ്ക്കും സാദ്ധ്യമായ പണം നീക്കിവയ്ക്കണം. പ്രാഥമിക-ദ്വിതീയ മേഖലകളുടെ വളർച്ചയിലൂടെയേ തൃതീയ മേഖലക്ക് നില നില്പുള്ളു എന്ന സത്യം നാം അംഗീകരിക്കാൻ തയ്യാറാകണം. അതായത് സേവനമേഖലയിൽ മുടക്കുന്ന പണത്തിന് കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, വ്യവസായം തുടങ്ങിയ മേഖലകൾക്ക് പശ്ചാത്തല സൗകര്യവും വളർച്ചയും പ്രദാനം ചെയ്യാൻ കഴിയത്തക്ക രീതിയിലായിരിക്കണം പദ്ധതികൾ ആസുത്രണം ചെയ്യപ്പെടേണ്ടത്.

3. പ്രാദേശികമായി ലഭ്യമായ വിഭവങ്ങളുടെ വർദ്ധിച്ച ഉപയോഗത്തിലൂടെ വിഭവങ്ങൾ ലാഭിക്കാനോ വർദ്ധിപ്പിക്കാനോ കഴിയും. ഉദാഹരണത്തിന് ആലുവായിൽ നിന്നും കുടിവെള്ളം

കൊണ്ടുവരുന്നതിനേക്കാൾ എത്രയോ ലാഭകരമാണ് നമ്മുടെ പഞ്ചായത്തിലുള്ള ശുദ്ധജല സ്രോതസ്സുകളെ ഫലപ്രദമായി ഉപയോഗിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ കാർഷിക വിളകളെ അടിസ്ഥാനപ്പെടുത്തി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ നമുക്കു കഴിയണം. ഉദാഹരണത്തിന് ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ഒരു കാലിത്തീറ്റ ഫാക്ടറിയോ മത്സ്യാവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തി ജൈവവള നിർമ്മാണ ശാലയോ ആരംഭിക്കാൻ നമുക്ക് കഴിയും.

4. സന്നദ്ധ പ്രവർത്തനങ്ങളും സംഭാവനകളും സംഘടിപ്പിച്ചുകൊണ്ട് പഞ്ചായത്തിൻെറ വിഭവകമ്മി പരിഹരിക്കാൻ കഴിയും. പഞ്ചായത്തിൽ ലഭ്യമായ വിദഗ്ദ്ധരുടെ വൈദഗ്ദ്ധ്യം ലഭ്യമായ ഒഴിവു സമയങ്ങളിൽ വിനിയോഗിക്കാൻ കഴിഞ്ഞാൽ ഒന്നാന്തരം വിഭവമായിരിക്കുമത്. തൊഴിലില്ലാത്ത യുവതീയുവാക്കളുടെയും വിദഗ്ദ്ധരുടെയും പങ്കാളിത്തം പദ്ധതി ആസുത്രണത്തിലും നടത്തിപ്പില്ലും മുതൽക്കൂട്ടാക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കപ്പെടേണ്ടതുണ്ട്. പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ വഴി പദ്ധതികളുടെ നടത്തിപ്പിലേക്കായി പണം സമാഹരിക്കാനും സാദ്ധ്യതകൾ കണ്ടെത്തണം.

## നിർദ്ദേശങ്ങൾ

1. പാഴ്ചെലവ് ഒഴിവാക്കി ശരിയായ രീതിയിൽ പദ്ധതി പണം വിനിയോഗിക്കുന്നതിനു വേണ്ടി ജനകീയ കമ്മിറ്റികളുടെ സഹായത്തോടെ പഞ്ചായത്ത് നേരിട്ട് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.
2. നികുതി പിരിവിലെ അപാകതകൾ ഒഴിവാക്കി നികുതി ഘടന പരിഷ്ക്കരിക്കുക.
3. പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചു തുടങ്ങുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.
4. ബാങ്കുകൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയെ കൂടുതൽ ജനകീയമാക്കി വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി മാറ്റുക.
5. സന്നദ്ധ പ്രവർത്തനങ്ങൾക്കും സംഭാവനകൾക്കും വികസനപ്രവർത്തനത്തിൽ ഉള്ള പങ്കിൻെറ പ്രാധാന്യം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുക. സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കുക.
6. ബസ് സ്റ്റാൻറ്, ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് തുടങ്ങിയവ എത്രയും വേഗം ആരംഭിക്കുക.
7. ഇന്ദിരാ വികാസ് പത്രപോലുള്ള സമ്പാദ്യ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക.
8. പഞ്ചായത്തിലെ പുറമ്പോക്കു തോടുകളിലും സൗകര്യപ്രദമായ കായൽ പുറമ്പോക്കുകളിലും മത്സ്യബന്ധനത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുകയും മത്സ്യബന്ധനാവകാശം വിട്ടുകൊടുക്കുന്നതിലൂടെ ഇന്നുള്ളതിൻെറ പതിന്മടങ്ങു ആദായം ലഭ്യമാക്കുകയും ചെയ്യാം.
9. ലക്ഷങ്ങൾ ചിലവഴിച്ചുകൊണ്ട് വിവിധ ദേവാലയങ്ങളിൽ നടക്കുന്ന ആഘോഷങ്ങൾക്ക് ഒരു നികുതി ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.
10. കൃഷിക്കുപയുക്തമല്ലാത്ത ഭൂമി വ്യാവസായികാവശ്യങ്ങൾക്കു വേണ്ടി നികത്തുന്നതിന് നിലവിലുള്ള നിയമപ്രകാരം പഞ്ചായത്തിനു പിരിക്കാവുന്ന സെസ്സ് ഒരു സെൻറിന് 30 ക. എന്നത് 300 ക. ആയെങ്കിലും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിയമ ഭേദഗതി സംസ്ഥാനത്തിൽ വരുത്തേണ്ടതാണ്.

ലഭ്യമാകുന്ന വിഭവങ്ങൾ തന്നെ ശരിയായ രീതിയിൽ വിനിയോഗിക്കാൻ കഴിഞ്ഞാൽ തന്നെ വികസന രംഗത്ത് വൻ കുതിപ്പുണ്ടാക്കാൻ നമുക്കു കഴിയും.



# ഉപസംഹാരം

12 വിഷയങ്ങളിലായി കുമ്പളം ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന പ്രധാനപ്രശ്നങ്ങൾ വിവരിച്ചിട്ടുണ്ട്. പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗങ്ങളും പുതിയ സാദ്ധ്യതകളും പരമാവധി ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് പൂർണ്ണമല്ല. ശേഖരിക്കപ്പെട്ട വിവരങ്ങളുടെയും ഗ്രാമസഭാ ചർച്ചകളുടെയും അടിസ്ഥാനത്തിനാണ് ഈ റിപ്പോർട്ടു തയ്യാറാക്കിയിട്ടുള്ളത്. പ്രാഥമിക വിവരങ്ങൾ പൂർണ്ണമായും ശേഖരിച്ചുകൊണ്ട് കൂടുതൽ ചർച്ചക്കു വിധേയമാക്കിക്കൊണ്ടു മാത്രമേ ഈ റിപ്പോർട്ടു പൂർണ്ണമാക്കാൻ കഴിയുകയുള്ളൂ. വികസന സെമിനാറിൽ പങ്കെടുക്കുന്ന ഗ്രാമവാസികൾ ഫലപ്രദമായ ചർച്ചയിലൂടെ ഈ റിപ്പോർട്ട് പുഷ്ടിപ്പെടുത്താൻ തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വികസന റിപ്പോർട്ടിൻെറ ശിൽപികൾ

11 വാർഡുകളിലായി ഗ്രാമസഭളിൽ പങ്കെടുത്ത 1059 പുരുഷന്മാരും 241 സ്ത്രീകളുമടക്കം 1300 ഗ്രാമീണ ജനങ്ങളാണ് ഈ റിപ്പോർട്ടിൻെറ മുഖ്യശിൽപികൾ. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനസർക്കാർ ഓഫീസിലെ ഉദ്യോഗസ്ഥരും പനങ്ങാട് ഫിഷറീസ് കോളേജിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. എല്ലാവരുടെയും പേരെടുത്തു പറയുക അസാദ്ധ്യമാണ്.

വിവിധ വിഷയങ്ങളിലെ ഗ്രാമസഭ റിപ്പോർട്ട് ക്രോഡീകരണവും വികസന റിപ്പോർട്ട് തയ്യാറാക്കലും താഴെപ്പറയുന്നവരുടെ നേതൃത്വത്തിലാണ് നടന്നത്.

1. അഡ്വ. നിനുകുട്ടി മൂസ (പഞ്ചായത്ത് പ്രസിഡൻറ്)

2. പി.വി. ശ്രീധരൻ (പഞ്ചായത്ത് വൈസ് പ്രസിഡൻറ്)

3. കെ.ജി. ശ്രീകുമാർ (കോ-ഓർഡിനേറ്റർ)

4. സി.കെ. പത്മനാഭൻ

5. പി.എൻ. പാർത്ഥസാരഥി

6. സി,എസ്. മുരളീധരൻ

7. പി.കെ. വിശ്വംഭരൻ

8. എ.പി. കുമാരൻ

9. സി. ജയമണി

ജനകീയാസൂത്രണത്തിൻെറ രണ്ടാം ഘട്ടം അവസാനിക്കുകയാണ്. രൂപപ്പെടുത്തുന്ന നിർദ്ദേശങ്ങൾ പദ്ധതികളായി മാറ്റുന്നതിനും ആ പദ്ധതികൾ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ നടപ്പിലാക്കുന്നതിനും ജനങ്ങളുടെ പങ്കാളിത്തം അനിവാര്യമാണ്. മുഴുവൻ ജനങ്ങളും പൂർണ്ണമായും പങ്കാളികളാകുമ്പോൾ മാത്രമേ ജനകീയാസൂത്രണം ജനകീയസൂത്രണ പ്രസ്ഥാനമായി മാറുകയുള്ളൂ. ഈ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ പൂർണ വിജയത്തിലെത്തിക്കുവാൻ എല്ലാവിധ സഹകരണങ്ങളും അഭ്യർത്ഥിച്ചുകൊണ്ടും ഈ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ടും ഈ റിപ്പോർട്ട് ചർച്ചയ്ക്കായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

കെ.ജി.ശ്രീകുമാർ
കോ -ഓർഡിനേറ്റർ
ജനകീയാസൂത്രണ സമിതി
കുമ്പളം ഗ്രാമ പഞ്ചായത്ത്.



ഇന്ത്യയുടെ ആത്മാവ്
കുടികൊള്ളുന്നത്
ഗ്രാമങ്ങളിലാണ്.

MKGandhi

സ്വന്തം രാജ്യത്തിന്റെ
നിർമ്മിതിയിൽ തങ്ങൾക്കും
ഫലപ്രദമായൊരു
പങ്കുണ്ടെന്ന് പരമ ദരിദ്രനുപോലും
അനുഭവപ്പെടുന്നൊരു ഭാരതം,
ഉയർന്ന വർഗ്ഗക്കാരനോ
താഴ്ന്ന വർഗ്ഗക്കാരനോ
ഇല്ലാത്തൊരു ഭാരതം,
എല്ലാ സമുദായങ്ങളും
പരിപൂർണ്ണ രഞ്ജിപ്പിൽ
കഴിയുന്നൊരു ഭാരതം
കെട്ടിപ്പടുക്കുന്നതിനുവേണ്ടി
ഞാൻ പ്രവർത്തിക്കും.

— മഹാത്മാഗാന്ധി